# ആത്മീയ നേതാവ്

## സാക് പുന്നൻ

*പ്രസിദ്ധീകരണം:*

**ജീവമൊഴി പബ്ലിക്കേഷൻസ്**
കുമാരനല്ലൂർ പി.ഒ, കോട്ടയം-686016, കേരള
ഫോൺ: 9249516234, 9495234087

*(Malayalam)*
**AATHMEEYA NETHAVU**

**© Zac Poonen**

*ഗ്രന്ഥകർത്താവിന്റെ രേഖാമൂലമായ അനുവാദം കൂടാതെ ഈ പുസ്തകം പുനർമുദ്രണം ചെയ്യുവാനോ വിവർത്തനം ചെയ്യുവാനോ പാടുള്ളതല്ല.*

വിവർത്തനം: **ബോബി ചെറിയാൻ**

*കൂടുതൽ വിവരങ്ങൾക്ക് എഴുതുക:*
Zac poonen
20 DaCosta Square, Bangalore-560084

*Published by*
Jeevmozhi Publications
Kumaranalloor P.O, Kottayam-686016, Kerala
Phone: 9249516234, 9495234087

# ഉള്ളടക്കം

*അദ്ധ്യായം* *പേജ്*

1 ദൈവത്താൽ വിളിക്കപ്പെട്ടവൻ........ 5
2 ദൈവത്തെ അറിയുക........ 10
3 ദൈവഭയം........ 15
4 ദൈവശബ്ദം കേൾക്കുക........ 18
5 നിങ്ങളുടെ ശുശ്രൂഷ തിരിച്ചറിയുക........ 25
6 കീഴടങ്ങലിലൂടെ നുറുക്കം........ 30
7 മറ്റുള്ളവരോടുള്ള ഉത്തരവാദിത്വം........ 37
8 ജീവനിൽനിന്നുള്ള ശുശ്രൂഷ........ 42
9 ദൈവശക്തിയിൽ ശുശ്രൂഷിക്കുക........ 49
10 ആത്മീയാധികാരത്തോടെ ശുശ്രൂഷിക്കുക........ 54
11 എല്ലാ ഭയങ്ങളിൽ നിന്നുമുള്ള മോചനം........ 60
12 മറ്റുള്ളവരെ ഭയത്തിൽനിന്നു മോചിപ്പിക്കുക........ 70
13 സ്വയം താഴ്ത്തുക........ 76
14 മല്ക്കീസേദെക്കിന്റെ പൗരോഹിത്യം........ 84
15 ഒരു മാതൃക........ 89

# ഈ പുസ്തകത്തെക്കുറിച്ച്

ആത്മിയനേതൃത്വം ആണ് ഇൻഡ്യൻസഭകളിലെ അടിയന്തരമായ ആവശ്യം. ഒരു കൂട്ടം ക്രിസ്തീയ പ്രവർത്തകർക്കും ബൈബിൾ കോളജ് അദ്ധ്യാപകർക്കും സഭാശുശ്രൂഷകന്മാർക്കും നൽകിയ തുടർസന്ദേശങ്ങളാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം

ആയാസരഹിതമായ വായനയ്ക്കായി ഈ സന്ദേശങ്ങൾ പ്രസംഗരൂപത്തിൽ തന്നെ നൽകിയിരിക്കുന്നു. ഈ പുസ്തകത്തിലൂടെ ദൈവം നിങ്ങളോട് സംവദിക്കട്ടെ. ഇളംതലമുറയ്ക്ക് അനുകരണീയനായ ഉത്തമ ദൈവഭൃത്യനും യഥാർത്ഥ ആത്മീയനേതാവുമാകുവാൻ നിങ്ങളുടെ ഹൃദയം വെല്ലുവിളിക്കപ്പെടട്ടെ.

# 1

# ദൈവത്താൽ വിളിക്കപ്പെട്ടവൻ

**ക്രി**സ്തീയ മണ്ഡലത്തിലെ നേതൃത്വത്തെക്കുറിച്ചു നാം ഇന്ന് ധാരാളം കേൾക്കുന്നുണ്ട്. നിങ്ങൾ ആ നിലയിൽ ഒരു ആത്മീയ നേതൃത്വത്തിലേക്ക് വരുന്നവനാണോ? അങ്ങനെയെങ്കിൽ നിങ്ങൾ സ്വയം ചോദിക്കേണ്ട ചില ചോദ്യങ്ങളുണ്ട്; മനസ്സിലാക്കിയിരിക്കേണ്ട ചില സത്യങ്ങളുണ്ട്. ആ സത്യങ്ങളിൽ സുപ്രധാനമായ ഒന്നിനെക്കുറിച്ചു നമുക്കു ചിന്തിക്കാം.

ഒരു *ആത്മീയനേതാവ്* പ്രഥമമായും പ്രധാനമായും *ദൈവത്താൽ അക്കാര്യത്തിനായി വിളിക്കപ്പെട്ട* ഒരു വ്യക്തി ആയിരിക്കും. ആ വേല തന്റെ തൊഴിൽ എന്ന നിലയ്ക്കല്ല തന്റെ *നിയോഗം* എന്ന നിലയിലായിരിക്കും അയാൾ ചെയ്യുക.

ആർക്കും സ്വയം ഒരു ആത്മീയ നേതാവായി അവരോധിക്കാൻ കഴിയുകയില്ല. *"അയാൾ ദൈവത്താൽ വിളിക്കപ്പെടേണ്ടിയിരിക്കുന്നു" (എബ്രാ. 5:4 ലിവിംഗ്).* ഇതുമാറ്റാൻ കഴിയാത്ത ഒരു പ്രമാണമാണ്. അടുത്ത വാക്യത്തിൽ പറയുന്നു യേശുവും മഹാപുരോഹിതൻ എന്ന സ്ഥാനം സ്വതവെ എടുത്തിട്ടില്ല എന്ന്. പിതാവ് അവിടുത്തെ നിയമിക്കയായിരുന്നു. യേശുവിനെ സംബന്ധിച്ച് ഇത് അപ്രകാരമായിരുന്നുവെങ്കിൽ നമുക്ക് ഇത് എത്രയധികം ആവശ്യമായിരിക്കുന്നു.

ഇന്ന് ഇൻഡ്യയിൽ സംഭവിച്ചിരിക്കുന്ന വലിയ ദുരന്തം *ക്രിസ്തീയ വേലക്കാരിൽ* ഏറിയപങ്കും *ഉപജീവനത്തിനുവേണ്ടി ആ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നു* എന്നതാണ്. അത് അവർക്ക് ഒരു തൊഴിലാണ്. *ദൈവം അവരെ നിയോഗിച്ചതല്ല.*

*തൊഴിലും നിയോഗവും* തമ്മിൽ വലിയ അന്തരമുണ്ട്. ഞാൻ എന്താണ് അർത്ഥമാക്കുന്നതെന്നു വിശദീകരിക്കട്ടെ. ആശുപത്രിയിലായിരിക്കുന്ന ഒരു കുട്ടിയെ അവിടെ എട്ടുമണിക്കൂർ ഡ്യൂട്ടിയിലായിരുന്ന നഴ്സ് തന്റെ ഡ്യൂട്ടി സമയത്ത് ശുശ്രൂഷിക്കുന്നു. അതിനുശേഷം അവൾ തന്റെ വീട്ടിലേക്ക് പോവുകയും ആ കുട്ടിയെ സംബന്ധിച്ച് കാര്യങ്ങൾ വിസ്മരിക്കുകയും ചെയ്യുന്നു. ആ കുട്ടിയെ സംബന്ധിച്ച് അവൾക്കുള്ള പരിഗണന വെറും എട്ടുമണിക്കൂർ നേരത്തേക്ക് മാത്രമുള്ളതാണ്. ശേഷമുള്ള സമയം സ്വന്തമായുള്ള നിരവധി

കാര്യങ്ങൾക്കുവേണ്ടി അവൾ വിനിയോഗിക്കുന്നു. അവൾ സിനിമയ്ക്കു പോവുകയും ടെലിവിഷൻ കാണുകയും ചെയ്യുന്നു. അടുത്തദിവസം വീണ്ടും തന്റെ ഡ്യൂട്ടിയിൽ പ്രവേശിക്കും വരെ ആ കുട്ടിയെക്കുറിച്ച് ചിന്തിക്കുവാൻ അവൾക്ക് ബാധ്യതയില്ല. എന്നാൽ ആ കുട്ടിയുടെ *അമ്മയ്ക്ക്* ഇത്തരം സമയ പരിധികളൊന്നുമില്ല. തന്റെ കുട്ടി രോഗിയായിക്കഴിഞ്ഞാൽ അവൾക്ക് സിനിമയ്ക്കും ടി.വിയ്ക്കും വേണ്ടി സമയം നീക്കിവെയ്ക്കാനാവില്ല. ഇതാണ് ഒരു *തൊഴിലും വിളിയും* തമ്മിലുള്ള വ്യത്യാസം. ഈ ദൃഷ്ടാന്തം നൽകുന്ന പാഠം ഉൾക്കൊണ്ടുകൊണ്ട് നിങ്ങളുടെ ശുശ്രൂഷയെ വിലയിരുത്തുക. നിങ്ങൾ ഒരു *അമ്മയോ അതോ നഴ്സോ?*

*1 തെസ്സ. 2:7,8 പൗലോസ് പറയുന്നു: "ഒരു അമ്മ തന്റെ കുഞ്ഞുങ്ങളെ പോറ്റും പോലെ ഞങ്ങൾ നിങ്ങളുടെ ഇടയിൽ ആർദ്രതയുള്ളവരായിരുന്നു. ഇങ്ങനെ ഞങ്ങൾ നിങ്ങളെ ഓമനിച്ചുകൊണ്ടു നിങ്ങൾക്കു ദൈവത്തിന്റെ സുവിശേഷം പ്രസംഗിപ്പാൻ മാത്രമല്ല, നിങ്ങൾ ഞങ്ങൾക്കു പ്രിയരാകയാൽ ഞങ്ങളുടെ പ്രാണനുംകൂടെ വച്ചുതരുവാൻ ഒരുക്കമായിരുന്നു."*

പൗലോസ് സുവിശേഷം മാത്രമല്ല സ്വന്തം *പ്രാണനും*കൂടെ അവർക്കു നൽകുകയായിരുന്നു. ഇപ്രകാരമല്ലാത്ത ഒരു ശുശ്രൂഷയും ക്രിസ്തീയ ശുശ്രൂഷ അല്ല. ദൈവം *വിളിച്ചു* എന്നതുകൊണ്ടാണ് പൗലോസിന് അപ്രകാരം ശുശ്രൂഷിക്കുവാൻ കഴിഞ്ഞത്. അദ്ദേഹം അതിനെ ഒരു തൊഴിലായി കണ്ടില്ല.

ദൈവത്തെ സേവിക്കുക അത്ഭുതകരമായ കാര്യം തന്നെയാണ്. ലോകത്തിലെ ഏറ്റവും മഹത്തായ കാര്യവും അതുതന്നെ. ഇന്ത്യൻ നേവിയിൽ ഒരു ഉദ്യോഗസ്ഥനായിരിക്കുമ്പോൾ 1964 മെയ് 6ന് ദൈവം എന്നെ ഒരു മുഴുസമയ വേലക്കാരനായി വിളിച്ചു. ഞാൻ എന്റെ രാജിക്കത്ത് ഉടൻതന്നെ അധികാരികൾക്ക് സമർപ്പിച്ചു. എന്നാൽ യിസ്രായേല്യരെ വിട്ടയക്കാൻ മോശ ഫറവോനോട് അഭ്യർത്ഥിച്ചപ്പോൾ സംഭവിച്ചതുപോലെയായിരുന്നു കാര്യങ്ങൾ. ഇന്ത്യൻ നേവി എന്നെ വിട്ടയക്കാൻ ഒരുക്കമായിരുന്നില്ല. രണ്ടു വർഷത്തെ നിരന്തരമായ അഭ്യർത്ഥനകൾക്കും നിവേദനങ്ങൾക്കും ശേഷം *ദൈവത്തിന്റെ തക്ക സമയത്ത്* ഞാൻ അത്ഭുകരമായി വിട്ടയക്കപ്പെട്ടു.

എന്റെ ജീവിതത്തിന്റെ വ്യത്യസ്തതയത്രയും ദൈവത്താൽ വിളിക്കപ്പെട്ടു എന്നതിലാണ്.

*ഒന്നാമതായി,* ആളുകൾ എന്നെക്കുറിച്ചും എന്റെ ശുശ്രൂഷയെക്കുറിച്ചും എന്തു പറയുന്നു എന്നത് എന്നെ ബാധിക്കുന്നില്ല. കാരണം, ഞാൻ ഉത്തരം പറയാൻ ബാദ്ധ്യസ്ഥനായിരിക്കുന്നത് എന്റെ യജമാനനോട് മാത്രമാണ്.

*രണ്ടാമതായി,* എന്റെ ശുശ്രൂഷയിലെ ഓരോ പ്രതിസന്ധി ഘട്ടങ്ങളിലും എന്നോടൊപ്പം നിൽക്കുവാനും കൃപ തരുവാനും ഞാൻ ദൈവത്തിൽ മാത്രം ആശ്രയിക്കുന്നു.

*മൂന്നാമതായി,* എനിക്ക് എന്തെങ്കിലും സഹായം ലഭിക്കുന്നുണ്ടോ ഇല്ലയോ, എനിക്ക് ഭക്ഷണം ലഭിക്കുന്നുണ്ടോ ഇല്ലയോ എന്നതു ഞാൻ ഒരിക്കലും ഗണ്യമാക്കാറില്ല. ഭക്ഷണവും സഹായവും കിട്ടുന്നുണ്ടെങ്കിൽ നല്ലതുതന്നെ. ഒന്നും ലഭിക്കുന്നില്ലെങ്കിലും അതും നല്ലതുതന്നെ എന്നു ഞാൻ വിചാരിക്കുന്നു. *ദൈവത്താൽ വിളിക്കപ്പെട്ടിരിക്കുന്നതുകൊണ്ട്* എനിക്ക് ശുശ്രൂഷ ചെയ്യാതിരിക്കാൻ കഴിയില്ല. പ്രതിഫലം ലഭിച്ചാലും ഇല്ലെങ്കിലും.

എന്റെ വിളിയിൽനിന്നും എനിക്ക് ഒഴിഞ്ഞുമാറാൻ കഴിയില്ല. ഞാൻ ശമ്പളത്തിനു നിയോഗിക്കപ്പെട്ട ഒരു ഉദ്യോഗസ്ഥനല്ല. ഭക്ഷണവും ശമ്പളവും ലഭിക്കുന്നില്ലെങ്കിൽ അത്തരം ഒരു വ്യക്തി ജോലി നിർത്തിവയ്ക്കും. മുമ്പെ നാം ശ്രദ്ധിച്ച ആ നഴ്സ് ശമ്പളം കിട്ടാതായാൽ തന്റെ ശുശ്രൂഷ മുടക്കിക്കളയും. എന്നാൽ അമ്മയ്ക്ക് അങ്ങനെ ചെയ്യുവാൻ കഴിയില്ല. അവൾക്കു ശമ്പളമില്ലല്ലോ. ഭക്ഷണമോ ശമ്പളമോ ലഭ്യമല്ലെങ്കിലും ഒരു അമ്മയ്ക്കും തന്റെ മക്കളെ ശുശ്രൂഷിക്കുന്നതു വേണ്ടെന്നു വയ്ക്കാൻ കഴിയില്ല. കർത്താവിന്റെ അപ്പോസ്തോലന്മാർ കർത്താവിനെ സേവിച്ചത് അപ്രകാരമായിരുന്നു.*ദൈവത്താൽ വിളിക്കപ്പെടുക എന്നത് എത്ര മഹത്തരം!*

കർത്താവിന്റെ വേലയെ നിങ്ങൾ ഒരു തൊഴിലായി കാണുന്നു എങ്കിൽ *ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ* നിങ്ങൾക്ക് ഒരിക്കലും അത് നിറവേറ്റാൻ കഴിയില്ല. അതിനു വിളി തന്നെ വേണം. ലോകത്തിലുള്ള മറ്റ് ഏതൊരു ജോലിയും ഒരു *തൊഴിലായി* സ്വീകരിക്കാൻ സാധ്യമാണ്. എന്നാൽ ഒരു പിതാവിന്റെ, മാതാവിന്റെ ദൈവഭൃത്യന്റെ ശുശ്രൂഷ അപ്രകാരം ചെയ്യുവാൻ സാധ്യമല്ല. ഇതെല്ലാം ഓരോ *നിയോഗങ്ങളാണ്*. പൗലോസ് കൊരിന്ത്യരോട് പറയുന്നതു ശ്രദ്ധിക്കുക: ക്രിസ്തുവിൽ അവർക്കു പതിനായിരം ഗുരുക്കന്മാർ ഉണ്ടെങ്കിലും *പിതാവ്* ഒന്നേയുള്ളു. *(1 കൊരി. 4:15)*. തന്റെ ആട്ടിൻകൂട്ടത്തിനു പൗലോസ് ഒരു പിതാവും മാതാവും എല്ലാം ആയിരുന്നു. അദ്ദേഹത്തിന്റേത് ഒരു തൊഴിലായിരുന്നില്ല, ഒരു വിളി ആയിരുന്നു. *'നീ ഈ പൈതലിനെ കൊണ്ടുപോയി എനിക്കുവേണ്ടി വളർത്തേണം ഞാൻ നിനക്കു ശമ്പളം തരാം.' (പുറ. 2:9)* എന്റെ *ജഡത്തിൽനിന്നു* ജനിച്ച മക്കളെ കുറിച്ചു ദൈവം ആദ്യം അങ്ങനെ കല്പിച്ചു. പിന്നീട് എന്റെ *ആത്മീയ* മക്കളെക്കുറിച്ചും അപ്രകാരം കല്പിച്ചു. ദൈവത്തിന്റെ മക്കളെ നാം കരുതുമ്പോൾ നമുക്കു പ്രതിഫലം തരുന്നത് അവിടുന്നാണ്, മനുഷ്യരല്ല. നാം മനുഷ്യരെ സേവിക്കുമ്പോൾ ശമ്പളത്തിനുവേണ്ടി നമുക്കു മനുഷ്യരിലേക്കു നോക്കാം. എന്നാൽ നാം ദൈവത്തെ സേവിക്കുമ്പോൾ പ്രതിഫലത്തിനായി നമുക്കു ദൈവത്തിലേക്കു നോക്കാം. നമ്മുടെ ആവശ്യങ്ങളെ *അനുയോജ്യമായ രീതിയിൽ* അവിടുന്നു നിറവേറ്റും. ഓരോ സമയത്തും നമുക്ക് *എത്ര* ലഭിക്കണമെന്നുകൂടി അവിടുന്നു തന്നെ തീരുമാനിക്കട്ടെ. ദൈവത്തിന്റെ യഥാർത്ഥ ഭൃത്യന് ദൈവികമായ ഒരു മാന്യതയുണ്ട്.

സഭയിലെ അംഗങ്ങളെക്കുറിച്ച് ഒരു മൂപ്പൻ എന്ന നിലയ്ക്ക് വേണ്ടത്ര *ഉത്തരവാദിത്വബോധം* നിങ്ങൾക്ക് ഉണ്ടാകാതെയിരിപ്പാൻ സാധ്യതയുണ്ട്.

എല്ലാ ഞായറാഴ്ചയും പതിവായി തിരുവചനം പഠിക്കുന്നുണ്ട് എന്ന കാര്യത്തിൽ നിങ്ങൾ തൃപ്തനായിരിക്കാം. എന്നാൽ കർത്താവിന്റെ മടങ്ങിവരവിൽ നിങ്ങളുടെ ഈ ഭൂമിയിലെ പ്രയത്നമത്രയും കത്തിപ്പോകുന്ന വെറും മരം, പുല്ല്, വൈക്കോൽ മാത്രമാണെന്ന തിരിച്ചറിവിൽ നിങ്ങൾ അമ്പരന്നു പോയേക്കാം. *(1കൊരി. 3:12,13).* അതെത്ര വലിയ ദുരന്തമായിരിക്കുമെന്ന് ചിന്തിക്കുക. ഈ മുന്നറിയിപ്പിനെ നിങ്ങൾ ഇപ്പോൾതന്നെ ഗൗരവമായി പരിഗണിക്കുമെങ്കിൽ കർത്താവിന്റെ ന്യായാസനത്തിങ്കൽ നിങ്ങൾക്കുണ്ടായേക്കാവുന്ന ദുഃഖം ലഘൂകരിക്കാൻ കഴിഞ്ഞേക്കും.

നാം ഈ ഭൂമിയിൽ ജീവിക്കയും കർത്താവിനെ സേവിക്കയും ചെയ്ത കാര്യത്തിൽ നമുക്കെല്ലാം അവിടുത്തെ ന്യായാസനത്തിങ്കൽ ഓരോ അളവിൽ ഖേദിക്കേണ്ടിവരും. എന്നാൽ നാം ഇപ്പോഴേ സ്വയം വിധിക്കുന്നുവെങ്കിൽ നമ്മുടെ ദുഃഖത്തിന്റെ അളവിനെ കുറയ്ക്കാൻ കഴിയും. ആ ദിവസത്തിന്റെ വെളിച്ചത്തിലായിരിക്കണം നാം നമ്മുടെ പ്രവൃത്തികളെ കാണേണ്ടതും വിലയിരുത്തേണ്ടതും.

*"ഈ കുഞ്ഞുങ്ങളെ കൊണ്ടുപോയി എനിക്കുവേണ്ടി വളർത്തണം."* എന്നു കർത്താവു പറയുന്നു. *"എനിക്കുവേണ്ടി വളർത്തണം. ഞാൻ നിനക്കു ശമ്പളം തരാം."* ഈ ശമ്പളം ധനത്തിന്റെ മാനദണ്ഡത്തിലായിരിക്കില്ല. ഞാൻ വിശ്വസിക്കുന്നത് കർത്താവ് നമ്മുടെ ഭൗമിക ആവശ്യങ്ങൾക്ക് വേണ്ടിയും കരുതുന്നവൻ ആണ്. നമ്മുടെ അന്നന്നത്തെ ആഹാരത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ അവിടുന്നു പഠിപ്പിച്ചു. സുവിശേഷം അറിയിക്കുന്നവർ സുവിശേഷത്താൽ ഉപജീവിക്കേണം എന്നും കല്പിച്ചിരിക്കുന്നു. അതുകൊണ്ടുതന്നേ നമ്മുടെ ഉപജീവന കാര്യങ്ങൾക്കുവേണ്ടി കർത്താവ് ***കരുതലുള്ളവൻതന്നെയാണ്.*** എന്നാൽ അതിനൊക്കെ അതീതമായ ഒരു വലിയ ആത്മീയ പ്രതിഫലം കർത്താവു വച്ചിരിക്കുന്നു.

തെസ്സലോനികൃയിലെ ക്രിസ്ത്യാനികളോട് കർത്താവിന്റെ പ്രത്യക്ഷതയിൽ തന്റെ മഹത്വവും സന്തോഷവും പ്രശംസാകിരീടവും അവരാണെന്നു പൗലോസ് പറയുന്നു. *(1തെസ്സ.2:19) ഒരു പിതാവ് തന്റെ മക്കളിൽ സന്തോഷിക്കുന്നതുപോലെ* അദ്ദേഹം അവരിൽ സന്തോഷിച്ചിരുന്നു.

ഒരിക്കൽ വെറും പ്രാകൃതരായ മനുഷ്യരായി തന്റെ സഭയിലേക്കു വന്നവർ *ആത്മീയരായ ദൈവമനുഷ്യരായി* വളരുന്നതു കാണുമ്പോൾ ആത്മീയ പിതാവായ മൂപ്പന് സന്തോഷം ഉണ്ടാകും. ഒരു പാറക്കഷണത്തെ മനോഹരമായ ഒരു രൂപമാക്കി മാറ്റുന്ന ഒരു ശില്പിയുടെ സന്തോഷം പോലെയാണത്. അനേകമാസങ്ങൾ, ചിലപ്പോൾ വർഷങ്ങൾ പോലുമോ ശ്രദ്ധയോടെ പണിതിട്ടാകാം ശില്പത്തിന്റെ മുഖഭാഗങ്ങൾ അതേ ഛായയിൽ രൂപംകൊണ്ടത്. ഇതുതന്നെയാണു ദൈവവും നമ്മെ ഭരമേല്പിച്ചിരിക്കുന്ന ദൗത്യം. വെറുതെ ഉപദേശിക്കുന്നതിൽ മാത്രം നാം തൃപ്തരാകരുത്. ക്രിസ്തുവിന്റെ മുഖം അവരിൽ രൂപം കൊള്ളുന്നില്ലെങ്കിൽ നമ്മുടെ പണി വൃഥാവാണ്.

*മക്കൾ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തരായിത്തീരുമ്പോഴാണ്* ഭൗതിക പിതാക്കന്മാർ സംതൃപ്തരാകുന്നത്. അവർ എന്നും തന്നെ ആശ്രയിക്കാൻ ആഗ്രഹിക്കുന്നില്ല. ഒരു യഥാർത്ഥ ആത്മീയ പിതാവ് അപ്രകാരമുള്ള ഒരു വ്യക്തി ആയിരിക്കും. മക്കൾ വളർച്ചപ്രാപിക്കുന്നതനുസരിച്ച് തനിക്ക് അവരുടെമേലുള്ള നിയന്ത്രണവും കുറഞ്ഞുകൊണ്ടിരിക്കും.

പന്ത്രണ്ടു മക്കളുള്ള ഒരു കുടുംബത്തെക്കുറിച്ച് ചിന്തിക്കുക. നിങ്ങളുടെ ഭാര്യ രണ്ട് മക്കളെ വളർത്താൻ പാടുപെടുമ്പോൾ പന്ത്രണ്ടു പേരെ എങ്ങനെ വളർത്തും എന്നു നിങ്ങൾ അത്ഭുതപ്പെടുന്നുണ്ടാവും. എന്നാൽ *കാലക്രമത്തിൽ* പന്ത്രണ്ട് മക്കളുള്ള അമ്മയ്ക്കു രണ്ട് മക്കളുള്ള അമ്മയേക്കാൾ വളരെക്കുറഞ്ഞ അദ്ധ്വാനം മതി എന്ന് നമുക്ക് കണ്ടെത്താൻ കഴിയും. കാരണം മൂത്തകുട്ടികളെ തന്നെ സഹായിക്കാനായി ആ അമ്മ പരിശീലിപ്പിക്കുന്നു. ക്രമത്തിൽ വീട്ടിലെ ജോലികളെല്ലാം ചെയ്യുവാൻ മക്കൾ പ്രാപ്തരായിത്തീരുകയും അമ്മ സ്വതന്ത്രയാവുകയും ചെയ്യുന്നു. സഭയിലും കാര്യങ്ങൾ ഇപ്രകാരം വേണം നടക്കുവാൻ. മറ്റുള്ളവരെ വളർത്തി *ചുമതലകൾ ഭരമേല്പിക്കുക. വിട്ടുകൊടുക്കുക.*

എന്നാൽ അധികം സഭകളിലും എന്താണ് കാണുന്നത്. അമിതഭാരം തലയിലേറ്റിയ ശുശ്രൂഷകന്മാർ തങ്ങൾ തന്നേ എല്ലാം ചെയ്യേണ്ടിവരുന്നതുകൊണ്ട് പിരിമുറുക്കമുള്ളവരായി, ധൈര്യമില്ലാത്തവരായിത്തീരുന്നു. പന്ത്രണ്ടു മക്കളുള്ള അമ്മയും എല്ലാ ഭാരവും സ്വയം വഹിക്കുന്നവളായിരുന്നെങ്കിൽ ഇത്തരത്തിൽ പിരിമുറുക്കമുള്ളവളായിത്തീരുമായിരുന്നു. പായയിൽ മലർന്നുകിടന്നു കരഞ്ഞുകൊണ്ട് കുപ്പിപ്പാൽ മാത്രം കുടിക്കുന്ന നൂറുകണക്കിന് കുഞ്ഞുങ്ങളുള്ള ഒരു അനാഥാലയം പോലെയാണ് പല സഭകളും. സകല ഭാരവും ഒരു ശുശ്രുഷകൻ മാത്രം വഹിക്കുന്നതിന്റെ പരിണത ഫലമാണിത്. ഒരു ചുമതലപോലും ഒരിക്കലും നല്കപ്പെടാത്തതിനാൽ വിശ്വാസികൾ വളർച്ച പ്രാപിക്കുന്നില്ല. ക്രിസ്തുവിന്റെ ശരീരത്തിൽ *ഓരോ അവയവത്തിനും* അതിന്റേതായ പ്രവൃത്തിയുണ്ട്.

യേശു പന്ത്രണ്ടുപേരെ മാത്രമാണു ശിഷ്യരാക്കിയത്. അതിലധികം ആളുകളെ ഒരു സമയത്ത് ഒരാൾക്കു കൈകാര്യം ചെയ്യുവാൻ കഴിയുമോ എന്ന് എനിക്കു നിശ്ചയമില്ല. അങ്ങനെയെങ്കിൽ 120 പേരുള്ള ഒരു സഭയിൽ ഒരേസമയം പത്ത് ഇടയന്മാരെങ്കിലും ശുശ്രൂഷയ്ക്കായി ഉണ്ടായിരിക്കേണ്ടതാണ്. *'ഇടയന്മാർ/പസ്റ്റർമാർ* എന്ന വാക്കുകൊണ്ട് ഞാൻ അർത്ഥമാക്കുന്നത് ഒരു പിതാവിന്റെ ഹൃദയമുള്ള സഹോദരന്മാർ എന്നാണ്. മുഴുവൻ സമയവേലക്കാരല്ല. എന്തെങ്കിലും തൊഴിലും വരുമാനവുമുള്ള ഒരു *ഇടയന്റെ ഹൃദയഭാരത്തോടെ* കൂട്ടുസഹോദരന്മാരെ കരുതാൻ മനസ്സുള്ളവരെയാണ്.

ഇന്ന് കൊയ്ത്ത് വളരെയേറെയാണ്. യഥാർത്ഥ ഇടയന്മാർ വിരളമായിരിക്കുന്നു. നിങ്ങൾ കർത്താവിനെ സേവിക്കുവാൻ ഇറങ്ങുന്നതു മനുഷ്യരുടെ മാനം സമ്പാദിക്കുവാനോ ഒരു ജീവനോപാധി എന്ന നിലയിലോ ആയിരിക്കാതെ ***ദൈവം വിളിച്ചു*** എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കട്ടെ. ◆

# 2

# ദൈവത്തെ അറിയുക

**വ്യ**ക്തിപരമായി ദൈവത്തെ അറിയുന്നതുമൂലം മറ്റുള്ളവരെ ദൈവത്തിങ്കലേക്കു നയിക്കാൻ കഴിയുന്ന ഒരാളായിരിക്കണം  ഒരു ആത്മീയ നേതാവ്.

അന്ത്യകാലങ്ങളിൽ ഭൂമിയിൽ കാണപ്പെടുന്ന *രണ്ടു* തരത്തിലുള്ള പ്രസംഗകരെക്കുറിച്ച് *ദാനിയേൽ11:32,33* വാക്യങ്ങളിൽ പറയുന്നുണ്ട്. മൃദുവായ വാക്കുകൾ സംസാരിച്ചുകൊണ്ട് ആളുകളെ അഭക്തിയിലേക്കു നയിക്കുന്ന വലിയ ഒരു സമൂഹം. മറുവശത്ത് *ദൈവത്തെ അറിയുകയും* തന്മൂലം ആളുകൾക്ക് ഉൾക്കാഴ്ച നൽകി പലരെയും നീതിയിലേക്കു നടത്തുകയും ചെയ്യുന്ന ഒരു ചെറിയ സമൂഹം.

ഇന്നു ക്രിസ്തീയഗോളത്തിൽ ഈ രണ്ടു കൂട്ടരെയും നമുക്ക് കണ്ടെത്താൻ കഴിയും. തങ്ങളുടെ ശ്രോതാക്കളെ വശീകരിക്കുന്ന (വഞ്ചിക്കുന്ന) മൃദുഭാഷികൾ ഒരുവശത്ത്: മറുവശത്ത് തങ്ങളുടെ ശ്രോതാക്കളെ സന്തോഷിപ്പിക്കുന്നോ വ്രണപ്പെടുത്തുന്നോ, അവർ തങ്ങളെക്കുറിച്ചു പറയുന്നതു നല്ലതോ ചീത്തയോ എന്നൊന്നും നോക്കാതെ ദൈവത്തെ അറിയുന്നതു കൊണ്ടു സത്യം മാത്രം സംസാരിക്കുന്നവർ.

മനുഷ്യർ ആടുകളെപ്പോലെയാണ്. അവർ ഭൂരിപക്ഷത്തെ അനുഗമിക്കുകയും വ്യത്യസ്തരാകുന്നതിനെ ഭയപ്പെടുകയും ചെയ്യുന്നവരാണ്. ഈ ഭൂരിപക്ഷം തെറ്റായ പാതയിലൂടെയാണ് പോകുന്നതെങ്കിൽ എല്ലാവരും നാശത്തിൽ നിപതിക്കും. ഇന്നത്തെ അവസ്ഥയും അതുതന്നെ. അതുകൊണ്ടു തന്നോടൊപ്പം ഉറച്ചു നിന്നുകൊണ്ടു ആളുകളെ സത്യത്തിലേക്കു നയിക്കാൻ കഴിയുന്ന ചിലരെ ദൈവം അന്വേഷിക്കുന്നു. ആൾക്കൂട്ടത്തിൽ നിന്നും വ്യതിചലിച്ചു നടക്കുവാനുള്ള ധൈര്യം നമുക്കുണ്ടെങ്കിൽ നമുക്കു ദൈവത്തെയും ദൈവഹൃദയത്തെയും (അവിടുത്തെ ചിന്തകളെയും വഴികളെയും) അറിയാൻ കഴിയും.

കഴിഞ്ഞ മുപ്പതു വർഷങ്ങളായി ഞാൻ ഇൻഡ്യയിൽ കണ്ടിട്ടുള്ള അധികം *ക്രിസ്തീയ നേതാക്കൾക്കും* ദൈവത്തെയോ ദൈവഹൃദയത്തെയോ നേരിട്ട് അറിയാൻ കഴിഞ്ഞിട്ടുള്ളതായി തോന്നിയിട്ടില്ല. പാശ്ചാത്യ പ്രസിദ്ധീകരണങ്ങളിൽ നിന്നു വായിക്കുന്നവ അതേപടി ഏറ്റുപറയുക മാത്രമാണ് അവർ

ചെയ്തുവരുന്നത്. ഓരോ കാലഘട്ടങ്ങളിൽ അമേരിക്കൻ ക്രിസ്തീയനേതാക്കൾ ഓരോ പ്രത്യേക ആശയങ്ങൾ പ്രചരിപ്പിക്കാറുണ്ട്. 1980 കളിൽ അതു ഒരു ആശയമായിരുന്നെങ്കിൽ ഇന്ന് അതുമറ്റൊന്നാണ്. പർവ്വതപ്രദേശങ്ങളിൽ നാം മാറ്റൊലി കേൾക്കുന്നതുപോലെ ഈ പാശ്ചാത്യ ആശയങ്ങളുടെ മാറ്റൊലികൾ അതതു കാലഘട്ടങ്ങളിൽ നമുക്കു ഇൻഡ്യയിലും അതുപോലെയുള്ള മൂന്നാം ലോകരാജ്യങ്ങളിലും സുവിശേഷകരിൽ നിന്നും കേൾക്കുവാൻ കഴിയും. പ്രത്യേകിച്ചും പ്രതിനിധി സമ്മേളനങ്ങളിലും മറ്റും സമർപ്പിക്കപ്പെടുന്ന പ്രബന്ധങ്ങളിൽ. അമേരിക്കൻ നേതാക്കൾ *സഭാവളർച്ചയെക്കുറിച്ചു* ഘോഷിക്കുന്ന കാലയളവിൽ ഇൻഡ്യയിലെ ആത്മീയനേതൃത്വത്തിലും *"സഭാവളർച്ച"* തന്നെയായിരിക്കും പ്രസംഗങ്ങളിലും പ്രബന്ധങ്ങളിലും പ്രതിധ്വനിക്കുന്നത്. അമേരിക്കൻ നേതൃത്വം *"10/40 ജാലക"*ത്തെക്കുറിച്ചു പറയുമ്പോൾ ഇവിടെയും *"10/40 ജാലക"*ത്തിന്റെ മാറ്റൊലി നാം കേൾക്കും. *മഹാപീഡനത്തിനു മുമ്പ് സഭ എടുക്കപ്പെടുന്നതിനെക്കുറിച്ചു* പാശ്ചാത്യർ പ്രസംഗിച്ചാൽ ഇവിടുത്തെ വേദപണ്ഡിതന്മാരും അതുതന്നെ ഏറ്റുപറയും. ഒരിക്കലും ഈ ആശയങ്ങളെ ചോദ്യം ചെയ്യാനുള്ള ധൈര്യം ഇവിടുത്തെ നേതാക്കൾ കാട്ടാറില്ല.

എന്തുകൊണ്ടാണ് ദൈവം ഇൻഡ്യയിലെ ഒരൊറ്റ വ്യക്തിയോടും നേരിട്ടു സംസാരിക്കാത്തത്? ദൈവം വെളുത്തവരോടു മാത്രം സംസാരിക്കുന്ന ദൈവമാണോ?

ഇതിന്റെ കാരണം മൂന്നാം ലോക രാജ്യങ്ങളിലെ ആളുകളുടെ അടിമ മനോഭാവമാണ്. ബ്രിട്ടീഷുകാർ നമ്മെ 200 വർഷങ്ങളോളം ഭരിച്ചു. ആ *അടിമ മനോഭാവത്തിൽ* നിന്നും സ്വാതന്ത്ര്യം പ്രാപിക്കാൻ നമുക്കിതുവരെ കഴിഞ്ഞിട്ടില്ല. മിക്കവാറും എല്ലാ ഇൻഡ്യൻ ക്രിസ്ത്യാനികളും വെള്ളക്കാരൻ തങ്ങളെക്കാൾ ഉന്നതനാണെന്നും തങ്ങളെക്കാൾ ആത്മീയനാണെന്നും കരുതുന്നു. അവരുടെ അധീശ മനോഭാവവും പറയുന്നതു ദൃഢമായി പറയുവാനുള്ള ധൈര്യവും ധനസമൃദ്ധിയുമാണ് അതിന്റെ കാരണം.

ഒരിക്കൽ ഞാൻ കണ്ടുമുട്ടിയ കറുത്ത വർഗ്ഗക്കാരനായ ഒരു അമേരിക്കൻ സഹോദരൻ ഇപ്രകാരം പറയുകയുണ്ടായി: കറുത്ത വർഗ്ഗക്കാർ നിയമപരമായി അമേരിക്കയിൽ നൂറുവർഷം മുമ്പേ സ്വാതന്ത്ര്യം പ്രാപിച്ചവരാണെങ്കിലും അടിമത്തമനോഭാവം *ഇന്നും* അവരെ വിട്ടുപോയിട്ടില്ല. ഇന്നും അപകർഷമനോഭാവത്തോടെയല്ലാതെ ഒരു വെള്ളക്കാരന്റെ നേരേ നോക്കുവാൻ അവർക്കുകഴിയില്ല. ഇൻഡ്യാക്കാരുടെ അവസ്ഥയും ഭിന്നമല്ലെന്നു ഞാൻ കരുതുന്നു.

എന്നാൽ സത്യസന്ധമായി പറയട്ടെ, ഇൻഡ്യയിലേക്കു വന്നിട്ടുള്ള (ഞാൻ കണ്ടിട്ടുള്ള) *മിക്കവാറും* പാശ്ചാത്യ പ്രസംഗകർ തീരെ ആഴമില്ലാത്തവരും ലൗകികരും ആണ്. അവർ ദൈവത്തെ അറിഞ്ഞിട്ടില്ല. എന്നാൽ കൈയിൽ ധാരാളം പണമുള്ളതുകൊണ്ട് പോകുന്നിടത്തൊക്കെയും അവർ പ്രസിദ്ധിയാർജ്ജിക്കുന്നു. ഇൻഡ്യയിൽ നടക്കുന്ന ക്രിസ്ത്യൻ സമ്മേളനങ്ങളെക്കുറി

ച്ചുള്ള പരസ്യങ്ങൾ ശ്രദ്ധിക്കുക. മിക്കവാറും എല്ലാറ്റിലും ഒരു *പാശ്ചാത്യനായിരിക്കും* മുഖ്യ പ്രഭാഷകൻ. നമ്മുടെ രാജ്യത്തെ ക്രിസ്തീയതയുടെ പാപ്പരത്തം എത്ര ദുഃഖകരമാണെന്നറിയുക. ഇതു കേവലം നാമധേയ ക്രൈസ്തവരുടെ മാത്രം അവസ്ഥയായിരുന്നെങ്കിൽ നമുക്കു മനസ്സിലാക്കാൻ കഴിയുമായിരുന്നു. എന്നാൽ *വീണ്ടുംജനനവും പരിശുദ്ധാത്മസ്നാനവും* ഒക്കെ പ്രാപിച്ചവരുടെയും സ്ഥിതി ഒട്ടും തന്നെ വ്യത്യസ്തമല്ല!

ഈ അടിമത്തമനോഭാവത്തിൽ നിന്നും നാം സ്വാതന്ത്ര്യം പ്രാപിക്കേണ്ടിയിരിക്കുന്നു. നിങ്ങൾ ഒരു വെള്ളക്കാരന്റെ ശമ്പളം വാങ്ങുന്ന ആളാണെങ്കിൽ നിങ്ങൾക്കു സ്വാതന്ത്ര്യം പ്രാപിക്കുക പ്രയാസമായിരിക്കും. അങ്ങനെയെങ്കിൽ മനുഷ്യനെ സേവിക്കുന്നതു നിർത്തിയിട്ടു ദൈവത്തെ സേവിക്കുവാൻ നിങ്ങൾ പഠിക്കേണ്ടി വരും. വാസ്തവത്തിൽ നിങ്ങൾ ആരുടെ സേവകനാണ്? ബൈബിൾ പറയുന്നു: "നാം വിലയ്ക്കു വാങ്ങപ്പെട്ടിരിക്കയാൽ ഇനി മനുഷ്യരുടെ ദാസന്മാരല്ല" എന്ന്. *(1 കൊരി. 7:23)*

ദൈവത്തെ വ്യക്തിപരമായി അറിയുക എന്നതായിരിക്കട്ടെ നിങ്ങളുടെ അഭിവാഞ്ഛയത്രയും. അങ്ങനെയായാൽ നിങ്ങൾ ഒരിക്കലും പാശ്ചാത്യനോ പൗരസ്ത്യനോ ആയ ഒരു നേതാവിന്റെയും സേവകനായിരിക്കയില്ല. നിങ്ങൾക്കാരോടും അടിമ മനോഭാവം ഉണ്ടാവുകയുമില്ല. നിങ്ങൾ ദൈവത്തിന്റെ മനുഷ്യനായിരിക്കും. ***വ്യക്തിപരമായി ദൈവത്തെ അറിയുന്നതിലൂടെ മാത്രമേ ആത്മീയാധികാരം*** കൈവരികയുള്ളൂ.

എന്റെ സഹോദരന്മാരേ, *നിങ്ങൾ ദൈവത്തെ അറിയുന്ന ദൈവമനുഷ്യരാകുവാൻ* ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. അതു നിങ്ങളുടെ വ്യക്തിജീവിതം മഹത്വകരവും ആത്മീയ ശുശ്രൂഷകൾ അധികാരമുള്ളതുമാക്കിത്തീർക്കും. അതുതന്നെയാണ് മറ്റെന്തിനെക്കാളുമുപരി നമ്മുടെ രാജ്യത്തിന് ഇന്നാവശ്യം.

*ദൈവത്തെ* അറിയുന്നതു *ബൈബിൾ* പഠിക്കുന്നതിനെക്കാൾ ശ്രമകരമാണ്. കാരണം, ബൈബിൾ പഠിക്കുന്നതിനു നാം വില കൊടുക്കേണ്ടതില്ല. പഠിക്കുകമാത്രം ചെയ്താൽ മതി.

ബൈബിളിൽ നല്ല അവഗാഹം ഉള്ളപ്പോൾത്തന്നെ വ്യക്തിജീവിതത്തിൽ ധർമ്മ നിഷ്ഠയില്ലാതെയും ചിന്താമണ്ഡലത്തിൽ വിശുദ്ധിയില്ലാതെയും ആയിരിക്കാൻ കഴിയും. നിങ്ങൾക്ക് ഒരേസമയം നല്ല ഒരു വാഗ്മിയും ഒരു പണസ്നേഹിയും ആയിരിക്കാൻ കഴിയും. എന്നാൽ *ദൈവത്തെ അറിയുന്ന* ഒരാൾക്ക് വ്യക്തിജീവിതത്തിൽ അധാർമ്മികനോ പണസ്നേഹിയോ ആയിരിക്കാൻ ഒരിക്കലും കഴിയില്ല. അതു തികച്ചും അസാദ്ധ്യമാണ്. അതുകൊണ്ടു തന്നെയാണ് അധികം പ്രസംഗകരും *ദൈവത്തെ അറിയുന്നതിനെക്കാൾ* അനായാസമായ ബൈബിൾ പാണ്ഡിത്യത്തിന്റെ വഴി തെരഞ്ഞെടുക്കുന്നത്.

സഹോദരന്മാരേ, ഞാൻ ഒന്നു ചോദിക്കട്ടെ: ബൈബിൾ പാണ്ഡിത്യംകൊണ്ടുമാത്രം നിങ്ങൾ സംതൃപ്തരാണോ അതോ അതിലധികമായി

ദൈവത്തെ അറിയുവാനുള്ള അടങ്ങാത്ത ഒരു ദാഹം നിങ്ങളിലുണ്ടോ? *ഫിലിപ്പിയർ. 3:8-10* ൽ പൗലോസ് പറയുന്നു: കർത്താവിനെ തന്റെ പൂർണ്ണതയിൽ അറിയുക എന്നതു മാത്രമാണു തന്റെ അഭിവാഞ്ഛയെന്ന്. അതിന്റെ മുമ്പിൽ മറ്റെല്ലാ കാര്യങ്ങളെയും താൻ ചവറെന്ന് എണ്ണുന്നു എന്ന് അദ്ദേഹം പറയുന്നു. ഈ അമൂല്യമായ മുത്തിനു വേണ്ടി മറ്റെല്ലാ മുത്തുകളും പൗലോസ് ചേതമെന്നെണ്ണി. പൗലോസിന്റെ ശുശ്രൂഷയുടെ രഹസ്യം നാം കണ്ടെത്തുന്നത് ഗമാലിയേലിന്റെ സ്ഥാപനത്തിൽ അദ്ദേഹം ചെലവഴിച്ച അദ്ധ്യയന വർഷങ്ങളിലല്ല, *ദൈവത്തെ വ്യക്തിപരമായി അറിയുവാൻ* ശ്രമിച്ച വഴികളിലാണ്.

*"ദൈവത്തെയും യേശുക്രിസ്തുവിനെയും വ്യക്തിപരമായി അറിയുന്നതാണ് നിത്യജീവൻ." (യോഹ.17:3).* സ്വർഗ്ഗത്തിൽ നിത്യമായി ജീവിക്കുന്നതിനെ ആയിരിക്കാം ഒരു പക്ഷേ നാം നിത്യജീവൻ എന്നു വിവക്ഷിക്കുന്നത്. എന്നാൽ യേശുക്രിസ്തു അങ്ങനെയല്ല നിത്യജീവനെ വ്യക്തമാക്കുന്നത്. നരകത്തിൽ നിന്നും രക്ഷ നേടുന്നതിനോ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിനോ നിത്യജീവനുമായി *ബന്ധമൊന്നുമില്ല.* ***കർത്താവിനെ അറിയുന്നതുമായിട്ടാണ്*** അതിനുബന്ധമുള്ളത്. എന്റെ ജീവിതത്തിന്റെ വാഞ്ഛയും എന്റെ ഹൃദയത്തിന്റെ ഭാരവും കർത്താവിനെ ഏറ്റവും അടുത്തറിയുക എന്നതാണ്. എന്റെ ശുശ്രൂഷയ്ക്ക് ദൈവികമായ അധികാരം അതിലൂടെ മാത്രമേ ഉണ്ടാവൂ എന്നു ഞാൻ അറിയുന്നു. അതുകൊണ്ട് ഞങ്ങളുടെ സഭകളിലെല്ലാം തന്നെ ദൈവത്തെ അറിയുന്നതിന് ഞാൻ ആളുകളെ ഉത്സാഹിപ്പിക്കുന്നു.

ചരിത്രത്തിൽ എന്നത്തേക്കാളുമുപരി വേദജ്ഞാനം ഇന്ന് എത്രയോ അധികമാണ്. പെന്തക്കൊസ്തു നാളിനുശേഷം 1500 വർഷത്തോളം അച്ചടിച്ച ഒരു ബൈബിൾ പോലും ലഭ്യമല്ലായിരുന്നു. ബൈബിൾ ഇത്ര സുലഭമായിട്ട് ഏതാണ്ട് രണ്ടു നൂറ്റാണ്ടുകളേ ആയിട്ടുള്ളു. ഇന്നു നമുക്കു ബൈബിളിന്റെ നിരവധി ഭാഷാന്തരങ്ങളും ഒത്തുവാക്യങ്ങളും മറ്റു പഠനസഹായികളും സുലഭമാണ്.

പക്ഷേ ഇതുകൊണ്ടുണ്ടായ അധിക വിജ്ഞാനം കൂടുതൽ വിശുദ്ധരായ ക്രിസ്ത്യാനികളെ ഉളവാക്കി എന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? ഇല്ല. ബൈബിൾവിജ്ഞാനം കൊണ്ടു വിശുദ്ധി ഉണ്ടാകുമായിരുന്നെങ്കിൽ ചരിത്രത്തിലെ ഏറ്റവും വിശുദ്ധരായ ആളുകൾ ഇന്നു ജീവിക്കുന്നവരിൽ ചിലർ ആകുമായിരുന്നു. സാത്താനും വിശുദ്ധനാകുമായിരുന്നു. കാരണം, സാത്താനുള്ളത്ര ബൈബിൾ വിജ്ഞാനം മറ്റാർക്കുമില്ലല്ലോ.

ആയിരക്കണക്കിനു വിദ്യാർത്ഥികളെ ബൈബിൾ പഠിപ്പിക്കുന്ന സെമിനാരികൾ നമുക്കുണ്ട്. എന്നാൽ ഏറ്റവും ദൈവഭക്തരായ ആളുകളെ നമുക്കു കണ്ടുമുട്ടാൻ കഴിയുന്നതു ഈ സെമിനാരികളിലാണോ? അല്ല. ജാതികളെക്കാൾ മോശമായവരെ നമുക്ക് ഇവിടെ കണ്ടെത്താൻ കഴിയും.

ഒരിക്കൽ ഇൻഡ്യയിലെ ഏറ്റവും നല്ല ഒരു സെമിനാരിയിൽ നിന്നും *ഒന്നാം സ്ഥാനം* കരസ്ഥമാക്കി വിജയം വരിച്ച ഒരു വിദ്യാർത്ഥിയെ കാണുവാനിട

യായി. അദ്ദേഹം ഇങ്ങനെ പറഞ്ഞു:" ഞാൻ ഇവിടെ പ്രവേശനം നേടുമ്പോഴുള്ളതിനെക്കാൾ വളരെ *മോശമായ* ആത്മീയാവസ്ഥയിലാണ് ഇപ്പോൾ" അങ്ങനെയെങ്കിൽ സെമിനാരിയിൽ നിന്നും എന്താണു പഠിച്ചത്? ബൈബിളിനെക്കുറിച്ചും ക്രിസ്ത്യാനികളെക്കുറിച്ചും സഭാചരിത്രത്തെക്കുറിച്ചും ഒക്കെ അത്തരം ഒരു സെമിനാരിയിൽ നിന്നും ഒന്നാം സ്ഥാനം കരസ്ഥമാക്കാൻ സാത്താനുതന്നെ സാദ്ധ്യമല്ലേ?

ഒരു വിദ്യാർത്ഥി ധനസ്നേഹത്തെയും ദുർമ്മോഹത്തെയും കോപത്തെയും കയ്പിനെയും ജയിക്കാൻ പഠിക്കുന്നില്ലെങ്കിൽ ഗ്രീക്കിലെ മൂലപദങ്ങളുടെ അർത്ഥമോ, വേദവ്യാഖ്യാനമോ നിരൂപകമതങ്ങളോ പഠിക്കുന്നതുകൊണ്ടെന്തു കാര്യം? അവിടെ നിന്നു ലഭിക്കുന്ന സർട്ടിഫിക്കറ്റുപയോഗിച്ച് വളരെവേഗം അയാൾ ഒരു സഭയിലെ പാസ്റ്റർ ആകും. പക്ഷേ ധാർമ്മികമായ പെരുമാറ്റപ്രശ്നങ്ങളുമായി സഭയിൽ വരുന്ന ആളുകൾക്ക് എന്തു നൽകാൻ അയാൾക്കു കഴിയും? വേദശാസ്ത്രപരമായ പ്രശ്നങ്ങളിൽ അയാൾക്കു സഹായിക്കാൻ കഴിഞ്ഞേക്കാം. യഥാർത്ഥ പ്രശ്നങ്ങളിൽ ഒന്നും ചെയ്യാൻ അയാൾക്കു കഴിയില്ല. *അതുകൊണ്ടുതന്നെയാണ് ഇൻഡ്യയിൽ കർത്താവിന്റെ വേലയ്ക്ക് ഇത്രയധികം നഷ്ടം സംഭവിച്ചിരിക്കുന്നത്.*

ദൈവത്തെ അറിയുന്നവർക്കു മാത്രമേ ആടുകളെ എങ്ങനെ നടത്തണമെന്ന് അറിയാൻ കഴിയൂ. നിങ്ങൾ പാപത്തിന്മേൽ ജയം പ്രാപിച്ച ഒരുവനെങ്കിൽ ആടുകളെയും ജയജീവിതത്തിലേക്കു നയിക്കുവാൻ നിങ്ങൾക്കു കഴിയും. അപ്രകാരം ജയം പ്രാപിച്ച അവർക്കും പോയി അധികാരത്തോടെയും ശക്തിയോടെയും കർത്താവിനെ സേവിക്കാൻ കഴിയും.

ആരുടെയെങ്കിലും വേദവിജ്ഞാനത്തെയോ ബിരുദസർട്ടിഫിക്കറ്റുകളെയോ സാത്താൻ ഭയപ്പെടുന്നുണ്ടോ? ഒരിക്കലുമില്ല. പക്ഷേ വിശുദ്ധിയും താഴ്മയും ദൈവഭയവുമുള്ള പുരുഷന്മാരെയും സ്ത്രീകളെയും അവൻ ഭയപ്പെടുന്നു.

നമ്മുടെ കൊച്ചു സഹോദരന്മാരെയും സഹോദരിമാരെയും *ദൈവത്തെ അറിയുന്നതിലേക്കു* നടത്തുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ◆

# 3

# ദൈവഭയം

**ഒ**രു ആത്മീയനേതാവു ദൈവത്തെ അധികമായി ഭയപ്പെടുന്ന ഒരുവനായിരിക്കും.

നാം ദൈവത്തെ എത്രയധികം അറിയുന്നുവോ അത്രയധികം ഭയപ്പെടും. *ഭയം* എന്ന കേവല വികാരമല്ല *ഭക്ത്യാദരവുകൾ* നമ്മിലുണ്ടാകും.

*സങ്കീർത്തനം 34:11ൽ ദാവീദ് പറയുന്നു: "മക്കളേ വന്ന് എനിക്കു ചെവി തരുവീൻ. യഹോവയോടുള്ള ഭക്തിയെ, ഭയത്തെ, ഞാൻ ഉപദേശിച്ചു തരാം."* മറ്റുള്ളവരെ ദൈവത്തെ ഭയപ്പെടാൻ പഠിപ്പിക്കുന്നത് എളുപ്പമുള്ള കാര്യമല്ല. *റോമർക്കും എഫേസ്യർക്കും* എഴുതിയ ലേഖനങ്ങൾ പഠിപ്പിക്കാൻ അതിലും എളുപ്പമാണ്.

മറ്റുള്ളവർക്കു ദൈവഭക്തിയെ ഉപദേശിക്കണമെങ്കിൽ ആദ്യം നാം തന്നെ ദൈവത്തെ ഭയപ്പെടണം. ***ദൈവഭയം*** ആണ് ജ്ഞാനത്തിന്റെ ആരംഭം. ബൈബിൾ പണ്ഡിതനായ ഒരാളെക്കാൾ വളരെയധികം കാര്യങ്ങൾ ദൈവഭയമുള്ള ഒരുവനു മറ്റുള്ളവരെ പഠിപ്പിക്കാൻ കഴിയും. ദൈവത്തെ ഭയമില്ലാത്ത ഒരാൾക്ക് *അറിവു* മാത്രമേ പകരാൻ കഴിയൂ. *ജ്ഞാനം* പകരാൻ കഴിയില്ല. *1 കൊരിന്ത്യർ 8:1ൽ* പറയുമ്പോലെ അറിവ് ഒരു വ്യക്തിയെ *നിഗളിയാക്കുന്നു*. എന്നാൽ ജ്ഞാനമോ ദൈനംദിനജീവിതത്തിൽ പ്രയോഗിക്കുവാൻ തക്കവണ്ണം ഒരുവനെ *പക്വമതിയാക്കുന്നു*. ജ്ഞാനികൾക്കു മാത്രമേ യേശുക്രിസ്തുവിന്റെ സഭയെ പണിയുവാൻ കഴിയൂ.

ക്രിസ്തീയ ജീവിതത്തിന്റെ പ്രാഥമിക പാഠമാണ് ദൈവഭയം. നിങ്ങളുടെ ആടുകളെ ദൈവത്തെ *ഭയപ്പെടുവാൻ പഠിപ്പിച്ചിട്ടില്ലെങ്കിൽ* നിങ്ങൾ മറ്റെന്തെല്ലാം വിഷയങ്ങൾ പഠിപ്പിച്ചിട്ടുണ്ടെങ്കിലും പ്രാഥമിക പാഠം നൽകുന്നതിൽ നിങ്ങൾ പരാജയപ്പെട്ടിരിക്കുന്നു. അക്ഷരം പഠിക്കാത്തവരെ ഭൂമിശാസ്ത്രവും ചരിത്രവും ഒക്കെ പഠിപ്പിക്കുന്നതു പോലെയാണത്. അത്തരം തെറ്റുകൾ ഒരു ശരാശരി അദ്ധ്യാപകൻ പോലും ഈ ഭൂമുഖത്തു ചെയ്യില്ല.

അക്ഷരം പഠിപ്പിക്കുന്നതു പോലെയാണ് ദൈവഭയം പഠിപ്പിക്കുന്നത്. എന്നാൽ അധികം ഇടയന്മാരും തങ്ങളുടെ ആടുകളെ *ആദ്യം* അതു പഠിപ്പി

ക്കുന്നതിൽ ശുഷ്കാന്തിയുള്ളവരല്ല. അതുകൊണ്ടാണ് യേശുക്രിസ്തു പറഞ്ഞത് *ഈ ലോകത്തിന്റെ മക്കൾ* വെളിച്ച മക്കളെക്കാൾ ബുദ്ധിയേറിയവരാണെന്ന്.

ഒരു സെമിനാരി ബിരുദം കൈവശമുള്ള നിങ്ങളോടു ഞാൻ ഒരു ചോദ്യം ചോദിക്കട്ടെ: *ദൈവഭയം* നിങ്ങൾ അവിടെ നിന്നു പഠിച്ചിട്ടുണ്ടോ? അതോ വെറും ഒരു ബിരുദ സർട്ടിഫിക്കറ്റു മാത്രമാണോ നിങ്ങൾ കരസ്ഥമാക്കിയത്?

*രണ്ടാമത്* ഒരു ചോദ്യംകൂടിചോദിക്കട്ടെ: നിങ്ങൾ എന്തിനു വേണ്ടിയാണ് ഒരു സെമിനാരിയിൽ ചേർന്നത്? ഒരു ജോലി സമ്പാദിക്കുക എന്ന ലക്ഷ്യത്തോടെയോ അതോ *ദൈവത്തെ ഭയപ്പെടുന്നതെങ്ങനെ* എന്നു പഠിക്കുവാനോ? എന്തുകൊണ്ടാണു മറ്റു സെമിനാരികളെക്കാൾ ഈ സെമിനാരി നിങ്ങൾ തെരഞ്ഞെടുത്തത്? അതു അധികം പ്രശസ്തമായതുകൊണ്ടല്ലേ? അവിടുത്തെ ഉപദേശങ്ങൾ *വേദാനുസൃതമല്ലെന്നും വിശാലമാണെന്നും* അറിഞ്ഞിട്ടുകൂടി അവിടെത്തന്നെ പോകുവാൻ താങ്കൾ തീരുമാനിച്ചില്ലേ? യേശുക്രിസ്തു തന്റെ ശിഷ്യന്മാരെ അത്തരമൊരു സ്ഥാപനത്തിലയച്ചു തന്റെ ശുശ്രൂഷയ്ക്കുവേണ്ടി ഒരുക്കുമെന്നു താങ്കൾ കരുതുന്നുണ്ടോ? ദൈവഭയം അഭ്യസിക്കുവാനായി ഞങ്ങൾക്കു ഒരു സെമിനാരി തെരഞ്ഞെടുക്കുവാൻ കഴിയുമെന്ന് നിങ്ങളിൽ എത്രപേർ സത്യസന്ധമായി പറയും? അങ്ങനെ ഒന്നു സാദ്ധ്യമാണോ? അല്ലേയല്ല! അതൊരു വലിയ ദുരന്തമല്ലേ?

സെമിനാരികളിൽ ചേരുന്ന പലരും അമേരിക്കയിൽ ധനസമ്പാദനത്തിനു വേണ്ടി പോകുന്നതിനുള്ള പ്രാരംഭ നടപടിയെന്ന നിലയ്ക്കാണ് അതു ചെയ്യുന്നതെന്ന് എനിക്കറിയാം. ചിലർ അമേരിക്കയിലെ സെമിനാരികളിൽത്തന്നെ പ്രവേശനത്തിനു അപേക്ഷിക്കാറുണ്ട്- *അവിടെ സ്ഥിരതാമസമാക്കുക* എന്ന ലക്ഷ്യത്തോടെ. അങ്ങനെയുള്ളവർക്ക് എങ്ങനെ കർത്താവിനെ സേവിക്കുവാൻ കഴിയും?

ഒരു തെറ്റായ ഉദ്ദേശ്യത്തോടെയാണു ബൈബിൾ സ്കൂളിൽ ചേർന്നതെന്ന കാര്യം ഇന്നു സമ്മതിക്കുവാൻ നിങ്ങൾ തയ്യാറാണോ? സത്യസന്ധരായിരിക്കാൻ മനസ്സുണ്ടെങ്കിൽ നിങ്ങളെ സംബന്ധിച്ചു പ്രത്യാശയ്ക്കു വകയുണ്ട്. ദൈവം സത്യസന്ധരെ സ്നേഹിക്കുന്നു. നിങ്ങൾക്കു സംഭവിച്ച തെറ്റ് മറ്റുള്ളവർക്കു സംഭവിക്കാതിരിക്കാൻ അവർക്കു മുന്നറിയിപ്പു കൊടുക്കുക. *കർത്താവിനെ ഭയപ്പെടുവാൻ അവരെ ഒന്നാമതായി പഠിപ്പിക്കുക.* നമ്മുടെ കുട്ടികൾ നാം ചെയ്ത തെറ്റുകൾ ആവർത്തിച്ചുകൂടാ.

*സദൃശവാക്യങ്ങൾ 24:3,4 ൽ* ജ്ഞാനം കൊണ്ടു വീടുപണിയുന്നു എന്നും അറിവുകൊണ്ട് അതിന്റെ മുറികളിൽ വിലയേറിയതും മനോഹരവുമായ സമ്പത്തു നിറയുന്നു എന്നും നമ്മോടു പറയുന്നു. ഇവിടെ *ജ്ഞാനവും അറിവും* തമ്മിലുള്ള വ്യത്യാസം ശ്രദ്ധിക്കുക. ഞാൻ ബൈബിൾ അറിവിനെ

വിലകുറച്ചു കാണുകയല്ല. കഴിഞ്ഞ 40 വർഷങ്ങളായി ഞാൻ ബൈബിൾ പഠിച്ചുവരുന്നു. മറ്റാരെയും പോലെ എനിക്കും അതിൽ അറിവുണ്ട്.

എന്നാൽ അതിലുപരിയായി ഞാൻ അന്വേഷിക്കുന്നതു *ജ്ഞാനമാണ്;* ദൈവസ്നേഹമാണ് ലോകത്തിൽ ഏറ്റവും വലുത്. പക്ഷേ ദൈവസ്നേഹം *ദൈവിക ജ്ഞാനത്താൽ* എല്ലായ്പ്പോഴും നയിക്കപ്പെടുന്നു. ജ്ഞാനം കൂടാതെയുള്ള സ്നേഹം അപകടകരമാണ്. *സ്നേഹം* ഒരു ബസ്സിന്റെ പെട്രോൾടാങ്കിലെ പെട്രോൾ പോലെയാണ്. *ജ്ഞാനം* ബസിന്റെ ഡ്രൈവർ പോലെയും. നിങ്ങൾക്ക് നിങ്ങളുടെ ആട്ടിൻകൂട്ടത്തെ നയിക്കുവാൻ സ്നേഹം കൂടിയേ തീരൂ. പക്ഷേ അവരെ *ഏതു വഴിയിലൂടെ* നയിക്കണമെന്നറിയാൻ *ജ്ഞാനവും* അത്യന്താപേക്ഷിതമാണ്.

*ജ്ഞാനം അടിസ്ഥാനപരമാണ്.* ബൈബിൾ സംബന്ധിച്ച അറിവിൽ 100 ശതമാനം മാർക്കു വാങ്ങുന്ന ഒരാൾക്ക് ജ്ഞാനത്തിൽ പൂജ്യം മാർക്കു ലഭിക്കുക സാധ്യമാണ്. കായികക്ഷമതാ പരിശോധനയിൽ 100 മാർക്കും കണക്കിൽ പൂജ്യവും വാങ്ങും പോലെയാണത്. കണക്കിൽ 100 ശതമാനവും കായികക്ഷമതയിൽ പൂജ്യവും ആയിരുന്നാലും നന്നായിരുന്നു. കാരണം കാലദൈർഘ്യത്തിൽ കണക്കാണ് കായിക്ഷമതയെക്കാൾ പ്രാധാന്യമേറിയത്. അതുപോലെ കാലദൈർഘ്യത്തിൽ *അറിവിനേക്കാൾ ജ്ഞാനം* പ്രയോജനകരമാകുന്നു.

അറിവു മുറികളെ നിറയ്ക്കുന്നു. അതു കസേരയും മേശയും കട്ടിലും പോലെയാണ്. *ജ്ഞാനം കൂടാതെയുള്ള അറിവു* വീടില്ലാതെ വെളിമ്പ്രദേശത്തു കസേരയും കട്ടിലും വാങ്ങി നിരത്തുന്നതുപോലെയാണ്. വളരെ വിലപിടിപ്പുള്ള സോഫയും കട്ടിലുമുണ്ട്. പക്ഷേ വെളിമ്പ്രദേശത്താണ്; കാരണം വീടില്ല. അത്തരം ഒരു വ്യക്തി ചുറ്റുപാടുള്ളവർക്ക് ഒരു ഹാസ്യവിഷയമായിരിക്കും. ക്രിസ്തീയ ലോകത്തിലെ ഇന്നത്തെ പ്രസംഗകരും ഇപ്രകാരം തന്നെ. അവരും *ദൈവത്തെ ഭയപ്പെടായ്കയാൽ അവർക്കു ജ്ഞാനം ഇല്ല.* അറിവു വേണ്ടുവോളമുണ്ട്.

ഇക്കാലത്ത് ഏതെങ്കിലും പ്രസംഗകൻ *ദൈവഭയത്തെക്കുറിച്ച്* പ്രസംഗിക്കുന്നത് കേട്ടിട്ടുണ്ടോ? ഇല്ല. അതുകൊണ്ടു തന്നെയാണ് മിക്കവാറും വിശ്വാസികൾ ജ്ഞാനികളല്ലാത്തത്. മറ്റു പല ഭയങ്ങൾക്കും അടിമകളായിത്തീരുന്നതും.

◆

# 4

# ദൈവശബ്ദം കേൾക്കുക

**ഒ**രു ആത്മീയ നേതാവ് എല്ലാ ദിവസവും ദൈവശബ്ദം കേൾക്കുന്നതിന് ശ്രദ്ധവയ്ക്കുന്ന ആളായിരിക്കും.

ഉൽപത്തി ഒന്നാം അദ്ധ്യായം മുതല്ക്കേ നാം ആവർത്തിച്ചു കണ്ടു തുടങ്ങുന്ന ഒരു പ്രയോഗം ബൈബിളിലുണ്ട്: *''അനന്തരം ദൈവം കല്പിച്ചു.''*

എല്ലാം കുഴഞ്ഞുമറിഞ്ഞ അവസ്ഥയിലായിരുന്ന ഭൂമിയിൽ ആദ്യത്തെ ആറു ദിവസങ്ങളോടും ദൈവം കല്പിച്ചു കൊണ്ടിരുന്നു. അപ്രകാരം ദൈവം സംസാരിച്ചു കൊണ്ടിരുന്നപ്പോൾ ഭൂമിയുടെ അവസ്ഥ കൂടുതൽ കൂടുതൽ മെച്ചമായിക്കൊണ്ടിരുന്നു.

അങ്ങനെ ബൈബിളിലെ ഒന്നാം അദ്ധ്യായത്തിൽ നിന്നുതന്നെ നാം ഒരു സുപ്രധാന കാര്യം ഗ്രഹിക്കുന്നു: *ഓരോ ദിവസവും ദൈവത്തിനു പറയാനുള്ളതു കേൾക്കുന്നതിൽ നാം ജാഗ്രതയുള്ളവരാകണം.* നാം അങ്ങനെ ചെയ്യുന്നുവെങ്കിൽ, നാം കേൾക്കുന്ന കാര്യങ്ങൾക്കു നമ്മെ വിധേയപ്പെടുത്തിക്കൊടുക്കുവാൻ മനസ്സു വയ്ക്കുന്നെങ്കിൽ, നാം അധികം പ്രയോജനമുള്ള മെച്ചപ്പെട്ട ക്രിസ്ത്യാനികളായി രൂപാന്തരപ്പെടും.

ബൈബിൾ *വായിക്കുന്നതും* ദൈവത്തിൽ നിന്നു *കേൾക്കുന്നതും* തമ്മിൽ വലിയ അന്തരമുണ്ട്. എല്ലാ ദിവസവും തിരുവെഴുത്തുകളെ പഠിക്കുന്നതിൽ ദത്തശ്രദ്ധരായിരുന്ന പുരോഹിത വർഗ്ഗമായിരുന്നു യേശുവിനെ ക്രൂശിച്ചതെന്നു നാം ഓർമ്മിക്കണം. അവർ വചനം പഠിച്ചു എങ്കിലും തങ്ങളുടെ ഹൃദയങ്ങളോടു ദൈത്തിനു സംസാരിക്കുവാനുള്ളതെന്തെന്ന് അവർ *ശ്രദ്ധിച്ചില്ല. (അ:പ്ര. 13:27).* നമുക്കു സംഭവിക്കാവുന്ന അപകടവും അതുതന്നെ. അങ്ങനെയെങ്കിൽ നാമും അവരെപ്പോലെ അന്ധരായിത്തീരും.

ദൈവത്തിന് *എല്ലാ ദിവസവും* നമ്മോടു സംസാരിക്കുവാനുണ്ടെന്നുള്ള സത്യവും *ഉൽപത്തി ഒന്നാം അദ്ധ്യായം* നമ്മെ പഠിപ്പിക്കുന്നു.

മിക്ക ക്രിസ്തീയ നേതാക്കന്മാരും എല്ലാ ദിവസവും ദൈവശബ്ദം കേൾക്കുന്ന കാര്യത്തിൽ ശ്രദ്ധയുള്ളവരല്ല. അവർ മനുഷ്യർ രചിക്കുന്ന കൃതികൾ വായിക്കുന്നതിൽ മാത്രം ശ്രദ്ധവയ്ക്കുന്നു!

മറ്റു മനുഷ്യർ സംസാരിച്ചുകേൾക്കുന്ന കാര്യങ്ങൾ മാത്രമാണ് നിങ്ങളും സംസാരിക്കുന്നതെങ്കിൽ അതൊരു ദുരന്തം തന്നെ. കാരണം മനുഷ്യന്റെ വാക്കുകൾക്കു *നിത്യമായ ഫലങ്ങളൊന്നും* പുറപ്പെടുവിക്കാൻ കഴികയില്ല. ദൈവം സംസാരിക്കുന്ന വാക്കുകൾക്കു മാത്രമേ നിത്യമായ ഫലങ്ങൾ പുറപ്പെടുവിക്കുവാൻ കഴിയൂ. *യെശയ്യാവ് 55:11* ൽ നാം വായിക്കുന്നത് അങ്ങനെയാണ്.

ദൈവം സംസാരിക്കുമ്പോഴൊക്കെ പ്രകൃത്യതീതകാര്യങ്ങൾ സംഭവിച്ചിരുന്നതായി *ഉൽപത്തി ഒന്നിൽ* നാം വായിക്കുന്നു. നമ്മുടെ ഹൃദയങ്ങളോടും ദൈവം സംസാരിക്കുന്നതെന്തെന്നുള്ളതു നാം കേൾക്കയും അതിൽനിന്നു നാം സംസാരിക്കയും ചെയ്യുന്നുവെങ്കിൽ നമ്മുടെ ശുശ്രൂഷയിലും പ്രകൃത്യതീത കാര്യങ്ങൾ സംഭവിക്കും.

*1 തിമൊ.4 :16 ൽ* പൗലോസ് തിമൊഥെയോസിനോട് അദ്ദേഹം ഉപദേശിക്കുന്നതിനു മുമ്പെ തന്നെത്തന്നെ സൂക്ഷിക്കുവാൻ പ്രബോധിപ്പിക്കുന്നതു ശ്രദ്ധിക്കുക. സ്വയം വഞ്ചിക്കപ്പെട്ടു പോകുന്നതിൽ നിന്നും രക്ഷനേടുവാൻ ദൈവം നമ്മോടു സംസാരിക്കുന്നതെന്തെന്നു നാം കേട്ടേമതിയാകൂ.

ദൈവം പറയുന്നതെന്തെന്നു ശ്രദ്ധിക്കുവാൻ നാം സാവധാനത കാട്ടുന്നില്ലെങ്കിൽ താഴെപ്പറയുന്ന *മൂന്നിൽ* ഏതെങ്കിലും ഒരു വിധത്തിലായിരിക്കും നമ്മുടെ പ്രസംഗങ്ങളെല്ലാം തന്നെ.

1. ഓരോ കാലയളവിലും ലോകത്തിലെ *വലിയ ക്രിസ്തീയ പ്രസംഗകരെന്നു* വിളിക്കപ്പെടുന്നവരുടെ വാക്കുകൾ നിങ്ങൾ ശ്രദ്ധിക്കുന്നവരായിത്തീരും.(പ്രത്യേകിച്ചും അമേരിക്കയിലെ. കാരണം ഇൻഡ്യയിലെ സുവിശേഷ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം മുഖ്യമായും അവിടെ നിന്നാണല്ലോ എത്തുന്നത്.) " വലിയ പ്രസംഗകരെന്നു വിളിക്കപ്പെടുന്ന" എന്നെഴുതിയത് അവർ ദൈവദൃഷ്ടിയിൽ വലിയവരല്ലാത്തതുകൊണ്ടാണ്. നിങ്ങൾ അവരുടെ പുസ്തകങ്ങൾ വായിക്കയും അതിൽ നിന്നും പ്രസംഗിച്ചുകൊണ്ടിരിക്കയും ചെയ്യും. ഓരോ സമയത്തും ഓരോ പ്രത്യേക വിഷയങ്ങൾ ക്രിസ്തീയ ലോകത്തിൽ പരക്കെ സംസാരിക്കപ്പെടുന്നതു നിങ്ങൾ ശ്രദ്ധിക്കും. നിങ്ങളും അതെക്കുറിച്ചു തന്നെ സംസാരിക്കുവാൻ ഉത്സാഹിക്കും. നിങ്ങളെ ശ്രദ്ധിക്കുന്ന വേണ്ടത്ര വിവേചനമില്ലാത്ത ശ്രോതാക്കളും നിങ്ങളെ നല്ല വായനക്കാരനും ആത്മീയനുമായികണക്കാക്കും.

2. താങ്കൾ ബൈബിൾ വിഷയങ്ങൾ ബുദ്ധിപരമായി പഠിക്കയും കോളജിൽ രസതന്ത്രം പഠിപ്പിക്കുന്ന ഒരു അദ്ധ്യാപകനെപ്പോലെ അതു പഠിപ്പിക്കയും ചെയ്യുന്നു. രസതന്ത്രത്തിൽ ഒരു ഡോക്ടറേറ്റ് കിട്ടുന്നതിനേക്കാൾ വേഗത്തിൽ ബൈബിൾ വിഷയങ്ങളിൽ ഡോക്ടറേറ്റും ലഭിക്കുന്നു. ചെറിയ തുകകൾ മുടക്കിയാൽ ഇപ്രകാരമുള്ള ബഹുമതി

മോഹികൾക്കു ഡോക്ടറേറ്റുകൾ നൽകുന്ന മൂന്നാംകിട സ്ഥാപനങ്ങൾ ഇന്നു ധാരാളം ഉണ്ട്. എത്ര ഗവേഷണബിരുദങ്ങൾ വേണമെങ്കിലും നിങ്ങൾക്കു വാങ്ങിക്കാം! നിങ്ങൾ ശരിയായ പഠനത്തിലൂടെയാണ് ഡോക്ടറേറ്റ് നേടിയതെങ്കിൽപോലും അതു തെളിയിക്കുന്നത് നിങ്ങൾ ബുദ്ധികൂർമ്മതയുള്ള ഒരു വ്യക്തിയാണ് എന്നു മാത്രമാണ്. എന്നാൽപോലും *ദൈവത്തെയോ ദൈവവചനത്തെയോ വ്യക്തിപരമായി അറിയാത്തവരായിരിക്കും നിങ്ങൾ*

3. നിങ്ങളുടെ *ആടുകൾക്ക് ഏറ്റവും രുചിക്കുന്ന കാര്യങ്ങൾ* എന്തെന്നു നിങ്ങൾ അന്വേഷിച്ചു കണ്ടെത്തും. കാരണം, അവരുടെയിടെയിൽ സമ്മതനാവുക എന്നതാണു നിങ്ങളുടെ ലക്ഷ്യം. അങ്ങനെ ആളുകളുടെ അഭിരുചികളും അഭീഷ്ടങ്ങളും നിരീക്ഷിച്ചു പഠനം നടത്തുന്ന തന്ത്രജ്ഞന്മാരായ കച്ചവടക്കാരെപ്പോലെ നിങ്ങളും ആയിത്തീരും. ഇന്നത്തെ പ്രസംഗകർ ഇങ്ങനെയുള്ളവരാണ്. പഴയ *നിയമകാലത്തെ കള്ളപ്രവാചകന്മാരും* ഇത്തരത്തിലുള്ളവരായിരുന്നു. അവർ സമൃദ്ധിയിൽ ജീവിച്ചു! ഓരോ കള്ളപ്രവാചകനും യിസ്രായേലിന്റെ അഭീഷ്ടം കണ്ടെത്തുകയും അതു പ്രസംഗിക്കയും ചെയ്തുകൊണ്ടിരുന്നു. അവർ സമ്മതരും സമ്പന്നരുമായിത്തീർന്നു. ഇന്നും ക്രൈസ്തവലോകത്ത് ഇത്തരം പ്രവാചകന്മാരുടെ എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുന്നു. യിസ്രായേലിലെ സത്യപ്രവാചന്മാർ പ്രശസ്തരും പൊതു സമ്മതരും ആയിരുന്നില്ല. കാരണം അവർ ജനത്തോടു അവരുടെ അഭീഷ്ടങ്ങളല്ല മറിച്ച് അവർ യഥാർത്ഥത്തിൽ *കേൾക്കുവാനാവശ്യമായിരുന്നതത്രേ* പ്രസംഗിച്ചിരുന്നത്.

4. യേശു ഒരിക്കൽ മാർത്തയെ പലകാര്യങ്ങളിലെ തിരക്കിനെക്കുറിച്ചു ശാസിച്ചുകൊണ്ടു തന്റെ മുമ്പിൽ ശ്രദ്ധയോടെ ഇരിക്കുന്ന മറിയയെ മാതൃകയാക്കുവാൻ പറഞ്ഞു. മറിയ തെരഞ്ഞെടുത്ത കാര്യം *മാത്രമേ* ആവശ്യമുള്ളൂ എന്നു യേശു കല്പിച്ചു. *(ലൂക്കോ. 10:12)* ശമുവേലിന്റെ മനോഭാവം തന്നെ നമുക്കും ഇക്കാര്യത്തിൽ ഉണ്ടാകട്ടെ."*കർത്താവേ അരുളിച്ചെയ്യണമേ, അടിയൻ കേൾക്കുന്നു."*

ബൈബിളിന്റെ ഒന്നാം പേജിൽ നാം കാണുന്നതെന്താണ്? ദൈവം ഓരോ സമയത്തും കല്പിക്കുമ്പോൾ ഓരോന്ന് ഉളവാകുന്നു. പ്രകാശം ഉളവായി. വെള്ളത്തിൽ നിന്നും ഭൂമി വേർപിരിഞ്ഞു. മരങ്ങളും മത്സ്യങ്ങളും മൃഗങ്ങളും എല്ലാം സൃഷ്ടിക്കപ്പെട്ടു.

*യെശയ്യാ 55:11* ൽ ഇപ്രകാരം പറയുന്നു: എന്റെ വായിൽനിന്നു പുറപ്പെടുന്ന വചനം വെറുതേ എന്റെ അടുക്കലേക്കു മടങ്ങി വരാതെ എനിക്കിഷ്ടമുള്ളതു *നിവർത്തിക്കയും* ഞാൻ അയച്ചകാര്യം *സാധിപ്പിക്കയും* ചെയ്യും.

ലോകത്തിലെ ആളുകൾ വളരെ വിലമതിക്കുന്ന രണ്ടു പ്രയോഗങ്ങൾ ഇതിലുണ്ട്. *''ഇഷ്ടമുള്ളതു നിവർത്തിക്കുക""കാര്യം സാധിപ്പിക്കുക"*

നമ്മുടെ ജീവിതത്തിലും നമുക്കു നിവർത്തിക്കപ്പെടേണ്ട ഇഷ്ടങ്ങളും സാധിക്കേണ്ട കാര്യങ്ങളും നിരവധിയുണ്ട്. നമ്മുടെ ജീവിതം ഹ്രസ്വമായതിനാൽ പല വഴികളെ പരീക്ഷിച്ചറിയുവാൻ നമുക്കു സമയമില്ല. പ്രത്യേകിച്ചും ആത്മീയ കാര്യങ്ങളിൽ. ദൈവവേലയിൽ ഒരു പ്രത്യേക രീതി പരീക്ഷിച്ച് ഏതാണ്ട് ഇരുപതു വർഷങ്ങൾക്കു ശേഷം അതു ദൈവവഴി അല്ലായിരുന്നു എന്നു കണ്ടെത്തുന്ന തരത്തിൽ നമുക്കു പരീക്ഷണങ്ങൾ നടത്താൻ കഴിയുമോ? *ദൈവം സംസാരിക്കുന്നതെന്തെന്നു കേൾക്കുവാൻ നാം സമയം കണ്ടെത്തുന്നുവെങ്കിൽ* അത്തരം ഭോഷത്തങ്ങളിൽ നിന്നു നമുക്കു രക്ഷപെടാൻ കഴിയും. അവിടെ കാര്യം സാദ്ധ്യമായിത്തീരും.

*ദൈവശബ്ദം കേൾക്കുന്ന മനുഷ്യനെ ശ്രദ്ധിക്കുവാനാണ് എനിക്കു താത്പര്യം.* ധാരാളം ബിരുദങ്ങളുള്ള ഒരു വേദശാസ്ത്ര പണ്ഡിതനു മണിക്കൂറുകൾകൊണ്ടു ഗ്രഹിപ്പിക്കുവാൻ കഴിയുന്നതിനേക്കാളധികം അത്തരം ഒരാൾക്കു വെറും അഞ്ചുമിനിട്ടു കൊണ്ടു എന്നെ ഗ്രഹിപ്പിക്കുവാൻ കഴിയും. പ്രൊഫ.ഗമാലിയേലിനെക്കാളും സന്നദ്രീമിലെ അംഗങ്ങളെക്കാളും യോഹന്നാൻ സ്നാപകന് ദൈവത്തെക്കുറിച്ച് ആളുകളെ ഗ്രഹിപ്പിക്കുവാൻ കഴിയും.

**നാം ദൈവത്തെ കേൾക്കുന്നുവെങ്കിൽ** വായിക്കുന്നപ്രസിദ്ധീകരണങ്ങളിൽ നിന്നായിരിക്കില്ല നാം പ്രസംഗിക്കുക. കേൾക്കുന്ന ടേപ്പുകളിൽനിന്നും ആയിരിക്കില്ല. അക്കാദമിക പഠനങ്ങളിൽ നിന്നും ആർജ്ജിക്കുന്ന അറിവുകളിൽ നിന്നുമല്ല ദൈവിക മനുഷ്യൻ വെളിപ്പാടുകളിൽ നിന്നത്രേ സംസാരിക്കുന്നത്. അത്തരം ഒരു വ്യക്തി വായിച്ചോ കേട്ടോ അറിയുന്ന കാര്യങ്ങൾ *ആദ്യം സ്വന്തം അനുഭവമാക്കും.* തുടർന്നു തന്റെ *അനുഭവജ്ഞാനത്തിൽ* നിന്നും അവയെ പ്രസ്താവിക്കും.

നാം *ബുദ്ധിയിൽ* നിന്നും പ്രസ്താവിക്കുന്ന കാര്യങ്ങൾ മറ്റുള്ളവരുടെ *ബുദ്ധിയുടെ* തലത്തിലേക്കു മാത്രമേ കടക്കുകയുള്ളൂ. എന്നാൽ സ്വന്തം *അനുഭവങ്ങളിൽ* നിന്നു ഹൃദയം പ്രസ്താവിക്കുന്ന കാര്യങ്ങൾ മറ്റുള്ളവരുടെ *ഹൃദയത്തെത്തന്നെ* സ്പർശിക്കയും ജീവിതത്തെ രൂപാന്തരപ്പെടുത്തുകയും ചെയ്യും. ഞാൻ പറയുന്നതിന്നർത്ഥം നിങ്ങൾ ഒരിക്കലും എഴുതിത്തയ്യാറാക്കുന്ന കുറിപ്പുകളോ സന്ദേശങ്ങളോ ഉപയോഗിക്കരുത് എന്നല്ല. കുറിപ്പുകൾ കൂടാതെ ഒരാൾ പ്രസംഗിക്കുന്നതുകൊണ്ട് അയാൾക്ക് നല്ല *ഓർമ്മ ശക്തിയുണ്ടെന്നു* മാത്രമേ അർത്ഥമാകുന്നുള്ളൂ. അത് *ആത്മീയതയുടെ* അളവുകോലല്ല. നാം പ്രസംഗിക്കുന്ന കാര്യങ്ങൾ സ്വന്തം *ജീവിതത്തിൽ നിന്നും ഹൃദയത്തിൽ* നിന്നും ആയിരിക്കണമെന്നേ ഞാൻ പറഞ്ഞുള്ളൂ.

ഇന്നു നമുക്കു *ലിബറൽ* തിയോളജി പഠിപ്പിക്കുന്ന സെമിനാരികളുണ്ട്. *ഇവാൻജലിക്കൽ* തിയോളജി പഠിപ്പിക്കുന്ന സെമിനാരികളുമുണ്ട്. എന്താണിവ തമ്മിലുള്ള വ്യത്യാസം? ഒന്നിൽ ബുദ്ധിയിൽ നിന്നും ബുദ്ധിയിലേക്കു പകരുന്ന അറിവുകൾ വേദശാസ്ത്രപരമായി *തെറ്റാണ്.* മറ്റേതിൽ ആ അറിവുകൾ വേദശാസ്ത്രപരമായി *ശരിയുമാണ്.* എന്നാൽ ആത്മീയമായി നാം വിവേ

ചിച്ചാൽ ശരിയെന്നു നാം കരുതുന്ന ഇവാൻജലിക്കൽ സെമിനാരിയും ലിബ റലിനേക്കാൾ മെച്ചമല്ലെന്നു കാണാം. ഈ രണ്ടു സെമിനാരികളിലും അദ്ധ്യാ പരും വിദ്യാർത്ഥികളും ഒരു പോലെ ധനമോഹത്തിനും ദുർമ്മോഹങ്ങൾക്കും അടിമകളായിത്തന്നെ തുടരുന്നു.

യേശു വന്നതു തന്റെ ശിഷ്യന്മാരെ *വേദശാസ്ത്രപരമായി പ്രബുദ്ധരാ ക്കുവാനല്ല*, തന്റെ സ്വഭാവം നമ്മിൽ പകർന്നു നമ്മെ തന്നോട് *അനുരൂപരാ ക്കുവാനാണ്.*

യേശു വേദശാസ്ത്രത്തേക്കാൾ സ്വഭാവത്തിനു പ്രാധാന്യം നൽകുവാ നാണ് തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചത്. നിങ്ങളും നിങ്ങളുടെ ആടുകളെ ദ്രവ്യാ ഗ്രഹത്തിൽ നിന്നും കൺമോഹത്തിൽ നിന്നും ജഡമോഹത്തിൽ നിന്നും ജീവനത്തിന്റെ പ്രതാപത്തിൽ നിന്നും ജയം നേടാനാണോ പഠിപ്പിക്കുന്നത്.?

ദൈവത്തിന് തങ്ങളോട് എന്താണ് പറയുവാനുള്ളതെന്നു കേൾക്കുവാൻ നിരവധി ആളുകൾ ഞങ്ങളുടെ സഭകളിൽ ഞങ്ങളെ ശ്രദ്ധിക്കുന്നുണ്ട്. അവ രോടു പ്രസംഗിക്കുക എന്നതു വലിയ ഒരു ഉത്തരവാദിത്വമാണ്. നിങ്ങളുടെ ഓരോരുത്തരുടെയും സ്ഥാനത്തു ഞാനാണ് നിൽക്കുന്നതെങ്കിൽ ഞാൻ അവ രോടു പറയുന്ന ഓരോ വാക്കിനും ഞാൻ ദൈവസന്നിധിയിൽ കണക്കുബോ ധിപ്പിക്കേണ്ടിവരും എന്ന ഭയത്തോടെ മാത്രമേ എനിക്കു നിൽക്കാൻ കഴിയൂ. നാം *എന്തു* പറഞ്ഞു, *എന്തിനു* പറഞ്ഞു, *എങ്ങനെ* പറഞ്ഞു എന്നകാര്യ ത്തിൽ നാം ഒരു നാൾ നാം പറഞ്ഞ ഓരോ വാക്കിനും ദൈവസന്നിധിയിൽ ഉത്തരം പറയേണ്ടി വരും. ഈ ഉത്തരവാദിത്വം ഗൗരവത്തോടെ നാം ഏറ്റെടു ക്കുന്നുവെങ്കിൽ നമ്മുടെ ശുശ്രൂഷയിൽ സമൂലമായ മാറ്റം വരിക തന്നെ ചെയ്യും.

കഴിഞ്ഞ ഇരുപതിലധികം വർഷങ്ങളായി ഞാൻ എന്റെ ശുശ്രൂഷയെ ഇവ്വണ്ണം കർത്താവിന്റെ മുഖ പ്രകാശത്തിൽ ശോധന ചെയ്തുകൊണ്ടിരി ക്കുന്നു. ഓരോ പ്രാവശ്യവും ഞാൻ പ്രസംഗിച്ച ശേഷം ഞാൻ അനാവശ്യ മായി പറഞ്ഞ വാക്കുകൾ എന്നെ കാണിച്ചു തരണേയെന്നു ദൈവത്തോടു അപേക്ഷിക്കാറുണ്ട്. ഞാൻ ആളുകളുടെ സമയം വെറുതേ പാഴാക്കുകയോ എന്റെ മാനം ഉയർത്തുകയോ ചെയ്യുവാൻ വേണ്ടി വ്യഥാ വാക്കുകൾ പറയു ന്നവനായോ എന്നു ശോധന ചെയ്യാറുണ്ട്. അപ്രകാരം കേൾവിക്കാർക്കു ദഹി ക്കാത്തതും അവർക്കു വിരസതയുണ്ടാക്കുന്നതുമായ മുഷിപ്പൻ പ്രസംഗങ്ങ ളിൽ നിന്നും എന്നെ ക്രമേണ ശുദ്ധീകരിക്കാൻ എനിക്കു കഴിഞ്ഞു.

നിങ്ങൾ പ്രസംഗിച്ച *ശേഷം* ദൈവത്തെ അന്വേഷിക്കുന്ന ഒരാളാണോ? അതു കൂടുതൽ മെച്ചമായി ചെയ്വാൻ സഹായിക്കണേ എന്നു പ്രാർത്ഥി ക്കാറുണ്ടോ? മറ്റുള്ളവർ അതു നന്നെന്നു വിലയിരുത്തുന്നതിൽ വലിയ കാര്യ മില്ലെന്ന വസ്തുത നിങ്ങൾ ഗ്രഹിച്ചിട്ടുണ്ടോ? ദൈവം അതിനെ എങ്ങനെ വിലയിരുത്തുന്നു എന്നതിലാണ് കാര്യം. അതു കണ്ടെത്തുക.

നിങ്ങളുടെ സഭകളിൽ നിങ്ങളെ ഞായറാഴ്ച തോറും കേൾക്കുന്ന ധാരാളം ആളുകളില്ലേ? അവരുടെ ജീവനെ നിങ്ങൾ നിത്യതയിലേക്കു തന്നെയോണോ ആർഷിക്കുന്നത്? അവർ ലോകക്കാരായിരിക്കാതെ സ്വർഗ്ഗീയരായിരിക്കുവാൻ തക്കവണ്ണം അവരുടെ മൂല്യബോധം വ്യത്യാസപ്പെടുത്താൻ നിങ്ങൾക്കു കഴിഞ്ഞിട്ടുണ്ടോ? ഈ ചോദ്യം കൂടെക്കൂടെ നിങ്ങൾ സ്വയം ചോദിച്ചു കൊണ്ടിരിക്കുക.

നാം എടുക്കുന്ന ചില പ്രധാന തീരുമാനങ്ങൾക്കു മുമ്പേ ദൈവത്തിൽ നിന്നും കേൾക്കുവാൻ നാം ശ്രദ്ധിച്ചേ മതിയാകൂ.

ദൈവം നമ്മോടു പല തരത്തിലും സംസാരിക്കാം.

പ്രഥമമായും തന്റെ ***വചനത്തിൽ*** കൂടിയാണു ദൈവം നമ്മോടു സംസാരിക്കുക. വ്യക്തമായി ദൈവവചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും കാര്യത്തെക്കുറിച്ച് ദൈവഹിതം ആരായാൻ നാം സമയം കളയേണ്ടതില്ല. കാരണം അതു മുന്നമേ തന്നെ വെളിപ്പെടുത്തിയിരിക്കുന്നുവല്ലോ.

നമ്മുടെ ***സാഹചര്യങ്ങളിലൂടെ*** ദൈവം നമ്മോടു സംസാരിക്കും. ഓരോ വാതിലിന്റെയും താക്കോൽ നമ്മുടെ കർത്താവിന്റെ കൈയിലുണ്ട്. *(വെളി.1:18)*. അവിടുന്ന് അടച്ചാൽ ആരും തുറക്കയില്ല. അവിടുന്നു തുറന്നാൽ ആരും അടയ്ക്കയില്ല. (*വെളി. 3:18)* അതുകൊണ്ട് നമ്മുടെ സാഹചര്യങ്ങൾ നാം എങ്ങനെ മുമ്പോട്ടു പോകണമെന്ന കാര്യത്തിൽ ഒരു സൂചന തന്നെയാണ്. ദൈവം തുറക്കാത്ത വാതിലുകൾ നാം തുറക്കുവാൻ ബലം പ്രയോഗിക്കേണ്ടതില്ല. എന്നാൽ അടച്ചുകിടക്കുന്ന ഒരു വാതിലിനു മുമ്പിൽ നമുക്കു പ്രാർത്ഥിക്കാം. എന്നാൽ നിരന്തരം പ്രാർത്ഥിച്ചിട്ടും തുറക്കപ്പെടുന്നില്ലെങ്കിൽ അതു തുറക്കുന്നതു ദൈവഹിതമല്ലെന്നു നമുക്കു കരുതാം. അങ്ങനെയല്ല, നാം തുടർന്നും പ്രാർത്ഥിക്കണമെന്നതു കർത്താവിന്റെ ഹിതമെങ്കിൽ അതു വെളിപ്പെടുത്തി ത്തരുവാൻ വേണ്ടി നമുക്കു പ്രാർത്ഥിക്കാം.(ലൂക്കോ. 11: 5-9)

ഭക്തരും പക്വതയുള്ളവരുമായ ***സഹോദരന്മാരിലൂടെ കർത്താവിനു*** *നമ്മോടു സംസാരിക്കുവാൻ കഴിയും.* നാം വീഴാൻ സാദ്ധ്യതയുള്ള പല കുഴികളെക്കുറിച്ചും സ്വന്ത അനുഭവജ്ഞാനത്തിൽ നിന്നും ഈ സഹോദരന്മാർക്കു നമ്മെ പ്രബോധിപ്പിക്കാൻ കഴിയും. അവരെ അന്ധമായി അനുസരിക്കണമെന്നല്ല. എന്നാൽ അവരുടെ സഹായം നാം സ്വീകരിക്കുന്നതു നന്നായിരിക്കും.

നാം രോഗത്തിൽകൂടെയോ ഏതെങ്കിലും ***ശോധനകളിലൂടെയോ*** കടന്നു പോകുമ്പോൾ ദൈവത്തിന് എന്തോ പ്രധാന കാര്യം നമ്മെ അറിയിക്കുവാനുണ്ട്.

***മറ്റുള്ളവരുടെ വീഴ്ചകളിലൂടെയും*** ദൈവം നമുക്കു മുന്നറിയിപ്പുകൾ നൽകുന്നു. ഒരു സഹോദരൻ പാപത്തിൽ വീഴുമ്പോൾ നാം അതിൽ നിന്നും എന്തു പഠിക്കണം എന്നു ദൈവത്തോടു തന്നെ ചോദിക്കുന്നതു നല്ലതാണ്.

നാം ഒക്കെയും ബലഹീനരാണല്ലോ. നമ്മുടെ രക്ഷയ്ക്ക് ഇപ്രകാരം ദൈവ സന്നിധിയിൽ ആയിരിക്കുന്നത് നല്ലതാണ്.

***അത്യാഹിതങ്ങളും അനർത്ഥങ്ങളും*** സംഭവിക്കുന്നതുകേൾക്കുമ്പോൾ ഒരു പക്ഷേ ദൈവത്തിനു നമ്മോടു ചിലതു പറയാനുണ്ടാവും. ഹെരോദാവു ചില യഹൂദന്മാരെ കൊന്നുവെന്നും ശീലോഹാമിലെ ഗോപുരം വീണ് ആളുകൾ മരിച്ചു എന്നുമുള്ള വാർത്ത കേട്ടപ്പോൾ മാനസാന്തരപ്പെടുവാൻ യേശു തന്റെ മുമ്പിലുള്ളവരോടു ആഹ്വാനം ചെയ്തു. കാരണം ഇത്തരം സംഭവങ്ങൾ എവിടെയും എപ്പോഴും അനിവാര്യമാണ്.

എന്നാൽ ദൈവഹിതം കണ്ടെത്തുക എന്ന ഉദ്ദേശ്യത്തോടെ *ബൈബിൾ തുറന്നു ആദ്യം കണ്ണിൽപ്പെടുന്ന വാക്യം വായിക്കുന്നവരോട് ഒരു വാക്കു പറയട്ടെ!*

നിങ്ങൾ ആഗ്രഹിക്കുന്ന ഒരു പെൺകുട്ടിയെ വിവാഹം ചെയ്യുന്ന കാര്യത്തിൽ അനുകൂലമായ ഒരു ആലോചനയ്ക്കു വേണ്ടി നിങ്ങൾ ബൈബിൾ തുറക്കുന്നു. അനുകൂലമായ വാക്യം കണ്ടെത്തുന്നില്ല. പിന്നെന്തുചെയ്യും? അനുകൂലമായ ഒരു വാക്യം കണ്ടുപിടിക്കും വരെ നിങ്ങൾ ബൈബിൾ തുറന്നുകൊണ്ടിരിക്കും. അങ്ങനെ നമുക്കു സ്വയം വഞ്ചിക്കാൻ കഴിയും.

ഇപ്രകാരം ദൈവഹിതം കണ്ടെത്താൻ ശ്രമിച്ച ഒരാളിനെക്കുറിച്ചൊരു കഥ ഞാൻ കേട്ടിട്ടുണ്ട്. അയാൾ പെട്ടെന്നു ബൈബിൾ തുറന്ന് ഇപ്രകാരം കണ്ടു: "*....ചെന്ന് കെട്ടി ഞാന്നു ചത്തുകളഞ്ഞു"(മത്തായി 27:5)* വീണ്ടും ബൈബിൾ തുറന്നപ്പോൾ കണ്ടത്. "*നീയും പോയി അങ്ങനെ തന്നെ ചെയ്ക" (ലൂക്കോ.10:37)* മൂന്നാം പ്രാവശ്യം തുറന്നപ്പോൾ '*'നീ ചെയ്യാനുള്ളത് വേഗത്തിൽ ചെയ്ക " (യോഹ. 13:27)* എന്നെഴുതിയിരിക്കുന്നതാണു കണ്ടത്. അങ്ങനെ ദൈവഹിതം കണ്ടെത്തുന്ന തെറ്റായ ഈ രീതിയിൽ നിന്നും ആ വ്യക്തി എന്നെന്നേക്കുമായി പിൻതിരിഞ്ഞു.

നാം കുഴങ്ങിയിരിക്കുമ്പോൾ ഇപ്രകാരം ബൈബിളിലെ ഒരു വാക്യം വായിച്ചു *ധൈര്യം* പ്രാപിക്കാൻ ദൈവം നമ്മെ പ്രേരിപ്പിച്ചേക്കാം. ഒരിക്കലും *മാർഗ്ഗദർശനത്തിനായിട്ടല്ല.*

അതുകൊണ്ടു പ്രിയ സഹോദരങ്ങളേ, ദൈവശബ്ദം കേൾക്കുന്നതിൽ ഉത്സുകരായിരിക്കാൻ ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. നിങ്ങൾ വളർത്തിയെടുക്കേണ്ട *അതിപ്രധാനമായ ഒരു ശീലമാണിതെന്ന് അറിഞ്ഞിരിക്കുക.*

◆

# 5

# നിങ്ങളുടെ ശുശ്രൂഷ തിരിച്ചറിയുക

**ത**ന്റെ ശുശ്രൂഷയ്ക്ക് ഒരു സന്തുലിതാവസ്ഥയില്ലെന്ന് ഒരു ആത്മീയ നേതാവ് വേഗത്തിൽ തിരിച്ചറിയും. എന്നാൽ ക്രിസ്തുവിൻ ശരീരമാകുന്ന സഭയിലെ മറ്റ് അംഗങ്ങളുടെ വിവിധ ശുശ്രൂഷകളിലൂടെ ഒരു സന്തുലിതാവസ്ഥയെ പ്രാപിക്കുവാൻ അദ്ദേഹത്തിനു കഴിയും.

ക്രിസ്തുവിൻ ശരീരത്തെ ഒരു *ആശുപത്രിയോടു* താരതമ്യം ചെയ്യാം. രോഗിയായ ഒരു വ്യക്തി ഒരു ആശുപത്രിയിലെത്തുമ്പോൾ പലവിധത്തിലുള്ള സഹായങ്ങളെത്തിക്കുവാൻ വിവിധ വിഭാഗങ്ങൾ സജ്ജരായി നിൽക്കുന്നതു കാണാം. ഒരു പക്ഷേ അയാൾക്കാവശ്യം ശസ്ത്രക്രിയയാകാം. വെറുമൊരു കുത്തിവയ്പാകാം. ഫിസിയോതെറാപ്പി ആകാം. കണ്ണിനോ കാതിനോ ഉള്ള വിദഗ്ദ്ധ ചികിത്സ ആകാം. ഇവയ്ക്കെല്ലാമുള്ള വിവിധ വിഭാഗങ്ങൾ ഒരു ആശുപത്രിയിൽ പ്രവർത്തിക്കുന്നു. ഒരു നേത്ര രോഗവിദഗ്ദ്ധൻ തന്റെ മുഴുസമയവും രോഗികളുടെ കണ്ണുമാത്രം പരിശോധിക്കുന്നു. രോഗികളുടെ മറ്റ് അവയവങ്ങൾ അപ്രധാനമാണെന്ന് അദ്ദേഹം കരുതുന്നതുകൊണ്ടല്ല അങ്ങനെ ചെയ്യുന്നത്, മറിച്ച് തന്റെ വൈദഗ്ധ്യം ആ ഒരു കാര്യത്തിൽ മാത്രമാണെന്നതു കൊണ്ടാണ്.

ക്രിസ്തുവിന്റെ ശരീരത്തിലും ഓരോ അവയവത്തിനും ഓരോ പ്രത്യേക ശുശ്രൂഷയും അതിനുള്ള വരവും ഉണ്ട്. ഒരു അവയവവും തന്നിൽത്തന്നെ സന്തുലിതമല്ല. ഈ ഭൂമിയിൽ സമ്പൂർണ്ണ സമതുലിതാവസ്ഥയോടെ ജീവിച്ചിരുന്ന ഒരേ ഒരു വ്യക്തി കർത്താവായ യേശുക്രിസ്തു മാത്രമാണ്. മനുഷ്യരായ നാമെല്ലാവരും–നമ്മിൽ ഏറ്റവും തികവുള്ളവരെന്നു നാം കരുതുന്നവർ പോലും–സമതുലിതാവസ്ഥയുള്ളവരല്ല. ആശുപത്രിയിലെ പലവിഭാഗങ്ങൾ ഒരുമിച്ചു പ്രവർത്തിക്കുമ്പോൾ സമതുലനാവസ്ഥ സംജാതമാകുമ്പോലെ നാമും മറ്റു സഹോദരങ്ങളുമായി ചേർന്നു പ്രവർത്തിക്കുമ്പോൾ സന്തുലിതമായ അവസ്ഥയുണ്ടാവുന്നു. ഓരോരുത്തരും കർത്താവിന്റെ ആശുപത്രിയിലെ പ്രത്യേക വിഭാഗങ്ങളാണ്. ഈ ആശുപത്രിയിൽ വ്യക്തിമാഹാത്മ്യത്തിനു പ്രസക്തിയില്ല.

ഒരു നല്ല ആശുപത്രിയിൽ ആളുകളെ സേവിക്കുവാനായി നിരവധി വിഭാഗങ്ങളുണ്ടായിരിക്കും. അതുപോലെതന്നെ കർത്താവിന്റെ ശരീരത്തിലും പല

വിധ വരങ്ങളും പലതരം *ശുശ്രൂഷകളും* ഉണ്ടായിരിക്കും. ഒരു സഭയ്ക്കും എല്ലാ വിധ ശുശ്രൂഷകളും വരങ്ങളും ലഭ്യമല്ല. എന്നാൽ ക്രിസ്തുവിന്റെ ശരീരത്തിന്റെ ഭൂമിയിലെങ്ങുമുള്ള ആകെത്തുകയെ നാം പരിഗണിക്കുമ്പോൾ അതു വരങ്ങളിലും ശുശ്രൂഷകളിലും പൂർണ്ണമായിരിക്കും.

അങ്ങനെ ക്രിസ്തുവിൻ ശരീരത്തിലെ ഒരു അവയവമെന്നനിലയിൽ ***നമ്മുടെ വിളി*** എന്തെന്നു നാം ഗ്രഹിച്ചിരിക്കണം.

ലോകം മുഴുവനും രോഗാതുരമായ ആത്മാവുള്ളവരാൽ നിറഞ്ഞിരിക്കുകയാണ്. എന്നാൽ ആരുടെയും നില നിരാശാജനകമല്ല. എല്ലാ വ്യക്തികൾക്കും ക്രിസ്തുവിൽ സൗഖ്യം പ്രാപിക്കാൻ കഴിയും. ഇതത്രേ നാം പ്രസംഗിക്കുന്ന സുവിശേഷത്തിലെ സന്തോഷകരമായ വാർത്ത. ഏറ്റവും ഹീനനായ പാപിക്കും അധമനായ വ്യക്തിക്കും സൗഖ്യം പ്രാപിക്കാൻ കഴിയുന്ന ഒരിടമത്രേ യേശുക്രിസ്തുവിന്റെ ആശുപത്രി. ഒരു *നല്ല* ആശുപത്രിയിൽ നിന്നും എത്ര ഗുരുതരമായ രോഗമുള്ളവനെപ്പോലും തിരിച്ചയയ്ക്കുന്നില്ല. കുറഞ്ഞ നിലവാരമുള്ള ആശുപത്രികളാണ് അപ്രകാരം രോഗികളെ തിരിച്ചയയ്ക്കുന്നത്. കാരണം ഗുരുതരമായ രോഗങ്ങളെ കൈകാര്യം ചെയ്യാനുള്ള സംവിധാനങ്ങൾ അവിടെയില്ല. അപ്രകാരം തന്നെ എത്ര നീചനായ ഒരു പാപിക്കുപോലും പ്രത്യാശയും രക്ഷയും നല്കുന്ന ഒന്നാണു നല്ല സഭ. താങ്കളുടെ രോഗം ആശയ്ക്കു വകയില്ലാത്തതാണെന്ന് അതു ആരോടും തന്നെ പറയുകയില്ല. ചികിത്സ സ്വീകരിക്കുവാൻ മനസ്സുള്ളവനെങ്കിൽ എത്ര അധമപാപിയെപ്പോലും ഏറ്റവും വിശുദ്ധനാക്കി മാറ്റുവാൻ ഒരു നല്ല സഭയ്ക്കു കഴിയും.

സഭയെ നമുക്ക് *മനുഷ്യശരീരത്തോട്* ഉപമിക്കാം. ശരീരത്തിൽ ഓരോ അവയവത്തിനും അതിന്റേതായ പ്രവൃത്തിയുണ്ട്. ഓരോ അവയവും തന്റേതായ പ്രവൃത്തിയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. എന്നാൽ മറ്റു പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്ന അവയവങ്ങളെയും അവ അംഗീകരിക്കയും വിലമതിക്കയും അവയോടു സഹകരിക്കയും ചെയ്യുന്നു. ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളും തമ്മിൽ തമ്മിൽ അപ്രകാരമായിരിക്കണം.

*1 കൊരിന്ത്യർ 12-ൽ* പരിശുദ്ധാത്മാവ് കണ്ണ്, കാത്, കൈ, കാല് മുതലായ അവയവങ്ങളുടെ ധർമ്മങ്ങളെയാണ് സഭയിലെ വിവിധ വരങ്ങളുടെ പ്രവർത്തനത്തെ വിശദീകരിക്കുവാൻ ദൃഷ്ടാന്തമാക്കിയിരിക്കുന്നത്.

താങ്കൾ എന്നെ തുടർച്ചയായി ശ്രദ്ധിക്കുമ്പോൾ ചില പ്രത്യേക കാര്യങ്ങൾക്ക് ഞാൻ ഊന്നൽ കൊടുത്തുകൊണ്ടു വീണ്ടും വീണ്ടും സംസാരിക്കുന്നതു ശ്രദ്ധയിൽപ്പെടും. അതിന്റെ കാരണം ആ പ്രത്യേക കാര്യം സംസാരിക്കുവാനാണ് ദൈവം എനിക്കു *ഭാരം* തന്നിരിക്കുന്നത്. കർത്താവ് എനിക്കു തന്നിരിക്കുന്ന *ശുശ്രൂഷയിലാണ്* ഞാൻ ശ്രദ്ധവച്ചിരിക്കുന്നത്. കാരണം എനിക്ക് അതാണ് കൂടുതൽ ഫലപ്രദമായി ചെയ്യുവാൻ കഴിയുന്നത്. ഞാൻ മറ്റെന്തെങ്കിലും ചെയ്‌വാൻ ശ്രമിച്ചാൽ എന്നെ സംബന്ധിച്ചുള്ള ദൈവപദ്ധതി

വിഫലമാകും. എന്നാൽ മറ്റു പ്രവർത്തനങ്ങൾക്കും ശുശ്രൂഷകൾക്കും ഞാൻ എതിരല്ല. അവയെ ഞാൻ വിലമതിക്കുന്നു. വയർ, കൈയെ ഏറ്റവും വിലമതിക്കുന്നു. പക്ഷേ കൈയുടെ പ്രവൃത്തി ചെയ്യാൻ വയർ ഒരിക്കലും ശ്രമിക്കാറില്ല. ഉദാഹരണമായി ഒരു പാത്രത്തിൽ നിന്നു ഭക്ഷണം എടുക്കുവാൻ വയർ ഒരിക്കലും ശ്രമിക്കാറില്ല. കൈയെ അതിന്റെ പ്രവൃത്തി ചെയ്വാൻ അനുവദിക്കുകയും അങ്ങനെ ലഭിക്കുന്ന ഭക്ഷണത്തെ ദഹിപ്പിക്കയും മാത്രമേ വയർ ചെയ്യുന്നുള്ളു. അങ്ങനെയാണ് ക്രിസ്തുവിന്റെ ശരീരത്തിൽ നാം പരസ്പരം നിലകൊള്ളേണ്ടത്.

ശരീരത്തിലെ വ്യത്യസ്ത പ്രവർത്തനങ്ങളെ സംബന്ധിച്ച ഈ സത്യം പലരും ഗ്രഹിച്ചിട്ടില്ല. ഈ സത്യം താങ്കൾ ഗ്രഹിച്ചിട്ടില്ലെങ്കിൽ ദൈവം താങ്കളിലൂടെ ചെയ്യുവാൻ ആഗ്രഹിക്കുന്നതെന്തെന്നു താങ്കൾ ഒരിക്കലും കണ്ടെത്തുകയില്ല.

നമുക്ക് ഓരോരുത്തർക്കും നമ്മുടെ വിളിയെ സംബന്ധിച്ച് താന്താന്റെ ഹൃദയത്തിൽ വ്യക്തതയുണ്ടായിരിക്കുന്നതു നല്ലതാണ്. *നമ്മുടെ ഹൃദയത്തിൽ ദൈവം നൽകുന്ന ഭാരമാണ് നാം ക്രിസ്തുവിന്റെ ശരീരത്തിൽ നിറവേറ്റേണ്ട ശുശ്രൂഷ എന്തെന്നതിനുള്ള സൂചന.*

എന്റെ ശുശ്രൂഷയെ സംബന്ധിച്ച ദൈവഹിതമെന്തെന്നും എന്റെ ശുശ്രൂഷയിൽ ഞാൻ എന്തിനാണ് *ഊന്നൽ* കൊടുക്കേണ്ടതെന്നുമുള്ള കാര്യങ്ങളിൽ പല വർഷങ്ങളിലൂടെ എനിക്കു വ്യക്തത ലഭിച്ചിരിക്കുന്നു. ഈ വ്യക്തത എന്റെയുള്ളിൽ വലിയ സ്വസ്ഥതയും സ്വാതന്ത്ര്യവും തന്നിരിക്കുന്നു. എന്റെ ശുശ്രൂഷയിൽ സമതുലനാവസ്ഥയില്ല എന്ന ആരോപണത്തിനോ മറ്റു യാതൊന്നിനോ ദൈവം നൽകിയിരിക്കുന്ന ഈ സ്വസ്ഥതയ്ക്കു ഭംഗം വരുത്തുവാൻ കഴികയില്ല.

പഴയ നിയമ കാലത്തും ഒരു പ്രവാചകനും തന്റെ ശുശ്രൂഷയിൽ സന്തുലനം കണ്ടെത്തിയിരുന്നില്ല. ഒത്തുതീർപ്പുകാരായ പ്രസംഗകരാണ് *സന്തുലിതാവസ്ഥയെ* അന്വേഷിക്കുന്നത്. സകല പ്രവാചകന്മാരും അസന്തുലിതരായിരുന്നു. അവർ ഒരേ കാര്യം തന്നെ പിന്നേയും പിന്നേയും പറഞ്ഞുകൊണ്ടിരുന്നു. കാരണം ആ പ്രത്യേക കാലഘട്ടത്തിൽ യിസ്രായേലിന്റെയും യഹൂദയുടെയും ആവശ്യം അതായിരുന്നു. അത് അവരുടെ ഹൃദയത്തിൽ ഒരു ഭാരമായി ദൈവം നൽകി.

കർത്താവിനെ ശുശ്രൂഷിക്കാൻ തുടങ്ങുമ്പോൾത്തന്നെ എല്ലാവർക്കും തങ്ങളുടെ വിളി എന്താണെന്നു ഗ്രഹിക്കാൻ കഴിയും എന്നല്ല ഞാൻ അർത്ഥമാക്കുന്നത്. വീണ്ടുംജനനം പ്രാപിച്ച ശേഷം ഏതാണ്ട് പതിനഞ്ചു വർഷത്തിനു ശേഷമാണ് എനിക്ക് ലഭിച്ചിരിക്കുന്ന ശുശ്രൂഷ എന്തെന്നതിനെ സംബന്ധിച്ച് പൂർണ്ണവ്യക്തത എനിക്കുണ്ടായത്. താങ്കൾക്ക് ഒരു പക്ഷേ അത്രയും സമയം ആവശ്യമായി വന്നെന്നു വരില്ല. അതു ദൈവത്തിനു വിടുക. പക്ഷേ ഒരു കാര്യം താങ്കൾ അറിഞ്ഞിരിക്കണം. ക്രിസ്തുവിൻ ശരീരത്തിൽ മറ്റൊ

രാൾക്കും പൂർത്തീകരിക്കാൻ കഴിയാത്ത ഒരു പ്രത്യേക ശുശ്രൂഷ ദൈവത്തിനു താങ്കളിലൂടെ ചെയ്യുവാനായിട്ടുണ്ട്. ആ ശുശ്രൂഷ അതിൽത്തന്നെ സന്തുലിതമായ ഒന്നായിരിക്കില്ല. അതിന്റെ സന്തുലനം ക്രിസ്തുവിൻ ശരീരത്തിൽ മറ്റുള്ളവരുടെ ശുശ്രൂഷയുമായുള്ള ബന്ധത്തിലേ താങ്കൾക്കു കണ്ടെത്താൻ കഴികയുള്ളൂ. അങ്ങനെ മറ്റു സഹോദരങ്ങളെ ആശ്രയിച്ചു മാത്രം നില്ക്കാൻ കഴിയുന്നവരാക്കി നമ്മെ തീർക്കുന്നതിലൂടെ നാം താഴ്മയുള്ളവരായിക്കാൻ ദൈവം നമ്മെ സഹായിക്കുന്നു. ദൈവനാമം മഹത്വപ്പെടട്ടെ!

നാം ഓരോരുത്തരും ചില കാര്യങ്ങളിൽ ശക്തരും മറ്റു ചില കാര്യങ്ങളിൽ ബലഹീനരുമാണ്-ചില കുട്ടികളെപ്പോലെ. ഇംഗ്ലീഷിൽ സമർത്ഥൻ പക്ഷേ കണക്കിൽ മോശം. എന്നാൽ നമ്മുടെ ബലഹീനതകളെ നാം അറികയും അക്കാര്യങ്ങളിൽ നാം ശക്തരാവുകയും ചെയ്യേണ്ടതുണ്ട്. താങ്കളുടെ സഭ സുവിശേഷീകരണത്തിൽ ശക്തമായിരിക്കാം. എന്നാൽ വിശുദ്ധിക്ക് ഊന്നൽ കൊടുക്കുന്ന കാര്യത്തിൽ അശക്തവുമായിരിക്കാം. അങ്ങനെയെങ്കിൽ ആ അവസ്ഥയെ തുറന്നു കാണിക്കുവാൻ എന്തുതരം ശുശ്രൂഷയാണ് അതിനു നൽകേണ്ടതെന്നു താങ്കൾക്കറിയാം.

ആളുകളുടെയിടെയിലുള്ള അംഗീകാരത്തെ താങ്കളുടെ ശുശ്രൂഷയുടെ വിജയമായി ഒരിക്കലും കാണരുത്. മനുഷ്യർ നിങ്ങളെ പ്രശംസിക്കുമ്പോൾ നിങ്ങൾക്കു ഹാ കഷ്ടം എന്നത്രേ യേശു പറഞ്ഞത് (ലൂക്കോ. 6:26) താങ്കൾ പരക്കെ അംഗീകാരം നേടിയ ഒരു പ്രസംഗകനെങ്കിൽ ഒരു കള്ളപ്രവാചകനാകുവാനുള്ള സാദ്ധ്യതയുമുണ്ട്. അതേസമയം 'ആളുകൾ നിങ്ങളെ ദ്വേഷിച്ച് ഭ്രഷ്ടരാക്കി തള്ളിക്കളയുമ്പോൾ നിങ്ങൾ സന്തോഷിക്കുവിൻ' എന്ന് യേശു പറഞ്ഞു. കാരണം യഥാർത്ഥപ്രവാചകന്മാരുടെ അടയാളം അത്രേ അത്. *(ലൂക്കോ.6:22,23).*

യേശു പറഞ്ഞ ഇക്കാര്യങ്ങൾ താങ്കൾ വാസ്തവമായും വിശ്വസിക്കുന്നുവോ?

യിസ്രായേലിന്റെ ചരിത്രത്തിലും സഭാചരിത്രത്തിലും എക്കാലവും എല്ലാ *സത്യപ്രവാചകന്മാരും* വിവാദ പുരുഷന്മാരായിരുന്നു. അവർ അതാതു കാലഘട്ടങ്ങളിലെ മതനേതാക്കന്മാരാൽ ദ്വേഷിക്കപ്പെടുകയും ആരോപണ വിധേയരാവുകയും വേട്ടയാടപ്പെടുകയും ചെയ്തിട്ടുണ്ട്.

ഈ നിമയത്തിന് ഒരപവാദവും ഉണ്ടായിട്ടില്ല. പഴയ നിയമത്തിലെ ഏലിയാവിനെയോ യിരെമ്യാവിനെയോ ഒന്നാം നൂറ്റാണ്ടിലെ യോഹന്നാൻ സ്നാപകനെയോ പൗലോസ് അപ്പൊസ്തൊലനെയോ ആധുനിക തലമുറയിലെ ജോൺ വെസ്ലിയെയോ വാച്ച്മാൻ നീയെയോ ആരെ വേണമെങ്കിലും പരിശോധിച്ചു നോക്കുക.

അതുകൊണ്ടു മനുഷ്യരുടെയിടയിൽ നമുക്കു ലഭിക്കുന്ന *അംഗീകാരം* നിത്യതയിൽ നമ്മുടെ ശുശ്രൂഷ എത്രവിജയകരമായി എന്നതിന്റെ മാനദണ്ഡമാക്കരുത്. നമ്മുടെ യോഗങ്ങളിൽ സന്നിഹിതരായിരുന്ന ആളുകളുടെ എണ്ണ

ത്തിലോ തീരുമാനങ്ങൾക്കായി കൈപൊക്കിയ ആളുകളുടെ *എണ്ണത്തിലോ* നമ്മുടെ ശുശ്രൂഷയുടെ വിജയമളക്കരുത്.

കണക്കുകളനുസരിച്ചാണ് ശുശ്രൂഷയുടെ വിജയമളക്കുന്നതെങ്കിൽ യേശുവിന്റെ ശുശ്രൂഷയെ തികഞ്ഞ പരാജയമായി നമുക്കു കാണേണ്ടി വരും. യേശുവിന് പരസ്യശുശ്രൂഷയുടെ അവസാനം പിതാവിന്റെ സന്നിധിയിൽ ഭരമേൽപിക്കാനുണ്ടായിരുന്നതു വെറും 11 പേരെ മാത്രമായിരുന്നു. *(യോഹ. 17)*. എന്നാൽ ആ പതിനൊരുവർ *എത്തരത്തിലുള്ളവരായിരുന്നു* എന്നതിനാലാണു നാം അവിടുത്തെ ശുശ്രൂഷയുടെ വിജയം അളക്കുന്നത്. ഇന്നത്തെ ദ്രവ്യാഗ്രഹികളും ഒത്തുതീർപ്പുകാരും ലൗകികരും അർദ്ധമനസ്കരുമായ *11 ലക്ഷം* പേരെക്കാൾ ദൈവത്തിനു പ്രയോജനമുള്ളവരായിരുന്നു ആ 11 പേർ. ദൈവത്തിനു വിലയേറിയവരായിരുന്നു അവർ.

അത്തരത്തിലുള്ള 11 പേരെ എന്റെ മുഴു ജീവിതകാലംകൊണ്ടും വാർത്തെടുക്കാൻ മാത്രം എനിക്കു കഴിഞ്ഞിരുന്നെങ്കിലും എന്റെ ശുശ്രൂഷ ഏറ്റവും വിജയകരമെന്നു ഞാൻ കരുതുമായിരുന്നു. എന്നാൽ അത്തരത്തിലുള്ള *രണ്ടോ മൂന്നോ* പേരെ വാർത്തെടുക്കുക പോലും അത്ര എളുപ്പമല്ല. എന്നാൽ *'യേശുവിൽ വിശ്വസിക്കുന്ന'* അതേസമയം യേശുവിനെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കാത്ത ലൗകികരും ഒത്തു തീർപ്പുകാരുമായ വലിയ ഒരു കൂട്ടത്തെ വിളിച്ചുകൂട്ടാൻ വലിയ പ്രയാസമൊന്നുമില്ല.

കഴിഞ്ഞ ഇരുപതു നൂറ്റാണ്ടുകളായി ക്രൈസ്തവചരിത്രത്തിൽ ദൈവം ആരംഭിച്ച ഓരോ നവോത്ഥാനപ്രസ്ഥാനവും രണ്ടാം തലമുറയിലേക്കു പ്രവേശിക്കുന്നതോടെ അതിന്റെ ഉണർവ്വും വീര്യവും നഷ്ടപ്പെട്ട് പതനത്തിലേക്കു പോകുന്നു. എന്തുകൊണ്ട്?

ഒരു കാരണമിതാണ്: രണ്ടാം തലമുറയിലെത്തുമ്പോൾ അവർ എണ്ണം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കുന്നു. *എണ്ണത്തിലുള്ള വർദ്ധന* ദൈവത്തിന്റെ അനുഗ്രഹത്തിന്റെ തെളിവായി അവർ പരിഗണിക്കുന്നു.

സമീപകാലത്ത് ഏറ്റവും വേഗം എണ്ണത്തിൽ വർദ്ധനയുണ്ടാക്കുന്നത് ചില അന്ധാരാധന സമൂഹങ്ങളും (Cults ) ചില മതങ്ങളിലെ മൗലികവാദ സമൂഹങ്ങളുമാണ്. എന്താണിതു തെളിയിക്കുന്നത്? എണ്ണത്തിലുള്ള വർദ്ധന ദൈവാനുഗ്രഹത്തിനു ഒരു തെളിവല്ലെന്നതാണ്.

ദൈവം നമ്മെ വിളിച്ചിരിക്കുന്നതു നമുക്കു ക്രിസ്തുവിൻ ശരീരത്തിൽ *നൽകിയിരിക്കുന്ന ശുശ്രൂഷയിൽ* ശ്രദ്ധ കേന്ദ്രീകരിക്കുവാനും വ്യത്യസ്ത ശുശ്രൂഷകൾ ചെയ്യുന്നവരുമായി ചേർന്നു പ്രവർത്തിക്കാനുമാണ്. നമ്മുടെ ശുശ്രൂഷയുടെ ഫലം കൃത്യമായി അളന്നു തിട്ടപ്പെടുത്തുക തികച്ചും അസാദ്ധ്യമാണ്. കാരണം, നാം വലിയ ഒരു ടീമിന്റെ ഒരു ഭാഗം മാത്രമാണ്. *ക്രിസ്തുവിൻ ശരീരത്തിലെ ഓരോ അവയവങ്ങൾ* മാത്രം.

ദൈവം **നമുക്കു** തന്നിരിക്കുന്ന ശുശ്രൂഷ നിറവേറ്റുന്നതിൽ നാം *വിശ്വസ്തരാണോ* എന്നതാണു നാം ശ്രദ്ധിക്കേണ്ട ഒരേ ഒരു കാര്യം. ◆

# 6

# കീഴടങ്ങലിലൂടെ നുറുക്കം

**ആ**ത്മീയ നേതാവ് നുറുക്കമുള്ള ഒരു വ്യക്തിയായിരിക്കണം.

ആദ്യനാളുകളിൽ നമ്മെ നറുക്കുവാൻ തക്കവണ്ണം ദൈവം ചില അധികാരികളെ നമ്മുടെ മേൽ ആക്കിവക്കും. അവർക്കു നാം കീഴടങ്ങേണ്ടതുണ്ട്. മുപ്പതാം വയസ്സിൽ ദൈവം തനിക്ക് ഒരു പരസ്യശുശ്രൂഷ നൽകും വരെ യേശുവിനു പോലും തന്റെ മാതാപിതാക്കളായിരുന്ന ജോസഫിനും മറിയയ്ക്കും കീഴടങ്ങിയിരിക്കേണ്ടതുണ്ടായിരുന്നു.

ഈ *കീഴടങ്ങൽ* ക്രിസ്തുവിന്റെ ശരീരത്തിന്റെ ഒരു സുപ്രധാനനിയമമാണ്. അതു മനുഷ്യശരീരത്തിലെ അവയവങ്ങളിൽ പ്രവർത്തിക്കുന്ന നിയമത്തിനു സദൃശമായുള്ളതാണ്. ഉദാഹരണത്തിന് *വലതു കൈപ്പത്തി വലതു കൈയുടെ* ഒരു ഭാഗം മാത്രമാണ്. കൈപ്പത്തി കൈയുടെ *നേതൃത്വത്തിനു* വിധേയപ്പെട്ടിരിക്കുന്നു. എന്നാൽ *ഇടതു കൈപ്പത്തി* വലതുകൈയുടെ ഭാഗമോ അതിന്റെ നേതൃത്വത്തിൻ കീഴിലോ അല്ല. അതു *ഇടതുകൈയുടെ* ഭാഗം മാത്രമാണ്. അതു ഇടതു കൈയുടെ അധികാരത്തിനു കീഴടങ്ങിയിരിക്കുന്നു. ഇപ്രകാരം ക്രിസ്തുവിന്റെ ശരീരത്തിലും ചില വ്യക്തികളെ തമ്മിൽ ചേർത്ത് ഒരു അവയവം പോലെ പ്രവർത്തിക്കുവാൻ ദൈവം നിയോഗിക്കുന്നു. (ഒരു പ്രാദേശിക സഭയോ കുറച്ചു പ്രവർത്തകരുടെ ഒരു സംഘമോ ആയി).

ഒരു വ്യക്തിയുടെ ജീവിതത്തിൽ രണ്ടു തരത്തിലുള്ള മാർഗ്ഗദർശനം ദൈവം നൽകാറുണ്ട്. *വ്യക്തിപരമായതും സംഘപരമായതും.*

ഒരു ശരീരത്തിൽ ചിലപ്പോൾ *വലതുകൈപ്പത്തിയെ* മാത്രം ചലിപ്പിച്ചു കൊണ്ടു ചില ജോലികൾ തല ചെയ്യിക്കാറുണ്ട്. ഈ സമയം *വലതു കൈ* മൊത്തത്തിൽ അനങ്ങാറില്ല. അതു *വ്യക്തിപരമായി* നിർവ്വഹിക്കുവാൻ വേണ്ടി തല നൽകുന്ന പ്രത്യേക നിർദ്ദേശമാണ്. ഇപ്രകാരം നമ്മുടെ വ്യക്തിജീവിതസംബന്ധിയായ പ്രത്യേക കാര്യങ്ങൾ, ഉദാഹരണത്തിന് വിവാഹം, ജോലി, ഒരു താമസസ്ഥലം തിരഞ്ഞെടുക്കുന്നത് മുതലായവയ്ക്ക് നമ്മുടെ ശിരസ്സായ ക്രിസ്തുവിൽ നിന്നുമാത്രം ഒരു വ്യക്തിമാർഗ്ഗ നിർദ്ദേശം സ്വീകരിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങളിൽ മറ്റുള്ളവരിൽ നിന്നും നമുക്ക് അഭിപ്രായങ്ങൾ

സ്വീകരിക്കാം. പക്ഷേ തീരുമാനത്തിലെത്താൻ വേണ്ട *മാർഗ്ഗനിർദ്ദേശം* കർത്താവിൽ നിന്നു തന്നെ ആയിരിക്കട്ടെ.

എന്നാൽ വലതുകൈയോടു ചലിക്കുവാൻ തല ആവശ്യപ്പെടുന്ന സമയത്ത് വലതു കൈപ്പത്തിയും *തനിക്കുവേണ്ടി ഒരു പ്രത്യേക നിർദ്ദേശത്തിനു കാത്തുനില്ക്കാതെ* കൈയോടൊപ്പം തന്നെ ചലിക്കുന്നു. നിർദ്ദേശം *സംഘടിതമായി* സ്വീകരിക്കുന്നതും അനുസരിക്കുന്നതും അത്തരത്തിലാണ്. തനിക്കു വ്യക്തിപരമായി നിർദ്ദേശം ലഭിച്ചില്ല എന്ന കാരണത്താൽ വലതു കൈപ്പത്തിക്ക് ഒരിക്കലും വലതു കൈയുടെ ചലനത്തിൽ നിന്നൊഴിയാൻ കഴിയില്ല.

*സംഘപരമായ* കാര്യങ്ങളിൽ വ്യക്തിഗത നിർദ്ദേശങ്ങൾക്കു പ്രസക്തിയില്ല. താങ്കൾ ക്രിസ്തുവിന്റെ ശരീരത്തിലെ ഒരു അവയവമെങ്കിൽ നേതൃത്വത്തിനു ദൈവം നൽകുന്ന നിർദ്ദേശങ്ങൾക്കു വിധേയപ്പെടുക മാത്രമായിരിക്കും താങ്കൾ ചെയ്യേണ്ടത്. *ഒരു ശരീരത്തിലെ അവയവം പോലെ ചേർന്നു നിന്നു പ്രർത്തിക്കുന്ന ഒരു ടീമിന്റെ കൃത്യനിർവ്വഹണത്തെക്കുറിച്ചാണ് ഞാനിക്കാര്യം പറഞ്ഞത്, വ്യക്തിപരമായ കാര്യങ്ങളെക്കുറിച്ചല്ല.* താങ്കളെ ഇത്തരം ഒരു ടീമിനോടു ദൈവം ചേർത്തിരിക്കുന്നുവെങ്കിൽ അതിന്റെ നേതൃത്വത്തോടു ചേർന്നു നടക്കുവാൻ താങ്കൾ ബാദ്ധ്യസ്ഥനാണ്.

ഉദാഹരണത്തിന് *അപ്പൊ.പ്രവൃത്തി 16:9* ൽ പൗലോസ് ത്രോവാസിലായിരിക്കുമ്പോൾ, ഒരു ദർശനത്തിൽ "മക്കദോന്യയിലേക്കു വന്നു തങ്ങളെ സഹായിക്കാ"നാവശ്യപ്പെടുന്ന ഒരു വ്യക്തിയെ കണ്ടു. ഈ ദർശനം കണ്ടത് പൗലോസ് *മാത്രമാണെന്നു* 9-ാം വാക്യത്തിൽ നിന്നും നാം മനസ്സിലാക്കുന്നു. എന്നാൽ സംഘത്തിലുള്ളവർക്ക് മക്കദോന്യയിൽ വചനം പ്രസംഗിക്കുവാൻ ദൈവം തങ്ങളെ നിയോഗിച്ചിരിക്കുന്നുവെന്നു ബോദ്ധ്യപ്പെട്ട് *സംഘം മുഴുവനും* യാത്രയാകുന്നു (വാക്യം 10). എന്തുകൊണ്ടാണു ഒരാൾക്കു മാത്രം ദർശനത്തിലൂടെ ലഭിച്ച ഒരു സന്ദേശത്തെ തങ്ങൾക്കു കൂടിയുള്ളതാണെന്ന് ആ സംഘാംഗങ്ങൾക്ക് ബോദ്ധ്യപ്പെട്ടത്? തങ്ങളുടെ സംഘനേതാവായ പൗലോസിൽ അവർക്കു *പൂർണ്ണവിശ്വാസമുണ്ടായിരുന്നതുകൊണ്ട്.* സംഘബന്ധിയായ കാര്യങ്ങളിൽ ദൈവം നിർദേശങ്ങൾ നല്കിയിരുന്നതു നേതാവിനു മാത്രമായിരുന്നു- അംഗങ്ങൾക്കു വ്യക്തിഗതമായിട്ടായിരുന്നില്ല.

താങ്കൾക്കു നേതാവിൽ വിശ്വാസമില്ല എങ്കിൽ ആ സഭയിൽനിന്നും, താങ്കൾ ഉടൻ തന്നെ മാറുക. ഒരിക്കലും ആ സഭയ്ക്കുള്ളിൽ, സംഘത്തിനുള്ളിൽ നിന്ന് ഒരു മത്സരമുണ്ടാക്കരുത്. നേതൃത്വത്തിനെതിരെ മത്സരിക്കുന്ന മത്സരികളെ ഒരിക്കലും ദൈവം അനുഗ്രഹിക്കുന്നില്ല. *ആ നേതൃത്വം ഒരു അബദ്ധമാണെങ്കിൽക്കൂടി.* അവിടെ തുടരാതെ മറ്റൊന്നിലേക്കുമാറുന്നതാണുത്തമം.

ദൈവത്താൽ നിയോഗിക്കപ്പെട്ട *ആത്മീയനേതാക്കളെയും* മനുഷ്യർ ആക്കിവയ്ക്കുന്ന *സഭാഭരണകർത്താക്കളെയും* നാം തിരിച്ചറിയേണ്ടതുണ്ട്.

അപ്പൊസ്തലനായ പൗലിസിനെപ്പോലെ ദൈവത്താൽ നിയമിക്കപ്പെട്ടതിനാലും വ്യക്തികൾക്കും സഭകൾക്കും പിതൃത്വം വഹിക്കുന്നതിനാലും അല്ല ഇന്നു പലരും ആത്മീയനേതൃത്വത്തിൽ എത്തിച്ചേർന്നിട്ടുള്ളത്. ഇടവകകളുടെ മേൽ അധികാരമുള്ള മെത്രാൻ ഒരച്ചനെ ഒരു ഇടവകയിലേക്ക് നിയമിച്ചയയ്ക്കുന്നു. ജനറൽ സൂപ്രണ്ട് ഒരു പാസ്റ്ററെ ഒരു പ്രത്യേകസഭയിലേക്കയയ്ക്കുന്നു. ഇങ്ങനെയുള്ള വ്യക്തികൾ ആത്മീയനേതാക്കന്മാരല്ല, സഭാഭരണകർത്താക്കളാണ്. ആത്മീയ നേതാക്കന്മാരെ ദൈവം തന്നെ നിയോഗിക്കുകയാണ് ചെയ്യുന്നത്. അവർ സഭാ ഭരണകർത്താക്കളെപ്പോലെ തങ്ങളുടെ അധികാരം മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കുന്നില്ല. മറ്റുള്ളവർ സ്വമേധയാ തങ്ങളുടെ അധികാരം അംഗീകരിക്കുന്നതുവരെ കാത്തിരിക്കുക മാത്രമേ ചെയ്യുന്നുള്ളു. വിശ്വാസികൾ അങ്ങനെയുള്ളവരുടെ മേലുള്ള ദൈവത്തിന്റെ അഭിഷേകം തിരിച്ചറിയുകയും അവർക്ക് സ്വമേധയാ കീഴ്പ്പെട്ടിരിക്കുകയുമാണു ചെയ്യുന്നത്. അപ്രകാരം മറ്റുള്ളവരുടെ *വിശ്വാസം ആർജ്ജിച്ചെടുത്ത* ഒരു വ്യക്തിയായിരിക്കും ഒരു *ആത്മീയ നേതാവ്.*

ഒരു ദൈവമനുഷ്യനു കീഴ്പ്പെട്ടിരിക്കുന്നതിലൂടെ ഒരുപാടു ഭോഷത്തങ്ങളെ ഒഴിവാക്കുവാനും ധാരാളം ജ്ഞാനം പ്രാപിക്കുവാനും നമുക്കു കഴിയും. മറ്റുള്ളവർ മുൻകൂട്ടികണ്ടിട്ടില്ലാത്തതും താൻ അഭിമുഖീകരിച്ചിട്ടുള്ളതുമായ പല അപകടങ്ങളെക്കുറിച്ച് അവരെ മുന്നറിയിക്കുവാൻ അദ്ദേഹത്തിനു കഴിയും. അപ്രകാരം മാതാപിതാക്കളോടൊപ്പം കഴിയുന്ന കുട്ടികളെപ്പോലെ സുരക്ഷിതരായിരിപ്പാൻ അങ്ങനെയുള്ളവർക്ക് കഴിയും.

ദൈവം നിഗളികളോടു എതിർത്ത് നിൽക്കയും താഴ്മയുള്ളവർക്ക് കൃപ നൽകുകയും ചെയ്യുന്ന ദൈവമായിരിക്കകൊണ്ടു *'ഇളയവരേ മൂപ്പന്മാർക്ക് കീഴടങ്ങുവിൻ'* എന്നു *1 പത്രൊ,.5:5 ൽ* പ്രബോധിപ്പിക്കുന്നു. ആത്മീയാധികാരം പ്രാപിക്കുന്നതിനുള്ള വലിയ ഒരു രഹസ്യമത്രേ ഇത്. തങ്ങളുടെ ജീവിതകാലത്തൊരക്കലും മറ്റൊരാൾക്ക് കീഴടങ്ങിയിരിപ്പാൻ പഠിച്ചിട്ടില്ലാത്തതുകൊണ്ട് ആത്മീയാധികാരം ദൈവത്തിൽ നിന്നു പ്രാപിച്ചിട്ടില്ലാത്ത പല നല്ല സഹോദരന്മാരെയും എനിക്കറിയാം. അവരുടെ ശക്തമായ ഇച്ഛ ഒരിക്കലും നുറുക്കപ്പെട്ടിട്ടില്ല.

*നുറുക്കപ്പെടാത്ത* ഒരു വ്യക്തിയുടെ കൈയിൽ അധികാരം നൽകുക അപകടകരമാണ്. മറ്റുള്ളവരെയും തങ്ങളെത്തന്നെയും നാശത്തിലേക്കു നയിക്കുന്ന തരത്തിൽ ആയിരിക്കും അത്തരം വ്യക്തികൾ അധികാരം കൈയാളുക. നമ്മുടെ അഹന്തയുടെ ശക്തിയെ നുറുക്കിക്കൊണ്ടു മാത്രമേ ദൈവം ആത്മീയാധികാരം നമ്മുടെ കൈയിൽ ഭരമേൽപ്പിക്കൂ.

***നുറുക്കപ്പെട്ട*** ഒരു വ്യക്തിക്കു മാത്രമേ സ്വഭവനത്തിൽപ്പോലും പിതാവെന്നോ ഭർത്താവെന്നോ ഉള്ള നിലയിൽ അധികാരം ദൈവികമായി വിനിയോഗിക്കാൻ കഴിയൂ. നിങ്ങളുടെ ഭാര്യയും കുഞ്ഞുങ്ങളും നിങ്ങൾക്ക് കീഴടങ്ങിയിരിക്കണമെങ്കിൽ നിങ്ങളും മറ്റുള്ളവർക്കു കീഴടങ്ങിയിരിക്കുവാൻ പഠിച്ച ഒരു വ്യക്തിയായിരിക്കണം. അങ്ങനെ എങ്കിൽ ദൈവം നിങ്ങളെ സഹായിക്കും.

എന്റെ സ്വന്തം ജീവിതാനുഭവങ്ങൾ ചുരുക്കത്തിൽ പങ്കുവക്കട്ടെ: ഇരുപതും മുപ്പതും വയസ്സിനിടയിൽ ഒന്നിലധികം സഭകളിൽ വച്ച് എന്റെ ശുശ്രൂഷയോടുള്ള അസൂയകാരണമായി അവിടുത്തെ ശുശ്രൂഷകന്മാരാൽ പരസ്യമായി അപമാനിക്കപ്പെടുകയും തള്ളിപ്പുറത്താക്കപ്പെടുകയും ചെയ്യുന്ന അനുഭവങ്ങളിലൂടെ കടന്നുപോകുവാൻ ദൈവം എന്നെ അനുവദിച്ചിട്ടുണ്ട്. ആ സന്ദർഭങ്ങളിലെല്ലാം നിശ്ശബ്ദമായിരിക്കുവാനും അവർക്കു കീഴടങ്ങിയിരിപ്പാനും അവരെ ചോദ്യം ചെയ്യാതിരിക്കാനും ദൈവം എന്നോടു പറഞ്ഞു. ഞാൻ അങ്ങനെ ചെയ്തു. അവിടെ ആയിരിക്കുമ്പോഴും *അവിടെ നിന്നു പുറത്തുപോന്നതിനു ശേഷവും* അവരുമായി നല്ല ബന്ധം പുലർത്തുകയും ചെയ്തു.

ആ സമയങ്ങളിലൊന്നും തന്നെ ഭാവിയിൽ ദൈവം എന്നെ ഭരമേൽപ്പിക്കാനിരിക്കുന്ന ശുശ്രൂഷയെക്കുറിച്ചൊന്നും എനിക്കു യാതൊന്നും അറിഞ്ഞുകൂടായിരുന്നു. എന്നാൽ എന്നെ ചില വർഷങ്ങളിലൂടെ നിരന്തരം നുറുക്കികൊണ്ട് ആത്മീയാധികാരം വിനിയോഗിക്കാൻ തക്കവണ്ണം ദൈവം എന്നെ ഒരുക്കിയെടുക്കുകയായിരുന്നു. എന്നെ വീണ്ടും വീണ്ടും തകർക്കുകയും മറ്റുള്ളവർ എന്നോടു ചെയ്യുന്ന സകല പ്രവൃത്തിയുടെയും നിയന്ത്രണം തന്റെ കരങ്ങളിലാണെന്ന് ദൈവം എന്നെ ഗ്രഹിപ്പിക്കുകയും ചെയ്തു. അതിന്റെ ഫലമായി ചില വർഷങ്ങൾക്കു ശേഷം അധികാരം ദൈവം എന്റെ കരങ്ങളിൽ വച്ചു തന്നപ്പോഴും കരുണയോടെയല്ലാതെ ഒരു *ഏകാധിപതിയെപ്പോലെ* അതു വിനിയോഗിക്കുവാൻ എനിക്കു *കഴിഞ്ഞില്ല.*

എന്നാൽ അവിടം കൊണ്ടും ദൈവം കാര്യങ്ങളെ അവസാനിപ്പിച്ചില്ല. മുമ്പൊരിക്കലും നേരിട്ടിട്ടില്ലാത്ത പുതിയ ശോധനകൾ എന്റെ ജീവിതത്തിൽ ആഞ്ഞടിക്കുവാൻ തുടങ്ങി. ഇതിലും അവിടുത്തെ ഉദ്ദേശ്യം ഒന്നു മാത്രമായിരുന്നു- *കൂടുതൽ വിപുലമായ അധികാരവും തന്റെ ജീവനും എന്നെ ഭരമേൽപ്പിക്കുക.* നേതൃത്വത്താൽ ലഭിക്കുന്ന ശാസനകളും തെറ്റുതിരുത്തലുകളും ദൈവം നമ്മുടെ ശക്തിയെയും സ്വയബലത്തെയും നുറുക്കുന്നതിന്റെ ഭാഗമാണ്. തെറ്റു തിരുത്തൽ മിക്കവാറും എല്ലാ വിശ്വാസികൾക്കും വളരെ പ്രയാസകരമാണ്. രണ്ടു വയസ്സുള്ള ഒരു കുട്ടിക്കു പോലും അതു വളരെ വേദനാജനകമാണ്. പ്രത്യേകിച്ചും *പരസ്യമായ* ശാസനകൾ.

അവസാനമായി പരസ്യമായ ശാസനകൾ സന്തോഷത്തോടെ താങ്കൾ ഏറ്റുവാങ്ങിയതെപ്പോഴാണ്? ജീവിതത്തിലൊരിക്കലെങ്കിലും അങ്ങനെ സംഭവിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ, താങ്കൾക്ക് ആത്മീയാധികാരം ഇല്ലാത്തതിന്റെ കാരണം മറ്റെങ്ങും അന്വേഷിക്കേണ്ടാ. കർത്താവിൽ താങ്കളുടെ മേൽ അധികാരമുള്ള ഒരു വ്യക്തി *പരുഷമായ* വാക്കുകളിൽ താങ്കളെ ശാസിച്ചുവെന്നാലും സാരമില്ല. താങ്കളെ ശാസിക്കുവാനേൽപ്പിച്ച കർത്താവിന്റെ കരങ്ങൾക്കു കീഴിൽ താണിരിക്കുക- താങ്കൾ തെറ്റൊന്നും ചെയ്തിട്ടില്ലെങ്കിൽക്കൂടി.

യേശുവും തന്റെ ശത്രുക്കളാൽ പരസ്യമായി അപമാനിതനാവുകയും തെറ്റായ ആരോപണങ്ങൾക്കു വിധേയനാവുകയും ചെയ്തിട്ടുണ്ട്. അവിടുന്ന്

ഒരിക്കലും പരാതിപറഞ്ഞിട്ടില്ല. അതു നമുക്കു പിന്തുടരാവാൻ ഒരു മാതൃക തന്നെയാണ്.

ഒരു *ശത്രുവിനെ* ചില ആരോപണങ്ങളുമായി വരുവാൻ ദൈവം അനുവദിച്ചിട്ടുണ്ടെങ്കിൽ അതിലെന്തെങ്കിലും *സത്യമുണ്ടോ* എന്നന്വേഷിക്കുക. അത്രമാത്രമേ ആവശ്യമുള്ളു. അയാൾ താങ്കൾക്കു തികച്ചും സൗജന്യമായ ഒരു ആത്മപരിശോധന നൽകുകയായിരുന്നു എന്നു കരുതുക. *സ്കാനിങ്ങിനുപയോഗിച്ച* രീതിയോ അതിന്റെ പിന്നിലെ ഉദ്ദേശ്യമോ ഒന്നും അന്വേഷിക്കേണ്ട കാര്യമില്ല. താങ്കളുടെ ജീവിതത്തിൽ ക്രിസ്തുജീവനു വിരുദ്ധമായ എന്തെങ്കിലും ഉണ്ടായിരുന്നോ എന്നു കണ്ടെത്തുവാൻ അതിനെ ഉപയോഗിക്കുക.

എന്റെ ശുശ്രൂഷയിൽ ധാരാളം വിമർശനം ഏൽക്കേണ്ടി വന്നിട്ടുണ്ട്. കർത്താവിന്റെ യഥാർത്ഥ ശുശ്രൂഷകന്മാർക്ക് തെറ്റായ തരത്തിലുള്ള ധാരാളം വിമർശനവും ആരോപണവും സഹിക്കേണ്ടി വരുമെന്ന് എനിക്കറിയാം. 'അതിലെന്തെങ്കിലും സത്യമുണ്ടെങ്കിൽ കാണിച്ചു തരണേ' എന്നു മാത്രമേ ഞാൻ കർത്താവിനോടു പ്രാർത്ഥിക്കാറുള്ളു. *നമ്മുടെ സ്നേഹിതർ നമ്മോടു പറയാത്ത നിരവധി സത്യങ്ങൾ നമ്മുടെ ശത്രുക്കൾക്കു നമ്മോടു പറയാൻ കഴിയും.* അതുകൊണ്ട് എല്ലാ വിമർശനങ്ങളും തെറ്റാണെന്ന് എഴുതിത്തള്ളരുത്.

എന്റെ മുഖത്ത് ഒരു കറുത്ത പാടുണ്ടെന്ന് എന്റെ ശത്രു പറഞ്ഞാൽ ഞാൻ അയാളോടു നന്ദിയുള്ളവനായിരിക്കണം. കാരണം എനിക്കു കാണാൻ കഴിയാത്ത ഒരു കാര്യമാണ് അയാൾ കാട്ടിത്തന്നത്. അതു മൂലം ആ കറ കഴുകിക്കളയുവാൻ എനിക്കു കഴിയുന്നു. എന്നെ അപമാനിക്കാനും താഴ്ത്തിക്കെട്ടാനുമായിട്ടായിരിക്കാം അയാൾ അതു ചെയ്തത്. പക്ഷേ എനിക്ക് സ്വയം കാണുവാനും കഴുകുവാനും അത് എന്നെ സഹായിച്ചു.

ഇതായിരുന്നു പത്രോസും ഇസ്ക്കര്യോത്താ യൂദായും തമ്മിലുണ്ടായിരുന്ന പ്രധാന വ്യത്യാസം. ക്രൂശ് ഒഴിവാക്കുവാൻ പത്രോസ് യേശുവിനെ മൗഢ്യമായി ഉപദേശിച്ചപ്പോൾ യേശു അവനെ *"സാത്താനേ, എന്റെ പിറകിൽ പോക"*എന്നു ശാസിച്ചു. യേശു തന്റെ ജീവിതത്തിൽ നൽകിയ ഏറ്റവും കടുത്ത ശാസനയായിരുന്നു അത്. പരീശന്മാരെ ഒരിക്കൽ ശാസിച്ചപ്പോൾ *"പാമ്പുകളേ"* എന്നുമാത്രമെ യേശു വിളിച്ചുള്ളു. എന്നാൽ പത്രോസിനെ "സാത്താനേ" എന്നാണു വിളിച്ചത്. ഏറ്റവും കടുത്ത ശാസനകൾ തന്നോടേറ്റവും അടുത്തു നിൽക്കുന്നവർക്കായിരുന്നു യേശു നൽകിയത്. കർത്താവ് താൻ ഏറ്റവും സ്നേഹിക്കുന്നവനെ ഏറ്റവും ശാസിക്കുന്നു *(വെളി. 3:19).*

പിന്നീട് അധികം ശിഷ്യന്മാരും കർത്താവിന്റെ ഉപദേശങ്ങളിൽ മുറിവേറ്റവരായി അവനെ വിട്ടുപോയി. പന്തിരുവരോടു യേശു ചോദിച്ചു: *"നിങ്ങൾക്കും പോകുവാൻ മനസ്സുണ്ടോ?"* പക്ഷേ പത്രോസാണ് അതിനു മറുപടി പറഞ്ഞത്. *"കർത്താവേ ഞങ്ങൾ ആരുടെ അടുക്കൽ പോകും? നിത്യ ജീവന്റെ വചനങ്ങൾ നിന്റെ പക്കൽ ഉണ്ടല്ലോ." (യോഹ.6:60, 66-68).* എന്തായിരുന്നു

പത്രോസ് കേട്ട നിത്യജീവന്റെ വചനങ്ങൾ? *"സാത്താനെ, എന്റെ പിറകിൽ പോ!"* എന്നതു തന്നെ

ശാസനയാണു നമ്മെ ***നിത്യജീവനിലേക്കു*** നയിക്കുന്നതെന്ന് തിരിച്ചറിയാൻ നമുക്കു കഴിയുന്നുണ്ടോ?

തെറ്റു തിരുത്തലിനെ പത്രോസ് കണ്ടത് അത്തരത്തിലായിരുന്നു. പിൽക്കാലത്ത് താൻ എന്തായിത്തീർന്നുവോ അതിലേക്കു തന്നെ നടത്തിയതും ആ മനോഭാവമായിരുന്നു.

പിന്നീടൊരവസരത്തിലും പത്രോസിനു യേശുവിൽ നിന്നും തെറ്റു തിരുത്തലിനെ സ്വീകരിക്കേണ്ടി വന്നു. അന്ത്യ അത്താഴ സമയത്ത് മറ്റു ശിഷ്യന്മാർ തള്ളിപ്പറഞ്ഞാലും താൻ കർത്താവിനെ തള്ളിപ്പറയുകയില്ല എന്നു പത്രോസ് പ്രഖ്യാപിച്ചു. അതിനു മറുപടിയായി അടുത്ത പന്ത്രണ്ടു മണിക്കൂറിനുള്ളിൽ മൂന്നു പ്രാവശ്യം പത്രോസ് തന്നെ തള്ളിപ്പറയുമെന്ന് കർത്താവ് അറിയിച്ചു. ഈ മറുപടിയും പത്രോസിനെ വ്രണപ്പെടുത്തിയില്ല. അത്തരം ഒരു മനുഷ്യനെയാണ് കർത്താവു പെന്തക്കോസ്തു നാളിൽ തന്റെ മുഖ്യ അപ്പൊസ്തൊലനും പ്രസംഗിയും ആക്കിയത്.

ശാസനയ്ക്കു മുമ്പിൽ തന്നെത്തന്നെ താഴ്ത്തിയതുകൊണ്ടു ദൈവം അവനെ ഉയർത്തി. തന്റെ അനുഭവങ്ങളിൽനിന്നുൾക്കൊണ്ട ജ്ഞാനത്താൽ അദ്ദേഹം നമ്മെ പ്രബോധിപ്പിക്കുന്നു *''എപ്പോഴും താണിരിക്കുക" (1 പത്രൊ. 5:5,6)* എന്ന്. നമ്മെ സ്വയം താഴ്ത്തുന്നതിലൂടെ നമുക്കൊന്നും തന്നെ നഷ്ടമാകുന്നില്ല. ഒരു ദിവസം ദൈവം നമ്മെ ഉയർത്തുക തന്നെ ചെയ്യും.

ശാസനയോടു യൂദാ ഇസ്തര്യോത്താവിന്റെ പ്രതികരണമെന്തെന്നു ശ്രദ്ധിക്കാം. ഒരു സ്ത്രീ യേശുവിന്റെ കാലിൽ വിലപിടിപ്പുള്ള ഒരു തൈലം കൊണ്ടുവന്ന് ഒഴിച്ചപ്പോൾ അതു വിറ്റു ലഭിക്കുന്ന പണം ദരിദ്രർക്കുകൊടുക്കാതെ ഇപ്രകാരം ഒഴിച്ചു കളഞ്ഞതു ധൂർത്താണെന്നു യൂദാ പറഞ്ഞു *(യോഹ 12:5; മത്ത. 26:10-13). 'സ്ത്രീയെ വെറുതെ വിട്ടേക്കുക അവൾ നല്ല പ്രവൃത്തിയല്ലോ ചെയ്തത്'* എന്ന് യേശു *സൗമ്യമായി* തിരുത്തി. പക്ഷേ യൂദായ്ക്കു മുറിവേറ്റു. *മത്താ.26:14* ൽ നാം കാണുന്നത് യൂദാ വേഗംതന്നെ മഹാപുരോഹിതന്മാരെ ചെന്നു കണ്ട് യേശുവിനെ കാണിച്ചുകൊടുക്കാമെന്ന് ഉടമ്പടി ഉണ്ടാക്കുന്നതാണ്. ഈ സന്ദർഭം സൂചിപ്പിക്കുന്നത് യൂദാ *വ്രണിതനായിത്തീർന്നു* എന്നാണ്. കാരണം യേശു പരസ്യമായിട്ടായിരുന്നു അവനെ ശാസിച്ചത്.

സ്ത്രീയുടെ പ്രവൃത്തിയെ സംബന്ധിച്ച യൂദായുടെ വിലയിരുത്തൽ തെറ്റായിരുന്നു എന്നു മാത്രമാണ് യേശു പറഞ്ഞത്. പക്ഷേ യൂദയെ അസ്വസ്ഥനാക്കാൻ അത്രമാത്രം മതിയായിരുന്നു. താങ്കൾ നുറുക്കപ്പെട്ട ഒരു വ്യക്തിയല്ലെങ്കിൽ വളരെ മൃദുവായ ഒരു തെറ്റുതിരുത്തൽ പോലും താങ്കളെ മുറിവേൽപ്പിക്കും.

യൂദായുടെ പ്രതികരണത്തിന്റെയും പത്രോസിന്റെ പ്രതികരണത്തിന്റെയും അനന്തരഫലം ശ്രദ്ധിക്കുക. രണ്ടു പേരും തെറ്റുതിരുത്തലെന്ന ഒറ്റക്കാര്യത്തിൽ ശോധന ചെയ്യപ്പെട്ടു. ഒരാൾ *പരാജയപ്പെട്ടു*. മറ്റൊരാൾ *വിജയിയായി.*

നാമും ഇപ്രകാരം തന്നെ പരിശോധിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. പരസ്യമായ ശാസന നമ്മെ മുറിവേൽപ്പിക്കുന്നുവെങ്കിൽ അതിന്നർത്ഥം നാം മനുഷ്യരുടെ മാനം ആഗ്രഹിക്കുന്നുവെന്നാണ്. അതങ്ങനെയെങ്കിൽ ഇപ്പോൾത്തന്നെ നാം അതു തിരിച്ചറിയുക. മനുഷ്യരുടെ മാനം അന്വേഷിക്കുന്നതിൽ നിന്നും സ്വാതന്ത്ര്യം പ്രാപിക്കാനായി നമുക്കു പോരാടാം. മനുഷ്യരുടെ അഭിപ്രായങ്ങൾക്കു നാം എത്രമാത്രം അടിമകളാണെന്നു നമുക്കു കാണിച്ചു തരുവാൻ ഇത്തരം സന്ദർഭങ്ങളെ ദൈവം അനുവദിക്കുന്നു. ഇപ്പോൾ നമുക്കു നമ്മെത്തന്നെ ശുദ്ധീകരിക്കാം.

കർത്താവു നമ്മെ നേരിട്ടു തെറ്റുതിരുത്തുമ്പോഴും മറ്റുള്ളവരിലൂടെ അതു ചെയ്യുമ്പോഴും നമുക്കു പത്രോസിന്റെ മനോഭാവമുള്ളവരാകാം. അതത്രേ നിത്യ ജീവന്റെ വഴി. നാം നമ്മെത്തന്നെ താഴ്ത്തുന്നുവെങ്കിൽ നമുക്കു ദൈവത്തിന്റെ കൃപ ലഭിക്കുകയും നമ്മെ അവിടുന്നു തക്കസമയത്തു ഉയർത്തുകയും ചെയ്യും.

നുറുക്കപ്പെടാത്ത ആളുകൾ എപ്പോഴും ഒറ്റപ്പെട്ടു നടക്കുന്നവരാണ് – ഒറ്റയാന്മാരായ നേതാക്കളും ഒറ്റയാന്മാരായ വിശ്വാസികളും. അവർ പോകാനാഗ്രഹിക്കുന്നിടത്തൊക്കെയും പോകുന്നു. ചെയ്യാനാഗ്രഹിക്കുന്നതൊക്കെയും ചെയ്യുന്നു. ഇത്തരം നുറുക്കപ്പെടാത്ത വിശ്വാസികൾക്ക് തങ്ങളെ അനുസരിക്കുന്നവരോടൊപ്പം മാത്രമേ പ്രവർത്തിക്കാൻ കഴിയൂ. ഇത്തരം വിശ്വാസികളെ നമുക്കെവിടെയും കാണുവാൻ കഴിയും. അവർ പൂക്കളിൽ നിന്നും പൂക്കളിലേക്ക് പാറിനടക്കുന്ന ചിത്രശലഭങ്ങളെപ്പോലെ കൂട്ടായ്മകളിൽ നിന്നും കൂട്ടായ്മകളിലേക്കും പ്രസ്ഥാനങ്ങളിൽ നിന്നും പ്രസ്ഥാനങ്ങളിലേക്കും പാറി നടക്കുന്നു. അവർ പ്രയോജനമില്ലാതെ ജീവിതം പാഴാക്കുന്നു. കർത്താവിന്റെ ശാസന കേൾക്കാതെ, ഉപദേശം ശ്രദ്ധിക്കാതെ പോയ കയീനെപ്പോലെ *(ഉല്പ.4:12)* അവർ ഭൂമിയിൽ *ഉഴലുന്നവരാകാം.*

അത്തരം *ഒറ്റയാന്മാരെ* ദൈവം ആത്മീയാധികാരം ഭരമേല്പിക്കുന്നില്ല. കാരണം ഒറ്റയാന്മാരുടെ ഒരു കൂട്ടത്തെയല്ല ഒരു ശരീരത്തെയാണു കർത്താവു പണിയുന്നത്.

◆

# 7

# മറ്റുള്ളവരോടുള്ള ഉത്തരവാദിത്വം

**ഒ**രു നാൾ ദൈവത്തിന്റെ മുമ്പാകെ ജനത്തെക്കുറിച്ചു കണക്കുബോധിപ്പിക്കേണ്ടവനായതിനാൽ തന്റെ ആട്ടിൻകൂട്ടത്തിലെ ഓരോ ആത്മാവിന്റെ മേലും ജാഗ്രത പുലർത്തുന്ന ഒരു വ്യക്തിയായിരിക്കും ഒരു ആത്മീയനേതാവ്. *(എബ്രാ. 13:17)*

എന്നെ ഒരു ജ്യേഷ്ഠസഹോദരനായി കരുതുന്ന നിങ്ങൾ എല്ലാവരുടെയും ആത്മാക്കളെക്കുറിച്ച് ഞാൻ ഉത്തരവാദിയായിരിക്കും എന്ന് ഞങ്ങളുടെ സഭകളിലെ എന്റെ സഹപ്രവർത്തകരോടു ഞാൻ പറഞ്ഞിട്ടുണ്ട്. അതുകൊണ്ടു എന്റെ മക്കളോടെന്ന പോലെ അവരുടെ നന്മയ്ക്കായുള്ള കാര്യങ്ങൾ, അവരെ വ്രണപ്പെടുത്തുന്നതെങ്കിൽ പോലും, ഞാൻ അവരോടു പറയാറുണ്ട്. തങ്ങളുടെ പക്കൽ ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ആളുകളെക്കുറിച്ച് ഓരോ ഇടയനും ദൈവത്തോട് ഉത്തരം പറയേണ്ടതാണ്.

ഓരോ കുടുംബത്തിലും മക്കൾക്കു പിതാവിനെ നൽകിയിരിക്കുമ്പോലെയാണ് സഭകളിലും തന്റെ മക്കൾക്കു ദൈവം ആത്മീയ നേതാക്കന്മാരെ നൽകുന്നത്. ഞാൻ നാല് ആൺമക്കളുടെ പിതാവാണ്. എന്റെ മക്കൾ എന്നോടൊപ്പം വീട്ടിലുണ്ടായിരുന്ന കാലത്ത് പല കാര്യങ്ങളിലും ഞാൻ അവരെ ഉപദേശിക്കുകയും അവർക്ക് മാർഗ്ഗനിർദ്ദേശം നൽകയും ചെയ്യുമായിരുന്നു. അവർ എനിക്കു കീഴടങ്ങിയിരുന്ന് അനുസരിക്കുമായിരുന്നു. അങ്ങനെ അവർ തങ്ങളെത്തന്നെ നിരവധി അപകടങ്ങളിൽ നിന്നും കാത്തു. അവർ പ്രായപൂർത്തിയായ ശേഷവും അവർ മക്കളായതിനാൽ ഞാൻ അവരെ ചില കാര്യങ്ങളിൽ ഉപദേശിക്കാറുണ്ട്. ഇപ്രകാരം ദൈവം നമ്മുടെ ഹൃദയത്തിൽ തന്നിരിക്കുന്നവരെ ആത്മീയപിതാക്കന്മാരെന്ന നിലയിൽ നാം കരുതേണ്ടതുണ്ട്.

ഒരു പിതാവെന്ന നിലയിൽ ഉത്തരവാദിത്വം വഹിക്കാൻ നിങ്ങൾക്കു മനസ്സുണ്ടെങ്കിൽ മാത്രമേ അവർക്കു നൽകുവാൻ ഒരു വചനം ദൈവം നിങ്ങൾക്കു നൽകൂ. ദൈവസന്നിധിയിൽ നിങ്ങൾ അവരെ ഹൃദയത്തിൽ വഹിച്ചു നിൽക്കുന്നുവെങ്കിൽ അവരോടു സംസാരിക്കുവാൻ ആവശ്യമായ കൃത്യമായ സന്ദേശം തന്നെ നിങ്ങൾക്കു ലഭിക്കും. പൗലോസ് ഓരോ സഭയെയും ഹൃദയത്തിൽ

വഹിച്ചു കൊണ്ടു ദിവസവും പ്രാർത്ഥിച്ചിരുന്നതിനാൽ ഓരോ സഭയ്ക്കും വ്യക്തമായ സന്ദേശം നൽകാൻ അദ്ദേഹത്തിനുണ്ടായി *(ഫിലി.1:7).* ഇപ്രകാരം ഹൃദയത്തിൽ അവരെ വഹിക്കാൻ താങ്കൾക്കാകുന്നില്ലെങ്കിൽ താങ്കൾ ശമ്പ ളത്തിനു വേണ്ടി ജോലി ചെയ്യുന്ന ഒരു 'ഉദ്യോഗസ്ഥൻ' മാത്രമായിരിക്കും.

ആത്മാക്കൾക്കു വേണ്ടി ***കണക്കു ബോധിപ്പിക്കുക*** എന്നു പറയുന്നതിന്റെ അർത്ഥം എന്താണ്? ഇതു ധനവിനിമയവുമായി ബന്ധപ്പെട്ട ഒരു പ്രയോഗ മാണ്. താങ്കൾ ഒരു വരവു ചെലവു വിവരപ്പട്ടിക തയ്യാറാക്കുമ്പോൾ ഇടതുവ ശത്തെ വരവു കോളത്തിൽ 5000 രൂപയുടെ വരവു കാണിക്കയും വലതുവ ശത്തെ ചെലവു കോളത്തിൽ 4999 രൂപയുടെ മാത്രം ചെലവു കണക്കു കാണി ക്കയും ചെയ്താൽ അതിനർത്ഥം എവിടെയോ പിശകു പറ്റിയിട്ടുണ്ടെന്നാ ണ്. വ്യത്യാസം വന്നത് വെറും ഒരു രൂപയ്ക്കു മാത്രമാണെങ്കിൽക്കൂടി ആ തയ്യാറാക്കപ്പെട്ട പട്ടിക തെറ്റുതന്നെയാണ്. കണക്കെഴുത്ത് എന്നത് വളരെ കൃത്യത പാലിക്കേണ്ട ഒരു ശാസ്ത്രശാഖയാകയാൽ താങ്കൾക്ക് ആ ഒരു രൂപയുടെ ചെലവുകൂടി അതിൽ ഉൾപ്പെടുത്തിയേ മതിയാകൂ. ദൈവത്തോടു കണക്കു ബോധിപ്പിക്കുക എന്നാൽ ആട്ടിൻകൂട്ടത്തിന്റെ ആത്മീയാവസ്ഥയെ ക്കുറിച്ച് വളരെ സൂക്ഷ്മമായ ശ്രദ്ധയും അറിവും താങ്കൾക്കുണ്ടായിരിക്കുക എന്നതാണ്. ഇക്കാര്യം താങ്കൾ ഗൗരവപൂർവ്വം പരിഗണിച്ചേ മതിയാകൂ. കാരണം ആത്മീയ മാർഗ്ഗദർശനം എന്നത് ഒരു ആശുപത്രിയിലെ ശസ്ത്ര ക്രിയാവിഭാഗത്തിൽ നടത്തുന്ന ഏറ്റവും സങ്കീർണ്ണമായ ഒരു ശസ്ത്രക്രിയ യെക്കാൾ ഗൗരവമേറിയതാണ്. ഇവിടെയും അപകടത്തിലാകുന്നത് ജീവ നാണ്- നിത്യമായ ജീവൻ.

താങ്കളുടെ സഭയിലെ വിശ്വാസികളുടെ ഉത്തരവാദിത്വം താങ്കൾക്കു തന്നെ യാണ്. താങ്കൾക്ക് അവരെ *ആത്മീയരാക്കാൻ* കഴിയില്ല. പക്ഷേ കർത്താവു മായി ഒരു സജീവ ബന്ധത്തിലേക്കു അവരെ കൊണ്ടുവരാൻ ആവുന്നതു ചെയ്യാൻ താങ്കൾക്കു കഴിയും. *''ഏതു മനുഷ്യനെയും ക്രിസ്തുവിൽ തിക ഞ്ഞവനാക്കുക"* എന്നതായിരിക്കട്ടെ താങ്കളുടെ ലക്ഷ്യം. *(കൊലൊ.1:28)* നിങ്ങൾക്കു പിന്മാറ്റത്തിൽ നിന്നും അവരെ *തടയാൻ* കഴിയില്ല. എന്നാൽ അവർ പിന്മാറ്റത്തിലാണെന്ന കാര്യം താങ്കൾ അവരെ അറിയിച്ചിരിക്കണം.

ഒരിക്കൽ ഞങ്ങളുടെ സഭയിലെ ഒരു യുവസഹോദരൻ പിന്മാറ്റത്തിലായ തിൽ ഞാൻ വളരെ ദുഃഖിതനായി. ഞാൻ കർത്താവിനോടു ചോദിച്ചു: കർത്താവേ, എന്തുകൊണ്ടിതു സംഭവിച്ചു? *എന്റെ* ഭാഗത്തുള്ള ഏതെങ്കിലും കുറവാണോ? ഒരു പക്ഷേ ആ സഹോദരന്റെ ജീവിതത്തിലെ എന്തെങ്കിലും വീഴ്ചകൾ മനസ്സിലാക്കാൻ കഴിയാതവണ്ണം എന്റെ ആത്മീയ സംവേദന ക്ഷമത കുറഞ്ഞിട്ടുണ്ടോ? തക്ക സമയത്തു നൽകേണ്ട മുന്നറിയിപ്പിന്റേതോ പ്രോത്സാഹനത്തിന്റേതോ ആയ ഒരു വാക്കു ഞാൻ നൽകാതിരുന്നോ? ഞാൻ ആ യുവാവിന്റെ ജീവനെക്കുറിച്ചു കണക്കുബോധിപ്പിക്കേണ്ടതാകയാൽ എന്നെത്തന്നെ വിധിക്കുവാനിടയായി.

നമ്മുടെ ഉത്തരവാദിത്വത്തിലുള്ള ഒരു സഹോദരൻ പിന്മാറാനിടയായാൽ നാം നമ്മെത്തന്നെ വിധിക്കേണ്ടതുണ്ട്. എന്നാൽ അതെക്കുറിച്ചു നാം നിരാശരാകേണ്ട ആവശ്യമില്ല. ഒരു പക്ഷേ അതിലൂടെ കർത്താവിനു നമ്മോടു ചിലതു സംസാരിക്കാനുണ്ടാകും. അതുകൊണ്ടു നാം കർത്താവിൽ നിന്നും കേൾക്കേണ്ടതുണ്ട്. *കുറ്റബോധത്തിലും നിരാശയിലും ആഴ്ത്തി നമ്മെ വട്ടം കറക്കുവാൻ സാത്താനെ അനുവദിക്കരുത്.* എന്നാൽ നാം തെറ്റു തിരുത്തുകയും വരുംകാലത്തേക്കു പാഠങ്ങൾ ഉൾക്കൊള്ളുകയും വേണം.

നമ്മുടെ സ്വന്തം വിവേകത്തിനു കാട്ടിത്തരാൻ കഴിയാത്ത പലതും ദൈവത്തിനു നമ്മെ കാണിച്ചു തരാൻ കഴിയും. നാം ദൈവശബ്ദത്തിനു കാതു കൊടുക്കുന്നവരെങ്കിൽ വീഴ്ച ഭവിക്കാൻ സാധ്യതയുള്ളവരോടു മുൻകൂട്ടിത്തന്നെ അതു പറയാൻ അവിടുന്നു നമ്മെ സഹായിക്കും. ചിലപ്പോൾ ഒരു ദിവസം പ്രത്യേകകാരണം ഒന്നും കൂടാതെ തന്നെ ഏതെങ്കിലും സഹോദരനെ സന്ദർശിക്കുവാൻ കർത്താവു നമുക്കു പ്രേരണ നൽകും. എനിക്ക് അത്തരം പല അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ആ സഹോദരനെ സന്ദർശിക്കുവാനുള്ള കാരണമൊന്നും എനിക്ക് അപ്പോൾ അറിഞ്ഞുകൂടായിരിക്കും. മറ്റുള്ളവരുടെ പാപങ്ങളും പ്രശ്നങ്ങളും കർത്താവ് എനിക്ക് വെളിപ്പെടുത്തിത്തരാറുമില്ല. (അതിനു ഞാൻ കർത്താവിനോടു നന്ദിയുള്ളവനാണ്, കാരണം അന്യരുടെ പാപത്തെക്കുറിച്ചുള്ള ചിന്തകൾ കൊണ്ട് ഞാനെന്തിന് എന്റെ മനസ്സിനെ മലീമസമാക്കണം?) ഞാൻ അവിടെയെത്തുമ്പോൾ എന്തെങ്കിലും സംസാരിക്കുവാൻ കർത്താവ് എന്നെ ഉത്സാഹിപ്പിക്കും. അത് ആ സഹോദരന് അപ്പോൾ ആവശ്യമായ വാക്കായിരിക്കും. അവന്റെ പ്രശ്നം എന്താണെന്നു ഞാനറിയാതെതന്നെ എന്നിലൂടെ കർത്താവ് അവനെ സഹായിക്കുന്നു- ഞാൻ അവനെ സഹായിക്കയാണെന്ന് അറിയാതെ തന്നെ.

നാം കർത്താവിനെ ശ്രദ്ധിക്കുന്ന ഒരു ശീലം വളർത്തിയെടുത്തിട്ടുണ്ടെങ്കിൽ ആവശ്യത്തിലിരിക്കുന്ന ആളുകളുമായി ബന്ധത്തിലാകുവാൻ തക്കവണ്ണം കർത്താവു നമ്മുടെ സാഹചര്യങ്ങളെ വ്യത്യാസപ്പെടുത്താൻ തുടങ്ങും. അങ്ങനെ അവിടുന്നു നമുക്കു തരുന്നവചനം നാം അവരുമായി പങ്കുവയ്ക്കാനിടയാവുകയും അത് അവർക്കു സഹായകരമായിത്തീരുകയും ചെയ്യും.

യേശു അങ്ങനെയായിരുന്നു ജീവിച്ചത്. *(യെശ.50:4* ൽ നാം വായിക്കുന്ന പ്രകാരം). തളർന്നിരിക്കുന്നവരോട് സംസാരിക്കുവാൻ തക്കവണ്ണം പിതാവു നിത്യവും യേശുവിനു വചനം നൽകിക്കൊണ്ടിരുന്നു. നാം ഓരോരുത്തരും അത്തരം നേതാക്കന്മാരായിത്തീരേണ്ടതുണ്ട്. ഞാൻ നേവിയിലായിരുന്നപ്പോൾ അവിടെ നാലുമണിക്കൂർ വീതമുള്ള ഊഴം വച്ച് *കാവൽ* നിൽക്കുന്ന കാവൽക്കാർ ഉണ്ടായിരുന്നു. ഓരോ നാലുമണിക്കൂർ ഊഴത്തിലും ഒരു മേലുദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ കാവൽ സംഘം ജോലി ചെയ്തിരുന്നു. അർദ്ധരാത്രി മുതൽ പുലർച്ചെ നാലുമണിവരെയുള്ള സമയത്ത് എനിക്കും അത്തരം ജോലി ചെയ്യേണ്ടി വന്നിട്ടുണ്ട്. കപ്പലിന്റെ ഏറ്റവും ഉയർന്ന

"ബ്രഡ്ജ്" എന്ന ഭാഗത്തു രണ്ടോ മൂന്നോ നാവികരോടൊപ്പം കാവൽ നിൽക്കണം. കപ്പലിൽ മറ്റ് എല്ലാവരും തന്നെ ഈ സമയം ഉറക്കത്തിലായിരിക്കും. ഇപ്രകാരമുള്ള ജോലിയിൽ ഞങ്ങളുടെ പാതയിലൂടെ കുറുകെ കടക്കുന്ന മറ്റു കപ്പലുകളെ ശ്രദ്ധിക്കുക, ഞങ്ങളുടെ കപ്പൽ ശരിയായ ദിശയിലൂടെത്തന്നെയാണു പോകുന്നതെന്ന് ഉറപ്പുവരുത്തുക ഇവയൊക്കെയായിരുന്നു എന്റെ കർത്തവ്യം. കാറ്റിലും തിരയിലുംപെട്ട് ദിശമാറുമ്പോഴോ കപ്പൽച്ചാൽ മാറുമ്പോഴോ അതു ശരിയാക്കുന്നതും എന്റെ ജോലി ആയിരുന്നു. ഈ നാലു മണിക്കൂർ സമയവും കപ്പലിന്റെ സുരക്ഷിതത്വവും ഗതിയും എന്റെ ഉത്തരവാദിത്വത്തിലായിരുന്നു. ഈ കാവൽനേരത്ത് ഒരു മിനിട്ടു പോലും ഉറങ്ങുവാൻ എനിക്കു നിർവ്വാഹമില്ലായിരുന്നു.

അപ്രകാരം മറ്റുള്ളവരുടെ മേൽ *ജാഗ്രതപുലർത്താൻ* ബൈബിൾ ആവശ്യപ്പെടുമ്പോൾ അതെത്രയും ഗൗരവമുള്ള ഒരു കാര്യം തന്നെ. ആളുകൾ നഷ്ടപ്പെട്ടുപോകയോ, അവരറിയാതെ ഒഴുകിപ്പോകയോ, നശിച്ചുപോകയോ ചെയ്യാതെ അവരുടെ ജീവനുമേൽ ജാഗ്രത പുലർത്തുകയത്രേ ഒരു ആത്മീയ നേതാവു ചെയ്യേണ്ടത്.

എല്ലാ നല്ല ആശുപത്രികളിലും രോഗികളുടെ *അന്നന്നത്തെ അവസ്ഥ* അറിയാനായി ഡോക്ടർമാർ നടത്തുന്ന *സന്ദർശന റോന്തുകൾ* ഉണ്ട്. ഇത്തരം സന്ദർശന വേളകളിൽ ഒരു വാർഡിന്റെ ഒരറ്റത്തുനിന്ന് ആകമാനമൊന്നു നോക്കി രോഗികളെല്ലാം കുഴപ്പമില്ലാതെ കിടക്കുന്നു എന്നു ഏകദേശം മനസ്സിലാക്കിയങ്ങു പോവുകയാണോ സാധാരണ ചെയ്യാറ്? ഒരിക്കലുമല്ല. ഓരോ രോഗിയുടെയും നിജസ്ഥിതി വ്യക്തിഗതമായി പരിശോധിച്ചറിയുക തന്നെ ചെയ്യും.

എന്നാൽ പല പാസ്റ്റർമാരും എന്താണ് ചെയ്യാറുള്ളത്? ഞായറാഴ്ച പ്രഭാതത്തിൽ ഒന്നിച്ചു കൂടുമ്പോൾ ഒറ്റനോട്ടത്തിൽത്തന്നെ ആളുകളുടെ ആത്മീയാവസ്ഥ മനസ്സിലാക്കി എല്ലാം ശരിയെന്നു വിലയിരുത്തുന്നു.

എന്നാൽ പുറമേ കുഴപ്പമില്ലെന്നു തോന്നുന്ന പലരും അകമേ കുഴപ്പത്തിലായിരിക്കും. ആശുപത്രിയിലും സഭയിലും അങ്ങനെതന്നെ. പുറമേ ആരോഗ്യമുള്ളവരായിക്കാണപ്പെടുന്ന ചിലരുടെ ഉള്ളിനെ *അർബ്ബുദം* കാർന്നു തിന്നുകൊണ്ടിരിക്കുകയായിരിക്കും. അപ്രകാരം സഭയിൽ വളരെ സന്തോഷത്തോടെ കൈയടിച്ചു *'ഹലേലുയ്യാ'* പാടിത്തിമർക്കുന്ന ചിലരുടെ കുടുംബജീവിതത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ നീറുകയായിരിക്കും.

ഡോക്ടർ ഓരോ രോഗിയെയും വ്യക്തിപരമായി പരിശോധിക്കുമ്പോലെ ആത്മീയനേതാവ് ഓരോ വ്യക്തിയെയും വ്യക്തിപരമായി പരിശോധിച്ചറിയണം. അവരുടെ മേൽ ജാഗരിക്കണം.

*സദൃ:27:23ൽ* ഇപ്രകാരം പറയുന്നു: *"നിന്റെ ആടുകളുടെ അവസ്ഥയറിയാൻ ജാഗ്രതയായിരിക്കുക"*

സഭയിൽ അംഗസംഖ്യ വർദ്ധിക്കുമ്പോൾ പരിശീലനം ലഭിച്ച ആളുകളെ സഹായത്തിനായി ചേർക്കുക. വിശ്വസ്തരായവർക്ക് ഉത്തരവാദിത്വം പങ്കുവയ്ക്കുക. എണ്ണം കൂടുമ്പോൾ ഒരാൾക്ക് അത്രയും പേരുടെമേൽ ജാഗ്രത പുലർത്താൻ പ്രായോഗികമായി സാധ്യമല്ല. ഒരു വ്യക്തിക്ക് 12 പേരുടെ ചുമതലയായിരിക്കും എന്റെ അഭിപ്രായത്തിൽ അഭികാമ്യം. യേശു സ്വീകരിച്ച ശിഷ്യന്മാരുടെ എണ്ണവും അതായിരുന്നല്ലോ. എത്ര വിദഗ്ദ്ധനായിരുന്നാലും ഒരു ഡോക്ടർക്കു തന്നെ ഒരാശുപത്രിയിലെ മുഴുവൻ വാർഡുകളും പരിശോധിക്കാൻ കഴിയില്ല. നമുക്കെല്ലാം പരിമിതികളുണ്ട്.

ഒന്നിലധികം സഭകളുടെ ഉത്തരവാദിത്വം വഹിക്കുന്ന അപ്പൊസ്തൊലിക ശുശ്രൂഷ ചെയ്യുന്നവർ തങ്ങളുടെ സഭകളിലുള്ള *ഇടയന്മാരുടെ* ആത്മീയാവസ്ഥ അറിഞ്ഞിരിക്കേണം. മൂപ്പന്മാർ ആത്മീയരെങ്കിൽ സഭയും ആത്മീയമായിത്തീരും.

എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ, അധികം മൂപ്പന്മാരും രോഗികളെ *പരിശോധനാമുറിയിൽ* മാത്രം കാണുന്ന ഡോക്ടർമാരെപ്പോലെയാണ്. അവിടെ അവർ മരുന്നിനു കുറിപ്പുകൾ എഴുതി രോഗികളെ പറഞ്ഞയയ്ക്കുന്നു. പിന്നീട് രോഗി ജീവിച്ചിരിപ്പുണ്ടോ ഇല്ലയോ എന്നന്വേഷിക്കുന്നത് അവരുടെ ഉത്തരവാദിത്വമല്ല.

എന്നാൽ ഒരു ആത്മീയ നേതാവ് തന്റെ ഉത്തരവാദിത്വത്തിലുള്ള ആത്മാക്കളുടെ ശുശ്രൂഷ *വളരെ ഗൗരവത്തോടെ* നിർവ്വഹിക്കേണ്ടതാണ്.

◆

# 8

# ജീവനിൽനിന്നുള്ള ശുശ്രൂഷ

**ഒ**രു ആത്മീയ നേതാവ് മറ്റുള്ളവരെ ശുശ്രൂഷിക്കുന്നത് *ബുദ്ധിയിൽ* നിന്നായിരിക്കില്ല, *ജീവനിൽ* നിന്നായിരിക്കും.

*പഴയ നിയമകാലത്ത്* തങ്ങളുടെ സ്വകാര്യജീവിതത്തിൽ സദാചാരം വെടിഞ്ഞ ചിലരെപ്പോലും ദൈവം ഉപയോഗിച്ചതായി നാം കാണുന്നു. പാപത്തിൽ ജീവിച്ചിരുന്നപ്പോഴും യിസ്രായേലിന്റെ മോചനത്തിനായി ശിംശോനെ ദൈവം ഉപയോഗിച്ചു. അവൻ ദുർനടപ്പിലേയ്ക്കു വീണപ്പോഴും ദൈവത്തിന്റെ ആത്മാവ് അവനെ വിട്ടുകളഞ്ഞില്ല. അവൻ തന്റെ മുടി മുറിക്കുകയും ദൈവവുമായുള്ള ഉടമ്പടിബന്ധം അവസാനിപ്പിക്കയും ചെയ്തപ്പോൾ മാത്രമാണ് അവന്റെ മേലുള്ള അഭിഷേകം നഷ്ടപ്പെട്ടത്. ദാവീദിന് അനേകം ഭാര്യമാരുണ്ടായിരുന്നു. എങ്കിലും അവന്മേൽ ദൈവത്തിന്റെ അഭിഷേകം നിലനിൽക്കയും അവൻ തിരുവെഴുത്തുകളെ ചമയ്ക്കുകയും ചെയ്തു.

എന്നാൽ *പുതിയ ഉടമ്പടിയിലെ* ശുശ്രൂഷ തികച്ചും വ്യത്യസ്തമാണ്. പുതിയ-പഴയ ഉടമ്പടികളിലെ ശുശ്രൂഷകളുടെ വ്യത്യാസമെന്തെന്ന് കൊരിന്ത്യർക്കെഴുതിയ രണ്ടാം ലേഖനം മൂന്നാമദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇവ തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസം ഇതാണ്: പഴയനിയമത്തിൽ പുരോഹിതന്മാർ *തിരുവെഴുത്തുശ്രദ്ധയോടെ പഠിക്കയും* തുടർന്ന് അത് ജനത്തെ പഠിപ്പിക്കയും ചെയ്തു പോന്നു. എന്നാൽ പുതിയ ഉടമ്പടിയിലാകട്ടെ, വചനത്തിന്റെ വെളിച്ചത്തിൽ ജീവിക്കയും പിതാവിനോടൊത്ത് നടക്കയും സ്വന്തം ആന്തരിക ജീവനിൽ നിന്നു സംസാരിക്കയും ചെയ്തിരുന്ന *യേശുവിനെ നാം പിൻപറ്റുന്നു. ്നമ്മുടെ ജീവനിൽ* നിന്നു സംസാരിക്കുന്നതും *അറിവിൽ* നിന്നു സംസാരിക്കുന്നതും തമ്മിൽ വലിയ അന്തരമുണ്ട്.

ഇന്ത്യയിലെ ക്രിസ്തീയ വിശ്വാസികളിൽ നാം കണ്ടെത്തുന്ന ആഴമില്ലായ്മ തങ്ങളുടെ *നേതാക്കളിൽ* നിന്നു തന്നെ പകർന്നു കിട്ടിയിട്ടുള്ളതാണ്. ഒരു നേതാവിന്റെ ജീവിതം- ചിന്തകൾ, ഭാര്യയുമായും മക്കളുമായുമുള്ള ബന്ധം, സഹവിശ്വാസികളും സഹപ്രവർത്തകരുമായുള്ള ബന്ധം- ജഡമയമാണെങ്കിൽ അദ്ദേഹം ശുശ്രൂഷിക്കുന്ന ജനത്തിന്റെ ജീവിതവും ജഡികമായിരിക്കും. അത്തരം നേതാക്കന്മാരുടെ ശുശ്രൂഷ തങ്ങളുടെ തലച്ചോറിൽ ശേഖരിക്ക

പ്പെടുന്ന *വിവരങ്ങളുടെ* ഒരു പകരൽ മാത്രമായിരിക്കും. അതു *പഴയ ഉടമ്പടിപ്രകാരമുള്ള* ഒരു ശുശ്രൂഷ മാത്രമാണ്.

വെറും അറിവു മാത്രം പകർന്നു കൊടുക്കുന്ന ഒരു ശുശ്രൂഷ പഴയ നിയമശുശ്രൂഷയാണ്. ആ ശുശ്രൂഷകൻ പകരുന്ന അറിവുകളെല്ലാംതന്നെ ശരിയും കൃത്യവുമായിരിക്കും. പക്ഷേ അറിവിനോടൊപ്പം *ജീവൻ* പകരാത്തിടത്തോളം അതു പഴയനിയമശുശ്രൂഷയുടെ നിലവാരത്തിലേ നിൽക്കൂ. പഴയനിയമശുശ്രൂഷ അക്ഷരത്തിന്റെ ശുശ്രൂഷയാണ്. എന്നാൽ പുതിയ നിയമശുശ്രൂഷയാകട്ടെ, ജീവന്റേയും. *അക്ഷരം കൊല്ലുന്നു എന്നാൽ ആത്മാവ് ജീവിപ്പിക്കുന്നു.*

പഴയ ഉടമ്പടിയിൽ ദൈവം യിസ്രായേലിനു *നിയമങ്ങളെ കൊടുത്തു.* പുതിയ ഉടമ്പടിയിലാകട്ടെ നമുക്ക് നൽകിയത് ഒരു *മാതൃകയാണ്*- യേശു എന്ന വ്യക്തിയെ. അവിടുത്തെ *ജീവൻ* മനുഷ്യരുടെ വെളിച്ചമാണ്. വെളിച്ചമെന്നാൽ ഇന്ന് ഒരു ഉപദേശമോ വിശ്വാസപ്രമാണമോ അല്ല, നമ്മിലൂടെ വെളിപ്പെടുന്ന യേശുവിന്റെ ജീവനാണ്. അതിൽ നിന്നും വ്യതിരിക്തമായതെന്തും അതു *സുവിശേഷ സത്യങ്ങളോ പഥ്യോപദേശങ്ങളോ* എന്തു തന്നെ ആയിരുന്നാലും ഇരുട്ടു തന്നെയാണ്.

*സങ്കീ. 119:105 ൽ* നാം വായിക്കുമ്പോലെ പഴയനിയമകാലത്ത് എഴുതപ്പെട്ട പ്രമാണങ്ങളായിരുന്നു വെളിച്ചം. എന്നാൽ വചനം ജഡമായിത്തീർന്നതോടെ യേശുതന്നെ വെളിച്ചമായി ത്തീർന്നു *(യോഹ. 8:12).* അവിടുത്തെ ജീവൻ മനുഷ്യരുടെ വെളിച്ചമായി *(യോഹ. 1:4).* എന്നാൽ യേശു ശിഷ്യന്മാരോട് ഇപ്രകാരം പറഞ്ഞു: ഞാൻ ലോകത്തിൽ ഇരിക്കുന്ന നാളോളം മാത്രമേ എനിക്കു ലോകത്തിന്റെ വെളിച്ചമായിരിപ്പാൻ കഴികയുള്ളു *(യോഹ. 9:5).* താൻ പോയ ശേഷം നമ്മെ അപ്രകാരം വെളിച്ചമായിത്തുടരാൻ നിയോഗിച്ചിരിക്കുന്നു (*മത്താ.5:14).* അപ്രകാരം വെളിച്ചമായിരിക്കാനുള്ള വലിയ ഉത്തരവാദിത്വം നമ്മുടെ മേൽ നിക്ഷിപ്തമായിരിക്കുന്നു- *നമ്മുടെ ജീവിതം കൊണ്ട്.*

ഒരു സഭ വലിയ വ്യത്യാസമില്ലാതെ അതിന്റെ നേതാവിനെ പ്രതിഫലിപ്പിക്കും. *വെളിപ്പാട് രണ്ട്, മൂന്ന്* അദ്ധ്യായങ്ങളിൽ കാണുന്ന ഏഴു സഭകൾക്കും അവയുടെ ദൂതന്മാർക്കും ഒരേ സന്ദേശം തന്നെയാണ് കർത്താവു നൽകുന്നതെന്ന കാര്യം ശ്രദ്ധിക്കുക. ഓരോ സന്ദേശവും അവസാനിക്കുന്നത് അതേ സന്ദേശം തന്നെയാണ് ആത്മാവ് സഭകൾക്കും നൽകുന്നതെന്ന ധ്വനിയോടെയാണ്. അവയിൽ അഞ്ചു സഭകളുടെയും ദൂതന്മാർ ജഡികരായിരിക്കുന്നു. സഭകളും ജഡീകങ്ങളായിരുന്നു. രണ്ടു പേർ ആത്മീയരായിരുന്നു. അവരുടെ സഭകളും ആത്മീയമായിരുന്നു. ലാവോദിക്യയിലെ സഭയുടെ ദൂതൻ *മന്ദോഷ്ണവാനായിരുന്നു.* സഭയും അപ്രകാരമായിരുന്നു. ഫിലദൽഫിയയിലെ സഭയുടെ ദൂതൻ *വിശ്വസ്തനായിരുന്നു.* സഭയും അപ്രകാരം തന്നെയായിരുന്നു.

ഉൽപത്തി 1-ാം അദ്ധ്യായത്തിൽ ആവർത്തിച്ചു കാണുന്ന ഒരു പദപ്രയോഗമുണ്ട്- *'അതതു തരം'.* അതതു തരം വിത്തുള്ള ഫലം കായ്ക്കുന്ന വൃക്ഷങ്ങൾ. എന്നുവച്ചാൽ അതിന്റെ തന്നെ തരത്തിലുള്ള എന്ന അർത്ഥത്തിലാണതുപയോഗിച്ചിരിക്കുന്നത്. ഈ പ്രയോഗം ആകാശത്തിലും കരയിലും വെള്ളത്തിലുമുള്ള സകല ജീവജാലങ്ങളോടുമുള്ള ബന്ധത്തിൽ ആവർത്തിച്ചിരിക്കുന്നതു *11,12,21,22,25* വാക്യങ്ങളിൽ നമുക്കു കാണുവാൻ കഴിയും. ഓരോന്നും അതിന്റെ തന്നെ തരത്തിലുള്ളവയ്ക്കു പ്രജനനം നല്കാനുള്ള വ്യവസ്ഥ സൃഷ്ടിയിൽ ദൈവം വച്ചിരിക്കുന്നു.

ദൈവം *തന്റെ സ്വരൂപത്തിൽ* ആദമിനെ സൃഷ്ടിച്ചു *(ഉല്പ. 5:1).* എന്നാൽ ആദാമാകട്ടെ *തന്റെ സ്വരൂപത്തിൽ* ഒരു പുത്രനെ ജനിപ്പിച്ചു. ദൈവത്തിന്റെ സ്വരൂപത്തിൽ ഒരു പുത്രനെ ജനിപ്പിക്കുവാൻ ആദാമിനു കഴിഞ്ഞില്ല. *തന്റെ തന്നെ രൂപത്തിലുള്ള* ഒന്നിനെ ജനിപ്പിക്കുവാനേ അവനു കഴിഞ്ഞുള്ളു.

ആത്മീയമായും ഈ തത്വം ശരിയാണ്. *നമ്മുടെ നിലവാരത്തിലും അവസ്ഥയിലുമുള്ളവരെ* മാത്രമേ ഉളവാക്കുവാൻ നമുക്കു കഴിയുകയുള്ളു. നാം ബുദ്ധിമാന്മാരെങ്കിൽ നമ്മുടെ ശുശ്രൂഷയിലൂടെ നാമും ബുദ്ധിമാന്മാരെ മാത്രമേ സൃഷ്ടിക്കൂ. നാം ലുബ്ധന്മാരെങ്കിൽ ലുബ്ധന്മാരെ സൃഷ്ടിക്കും. നിഗളികളെങ്കിൽ നിഗളികളെ സൃഷ്ടിക്കും. എന്നാൽ ഒരു ശുശ്രൂഷകന്റെ എളിയ മനോഭാവമാണ് നമുക്കുള്ളതെങ്കിൽ നാമും അപ്രകാരമുള്ളവരെ സൃഷ്ടിക്കും.

എന്നാൽ അപ്രകാരമുള്ള സഭകളിലും അപൂർവ്വം ചിലരെങ്കിലും നേതാക്കളിലൂടെ തങ്ങൾക്കു ലഭിച്ചിരിക്കുന്ന ജഡമയരൂപത്തെ ഉപേക്ഷിച്ചു ദൈവത്തെ അന്വേഷിക്കുവാനും ആത്മീയരാകുവാനും ശ്രമം നടത്തുന്നതും കാണാം. ഇപ്രകാരമുള്ള സംഭവങ്ങൾ അത്യപൂർവ്വം തന്നെ. പൊതുവായി പറഞ്ഞാൽ ആളുകൾ ആടുകളെപ്പോലെയാണ്. തങ്ങളുടെ നേതാവ് എവിടെപ്പോയാലും അവർ അന്ധമായി അനുകരിക്കുന്നവരാണ്. 'യഥാ രാജാ തഥാ പ്രജാ' എന്ന ചൊല്ലു പോലെ. നേതാവ് അന്ധനെങ്കിൽ രണ്ടു കൂട്ടരും കുഴിയിൽത്തന്നെ.

നിങ്ങളുടെ സഭയിലെ വിശ്വാസികൾ പുറത്തു പോവുകയും തങ്ങളുടെ സ്വരൂപത്തിലുള്ളവരെ വാർത്തെടുക്കുകയും ചെയ്യുമെന്ന് ഓർമ്മിക്കുക. അങ്ങനെ നിങ്ങൾക്കു *പേരക്കുട്ടികളുമുണ്ടാകും.* യേശു കർത്താവിന്റെ മടങ്ങിവരവിനോളം ഈ പ്രക്രിയ തുടരും. അതുകൊണ്ടു നിങ്ങൾ രൂപം കൊടുക്കുന്ന കുട്ടികൾ എപ്രകാരമുള്ളവരെന്നതിനെ കുറിച്ചു കരുതലുള്ളവരായിരിക്കുക.

അതുകൊണ്ടു തുടക്കം മുതൽക്കു തന്നെ നിങ്ങൾ വെറും വിശ്വാസികളെയല്ല *ശിഷ്യരെത്തന്നെ* ഉളവാക്കും എന്നു ഉറപ്പാക്കുക. അതിനു വേണ്ടത് പ്രാഥമികമായി നിങ്ങൾ തന്നെ ശിഷ്യരായിത്തീരുക എന്നതാണ്. മറ്റുള്ള

വർക്കു പകർന്നുകൊടുക്കാൻ കഴിയുന്ന ഒരു *ജീവൻ* നിങ്ങളിൽ ഉണ്ടായിരിക്കട്ടെ.

വിശ്വാസികൾ പുറപ്പെട്ടു പോയി വെറും വിശ്വാസികളെ ഉളവാക്കും. അവരും തുടർന്ന് വിശ്വാസികളെ ഉളവാക്കും. അത്തരം വിശ്വാസികൾക്കു രക്ഷയെക്കുറിച്ചുള്ള വചനം ഗ്രഹിക്കാൻ കഴിയും. പക്ഷേ *ശിഷ്യത്വത്തിലേക്കു* വരുവാനും കർത്താവിനെ അനുഗമിക്കുവാനും താത്പര്യമുണ്ടാവില്ല. അവർക്ക് അറിവുണ്ടാകും; ജീവനുണ്ടാവുകയില്ല. എന്നാൽ നിങ്ങൾ ശിഷ്യരെ ഉളവാക്കുന്നു എങ്കിൽ അവർ പോയി കൂടുതൽ ശിഷ്യന്മാരെത്തന്നെ ഉളവാക്കും. അതുകൊണ്ടു *ജീവൻ* പകർന്നു കൊടുക്കുന്നതാണു പ്രധാനം.

പഴയ നിയമകാലത്തെ സമാഗമന കൂടാരം സഭയുടെ ഒരു പ്രതീകമാണ്. ആ കൂടാരത്തിനു മൂന്നു ഭാഗങ്ങളുണ്ടായിരുന്നു എന്നു നിങ്ങൾക്കറിയാം. *പ്രാകാരം, വിശുദ്ധസ്ഥലം, ദൈവം വസിച്ചിരുന്ന അതിവിശുദ്ധസ്ഥലം.* പാപക്ഷമ മാത്രം ലഭിച്ച വിശ്വാസികളെപ്പോലെയാണു *പ്രാകാരത്തിലുള്ളവർ.* അവർ തങ്ങളുടെ സഭയിൽ ഉത്തരവാദിത്വങ്ങളൊന്നും തന്നെ വഹിക്കുന്നില്ല. അവർ സഭായോഗങ്ങളിൽ കടന്നു വരുന്നു. പ്രസംഗം കേൾക്കുന്നു. അപ്പം നുറുക്കുന്നു. സ്തോത്രകാഴ്ച കൊടുക്കുന്നു. തിരികെ പ്പോകുന്നു. *വിശുദ്ധസ്ഥലത്തുള്ളവർ* സഭയിൽ എന്തെങ്കിലും ചെയ്യാൻ ആഗ്രഹിക്കുന്നവരെപ്പോലെയാണ്. വിളക്കിൽ എണ്ണ പകരുകയും ധൂപ പീഠത്തിൽ സുഗന്ധവർഗ്ഗം ഇടുകയും കാഴ്ചയപ്പം മാറ്റുകയും ഒക്കെ ചെയ്യുന്ന ലേവ്യരെപ്പോലെ. *എന്നാൽ അതിവിശുദ്ധസ്ഥലത്തുള്ളവർ* പുതിയ ഉടമ്പടിയിൽ പ്രവേശിച്ചവരാണ്. അവർ ദൈവത്തോടു കൂട്ടായ്മ ആഗ്രഹിക്കുകയും മറ്റു ശിഷ്യരോടു ചേർന്ന് ഒരു ശരീരമായി പണിയപ്പെടാൻ ആഗ്രഹിക്കയും ചെയ്യുന്നു. ജീവനിൽ നിന്നു ശുശ്രൂഷിക്കുന്ന അവർതന്നെയാണ് ജീവനുള്ള യഥാർത്ഥ സഭ. ഇങ്ങനെയുള്ളവർ സാത്താനോടു പോരാടി സഭയെ പവിത്രമായി സൂക്ഷിക്കുന്നു. എന്നാൽ പല സഭകളിലും ഇത്തരത്തിലുള്ള സഹോദരങ്ങളുടെ ഒരു കേന്ദ്രവൃത്തമില്ല.

നല്ലതോ മോശമോ ആയ എല്ലാ സഭകളിലും *പ്രാകാരത്തിലുള്ള* ആളുകൾ ഒരേ തരക്കാരാണ്. അർദ്ധമനസ്കരും ലൗകികരും സ്വേച്ഛാതത്പരരും, ധനസ്നേഹികളും, സുഖഭോഗ കാംക്ഷികളുമാണ്. എന്നാൽ ഒരു നല്ല സഭയിൽ ദൈവഭക്തന്മാരായ സഹോദരന്മാരുടെ ഒരു സംഘം ജീവൻ തുടിപ്പിക്കുന്ന കേന്ദ്രബിന്ദുവായി പ്രവർത്തിക്കുന്നുണ്ടാകും.

ഈ കേന്ദ്രവൃത്തം ഒന്നായിത്തീർന്ന രണ്ടു സഹോദരന്മാരിൽ നിന്ന് ആരംഭം കുറിക്കുന്നു. ദൈവം അവരോടൊപ്പം നിൽക്കുന്നു. ക്രമേണ ഈ രണ്ടുപേരുടെ സംഘം വളരുന്നു. എണ്ണത്തിലും ഐക്യത്തിലും. ഒരു അമ്മയുടെ ഉദരത്തിൽ രൂപം കൊള്ളുന്ന മനുഷ്യശരീരവും ഇപ്രകാരം തന്നെയാണ്. *വ്യത്യസ്ത ധർമ്മങ്ങളുള്ള* രണ്ട് ബീജങ്ങൾ ഒന്നായിച്ചേർന്നുകൊണ്ടാണ് അതാരംഭിക്കുന്നത്. ഭ്രൂണം വളർച്ച പ്രാപിക്കുന്നതോടെ പുതുതായി വരുന്ന

കോശങ്ങൾ ഒന്നോടൊന്നു ചേരുന്നു. എപ്പോഴെങ്കിലും ആ കോശങ്ങൾ വേർപിരിഞ്ഞാൽ അതോടെ ആ കുഞ്ഞിന്റെ അന്ത്യം കുറിക്കുകയായി.

ക്രിസ്തുവിന്റെ ശരീരമെന്ന നിലയിലുള്ള പ്രാദേശികസഭയുടെയും അവസ്ഥ ഏതാണ്ടിതു തന്നെയാണ്. സഭയുടെ ഹൃദയമായിരിക്കുന്ന കേന്ദ്രസംഘം വിഘടിച്ചാൽ യഥാർത്ഥസഭയുടെ അന്ത്യമായി. ബാഹ്യസംഘടന ഒരു സമുദായം പോലെ നിലനിൽക്കുമെന്നു മാത്രം.

പഴയ പുതിയ ഉടമ്പടികൾ തമ്മിലുള്ള വ്യത്യാസത്തെ നമുക്കു കാണിച്ചുതരുന്ന പുതിയനിയമത്തിലെ ഒരു പുസ്തകമാണ് *എബ്രായർ.* എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ, എബ്രായലേഖനം അധികം ക്രിസ്ത്യാനികൾക്കും പരിചയമുള്ള ഒന്നല്ല. റോമർ, എഫെസ്യർ, ഫിലിപ്പ്യർ ഒക്കെ പരിചിതമായ പുസ്തകങ്ങളാണ്. എന്നാൽ എബ്രായർ അങ്ങനെയല്ല. അതിന്റെ കാരണം എബ്രായ ലേഖനം പാലുപോലെ ലഘുവായ ഭക്ഷണമല്ല, കട്ടിയായ ആഹാരമാണ്. അതു ചവയ്ക്കാൻ തക്കവണ്ണം അധികം പേർക്കും പല്ലു മുളച്ചിട്ടില്ല. അവർ ശിശുക്കളാണ്. അതിന്റെ ആരംഭവാക്യം തന്നെ ഇപ്രകാരമാണ്: ദൈവം മുൻകാലങ്ങളിൽ പ്രവാചകന്മാരിലൂടെ സംസാരിച്ചു. എന്നാൽ ഇപ്പോൾ പുത്രനിൽ കൂടി *ജീവനെ* നൽകുമാറ് സംസാരിക്കുന്നു.

അതുകൊണ്ടാണ് പിതാവ് യേശുവിനെ ഒരു ശിശുവായിത്തന്നെ ലോകത്തിലേക്കയച്ചത്. ദൈവത്തിനു യേശുവിനെ പൂർണ്ണ വളർച്ചയെത്തിയ ഒരു പുരുഷനായി ലോകത്തിലേക്കയയ്ക്കാൻ പ്രയാസമുണ്ടായിട്ടല്ല. ശൈശവം മുതല്ക്കേ നാം നേരിടുന്ന പരീക്ഷകൾ അഭിമുഖീകരിക്കാനും മനുഷ്യർ എന്ന നിലയ്ക്കുള്ള എല്ലാ അനുഭവങ്ങളും ഏറ്റുവാങ്ങാനും വേണ്ടിയായിരുന്നു.

എന്നാൽ അധികം ക്രിസ്ത്യാനികളും കാണുന്നതു മൂന്നര വർഷത്തെ പരസ്യശുശ്രൂഷാകാലത്തിന്റെയും കാൽവരിയിലെ യാഗത്തിന്റെയും കാഴ്ചപ്പാടിലൂടെയാണ്. 99% ക്രിസ്ത്യാനികളും മുപ്പതുവയസുവരെ യേശു നസറേത്തിൽ എങ്ങനെ ജീവിച്ചു എന്നു ചിന്തിക്കാത്തവരാണ് എന്നു ഞാൻ വിചാരിക്കുന്നു. അവർ അവിടുത്തെ *ജനനത്തെക്കുറിച്ചു* ചിന്തിക്കുന്നു. എല്ലാ വർഷവും അത് ആഘോഷിക്കയും ചെയ്യുന്നു. അവർ അവിടുത്തെ *മരണപുനരുത്ഥാനങ്ങളെക്കുറിച്ചു* ചിന്തിക്കുന്നു. അതും വർഷം തോറും ആഘോഷിക്കുന്നു. കൂടാതെ യേശു ചെയ്ത അത്ഭുതങ്ങളെക്കുറിച്ചും അവർ ചിന്തിക്കുന്നു. അത്രമാത്രം.

എന്നാൽ യേശുവിന്റെ ജീവിതത്തിലെ ഭൂരിഭാഗം വരുന്ന സമയം അധികം പേരും ചിന്തിക്കാതെ വിട്ടുകളയുന്നു. യേശുവിന്റെ ആകെ ജീവിതകാലത്തിന്റെ ഏതാണ്ട് 10% സമയം മാത്രമായിരുന്നു അവിടുത്തെ പരസ്യശുശ്രൂഷാ കാലം. 331/2 വർഷത്തിലെ 3 1/2 വർഷം. യേശുവിന്റെ ജനനവും മരണവും വെറും ഓരോ ദിവസങ്ങൾ മാത്രമായിരുന്നു എന്നു നാം ഓർക്കുക. മൂന്നര വർഷത്തെ

ശുശ്രൂഷയിൽ സംസാരിച്ച സന്ദേശങ്ങൾ ഒരുക്കുവാൻ നീണ്ട മുപ്പതു വർഷങ്ങൾ വേണ്ടിവന്നു. *ഗിരിപ്രഭാഷണം* ഇന്നത്തെ പ്രസംഗകർ തയ്യാറാക്കുമ്പോലെ തന്റെ പഠന മുറിയിലിരുന്ന് പുസ്തകങ്ങൾ പരിശോധിച്ച് കുറിപ്പുകൾ തയ്യാറാക്കി എഴുതിയുണ്ടാക്കിയ ഒരു പ്രസംഗമല്ല. തന്റെ ജീവനിൽ നിന്നും ഒഴുകിയിറങ്ങിയ നീർച്ചാലത്രേ അത്. 30 വർഷം വേണ്ടിവന്നു അതു ഒരുക്കുവാൻ. അതുകൊണ്ടായിരുന്നു ആളുകളെ വിസ്മയിപ്പിക്കുവാൻ തക്ക ശക്തിയും *അധികാരവും* ആ വാക്കുകൾക്കുണ്ടായിരുന്നത് *(മത്താ.7:28,29).*

ചില ദിവസങ്ങളിൽ മാത്രമാണ് ദൈവം യിരെമ്യാവിനോടു സംസാരിച്ചതെന്നു നാം *പഴയനിയമത്തിൽ* കാണുന്നു. യിരെമ്യാവ് അതൊക്കെയും കൃത്യമായി തന്റെ എഴുത്തുകാരനായ ബാരൂക്കിനെക്കൊണ്ട് പറഞ്ഞുകൊടുത്ത് എഴുതിച്ചു. അപ്രകാരം തന്നെ യഹൂദയിലെ ആളുകളോടു സംസാരിക്കേണ്ട കാര്യങ്ങൾ ആ ചുരുങ്ങിയ ദിവസങ്ങളിൽ മാത്രം ദൈവം യെഹസ്കേലിനോട് കല്പിച്ചു കൊണ്ടിരുന്നു. അപ്രകാരം അരുളിച്ചെയ്ത വചനം മാത്രം കൃത്യമായി യെഹസ്കേൽ ജനത്തെ അറിയിച്ചു. അതത്രയും നല്ലത്. നാമും അപ്രകാരം തന്നെ ഇന്നും ചെയ്യുന്നുവെങ്കിൽ അതു വളരെ നല്ലതുതന്നെ.

പക്ഷേ പുതിയ നിയമ ശുശ്രൂഷ അതിനെ കവിഞ്ഞു നിൽക്കുന്ന ഒന്നാണ്. ആ പഴയനിയമപ്രവാചകന്മാരോടു സംസാരിച്ചിരുന്നതു പോലെ *ചിലദിവസങ്ങളിൽ മാത്രമല്ല* ദൈവം യേശുവിനോടു സംസാരിച്ചിരുന്നത്. ദൈവം യേശുവിനോടു *എല്ലാ ദിവസവും* സംസാരിച്ചിരുന്നു. അതു പോലെ യേശുവും എല്ലാ ദിവസവും തന്റെ ജീവനിൽ നിന്നും ജനത്തോടു സംസാരിച്ചിരുന്നു. അവിടുത്തെ ശുശ്രൂഷ അവിടുത്തെ ജീവനിൽ നിന്നായിരുന്നു ഉറവു പൊട്ടിയൊഴുകിയത്. *യോഹ. 7:38-ൽ "അന്തരാത്മാവിൽ നിന്നും ജീവജലത്തിന്റെ നദികൾ ഒഴുകും"* എന്നു പറയുന്നതിന്റെ അർത്ഥം അതാണ്.

ഇത്രയും പറഞ്ഞതിന്റെ വെളിച്ചത്തിൽ നിങ്ങൾ നിങ്ങളുടെ സഭകളിൽ പുതിയ നിയമ പ്രകാരമുള്ള ശിഷ്യന്മാരെയാണോ പഴയനിയമ മാതൃകയിലുള്ള മതഭക്തരെയാണോ ഉളവാക്കുന്നതെന്നു നിങ്ങൾ സ്വയം ചോദിക്കുന്നതു നന്നായിരിക്കും. ഇതിന്റെ ഉത്തരം നിങ്ങൾ തന്നെ ഒരു പുതിയ നിയമശുശ്രൂഷകനോ പഴയനിയമ ശുശ്രൂഷകനോ എന്നതിനെ ആശ്രയിച്ചായിരിക്കും.

പഴയനിയമപ്രവാചകന്മാർ വെറും *ദൂതുവാഹകന്മാരായിരിന്നു*. ഒരു ദൂത് ഒരിടത്തെത്തിക്കാൻ നിങ്ങൾക്ക് മെച്ചപ്പെട്ട ഓർമ്മശക്തി മാത്രമേ ആവശ്യമുള്ളു. എന്നാൽ പുതിയ നിയമത്തിൽ സന്ദേശം മാത്രമല്ല ദൈവം അയയ്ക്കുന്നത് അവിടുത്തെ ജീവൻ തന്നെയാണ്. അതുകൊണ്ടുതന്നെ നല്ല *ഓർമ്മശക്തിയല്ല* ഒരു പുതിയ നിയമ ശുശ്രൂഷകനാവശ്യം ***ദൈവിക ജീവനാണ്.***

ഒരുദാഹരണം നൽകട്ടെ: നിങ്ങൾ ടാപ്പിൽ നിന്നും ഒരു പാത്രത്തിൽ വെള്ളം നിറച്ചുകൊണ്ടു വരുന്നു (ദൈവത്തിൽ നിന്നും സന്ദേശം സ്വീകരിച്ചു

കൊണ്ടു വരുന്നു.) അതു വലിയ ഒരു പാത്രത്തിലേയ്ക്ക് ഒഴിക്കുന്നു. ഇതാണ് *പഴയ നിയമ ശുശ്രൂഷ.* വീണ്ടും വെള്ളം പിടിച്ചു കൊണ്ടു വരുന്നു. ഒഴിക്കുന്നു.

എന്നാൽ *പുതിയ നിയമത്തിൽ* നമ്മുടെ ഉള്ളിൽത്തന്നെ ഒരു ഉറവു നൽകിയിരിക്കയാണ്. നമ്മുടെ ഉള്ളിലിരിക്കുന്ന യേശുവിന്റെ ജീവൻ തന്നെ. അതു നമ്മിൽ നിന്നു തടസ്സം കൂടാതെ ഒഴുകുന്നു. അതുകൊണ്ടു തന്നെ ഓരോ സമയത്തും ഒരു സന്ദേശത്തിനുവേണ്ടി നമുക്കു ദൈവത്തിങ്കലേയ്ക്കു പോകേണ്ടതായിട്ടില്ല. യേശു നമ്മെത്തന്നെ സന്ദേശമാക്കി മാറ്റുന്നു. അവിടുത്തെ ജീവൻ നമ്മിലൂടെ വെളിപ്പെടുന്നു്.. നാം അതിൽ നിന്നു സംസാരിക്കുന്നു.

അധികം പേരുടെയും ശുശ്രൂഷ ആദ്യം പറഞ്ഞ തരത്തിൽ വെള്ളം പിടിച്ചുകൊണ്ടു വന്ന് *ഒഴിക്കുന്നതു പോലെയാണ്.* ചിലർ ഒഴിക്കുമ്പോൾ ഒന്നും കാണുകയില്ല. ചിലർ ഒഴിക്കുമ്പോൾ എന്തെങ്കിലും കാണും. പക്ഷേ രണ്ടു കൂട്ടരും ഒഴിച്ചു കഴിയുമ്പോൾ പാത്രം ശൂന്യമാകും.

യേശു ശമര്യക്കാരത്തി സ്ത്രീയോടു പറഞ്ഞതു ശ്രദ്ധിക്കുക. അനുസ്യൂതം നിർഗ്ഗളിക്കുന്ന *നിത്യജീവന്റെ ഉറവ* താൻ അവൾക്കും നൽകും എന്ന്. നിത്യജീവൻ എന്നാൽ ദൈവത്തിന്റെ ഈ ജീവൻ തന്നെ.

നമ്മിൽ നിന്നു പുറത്തേക്കു വരേണ്ടത് വെറും ഒരു സന്ദേശമല്ല എന്ന് യേശു ആഗ്രഹിക്കുന്നു. ജീവൻ തന്നെ ഒഴുകണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. അതാണു പുതിയ ഉടമ്പടിയിലെ ശുശ്രൂഷ.

◆

# 9

# ദൈവശക്തിയിൽ ശുശ്രൂഷിക്കുക

**ഒ**രു ആത്മീയനേതാവ് ചെയ്യുന്ന എല്ലാ ശുശ്രൂഷയും *ദൈവഹിതത്തിലും ദൈവശക്തിയിലും ദൈവമഹത്വത്തിനായിട്ടുമായിരിക്കും.* അതുകൊണ്ടുതന്നെ അവയെല്ലാം അന്തിമമായ അഗ്നിശോധനയിലൂടെ, *പൊന്ന്, വെള്ളി, വിലയേറിയ കല്ലുകൾ* മുതലായവയെപ്പോലെ, കടന്നു വന്നവയായിരിക്കും. *(1 കൊരി. 3:12–15).*

*2 കൊരിന്ത്യർ 3:5,*6–വാക്യങ്ങളിൽ പൗലോസ് പറയുന്നത് ദൈവം തന്നെ നമ്മെ നിറയ്ക്കയും പ്രാപ്തരാക്കുകയും ചെയ്യുന്നില്ലെങ്കിൽ പുതിയനിയമ ശുശ്രൂഷ ചെയ്യുവാൻ നമുക്കു സാധ്യമല്ല എന്നത്രേ. ദൈവം നൽകുന്ന പ്രാപ്തിയിൽ നിന്നു ശുശ്രൂഷ ചെയ്യുമ്പോൾ അതിന്റെ പ്രശംസ നമുക്കാവില്ല. നാം നിർമ്മിക്കാത്ത ഒരു വസ്തുവിന്റെ പേരിൽ ലഭിക്കുന്ന പ്രശംസ നമുക്കു സ്വീകരിക്കാൻ കഴിയില്ലല്ലോ. നമ്മിലൂടെ ഒഴുകുന്ന *ദൈവികജീവനാണ്* യഥാർത്ഥത്തിൽ മറ്റുള്ളവർക്ക് അനുഗ്രഹമായിത്തീരുന്നത്.

*ആരോ* പാകം ചെയ്ത ഒരു കേക്ക് ഞാൻ നിങ്ങൾക്കു വിളമ്പിത്തന്നു എന്നിരിക്കട്ടെ. നിങ്ങൾ അതു തിന്നിട്ട് "ഹാ! താങ്കളുടെ ഈ കേക്ക് എത്ര രുചികരമായിരിക്കുന്നു" എന്ന് അഭിപ്രായപ്പെട്ടാൽ അതിന്റെ പേരിൽ അഭിമാനംകൊള്ളാൻ എനിക്കല്പം പോലും കഴിയില്ല. കാരണം, അതു *മറ്റാരോ* നിർമ്മിച്ചതാണ്. അതു *ഞാനായിരുന്നു* നിർമ്മിച്ചതെങ്കിൽ എനിക്കഭിമാനിക്കാമായിരുന്നു. മറ്റൊരാൾ ചെയ്ത ഒരു പ്രവൃത്തിയെക്കുറിച്ച് എനിക്കഭിമാനിക്കാനൊന്നുമില്ലല്ലോ.

*ദൈവം നമ്മിൽനിർമ്മിച്ചതാണോ അതോ നാം തന്നെ നമ്മിൽ ഉൽപാദിപ്പിച്ചതാണോ* നാം മറ്റുള്ളവർക്കു നൽകുന്നതെന്ന് തിരിച്ചറിയാനുള്ള വഴിയാണിത്. നാം നമ്മുടെ ശുശ്രൂഷയിൽ (ആ കേക്ക്) വലിയ അഭിമാനം ഉള്ളവരാണോ? എങ്കിൽ നാം തന്നെയാണ് ആ ശുശ്രൂഷ(കേക്ക്) ഉൽപാദിപ്പിച്ചത്. ദൈവത്തിന് അതിൽ ഒരു പങ്കുമില്ല. അതേ സമയം ദൈവമാണ് അത് ഉൽപാദിപ്പിച്ചതെങ്കിൽ നമുക്ക് അതിൽ എന്താണ് സ്വയം അഭിമാനിക്കാനുള്ളത്? പുരുഷാരത്തിനു തങ്ങൾ വിളമ്പിക്കൊടുത്ത അഞ്ചപ്പത്തെക്കുറിച്ചും മീനിനെക്കുറിച്ചും യേശുവിന്റെ ശിഷ്യന്മാർക്കു പ്രശംസിക്കാനെന്തെങ്കിലും

ഉണ്ടായിരുന്നു എന്നു താങ്കൾ കരുതുന്നുണ്ടോ? അപ്പവും മീനുമടങ്ങുന്ന തന്റെ ഭക്ഷണപ്പൊതി യേശുവിനെ ഏല്പിച്ച ബാലന്റെയത്രപോലും അഭിമാനിക്കാൻ ശിഷ്യന്മാർക്ക് ഒന്നുമുണ്ടായിരുന്നില്ല. യേശു കുട്ട നിറച്ചെടുത്തത് അവർ *വിതരണം* ചെയ്തു എന്നുമാത്രം.

നമ്മെ *നിർമ്മാണം* ഏല്പിക്കാതെ *വിതരണച്ചുമതല* മാത്രം ഏല്പിച്ച ദൈവത്തിനു നന്ദി പറയാം. അതുകൊണ്ട് നമുക്ക് ഏതു സമയത്തും സ്വസ്ഥമായിക്കഴിയാം. നിർമ്മാണം നടത്തേണ്ടിവന്നിരുന്നെങ്കിൽ നാം ഭാരപ്പെട്ട് തളർന്നേനേ. എന്നാൽ വിതരണത്തിൽ നമുക്കതാവശ്യമില്ല. നമ്മുടെ വിതരണ പ്രവൃത്തിയിൽ നമുക്കു *ക്ഷീണം* തോന്നാമെങ്കിലും *ഭാരവും ബുദ്ധിമുട്ടും* ഒരിക്കലുമുണ്ടാവില്ല. കാരണം നമ്മുടെ പ്രാപ്തി ദൈവത്തിൽ നിന്നത്രേ. ഫലപ്രദമായതൊന്നും തന്നെ ഉത്പാദിപ്പിക്കാൻ നമുക്കു കഴിയില്ല. അതിനു നാം തുനിയേണ്ട കാര്യവുമില്ല.

പരിശുദ്ധാത്മാവിന്റെ ശക്തി കൂടാതെയും ദൈവസഹായമില്ലാതെയും നാം ചെയ്യുന്ന ഏതൊരു കാര്യവും നിത്യതയിൽ യാതൊരു മൂല്യവുമുള്ളതായിരിക്കില്ലെന്നു നാം ഓർത്തിരിക്കേണ്ടതാണ്. പ്രാർത്ഥനയും ദൈവസഹായവും പരിശുദ്ധാത്മശക്തിയും കൂടാതെ ധാരാളം പ്രസംഗവും പ്രവൃത്തിയും ഒക്കെ ചെയ്‌വാൻ നമുക്കു കഴിഞ്ഞേക്കാം. മാനുഷികമായ നിലയിൽത്തന്നെ നമുക്കു ധാരാളം കഴിവുകളുണ്ടാകാം. അതിൽനിന്നു വലിയ പ്രവൃത്തികളും നിറവേറ്റാൻ നമുക്കു കഴിഞ്ഞെന്നു വരാം. പക്ഷേ ദൈവത്തിന്റെ ദൃഷ്ടിയിൽ അതെല്ലാം വെറും പുല്ലും മരവും വൈക്കോലുമാണെന്ന് ഒരുനാൾ നാം കണ്ടെത്തും.

ആളുകളെ വൈകാരികമായി ഉണർത്തി പ്രകമ്പനം കൊള്ളിക്കുന്ന ഒരു ശക്തനായ പ്രസംഗകനാണ് നിങ്ങളെന്ന് ഒരുപക്ഷേ നിങ്ങൾ കരുതുന്നുണ്ടായിരിക്കാം. എന്നാൽ ഒരു റോക്ക് സംഗീതതാരത്തിനും അത്തരം ഒരു കാര്യം ചെയ്‌വാൻ കഴിയുമെന്നോർമ്മിക്കുക. ഏതൊരു സുവിശേഷകനെയുംകാൾ മെച്ചമായി ഒരു റോക്ക് താരത്തിനതു ചെയ്‌വാൻ കഴിയും. പക്ഷേ അതൊക്കെ വെറും വൈകാരിക ചലനം മാത്രമാണ്.

ഒരുപക്ഷേ ആളുകളെ ബൗദ്ധികമായി ഉത്തേജിപ്പിക്കുന്ന ചിന്താശകലങ്ങൾ കോർത്തിണക്കിയുള്ള ഒരു പ്രഭാഷണചാതുരി നിങ്ങൾക്കുണ്ടായിരിക്കാം. മണിക്കൂറുകളോളം ആളുകളെ പിടിച്ചിരുത്തിയെന്നും വരാം. അവിടെയും മാനുഷികമനഃശ്ശക്തിയുടെ പ്രവൃത്തിമാത്രമേയുള്ളു. *ദൈവികജീവന്റെ* സന്ദേശവിനിമയമൊന്നും നടക്കുന്നില്ല.

പരിശുദ്ധാത്മ ശക്തിയാലല്ലാതെ നിങ്ങൾ ചെയ്യുന്ന ഏതു ശുശ്രൂഷയും ഈ ലോകത്തോടൊപ്പം നശിച്ചുപോകും. ഇക്കാര്യം ഉറപ്പാണ്. നിങ്ങൾക്കെന്നെ വിശ്വസിക്കുവാൻ കഴിയുമോ? നിശ്ചയമില്ല. വിശ്വസിക്കാൻ കഴിഞ്ഞാൽ *മാനുഷികമായ* കഴിവുകളും രീതികളും ഉപയോഗിച്ചു പാഴാക്കുന്ന സമയമത്രയും നിങ്ങൾക്കു ലാഭിക്കാൻ കഴിയും.

നിത്യതയിൽ നശിച്ചുപോകുന്ന കാര്യങ്ങൾക്കുവേണ്ടി സമയം പാഴാക്കാൻ എനിക്കു താത്പര്യമില്ല. ദൈവം നൽകുന്ന ശക്തിയിൽ പ്രവർത്തിക്കുവാനാണ് എനിക്കു താത്പര്യം. നമ്മുടെ പ്രാപ്തി ദൈവത്തിൽ നിന്നാകട്ടെ.

യേശുവിന്റെ കാലത്തെ വലിയ വേദപണ്ഡിതന്മാർ പരീശവിഭാഗത്തിലുള്ളവരായിരുന്നു. അവർ ഉപദേശത്തിൽ തികഞ്ഞ *മൗലികതയുള്ളവരായിരുന്നു.* സദൂക്യരെപ്പോലെ *സ്വതന്ത്രനിലപാടുകാരായിരുന്നില്ല.* പരീശന്മാരുടെ ഉപദേശത്തിലെ കൃത്യതയെ യേശു അംഗീകരിച്ചിരുന്നു. അതുകൊണ്ടായിരുന്നു അവർ പഠിപ്പിക്കുന്നതുപോലെ ചെയ്യാൻ അവിടുന്നു ശിഷ്യന്മാരെ ഉപദേശിച്ചത് *(മത്താ. 23:3).* അക്കാലത്തെ വേദപഠനസെമിനാരികളിലെ അദ്ധ്യാപകർ അത്തരം പരീശന്മാരായിരുന്നു. തർസോസിലെ ശൗൽ യെരുശലേമിൽ വേദപഠനം നടത്തിയ കലാലയത്തിന്റെ പ്രധാനാദ്ധ്യാപകൻ ഗമാലിയേലായിരുന്നു. ഈ പരീശന്മാർ മിഷൻ നേതാക്കന്മാരായും പ്രവർത്തിച്ചിരുന്നു. യേശു അവരെ "മതത്തിൽ ചേർക്കുവാൻ കടലും കരയും ചുറ്റി സഞ്ചരിക്കുന്നവർ" *(മത്താ. 23:15)* എന്നു വിശേഷിപ്പിച്ചതു ശ്രദ്ധിക്കുക. അതിനു വലിയ സമർപ്പണവും ത്യാഗമനോഭാവവും ആവശ്യമാണെന്നോർക്കണം.

ഇങ്ങനെയൊക്കെയായിരുന്നിട്ടും യേശുവിന്റെ ശുശ്രൂഷയുടെ നല്ല ഒരു ഭാഗം, മിഷനറികളും സെമിനാരി അദ്ധ്യാപകരും മൗലികവാദികളുമായ ഈ പരീശന്മാരോടുള്ള എതിർപ്പിനുവേണ്ടിയാണ് ചെലവഴിക്കേണ്ടിവന്നത്. *എന്തുകൊണ്ടാണങ്ങനെ സംഭവിച്ചതെന്നു* നാം കണ്ടെത്തണം. ഇല്ലെങ്കിൽ നമ്മുടെ പ്രവർത്തനങ്ങളും ഏതാണ്ടങ്ങനെയായിത്തീരാൻ സാദ്ധ്യതയുണ്ട്. അങ്ങനെയായിത്തീർന്നാൽ കർത്താവിനു നമുക്കെതിരെയും തുടർച്ചയായി നില്ക്കേണ്ടിവരും.

ഈ പരീശന്മാർ യേശുവിനെയും ശിഷ്യന്മാരെയും നിരന്തരം *"എന്തുകൊണ്ടങ്ങനെ ചെയ്തു?" "എന്തുകൊണ്ടിതു ചെയ്തില്ല"* എന്ന മട്ടിലുള്ള ചോദ്യങ്ങളുടെ മുൾമുനയിൽ നിർത്തിയിരുന്നു. അവർ തങ്ങളുടെ സമ്പ്രദായങ്ങളെ ഉദ്ധരിച്ചുകൊണ്ടായിരുന്നു യേശുവിന്റെയും ശിഷ്യന്മാരുടെയും ലംഘനങ്ങളെ ചൂണ്ടിക്കാട്ടിയത്.

എന്നെ വിമർശിക്കുന്ന നിരവധി *വിശ്വാസികളിലും* ഇതേ മനോഭാവം എനിക്കു കാണാൻ കഴിയുന്നുണ്ട്. ഞാൻ അവിടെയും ഇവിടെയും ഉപയോഗിക്കുന്ന ചില്ലറ വാക്കുകളെയോ പ്രയോഗങ്ങളെയോ പിടിച്ച് ചോദ്യശരങ്ങളുതിർത്തുകൊണ്ടാണവർ ആക്രമിക്കുന്നത്. 1 തിമോ. 6:4ൽ പൗലോസ് തിമൊഥെയോസിനെ ഉപദേശിക്കുന്നതു *തർക്കത്തിൽ നിന്നും വാഗ്വാദങ്ങളിൽനിന്നും* ഒഴിഞ്ഞിരിക്കാനാണ്. (വാക്കുകളെ ചൊല്ലിയുള്ള വാദങ്ങളാണല്ലോ വാഗ്വാദം). ഇത്തരം ആളുകൾ തങ്ങളിൽ നഷ്ടമായിരിക്കുന്ന സ്വർഗ്ഗീയ ജീവനെക്കുറിച്ച് അല്പംപോലും ആശങ്കയുള്ളവരല്ല. ഒരു മൃതശരീരത്തിന്റെ കൈയിലെ വിരലുകൾ എണ്ണിത്തിട്ടപ്പെടുത്തുന്നവരോടാണു ഞാൻ അവരെ ഉപമിക്കുക. ഒരു *നഖം* നഷ്ടപ്പെട്ടാൽപ്പോലും അവർ വലിയ കോലാഹലമുണ്ടാക്കും.

ഒരു മരിച്ച മനുഷ്യന്റെ കൈവിരലുകളും നഖങ്ങളും പോലും സുരക്ഷിതമാണെന്നു തിട്ടപ്പെടുത്തുന്നതിനേക്കാൾ കൈകളില്ലെങ്കിലും ഒരു വ്യക്തി ജീവനുള്ളവനാണ് എന്ന് ഉറപ്പാക്കാനാണ് എനിക്കു താത്പര്യം. അധികം വേദശാസ്ത്രപണ്ഡിതന്മാരും ഉപദേശകാര്യങ്ങളിൽ തികഞ്ഞ *കൃത്യതയുള്ളവരാണ്.* അതേസമയം തന്നെ അവരുടെ യഥാർത്ഥ അവസ്ഥ അവർ *നിർജ്ജീവരാണ്* എന്നതത്രേ. ഒരു ഉണങ്ങിയ മരക്കഷണം പോലെ മൃതനും അതേസമയം കൃത്യമായ ഉപദേശപ്രകാരം സ്നാനമേറ്റവനുമായ ഒരു വ്യക്തിയോടൊപ്പം പ്രവർത്തിക്കുന്നതിനേക്കാൾ ഉപദേശത്തിൽ അത്ര കൃത്യത പാലിക്കാൻ കഴിഞ്ഞില്ലെങ്കിലും ആത്മനിറവുള്ള ഒരു വ്യക്തിയോടൊപ്പം പ്രവർത്തിക്കാനത്രേ എനിക്കു താത്പര്യം.

നിങ്ങൾ എന്നെ തെറ്റിദ്ധരിക്കേണ്ടതില്ല. എന്റെ ക്രിസ്തീയജീവിതത്തിൽ ഉടനീളം ഉപദേശ കാര്യങ്ങളിൽ ഞാൻ ഏറ്റവും *കൃത്യതയുള്ളവനായിരുന്നു.* ഞാൻ പല ക്രിസ്തീയ സമൂഹങ്ങളെയും ഉപേക്ഷിച്ചതിന്റെ കാരണം തന്നെ അവർ ഉപദേശ കാര്യങ്ങളിൽ പൂർണ്ണതയുള്ളവരായിരുന്നില്ല എന്നതാണ്. അവർ തിരുവചനത്തിലെ എല്ലാ സത്യങ്ങളെയും പഠിപ്പിച്ചിരുന്നില്ല. ഞാൻ ഒരിക്കലും ഉപദേശങ്ങളെ വിലകുറച്ചു കാണുന്ന ഒരാളല്ല. എന്നാൽ അതിനെക്കാൾ പ്രാധാന്യമുള്ളത് *ജീവനും ആത്മീയതയ്ക്കുമാണ്* എന്നതത്രേ ഞാൻ സ്ഥാപിക്കാൻ ശ്രമിച്ചകാര്യം.

യേശു പരീശന്മാരെ ശാസിച്ച ശേഷം പരീശന്മാർ ആ വാക്കുകളാൽ ഇടറിപ്പോയി എന്നു ഒരുനാൾ ശിഷ്യന്മാർ അടുക്കൽ വന്ന് യേശുവിനോടു പറഞ്ഞു. യേശു പറഞ്ഞത്: *"അവരെ ശ്രദ്ധിക്കേണ്ടാ. അവർ അന്ധരായ വഴികാട്ടികളത്രേ. അവരാൽ നടത്തപ്പെടുന്നവരും അങ്ങനെ തന്നെ. സ്വർഗ്ഗസ്ഥനായ ദൈവം നട്ടിട്ടില്ലാത്ത തൈ ഒക്കെയും വേരോടെ നശിച്ചു പോകും." (മത്താ. 15:12, 13)* എന്നായിരുന്നു.

ഒടുവിൽ പറഞ്ഞ ആ ഒരൊറ്റ പ്രസ്താവനയെങ്കിലും ഒരു നിമിഷം നിങ്ങൾ ശ്രദ്ധിക്കുമോ? എപ്പോഴൊക്കെ നിങ്ങൾ വചനം പ്രസംഗിക്കുന്നുവോ അപ്പോഴൊക്കെയും നിങ്ങൾ വിത്തു നടുകയാണ്. ആ വിത്ത് ദൈവത്തിൽ നിന്നല്ല എങ്കിൽ ഒരു ദിവസം അതു പിഴുതു മാറ്റി നശിപ്പിക്കപ്പെടും.

പരിശുദ്ധാത്മാവിനാൽ നിറയ്ക്കപ്പെട്ട പ്രാപ്തിയിൽ നിന്നാണ് നാം പ്രവർത്തിക്കുന്നതെങ്കിൽ അതു നിത്യതയിൽ നിലനിൽക്കും. എന്നാൽ നാം ചെയ്യുന്ന പ്രവൃത്തി *ദൈവത്തിനുവേണ്ടിയാണെങ്കിൽ പോലും പ്രാർത്ഥനയില്ലാതെ, നിസ്സഹായതയിലും ദൈവത്തോടുള്ള പൂർണ്ണ ആശ്രയത്തിലുമല്ലാതെ, പരിശുദ്ധാത്മാവിന്റെ ശക്തിയില്ലാതെയാണതു* ചെയ്യുന്നതെങ്കിൽ ഒരു ദിവസം അതു നീക്കപ്പെടും.

ആവശ്യത്തിനു പണവും നല്ല ആസൂത്രിതവൈദഗ്ദ്ധ്യവുമുള്ള ഒരു ശുശ്രൂഷകനുണ്ടെങ്കിൽ നമുക്കു നടത്താൻ കഴിയുന്ന ധാരാളം ക്രിസ്തീയ പ്രവർത്തനങ്ങൾ ഉണ്ട്. അവിടെ പരിശുദ്ധാത്മശക്തി ആവശ്യമില്ല.

ഉദാഹരണമായി താങ്കൾ ഒരു യോഗം സംഘടിപ്പിക്കുകയാണെങ്കിൽ അവിടെ ധാരാളം ഒരുക്കങ്ങൾ ആവശ്യമുണ്ട്. അതിന് ഹാളുകൾ വാടകയ്ക്ക് എടുക്കയോ പന്തലിടുകയോ വേണ്ടിവരും. ക്ഷണക്കത്തുകൾ തയ്യാറാക്കി അയയ്ക്കേണ്ടി വരും. താമസസൗകര്യങ്ങൾ ഏർപ്പാടാക്കേണ്ടിവരും. ഭക്ഷണക്രമീകരണങ്ങൾ വേണം. അങ്ങനെ പലതും. എന്നാൽ ഇതൊക്കെയും ആസൂത്രണപാടവമുള്ള ഏതൊരു വ്യക്തിക്കും ഒരു അക്രൈസ്തവനുപോലും ചെയ്യാൻ കഴിയുന്ന കാര്യമാണ്. വാസ്തവത്തിൽ ഏതു ക്രിസ്തീയ സമ്മേളനങ്ങളെക്കാളും മെച്ചപ്പെട്ട നിലയിൽ തന്നെയാണ് ലൗകികസംഘാടകർ സമ്മേളനങ്ങൾ നടത്തുന്നത്. എന്നാൽ അവയിൽ നിന്നും വിഭിന്നമായി ക്രിസ്തീയസമ്മേളനങ്ങളുടെ പ്രത്യേകത അവിടെ ശുശ്രൂഷിക്കപ്പെടുന്ന *ദൈവവചനമാണ്.* അതു മാത്രമാണ് നിത്യതയിൽ പ്രാധാന്യമുള്ളത്. അതു ***പരിശുദ്ധാത്മാഭിഷേകത്തിൽ*** നിന്നു തന്നെ നിറവേറ്റപ്പെടേണ്ട ഒന്നാണ്.

നല്ല സജ്ജീകരണങ്ങളെ ഞാൻ വിലകുറച്ചു കാണുകയല്ല. ഒരു സമ്മേളനത്തിന്റെ വിജയത്തിന് ഏറ്റവും നല്ല സജ്ജീകരണങ്ങൾ അനുപേക്ഷണീയമാണ്. പക്ഷേ നിത്യതയിൽ നിലനിൽക്കുന്നത് പരിശുദ്ധാത്മശക്തിയിൽ ചെയ്യപ്പെടുന്ന ശുശ്രൂഷ മാത്രമാണ്.

നമുക്കു നമ്മുടെ *ശുശ്രൂഷയെ* ഒന്നു ശ്രദ്ധിക്കാം. നമുക്കു ലഭിച്ചിരിക്കുന്ന മാനുഷികമായ പരിശീലനം മാനുഷികമായ കഴിവുകൾ എന്നിവയിലൂടെ നാം ചെയ്തെടുക്കുന്ന ശുശ്രൂഷകളെ നമുക്കു വേർതിരിച്ചു വയ്ക്കാം. നാം സത്യസന്ധരെങ്കിൽ നമ്മുടെ ആത്മപരിശോധനയുടെ ഫലം നമ്മെ ഞെട്ടിക്കുന്നതായിരിക്കും.

യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നേക്കും അനന്യൻ തന്നെ. *അവിടുത്തേക്ക് ഇന്നും എതിർപ്പുള്ളത് പരിശുദ്ധാത്മശക്തിയിലല്ലാതെ തങ്ങളുടെ അറിവും കഴിവും പകരുന്ന സെമിനാരി അദ്ധ്യാപകരോടും മിഷൻ നേതാക്കളോടുമാണ്*. അത്തരം ആളുകളെ അപ്പൊസ്തോലന്മാരും എതിർത്തിരുന്നു. യേശുവിന്റെ കാൽച്ചുവടുകളെ അനുഗമിക്കുന്നവരാണു നാമെങ്കിൽ നാമും അങ്ങനെ തന്നെയായിരിക്കും.

അത്തരത്തിലുള്ളവരെ പ്രസാദിപ്പിച്ചുകൊണ്ടു കർത്താവിന്റെ അപ്രീതിക്കു പാത്രമാകാതെ കർത്താവിനെ പ്രസാദിപ്പിച്ച് അവിടുത്തോടു കൂടെ നടക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തെ പ്രസാദിപ്പിക്കുവാൻ കൊടുക്കേണ്ട വില മുഴുലോകത്തിന്റെയും അപ്രീതിയാണെങ്കിൽ ഞാൻ അതിനും ഒരുക്കമാണ്. *''നാം ഇന്നും മനുഷ്യരെ പ്രസാദിപ്പിക്കുന്നുവെങ്കിൽ ക്രിസ്തുവിന്റെ ദാസന്മാർ ആയിരിക്കയില്ല'' (ഗലാ. 1:10).*

അതുകൊണ്ടു പരിശുദ്ധാത്മാഭിഷേകത്തിനു വാഞ്ഛരിച്ചുകൊണ്ടു നമ്മുടെ ശുശ്രൂഷയ്ക്കുവേണ്ടി നമുക്കു കർത്താവിൽ ആശ്രയിച്ചു നടക്കാം. ◆

# 10

# ആത്മീയാധികാരത്തോടെ ശുശ്രൂഷിക്കുക

**ഒ**രു ആത്മീയനേതാവ് തന്റെ ശുശ്രൂഷ നിർവഹിക്കുന്നത് എപ്പോഴും ആത്മീയാധികാരത്തിൽ നിന്നുകൊണ്ടു തന്നെ ആയിരിക്കണം.

യേശുവിന്റെ പ്രഭാഷണം പുരുഷാരത്തെ അത്ഭുതപ്പെടുത്തി. കാരണം, വർഷങ്ങളായി പരീശന്മാർ തുടർന്നുപോന്ന രീതിയിൽനിന്നു തികച്ചും വ്യത്യസ്തമായിട്ടായിരുന്നു യേശു പഠിപ്പിച്ചത്. പരീശന്മാർക്ക് വളരെ പാണ്ഡിത്യം ഉണ്ടായിരുന്നു. യേശുവാകട്ടെ, അറിവിൽ പരീശന്മാരെ അതിശയിച്ചിരുന്നു. എങ്കിലും ജനത്തെ വിസ്മയിപ്പിച്ചത് തന്റെ അധികാരത്തോടെയുള്ള ഉപദേശമായിരുന്നു, *അറിവായിരുന്നില്ല (മത്താ. 7:29).*

നമ്മുടെ ശുശ്രൂഷയിൽ *ആത്മീയാധികാരമില്ലാതെ* വെറും അറിവുമാത്രമുള്ളവരായിത്തീർന്നാൽ നാമും പരീശന്മാരെപ്പോലെ ആയിത്തീരും. യേശു പറഞ്ഞിരുന്ന എല്ലാക്കാര്യങ്ങളെയും ദൈവം പിൻതുണച്ചിരുന്നു. ആത്മീയാധികാരത്തോടെ സംസാരിക്കുക എന്നാൽ അതാണർത്ഥം.

*യോഹന്നാൻ 15:26,27* വാക്യങ്ങളിൽ യേശു ശിഷ്യന്മാരോട് ഇപ്രകാരം പറയുന്നു: നിങ്ങൾ എന്നെക്കുറിച്ചു സാക്ഷ്യം പറയുക. പരിശുദ്ധാത്മാവും ഇക്കാര്യത്തിൽ നിങ്ങളോടൊപ്പം ഉണ്ടായിരിക്കും. അതിനർത്ഥം എപ്പോഴൊക്കെ ശിഷ്യന്മാർ വചനം പ്രസംഗിച്ചിരുന്നുവോ അപ്പോഴൊക്കെയും പരിശുദ്ധാത്മാവ് അവരെ പിൻതുണച്ചിരുന്നു എന്നാണ്. എക്കാലത്തും എന്റെ ശുശ്രൂഷ അപ്രകാരമായിരിക്കാൻ ഞാനാഗ്രഹിക്കുന്നു. ഞാൻ യേശുവിനു സാക്ഷ്യം വഹിക്കുമ്പോഴൊക്കെയും പരിശുദ്ധാത്മാവ് ആ സാക്ഷ്യത്തിനു തുണ നിൽക്കണം. അവിടുന്നു ശ്രോതാക്കളുടെ ഹൃദയങ്ങളിൽ ഇപ്രകാരം മന്ത്രിക്കണം: *"ആ വാക്കുകൾ ശ്രദ്ധിക്കൂ, അവ ദൈവത്തിൽനിന്നാണ്."* അപ്പോൾ എന്റെ വാക്കുകൾ അധികാരമുള്ളവയായിത്തീരും. എന്നാൽ ഞാൻ കേവലം കൃത്യതയുള്ള ചില വിവരണങ്ങൾ യേശുവിനെക്കുറിച്ചു നൽകുമ്പോൾത്തന്നെ പരിശുദ്ധാത്മാവിന്റെ പിന്തുണ എനിക്കില്ലെങ്കിലും, ഞാൻ ഒരു ദുരുപദേശകൻ എന്നൊന്നും വിളിക്കപ്പെടുകയില്ല, കാരണം, എന്റെ ഉപ

ദേശങ്ങൾ വേദപുസ്തകപരമായി തികച്ചും ശരിയായിരിക്കും. പക്ഷേ ഞാൻ പകർന്നുകൊടുക്കുന്നതു ജീവനുപകരം മരണമായിരിക്കും.

നമുക്കു പലതരത്തിൽ ആളുകളുടെ മേൽ അധികാരം പ്രയോഗിക്കുവാൻ കഴിയും. അതിൽ *മാനുഷികമായ* വഴിയുണ്ട്. *മതപരമായ* വഴിയുണ്ട്. *ആത്മീയമായ* വഴിയുമുണ്ട്. ഇവ മൂന്നും തമ്മിൽ വളരെ വ്യത്യാസമുണ്ട്. യേശുവിന്റെ അധികാരം ഒരിക്കലും മാനുഷികമോ മതപരമോ ആയിരുന്നില്ല. അവിടുന്ന് ഒരിക്കലും ഭൂമിയിലെ രാജാക്കന്മാരെപ്പോലെയോ യിസ്രായേലിലെ പുരോഹിതന്മാരെപ്പോലെയോ ആയിരുന്നില്ല സംസാരിച്ചതും വർത്തിച്ചതും. അവിടുത്തെ അധികാരം ആത്മീയവും ദൈവത്തിൽനിന്നുള്ളതുമായിരുന്നു.

*മാനുഷികമായ അധികാരത്തിന്റെ* ഒരു നല്ല ഉദാഹരണമാണ് സിനിമാതാരങ്ങൾക്കും റോക്ക് സംഗീതതാരങ്ങൾക്കും ജനങ്ങൾക്കുമേലുള്ളത്. ആളുകൾക്ക് അവരോടുള്ള ആരാധനാ മനോഭാവവും അവരുടെ പേരിൽ ആളുകൾ കാട്ടിക്കൂട്ടുന്ന ഭ്രാന്തും ശ്രദ്ധിക്കുക. തങ്ങളുടെ ഇഷ്ടതാരത്തെ ഒരു നോക്കു കാണുവാൻ വെയിലും മഴയും വകവയ്ക്കാതെ ആളുകൾ മണിക്കൂറുകൾ ഒരേനില്പു നിൽക്കുവാൻ തയ്യാറാണ്. അവർക്ക് ഈ ജനങ്ങൾക്കുമേൽ വലിയ അധികാരം ഉണ്ട്. ജനങ്ങളുടെ വികാരവിചാരങ്ങൾക്കുമേൽ സ്വാധീനം ചെലുത്തി അവരുടെമേൽ വാഴുവാൻ അവർ തങ്ങളുടെ മാനുഷികമായ കഴിവുകൾ ഉപയോഗിക്കുന്നു. അങ്ങനെ ജനങ്ങളുടെ പണം തട്ടാനും. ഇന്നു ക്രൈസ്തവലോകത്തെ അനേകം ശുശ്രൂഷകരിലും ഇത്തരം അധികാരമാണു നാം കാണുന്നത്. ഇതു പരിശുദ്ധാത്മാവിന്റെ ശക്തിയല്ല മാനുഷികമായ മേധാശക്തിയാണ്, *ദേഹിയുടെ ശക്തിയാണ്.*

മാനുഷികമായ അധികാരം പ്രയോഗിക്കുന്ന മറ്റൊരു രീതി *ധനശക്തിയിലൂടെയാണ്.* ഇന്നത്തെ ലോകത്തെ നിയന്ത്രിക്കുന്നത് *ആയുധങ്ങളിലൂടെയല്ല ധനത്തിലൂടെയാണ്.* യുദ്ധത്തിലും തെരഞ്ഞെടുപ്പിലും ധനശക്തി ഒരുപോലെ പ്രയോഗിക്കപ്പെടുന്നു. എല്ലാ സമൂഹങ്ങളിലുമുള്ള ബിസിനസുകാർ അഭിവൃദ്ധിക്കും ഉന്നമനത്തിനുമായി രാഷ്ട്രീയക്കാരെ പ്രീണിപ്പിക്കുന്നു. രാഷ്ട്രീയക്കാരാകട്ടെ, അധികാരത്തിലെത്താനാവശ്യമായ പണത്തിനുവേണ്ടി വ്യവസായികളെയും. അങ്ങനെ നോക്കിയാൽ ധനത്തിന്റെ അത്ഭുതകരമായ ശക്തിയും ആധിപത്യവും നമുക്കു കാണാൻ കഴിയും. ക്രൈസ്തവലോകത്തിലും ഈ ശക്തിയുടെ സ്വാധീനവും വ്യാപാരവും വളരെയാണ്. പണത്തിനു പല നല്ലകാര്യങ്ങളും ചെയ്യാൻ കഴിയും. എന്നാൽ അതിലധികമായി അതിന്റെ ശക്തിക്കും സ്വാധീനത്തിനും വളരെ ദോഷവും ചെയ്യാൻ കഴിയും.

ഏതൊരു ക്രിസ്തീയപ്രവർത്തനമായിക്കൊള്ളട്ടെ, അതിന്റെ നിയന്ത്രണം ധനശക്തിയിലാണെങ്കിൽ *അതൊരിക്കലും* ഒരു ആത്മീയപ്രവർത്തനമായിരിക്കില്ല. യേശു ധനത്തിനു ദൈവത്തിനു നേരെ എതിരായുള്ള ഒരു സ്ഥാനമാണു നൽകിയത്. മനുഷ്യന്റെ ശ്രദ്ധയാവശ്യപ്പെടുന്ന രണ്ടേരണ്ടു യജമാന

ന്മാർ മാത്രമേ ലോകത്തിലുള്ളു എന്നാണ് യേശു പറഞ്ഞത്. ഒന്ന് ദൈവവും മറ്റേത് മാമ്മോനും (ഭൗതികസമ്പത്തും ) *ലൂക്കോ. 16:13).*

ധനം നൽകുന്നതിലൂടെ മറ്റുള്ളവരുടെമേൽ ഒരു ക്രൈസ്തവശുശ്രൂഷ കന് ഉണ്ടാകുന്ന അധികാരം ആത്മീയാധികാരമല്ല. ലോകത്തിലും ക്രിസ്തീയഗോളത്തിലും നിയന്ത്രണം എപ്പോഴും സമ്പത്തുള്ളവരുടെ കരങ്ങളിലാണ്. സമ്പത്തുള്ളവരുടെ മുമ്പിൽ ആളുകൾ തല കുനിക്കുന്നു. നിങ്ങൾ അവർക്കു പണം കൊടുക്കുമെങ്കിൽ നിങ്ങൾ പറയുന്ന എന്തുകാര്യത്തിനും തല കുലുക്കുവാനും എന്തും അനുസരിക്കുവാനും അവർ തയ്യാറാകും. ലോകത്തിലെ എല്ലാ സ്ഥാപനങ്ങളിലും ക്രൈസ്തവ സ്ഥാപനങ്ങളിലും ഒരുപോലെ അതങ്ങനെ തന്നെ.

ഓരോ സഭാശുശ്രൂഷകനും സഭയിലെ ഭരണസമിതിയുടെ നിയന്ത്രണത്തിലാണ്. കാരണം, ശമ്പളത്തിന്റെ നിയന്ത്രണം അവരുടെ കൈയിലാണ്. അത്തരം ഭരണസമിതിയിലെ ഒരംഗത്തിനുപോലും വ്യസനമുണ്ടാകുന്ന ഒരു സത്യം പറയുവാൻ ഒരു പാസ്റ്റർക്കു ധൈര്യമുണ്ടാവില്ല. സഭയിലെ ധനികരായിരിക്കും സാധാരണനിലയിൽ ഭരണസമിതിയിലുണ്ടായിരിക്കുക. *ഏറ്റവുമധികം തിരുത്തലിനും ശാസനയ്ക്കും വിധേയരാവേണ്ടതും* ഈ ധനികർ തന്നെ. പക്ഷേ അവർ നൽകുന്ന ധനം *വായ് നിറയെ ഇരിക്കുമ്പോൾ* പറയേണ്ടതെങ്ങനെ പറയാൻ കഴിയും? ഒരിക്കലും അതു കഴിയില്ല. അതുകൊണ്ടു കർണ്ണമധുരമായ പ്രസംഗങ്ങളാൽ അവരെ ഇക്കിളിപ്പെടുത്തുകയും അവർ കേൾക്കാൻ ആഗ്രഹിക്കുന്നത് അവർക്കു നൽകുകയും ചെയ്യുന്നു. അവർക്ക് അപ്രീതികരമായതെന്തെങ്കിലും പറഞ്ഞാൽ വർഷംതോറുമുള്ള തന്റെ ശമ്പളവർദ്ധന തടയപ്പെടും. അതിലൂടെ തന്റെ സാധുകുടുംബം അനുഭവിക്കേണ്ടിവരുന്ന പ്രയാസങ്ങൾ അദ്ദേഹത്തെ ചിന്താധീനനാക്കും. താൻ താമസിക്കുന്ന സൗകര്യമുള്ള വീടും കുട്ടികൾ പഠിക്കുന്ന മെച്ചപ്പെട്ട സ്കൂളും ഒക്കെ ഉപേക്ഷിക്കേണ്ടിവരും. ഈ ചിന്തകൾ വേഗം തന്നെ ഭരണസമിതിയോടുള്ള അനുസരണത്തിലേക്കു നയിക്കും. നമ്മുടെ ഭാരതത്തിൽ ഇന്നു പ്രവാചകന്മാരുണ്ടാകാത്തതിന്റെ പ്രധാന കാരണം ഇതു തന്നെയാണ്. മിക്കവാറും എല്ലാ പ്രസംഗകരും ധനമോഹത്തിൽ, അതിന്റെ വശീകരണത്തിൽ, അകപ്പെട്ടുപോയിരിക്കുന്നു. അത്തരം പ്രസംഗകർക്ക് എങ്ങനെയാണ് *ആത്മീയാധികാരത്തിൽ* ശുശ്രൂഷിക്കാൻ കഴിയുക?

മറ്റുള്ളവരുടെ മേൽ അധികാരമുള്ള സഹോദരന്മാരോടു ഞാൻ പറയട്ടെ: നിങ്ങൾ പണത്താലാണ് മറ്റുള്ളവരെ നിയന്ത്രിക്കുന്നതെങ്കിൽ നിങ്ങൾ *ആത്മീയാധികാരമല്ല* പ്രയോഗിക്കുന്നത്. യേശു ഒരിക്കലും ധനത്താലുള്ള നിയന്ത്രണം നടത്തിയിരുന്നില്ല. കാരണം, അപ്രകാരം ആർക്കും കൊടുക്കുവാൻ തക്കവണ്ണം തന്റെ കൈയിൽ ധനം ഉണ്ടായിരുന്നില്ല. തന്റെ ശിഷ്യന്മാർ ആരും തന്നെ പണത്തിനുവേണ്ടിയായിരുന്നില്ല തന്നെ അനുഗമിച്ചത്. ഉദ്യോഗത്തിൽനിന്നു വിരമിച്ചശേഷം ലഭിക്കുന്ന ഒരു ആനുകൂല്യവും താൻ അവർക്കു

വാഗ്ദാനം ചെയ്തില്ല. മറിച്ച് കഷ്ടതയും പീഡയുമായിരുന്നു വാഗ്ദാനം ചെയ്തത്. ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കുന്നതിനു മുൻഗണന നൽകുന്നുവെങ്കിൽ ഭക്ഷണം, വസ്ത്രം മുതലായ ആവശ്യങ്ങൾ സ്വർഗ്ഗസ്ഥനായ പിതാവു നൽകും എന്ന് അവിടുന്നു വാഗ്ദാനം ചെയ്തു.

യേശു തന്റെ അപ്പോസ്തലന്മാരെ സുവിശേഷമറിയിക്കാനയച്ചത് പണം കൂടാതെയാണ്– ആരെയും പണം നൽകി ആകർഷിച്ചു സുവിശേഷത്തിലേക്കു കൊണ്ടുവരാതിരിക്കാൻ. ആരെയും അതിനാൽ നിയന്ത്രിക്കാതിരിക്കാനും. എന്നിട്ടും നാം നമ്മുടെ മുഴു സമ്പത്തും കഴിവുകളും ഉപകരണങ്ങളും എല്ലാമായി ചെയ്യുന്ന സുവിശേഷ പ്രവർത്തനങ്ങളേക്കാൾ വളരെ ഫലപ്രദമായ രീതിയിൽത്തന്നെ തങ്ങളുടെ ദൗത്യം നിർവ്വഹിക്കുവാൻ അവർക്കു കഴിഞ്ഞു.

ദൈവത്തിന്റെ വേലയിൽ *പണത്തിന്റെ ശക്തി* വിനിയോഗിക്കുന്നതിൽ നാം ജാഗ്രതയുള്ളവരാകണം. കാരണം, അതിനു നമ്മിലെ ആത്മീയാധികാരത്തെ എടുത്തുകളയാൻ കഴിയും.

നാം സൂക്ഷിക്കേണ്ട മറ്റൊരു ശക്തിയാണ് *സംഗീതത്തിന്റെ ശക്തി.* ആത്മഹത്യയോളം ആളുകളുടെ മനസ്സിന്റെ താളം തെറ്റിക്കുവാൻ റോക്ക് സംഗീതത്തിന് കഴിയും. ഇത്തരം പല ശക്തികളും ലോകത്തിൽ നമുക്കു കണ്ടെത്തുവാൻ കഴിയും. അവയെ ആത്മീയ ശക്തിയായി നാം തെറ്റിദ്ധരിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. *ആത്മാവിന്റെ ശക്തിയെയും പ്രാണന്റെ ശക്തിയെയും (spiritual power and soulish power)* തിരിച്ചറിയാൻ നമുക്കു കഴിയാതിരുന്നാൽ നാം തെറ്റിപ്പോകാനിടയുണ്ട്. നമ്മുടെ ശുശ്രൂഷയുടെ വിജയം നമ്മെ വഞ്ചിക്കാൻ വളരെ എളുപ്പമാണ്.

നമ്മിൽ ചിലരെ സംബന്ധിച്ചിടത്തോളം സാമ്പത്തികശക്തിക്കു പകരം *ബുദ്ധിശക്തിയായിരിക്കും* നാം ഉപയോഗിക്കുക. സംഗീതത്തിന്റെ ശക്തിയുമായിരിക്കില്ല. ബുദ്ധിശക്തിയും പ്രാണന്റെ ശക്തിയിൽ ഉൾപ്പെടുന്നതാണ്. അതും ആത്മീയാധികാരത്തിൽനിന്നും നമ്മെ അകറ്റിനിർത്തുന്നു. ആളുകളുടെ ശ്രദ്ധ പിടിച്ചുപറ്റേണ്ടതിന്നു നമ്മുടെ ബിരുദങ്ങൾ നിരത്തുവാനും നമുക്കു കഴിയും. ഒരുപക്ഷേ താങ്കൾ പത്രോസിന്റെ ലേഖനങ്ങളിലെ പല പദങ്ങളുടെയും പത്രോസിനുപോലും അജ്ഞാതമായിരുന്ന മൂലഭാഷയിലെ അർത്ഥങ്ങൾ പോലും വിശദീകരിക്കുവാൻ തക്കവണ്ണം പാണ്ഡിത്യമുള്ള വേദശാസ്ത്ര ബിരുദാനന്തര ബിരുദമുള്ള ഒരാളായിരിക്കാം!

എന്നാൽ ഒരു ആത്മീയൻ ബൈബിൾ പഠിപ്പിക്കുന്നതു തികച്ചും വ്യത്യസ്തമായിട്ടായിരിക്കും. മാനുഷിക ബുദ്ധിയുടെ ശക്തികൊണ്ടു ബൈബിൾ പഠിപ്പിക്കാം. പരിശുദ്ധാത്മശക്തികൊണ്ടും ബൈബിൾ പഠിപ്പിക്കാം. ഇവ തമ്മിൽ വലിയ ഒരു അന്തരമുണ്ട്. അവയുടെ ഫലങ്ങൾ തമ്മിലും.

സഭയുടെ ഇന്നത്തെ ഏറ്റവും പ്രധാന ആവശ്യങ്ങളിലൊന്ന് നേതാക്കന്മാരുടെ ശുശ്രൂഷയിൽ വെളിപ്പെടേണ്ട ആത്മീയാധികാരമാണ്. *മതപരമായ അധികാരവും ആത്മീയാധികാരവും* രണ്ടും രണ്ടാണ്. ക്രൈസ്തവലോകത്ത് ഇന്നും നാം കണ്ടെത്തുന്നത് ആടുകളുടെമേൽ അധീശത്വം പുലർത്തുന്ന ശക്തമായ വ്യക്തിത്വമുള്ള അധികാരികളുടെ മതപരമായ അധികാരമാണ്.

സഭയിലെ എല്ലാ അംഗങ്ങളും വോട്ടു ചെയ്തു തങ്ങളുടെ നേതാവിനെ തെരഞ്ഞെടുക്കുന്ന തരത്തിലുള്ള ഒരു ജനാധിപത്യസംവിധാനം ഒരിക്കലും ദൈവം സഭയ്ക്കു നൽകിയിരുന്നില്ല. അതുപോലെ തന്നെ സാധുക്കളായ വിശ്വാസികൾ തങ്ങളെ വീണു നമസ്കരിക്കുന്ന ശക്തന്മാരായ *ഏകാധിപതികളാൽ* സഭ ഭരിക്കപ്പെടുന്നതിനും ദൈവം ഉദ്ദേശിച്ചിരുന്നില്ല.

ദൈവത്തിന്റെ വചനം സംസാരിക്കുമ്പോൾ ജനങ്ങളുടെമേൽ അധികാരം ഉണ്ടാവുക എളുപ്പമാണ്. അതു ജനങ്ങൾക്കു സഹായകരമായിത്തീരുന്നതിനാൽ അവർ അതിനെ വിലമതിക്കും, അഭിനന്ദിക്കും. ക്രമേണ നമ്മുടെ ആരാധകരുടെ മുമ്പിൽ നാം '*കുട്ടിദൈവ'ങ്ങളായിത്തീരും*. ഇക്കാര്യത്തെക്കുറിച്ചുള്ള ഭയത്തിൽ നാം വസിക്കേണ്ടതുണ്ട്. നമുക്കു ലഭിച്ചിരിക്കുന്ന വരങ്ങളിലൂടെ മറ്റുള്ളവരുടെ മേലുണ്ടാകുന്ന അധികാരം നാം ഉപയോഗപ്പെടുത്തുന്നതിനെതിരെ നാം കരുതലുള്ളവരായിരിക്കണം. മറ്റുള്ളവരുടെ ജീവിതത്തെ നിയന്ത്രിക്കുന്നവരായിരിക്കാതെ നാം സൂക്ഷിക്കേണ്ടതുണ്ട്. നമ്മുടെ മേൽ ആരെങ്കിലും കടിച്ചുതൂങ്ങിക്കിടക്കുന്നുവെങ്കിൽ അവരെ കർത്താവിൽ ഭരമേല്പിക്കുക-അവരുടെ ആത്മീയ വളർച്ചയ്ക്കും ഭൗതികനന്മയ്ക്കും അതുതന്നെയായിരിക്കും ഉത്തമം. കർത്താവിന്റെ ശരീരം പണിയുന്നതിനുവേണ്ടിയാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ സാമ്രാജ്യങ്ങൾ പണിയുന്നതിനല്ല. ആത്മീയാധികാരത്തിന്റെ വഴി അതാണ്.

പൗലോസിനു ദൈവം നൽകിയ *ആത്മീയാധികാരം* കൊരിന്തിലുള്ള ഒരു വ്യക്തിയെ ആത്മാവു രക്ഷിക്കപ്പെടേണ്ടതിന്നു ജഡസംഹാരത്തിനായി സാത്താനെ ഏല്പിക്കുവാൻ തക്കവണ്ണം വലുതായിരുന്നു (*1 കൊരി 5:5).* ആ വ്യക്തി പിന്നീട് മാനസാന്തരപ്പെട്ടു സഭയിലേക്കു മടങ്ങിവരുവാനിടയായി. ആ സഭയുടെ സ്ഥാപകപിതാവ് പൗലോസായിരുന്നു. അത്തരം പിതാക്കന്മാർക്കു മറ്റാർക്കുമില്ലാത്ത ഒരു അധികാരം ഉണ്ടാവുക സ്വാഭാവികമാണ്. ആ അപ്പൊസ്തൊലന്മാർക്ക് വ്യക്തികളെ ചേർത്തു പണിയുവാൻ തക്ക അധികാരം കർത്താവു നൽകിയിരുന്നു. നമുക്കും ആവശ്യമായ സ്നേഹം നിറഞ്ഞ അധികാരം അതുതന്നെ. നമുക്കൊരു വെല്ലുവിളിയായിത്തീരാവുന്ന അത്തരം അധികാരത്തിന്റെ നിരവധി പ്രകടനങ്ങൾ പൗലോസിൽ നമുക്കു കണ്ടെത്താൻ കഴിയും.

മൂന്നരവർഷത്തോളം യേശുവിനെ ശ്രദ്ധിച്ചപ്പോൾ ശിഷ്യന്മാർക്കു മനസ്സിലായി പള്ളികളിലും ദേവാലയത്തിലുമൊക്കെ കാണുന്ന അധികാരികൾ, നേതാക്കൾ, പ്രസംഗകർ എന്നിവരിൽ നിന്നും യേശു തികച്ചും വ്യത്യ

സ്തനാണെന്ന്. അവിടുത്തെപ്പോലെ ജീവിക്കയും സംസാരിക്കുകയും ചെയ്യുന്ന ഒരാളെപ്പോലും അവർ തങ്ങളുടെ ജീവകാലമത്രയും കണ്ടിരുന്നില്ല. തന്റെ ശുശ്രൂഷയിലും ജീവിതത്തിലും അവിടുന്ന് *അധികാരമുള്ളവനായിരുന്നു.* തങ്ങളുടെ പുരോഹിതന്മാരിലും നേതാക്കന്മാരിലും കണ്ടിരുന്ന അധികാരമാണ് ആത്മീയാധികാരം എന്ന് നാളിതുവരെയും അവർ കരുതിയിരുന്നു. യേശുവിനെ കണ്ടുമുട്ടിയിരുന്നില്ലെങ്കിൽ തങ്ങളുടെ ജീവിതമാതൃകയായി അവർ ആ പുരോഹിതന്മാരെത്തന്നെ സ്വീകരിക്കുമായിരുന്നു. എന്നാൽ ഇപ്പോൾ തങ്ങൾക്കു അനുകരിക്കാൻ പറ്റിയ ഒരു മാതൃകയെത്തന്നെ ലഭിച്ചിരിക്കുന്നു.

നമ്മുടെ യുവസഹോദരന്മാർക്കും ആവശ്യമായത് അനുകരിക്കുവാൻ പറ്റിയ മാതൃകകളെയാണ്. യഥാർത്ഥ **ആത്മീയാധികാരമുള്ള** മാതൃകകളായിത്തീരുക നമ്മുടെ ഉത്തരവാദിത്വമാണ്. ◆

# 11

# എല്ലാ ഭയങ്ങളിൽ നിന്നുമുള്ള മോചനം

**ആ**ത്മീയനേതാവ് ഒരിക്കലും മനുഷ്യരെയോ സാഹചര്യങ്ങളെയോ ഭയപ്പെട്ട് തീരുമാനങ്ങൾ എടുക്കുന്ന ഒരു വ്യക്തിയായിരിക്കില്ല.

എന്റെ വീടിന്റെ മുൻവശത്തെ മുറിയിൽ തൂക്കിയിരിക്കുന്ന മഹത്തായ ഒരു വാക്യമുണ്ട്. *"നിങ്ങൾ ദൈവത്തെ ഭയപ്പെടുന്നുവെങ്കിൽ മറ്റൊന്നിനെയും ഭയപ്പെടേണ്ടതില്ല." യെശയ്യാവ് 8:12,13* വാക്യങ്ങളുടെ ലിവിംഗ് ബൈബിളിലെ ഭാഷാന്തരം അപ്രകാരമാണ്. കഴിഞ്ഞ 25 വർഷമായി ആ വാക്യം എന്നെ വളരെ സഹായിച്ചുകൊണ്ടിരിക്കുന്നു.

ഭയത്തെ സംബന്ധിച്ച് കർത്താവ് എന്നെ പഠിപ്പിച്ച ചില സത്യങ്ങൾ ഞാൻ നിങ്ങളുമായി പങ്കുവയ്ക്കട്ടെ.

*ഒന്നാമതായി* സാത്താന്റെ ആയുധപ്പുരയിലെ ഏറ്റവും പ്രധാനപ്പെട്ട ആയുധങ്ങളിലൊന്നാണ് ഭയം എന്നു ഞാൻ ഗ്രഹിച്ചു.

*രണ്ടാമതായി* ജഡത്തിൽ വസിക്കുന്നതുകൊണ്ട് എന്നിൽ ഇടയ്ക്കുണ്ടാകുന്ന ഭയത്തെക്കുറിച്ച് എനിക്കു കുറ്റബോധമുണ്ടാകേണ്ട കാര്യമില്ല. ഇക്കാര്യത്തെക്കുറിച്ച് നാം സത്യസന്ധരും യാഥാർത്ഥ്യബോധമുള്ളവരുമായിരുന്നാൽ മതി. തനിക്കു ചിലസമയത്ത് ഉണ്ടായിരുന്ന ഭയത്തെക്കുറിച്ച് പൗലോസ് അപ്പൊസ്തൊലൻ സത്യസന്ധതയോടെ ഏറ്റുപറയുന്നതായി നാം കാണുന്നു. *(2 കൊരി. 7:5).*

*മൂന്നാമത്തേതും* ഞാൻ പഠിച്ചതിൽ ഏറ്റവും സുപ്രധാനവുമായ സത്യം ഇതാണ്: എന്നിൽ ഭയമുണ്ടെങ്കിലും ഭയത്തിൽ നിന്നും *ഒരു തീരുമാനവും ഞാൻ എടുത്തുകൂടാ*. എന്റെ എല്ലാ തീരുമാനങ്ങളും *ദൈവത്തിലുള്ള ആശ്രയത്തിൽ* നിന്നു മാത്രമേ പാടുള്ളു. ഭയത്തിനു നേരെ എതിരാണ് ദൈവാശ്രയം. കഴിഞ്ഞ അനേകവർഷങ്ങളായി അത്തരത്തിലുള്ള ഒരു ജീവിതം നയിക്കുവാനായി ഞാൻ ഉത്സാഹിച്ചുകൊണ്ടിരിക്കുന്നു. ദൈവം എന്നെ അക്കാര്യത്തിൽ വളരെ സഹായിച്ചുകൊണ്ടുമിരിക്കുന്നു.

യേശു കൂടെക്കൂടെ *"ഭയപ്പെടേണ്ടാ"* എന്നു പറഞ്ഞുകൊണ്ടിരിക്കുന്നതെന്തിനെന്നു ഞാനിപ്പോൾ മനസ്സിലാക്കുന്നു. *പുതിയനിയമം* ഒരുപോലെ ഊന്നൽ കൊടുക്കുന്ന രണ്ടു കാര്യങ്ങളിലൊന്ന് എന്ന നിലയ്ക്ക് ഇതിനു വലിയ പ്രാധാന്യമുണ്ട്. മറ്റേകാര്യം *''പാപം ചെയ്യരുത്"* എന്നതാണ്.

യേശു എല്ലായ്പ്പോഴും *പാപത്തിനെതിരായിരുന്നതുപോലെ ഭയത്തിനും* എതിരായിരുന്നു. ദൈവത്തെയല്ലാതെ മറ്റാരെയും ഭയപ്പെടാതിരിക്കുവാൻ യേശു നമ്മെ ഉപദേശിച്ചു. *(മത്താ. 10:28).* ഇതു നമ്മെ സംബന്ധിച്ചു സുപ്രധാനമായ ഒരു പാഠമത്രേ. കാരണം, ഒരാത്മീയ നേതാവ് ഒരിക്കലും ഭയത്തിനടിമപ്പെട്ട് ഒരു തീരുമാനവും എടുക്കാൻ പാടില്ല.

അനേകവർഷങ്ങളായി എന്റെ സ്വീകരണ മുറിയിൽ ഞാൻ തൂക്കിയിട്ടിരിക്കുന്ന മറ്റൊരു വാക്യം *ഗലാ. 1:10* ആണ്. *"ഞാൻ മനുഷ്യനെ പ്രസാദിപ്പിക്കുന്നവനെങ്കിൽ എനിക്കു ക്രിസ്തുവിന്റെ ദാസനായിരിപ്പാൻ കഴിയില്ല."*

നിങ്ങൾ മനുഷ്യനെ പ്രസാദിപ്പിക്കുന്ന ഒരു വ്യക്തിയായിരിക്കുന്ന കാലത്തോളം കർത്താവിന്റെ ദാസനായിരിപ്പാൻ നിങ്ങൾക്കു കഴിയുന്നതല്ല. മനുഷ്യരെ പ്രസാദിപ്പിക്കുന്നതിൽനിന്നും മോചനം പ്രാപിക്കുക അത്ര എളുപ്പമുള്ള ഒരു കാര്യമല്ലെന്നു ഞാൻ നിങ്ങളെ ഓർപ്പിക്കട്ടെ.

ഇന്ത്യയിൽ നിന്നും പാശ്ചാത്യ രാജ്യങ്ങളിലേക്കയയ്ക്കുന്ന ക്രിസ്തീയ പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ മേൽപ്പറഞ്ഞ പ്രകാരം മനുഷ്യരെ ബോദ്ധ്യമാക്കുവാൻ, അവരിൽ മതിപ്പുളവാക്കുവാൻ, വേണ്ടിയുള്ളതാണ്.

അപ്രകാരം തന്നെ അധികം പ്രസംഗങ്ങളും മനുഷ്യരിൽ മതിപ്പുളവാക്കുക എന്ന ലക്ഷ്യം വച്ച് തയ്യാറാക്കുന്നവയാണ്. അപ്രകാരം പ്രസംഗിക്കുന്നവർ ഒരിക്കലും ക്രിസ്തുവിന്റെ ദാസന്മാരായിരിക്കയില്ല. നിങ്ങളുടെ സഭയിലെ പക്വത പ്രാപിച്ചിട്ടില്ലാത്ത വിശ്വാസികളെ വിഡ്ഢികളാക്കുക വളരെ എളുപ്പമാണ്. അവരുടെ വിവേചനമില്ലായ്മയിൽ അവർ നിങ്ങളെ ദൈവത്തിന്റെ ഒരു 'വലിയ ദാസൻ' എന്നു മതിച്ചേക്കാം. എന്നാൽ നിങ്ങൾക്കൊരിക്കലും ദൈവത്തേയും സാത്താനെയും വിഡ്ഢികളാക്കാൻ കഴിയില്ല. ദൈവത്തിനും പിശാചിനും നിങ്ങൾ എങ്ങനെയുള്ള ഒരുവനെന്നു കൃത്യമായി അറിയാം.

നിങ്ങൾ ഒരു വ്യക്തിക്ക് അപ്രീതികരമായി എന്തെങ്കിലും പറഞ്ഞാൽ അയാൾ നിങ്ങളെ ഉപദ്രവിച്ചേക്കാമെന്നു നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ അയാളെ പ്രസാദിപ്പിക്കുവാൻ നിങ്ങൾ എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കും. അങ്ങനെ ചെയ്താൽ നിങ്ങൾ ഒരിക്കലും ദൈവത്തിന്റെ ദാസനായിരിക്കില്ല. അപ്രകാരം ഭയത്തിൽ നിന്നാണു നിങ്ങൾ പ്രവർത്തിക്കുന്നതെങ്കിൽ നിങ്ങളെ നയിക്കുന്നതു പിശാചാണെന്നു ഉറപ്പാക്കാം. അപ്രകാരമുള്ളതൊന്നും ദൈവത്തിൽ നിന്നല്ല.

നാം നമ്മുടെ കഴിഞ്ഞകാലം പരിശോധിക്കുന്നപക്ഷം പല തീരുമാനങ്ങളും ഭയത്തിൽ നിന്നുമാണ് എടുത്തിട്ടുള്ളത് എന്നു മനസ്സിലാകും. ആ തീരുമാന

ങ്ങളിലൊന്നും ദൈവമായിരുന്നില്ല നമുക്കു മാർഗ്ഗ നിർദ്ദേശം നൽകിയിരുന്നത്. പല തീരുമാനങ്ങളുടെയും ഫലം അത്ര ഗൗരവമുള്ളതുമായിരുന്നിരിക്കില്ല. എന്നിരുന്നാലും ദൈവത്തിന്റെ പരമോന്നത നന്മ നമുക്ക് നഷ്ടമായിരിക്കുന്നു. അതുകൊണ്ടു ഭാവിയിൽ നമുക്കു വ്യത്യസ്തമായി പ്രവർത്തിക്കാൻ കഴിയട്ടെ.

നാം മനുഷ്യരായതുകൊണ്ടു ഭയം ഉണ്ടാവുക സ്വാഭാവികം. നിങ്ങളുടെ ഇരിപ്പിടത്തിനു തൊട്ടുമുമ്പിൽ പെട്ടെന്ന് ഒരു മൂർഖനെ കണ്ടുവെന്നു കരുതുക. നിങ്ങൾ ഭയപ്പെട്ടു നടുങ്ങുകയും വേഗം എഴുന്നേൽക്കുകയും ചെയ്യും. ഈ സമയം അഡ്രിനാലിൻ എന്ന ഹോർമോൺ നിങ്ങളുടെ ശരീരത്തിൽ ഉത്പാദിപ്പിക്കപ്പെടുകയും അതു രക്തത്തിൽ കലരുകയും ചെയ്യും. അതു സ്വാഭാവികമാണ്. പക്ഷേ അതുകൊണ്ടു നിങ്ങൾ ഇരിക്കാനിടയുള്ള എല്ലാ ഇരിപ്പിടത്തിനടിയിലും ഒരു മൂർഖൻ ഉണ്ടാകാൻ സാധ്യതയുണ്ട് എന്ന *ഭയത്തിൽ* ഒരിക്കലും നിങ്ങൾ കഴിയാൻ പോകുന്നില്ലല്ലോ.

ആരോടുമുള്ള *ഭയത്തിൽ നാം ജീവിക്കാൻ പാടില്ല.* മനുഷ്യനോടോ പിശാചിനോടോ ഉള്ള ഭയത്തിൽ നിന്നും നാം *ഒരു തീരുമാനവും എടുക്കാൻ പാടില്ല.* നാം എടുക്കുന്ന ഓരോതീരുമാനവും നമ്മുടെ സ്വർഗ്ഗപിതാവിലുള്ള ആശ്രയത്തിലും ദൈവഭയത്തിലും ആയിരിക്കണം. അപ്പോൾ മാത്രമേ നാം പരിശുദ്ധാത്മാവിനാൽ നടത്തപ്പെടുന്നു എന്ന കാര്യം ഉറപ്പിക്കാൻ കഴികയുള്ളു.

*എബ്രായർ 13:6* ദൈവത്തെ സേവിക്കുന്ന ഏവരെ സംബന്ധിച്ചും അതിപ്രധാനമായ ഒരു വാക്യമത്രേ.

"ആകയാൽ കർത്താവ് എനിക്കു തുണ. ഞാൻ പേടിക്കയില്ല. മനുഷ്യൻ എന്നോട് എന്തു ചെയ്യും? എന്നു നമുക്കു ധൈര്യത്തോടെ പറയാം."

എന്നാൽ ഒരു കാര്യത്തെക്കുറിച്ചു *ജാഗരൂകരായിരിക്കുന്നതും* അതിനെ *ഭയപ്പെടുന്നതും* തമ്മിലുള്ള വ്യത്യാസം നാം തിരിച്ചറിയണം. നാം ലോകത്തിലായിരിക്കുമ്പോൾ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരായിരിക്കേണ്ടതുണ്ട്. എന്നാൽ നാം ഒരിക്കലും മനുഷ്യരെയോ ഭൂതങ്ങളെയോ സാത്താനെയോ ഭയപ്പെടേണ്ടതില്ല.

യേശു വളരെ കരുതലുള്ളവനായിരുന്നു. യഹൂദ്യയിലെ ആളുകൾ തന്നെ കൊല്ലുവാൻ കാത്തിരിക്കുന്നു എന്ന് യേശു അറിഞ്ഞപ്പോൾ അവിടുന്ന് അങ്ങോട്ടുപോകാതെ സൂക്ഷിച്ചു. (യോഹ. 7:1). അതു ബുദ്ധിപൂർവ്വമായ ഒരു തീരുമാനമായിരുന്നു. എന്നാൽ യേശു ഒരിക്കലും ആരെയും ഭയപ്പെട്ടിരുന്നില്ല.

നിങ്ങൾക്കു രാത്രിയിൽ ഒരു കാട്ടുപ്രദേശത്തേക്കു പോകേണ്ടതുണ്ടെങ്കിൽ നിങ്ങൾ നിശ്ചയമായും ഒരു ടോർച്ച് കൈയിൽ കരുതും. അതിനെ *ഭയമെന്നല്ല* നാം വിളിക്കുന്നത്. *കരുതൽ* എന്നാണ്. ആളുകൾ നിങ്ങളെ അപായപ്പെടുത്താൻ ഒരു സ്ഥലത്തു പതിയിരിപ്പുണ്ടെങ്കിൽ നിങ്ങൾ അവിടേക്കുപോ

കുവാൻ പാടില്ല– ദൈവം നിങ്ങളെ അങ്ങോട്ടേക്ക് അയയ്ക്കുന്നില്ലെങ്കിൽ. ഒടുവിൽ പരിശുദ്ധാത്മാവ് യേശുവിനെ യെരുശലേമിലേയ്ക്ക് നയിച്ചപ്പോൾ അവിടുന്ന് പോവുകയും കൊല്ലപ്പെടുകയും ചെയ്തു. അതു ദൈവഹിതവും ദൈവത്തിന്റെ സമയവുമായിരുന്നു.

നമുക്ക് ഒരു മനുഷ്യനെയും ഭയപ്പെടേണ്ടതില്ല. *"അത്യുന്നതന്റെ നിഴലിൽ വസിച്ച്" (സങ്കീ. 91:1)* അവിടുത്തെ ഹിതം ചെയുതു നാം ജീവിക്കുന്നുവെങ്കിൽ നമുക്കു ദോഷംചെയ്യാൻ ആർക്കാണു കഴിയുക? ബൈബിൾ ഇപ്രകാരം ചോദിക്കുന്നു: *"നിങ്ങൾക്കു ദോഷം ചെയ്യുന്നതാർ?" (പത്രോ 3:13).* മനുഷ്യർ ചെയ്യുന്ന ഏതു കാര്യവും നമുക്കു നന്മയാക്കി മാറ്റുവാൻ കഴിയുന്നവനാണു ദൈവം *(റോമ. 8:28).* അതു സത്യമായിരിക്കയാൽ നാം എന്തിനു ഭയപ്പെടണം?

ഇക്കാര്യം നാം വിശ്വസിക്കുന്നുവെങ്കിൽ വലിയ *അധികാരമായിരിക്കും* അതു നമ്മുടെ ജീവിതത്തിൽ നൽകുക. നാം മനുഷ്യരെ ഭയപ്പെടുകയും അവരിൽ മതിപ്പുളവാക്കുകയും അവരുടെ മുമ്പാകെ നമ്മെ നീതീകരിക്കുകയും ചെയ്യുമ്പോൾ നമ്മുടെ ആത്മീയാധികാരത്തിന്റെ ഒരു നല്ല പങ്കും എടുത്തുകളയാൻ സാത്താനു നാം വിധേയപ്പെടുകയാണു ചെയ്യുന്നത്. ഇത്തരം മനോഭാവത്തിൽ നിന്നും നാം തികച്ചും മോചനം പ്രാപിക്കേണ്ടിയിരിക്കുന്നു.

എന്നാൽ ഇതത്ര എളുപ്പമുള്ള ഒരു കാര്യമല്ല. നിരന്തരമായ ഒരു പോരാട്ടമാണിത്. ഒരിക്കൽ നിങ്ങൾ ഒരു ഗ്രൂപ്പിലെ എ, ബി, സി എന്നിവരെ പ്രസാദിപ്പിക്കുന്നതു നിർത്തിവയ്ക്കാനായി തീരുമാനിക്കുന്നു. അങ്ങനെ മനുഷ്യരെ പ്രസാദിപ്പിക്കുന്നതിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ചതായി നിങ്ങൾ വിചാരിക്കുന്നു. പക്ഷേ അതെ സമയം *മറ്റൊരു ഗ്രൂപ്പിലെ* ഡി, ഇ, എഫ് എന്നിവരെ പ്രസാദിപ്പിക്കാൻ തുടങ്ങിയതായി നിങ്ങൾ കണ്ടെത്തുന്നു. മാത്രമല്ല ഇതു അന്തമില്ലാത്ത ഒരു പ്രക്രിയയാണെന്നും! നാം അന്ത്യം വരെ ഈ പോരാട്ടം വിശ്വസ്തമായി തുടർന്നേ മതിയാകു. അങ്ങനെ മാത്രമേ *എല്ലാ* മനുഷ്യരിൽ നിന്നും നാം സ്വതന്ത്രരാകൂ. ഈ പാപത്തിനെതിരെ നാം നിരന്തര ജാഗ്രത പുലർത്തുകയും പോരാടുകയും ചെയ്യേണ്ടതാവശ്യമാണ്. ഒരു മനുഷ്യന്റെയും അംഗീകാരത്തിനുവേണ്ടി നാം ആഗ്രഹിക്കരുത്.

ചില വിശ്വാസികൾ വലിയ ഉന്നത ഭാവത്തോടെ തങ്ങൾക്കാരുടെയും അഭിപ്രായം ആവശ്യമില്ല എന്നു പറയാറുണ്ട്. അത്തരക്കാർ ആത്മീയരേയല്ല. അവർ *നിഗളികളാണ്.* ഉദ്ധതരാണ്. ദൈവഭയമുള്ള ഒരു മൂപ്പന്റെ അഭിപ്രായം വളരെ വിലയേറിയതാണ്. നമുക്കു നമ്മിൽ കണ്ടെത്താൻ കഴിയാത്ത പലതും നമ്മോടറിയിക്കാൻ ആ സഹോദരനു കഴിഞ്ഞെന്നുവരാം. അത്തരം ഒരു സഹോദരനെ ബഹുമാനിക്കുകയും അദ്ദേഹത്തിന്റെ ആത്മീയാധികാരത്തിനു കീഴടങ്ങിയിരിക്കുകയും ചെയ്യുന്നതു നമ്മെ വളരെ സഹായിക്കും. ഒരു ദൈവമനുഷ്യന് അടിമയാകാതെ കീഴടങ്ങിയിരിക്കാൻ പഠിച്ചിരിക്കണം.

നമ്മുടെ സഭാംഗങ്ങൾ മനുഷ്യരെയും ഭൂതാത്മാക്കളെയും ഭയപ്പെടാതെ ദൈവത്തെമാത്രം ഭയപ്പെടുന്നവരാകണമെന്നു നാം ആഗ്രഹിക്കുന്നുവെങ്കിൽ ഒന്നാമതായി നാം അങ്ങനെയുള്ളവർ ആയിത്തീരണം.

ഭൂമിയിലുള്ള സകല കാര്യങ്ങളുടെയും നിയന്ത്രണം ദൈവത്തിന്റെ കരങ്ങളിലാണ്. അതിനാൽ നമുക്ക് ഒന്നിനെയും ഭയപ്പെടേണ്ട കാര്യമില്ല.

ഒരിക്കൽ സുവിശേഷം നിരോധിക്കപ്പെട്ട ഒരു രാജ്യത്തേക്കു ഞാൻ പോകാനൊരുങ്ങുകയായിരുന്നു. കർത്താവ് എന്നെ ആ സമയം *മത്തായി 28:18-19* വാക്യങ്ങൾ ഓർമ്മപ്പെടുത്തി. *ദൈവത്തിനു സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകലതിന്മേലും അധികാരം ഉള്ളതുകൊണ്ടാണു* നമ്മോടു എല്ലായിടത്തും കടന്നുപോയി സുവിശേഷം പ്രസംഗിക്കുവാൻ കല്പിക്കുന്നതെന്ന് പെട്ടെന്ന് എനിക്കു ബോദ്ധ്യമായി. നാം വചനം പ്രസംഗിക്കാൻ പോകുന്നത് ഈ *അടിസ്ഥാനത്തിലല്ലെങ്കിൽ* നാം പോകുന്നിടത്തൊക്കെയും നമുക്കു പ്രശ്നങ്ങളുണ്ടാകും.

*മത്തായി 28:19-ലെ "ആകയാൽ"* എന്ന പദത്തിനു വലിയ പ്രാധാന്യമുണ്ട്. അധികം പ്രസംഗകരും *"പുറപ്പെട്ട്"* എന്ന പദത്തിനാണ് പ്രാധാന്യം കല്പിക്കുന്നത്. ആ പദവും നല്ലതു തന്നെ. പക്ഷേ എന്തിന്റെ അടിസ്ഥാനത്തിലാണ് നാം പുറപ്പെടേണ്ടത്? ഭൂമിയിലുള്ള സകല മനുഷ്യരുടെ മേലും സകലഭൂതങ്ങളിന്മേലും കർത്താവിന് അധികാരം ലഭിച്ചിരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണത്. നിങ്ങൾ വാസ്തവമായി അതു വിശ്വസിക്കുന്നുണ്ടോ? ഇല്ലെങ്കിൽ നിങ്ങൾ എങ്ങും പോകാതിരിക്കുന്നതുതന്നെ നല്ലത്.

ഇപ്രകാരം *മത്തായി 28* ലെ ഈ വാക്യം ഒരു പുതിയ വെളിപ്പാടായി എനിക്കു ലഭിച്ചു. അതോടെ സുവിശേഷം നിരോധിക്കപ്പെട്ട ആ രാജ്യത്തേക്ക് ഒരു മടിയും കൂടാതെ കടന്നുപോകാൻ കഴിയും എന്ന ബോദ്ധ്യം എനിക്കു ലഭിച്ചു. എന്നാൽ ആ രാജ്യത്തേക്കു പ്രവേശിക്കുമ്പോൾ സ്വാഭാവികമായ ഭയം എനിക്കുണ്ടായി. പക്ഷേ ആ ഭയത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ ഒരു തീരുമാനവും എടുത്തില്ല.

ഏതെങ്കിലും *ഒരു പ്രത്യേക രാജ്യത്തിന്മേൽ* യേശുവിനു അധികാരമില്ലെന്നു കരുതുന്നുവെങ്കിൽ താങ്കൾ അവിടേക്കു കടന്നുപോകാതിരിക്കുന്നതാണു നല്ലത്. അത്തരം ഒരു സ്ഥലത്തേക്കു ഞാനും പോവില്ല. എനിക്കു ഭയമുണ്ടായിരിക്കും. എന്നാൽ അത്തരം ഒരു രാജ്യം ഈ ഭൂമുഖത്തെവിടെയും ഇല്ലാത്തതിനാൽ ഞാൻ ദൈവത്തിനു നന്ദിപറയുന്നു. ഈ ഭൂമിയുടെ *ഏതു കോണും എന്റെ കർത്താവിന്റെ അധികാര പരിധിക്കുള്ളിൽ വരുന്നതാണ്.*

അപ്രകാരം തന്നെ ഏതെങ്കിലും ഒരു വ്യക്തി, അയാൾ എത്രമാത്രം *ശക്തിയും അധികാരവുമുള്ള* ഒരുവനായിക്കൊള്ളട്ടെ, കർത്താവിന്റെ അധികാരത്തിൻ കീഴിൽ ഉള്ളവനല്ല എന്നു കരുതുന്നുവെങ്കിൽ ജീവിതം മുഴുവൻ നിങ്ങൾ അയാളെ ഭയപ്പെട്ടു കഴിയേണ്ടിവരും. എന്നാൽ അത്തരം ഒരു വ്യക്തി

ഈ ഭൂമുഖത്തെങ്ങും ഇല്ലാത്തതിനാൽ കർത്താവിനു സ്തോത്രം. ഈ ഭൂമുഖത്തുള്ള സകല വ്യക്തികളുടെ മേലും നമ്മുടെ കർത്താവ് അധികാരമുള്ളവൻ തന്നെ. ദാനിയേൽ 4:34-ൽ നാം വായിക്കുന്നതുപോലെ ബാബിലോൺ രാജാവായ നെബുഖദ് നേസർ അതു മനസ്സിലാക്കിയിരുന്നു.

നമ്മുടെ കർത്താവിനു കാൽവറിയിൽ *തോല്പിക്കാൻ കഴിയാത്ത ഏതെങ്കിലും ഒരു ഭൂതം ബാക്കിയുണ്ടെങ്കിൽ* അതിനോടുള്ള ഭയത്തിൽ നാം ആയുഷ്ക്കാലം മുഴുവൻ കഴിയേണ്ടിവന്നേനേം. പക്ഷേ കുരിശിൽ പരാജയപ്പെടാത്ത ഒരു ഭൂതാത്മാവും ഇല്ല. സാത്താൻതന്നെ എന്നെന്നേക്കുമായി അവിടെ പരാജയപ്പെട്ടു. സാത്താനെയും ഭൂതങ്ങളെയും കുറിച്ചുള്ള ഈ അറിവ് നമ്മെ എല്ലാ ഭയത്തിൽ നിന്നും സ്വതന്ത്രരാക്കും. നമ്മുടെ ശുശ്രൂഷയിൽ നമുക്കു വലിയ ധൈര്യം നൽകും.

*ദൈവം നമ്മെ എവിടെക്കയച്ചാലും നാം പോകണം.* ചില സ്ഥലങ്ങളിൽ അപകട സാധ്യകളുണ്ടാകാം. എന്നാൽ കർത്താവാണു അയച്ചിരിക്കുന്നതെന്നു ബോധ്യമുണ്ടെങ്കിൽ നമുക്കു ഭയപ്പെടേണ്ടകാര്യമില്ല. അപ്പോൾ ഒരു സ്ഥലത്ത് സുവിശേഷ വിരോധികൾ ഉണ്ടോ എന്നതല്ല പ്രശ്നം; മറിച്ച് നമ്മെ അയച്ചിരിക്കുന്നതു കർത്താവാണോ എന്നതാണ്. കർത്താവാണ് അയച്ചിരിക്കുന്നതെങ്കിൽ അവിടുത്തെ ശക്തിയും അധികാരവും നമ്മെ കാക്കും. നമുക്ക് ഒന്നിനെയും ഭയപ്പെടേണ്ട കാര്യമില്ല. *കർത്താവു എവിടേയ്ക്കെങ്കിലും അയക്കുന്നില്ലെങ്കിൽ* എത്ര ആളുകൾ നമ്മെ അക്കാര്യത്തിനു പ്രേരിപ്പിച്ചാലും നമ്മുടെ ഉള്ളിലെ സാഹസധൈര്യം നമ്മെ ഉത്സാഹിപ്പിച്ചാലും നാം അതു ചെയ്തുകൂടാ.

എപ്പോഴും നാം നമ്മോടുതന്നെ ചോദിക്കേണ്ടിയിരിക്കുന്നു: ഞാൻ എന്തിന് ഈ സ്ഥലത്തേക്കു പോകണം? നാം പോകുന്നതു *'ശിഷ്യരെ'* ഉളവാക്കാനാണെങ്കിൽ, നമുക്കു *മറ്റുയാതൊരു ലക്ഷ്യവുമില്ലെങ്കിൽ,* ലോകാവസാനത്തോളം *കർത്താവു നമ്മോടു കൂടെ ഇരിക്കും.* അത് അവിടുത്തെ വാഗ്ദാനമാണ്. എന്നാൽ നമുക്കു മറ്റു ഗൂഢലക്ഷ്യങ്ങൾ ഉണ്ടാവാൻ സാധ്യതയുണ്ട്. *കർത്താവു നമ്മുടെ ഹൃദയങ്ങളെ പരിശോധിക്കുകയും (യിരെ. 12:3)* നമ്മുടെ ഉദ്ദേശ്യങ്ങളെ അറികയും ചെയ്യുന്നു.

സ്വയം വിശ്വാസിയെന്നു ഗണിക്കുന്ന എല്ലാവരുടെയുംപക്കൽ കർത്താവു തന്നെത്തന്നെ വിശ്വസിച്ചേൽപ്പിക്കുന്നില്ല. *(യോഹ. 2:24)* എന്നാൽ നിങ്ങൾക്കു കർത്താവിനോടു സത്യസന്ധമായി ഇപ്രകാരം പറയാൻ കഴിയുമെങ്കിൽ: *"കർത്താവേ, അങ്ങ് എന്നെ ഈ സ്ഥലത്തേക്കു വിളിച്ചിരിക്കുന്നുവെന്ന് എനിക്കു തോന്നുന്നതുകൊണ്ട് ഞാൻ പോകുന്നു. ഞാൻ അവിടേക്കു പോകുന്നതു ആളുകളെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടുത്തുകയും അങ്ങ് കല്പിച്ചതെല്ലാം ഉപദേശിച്ചുകൊണ്ട് അവരെ ശിഷ്യരാക്കുകയും ചെയ്യുവാനാണ്. അല്ലാതെ പണമുണ്ടാക്കാനോ പേരുണ്ടാക്കാനോ മറ്റ് ഏതെങ്കിലും സ്വാർത്ഥലക്ഷ്യത്തിനോ വേണ്ടിയല്ല."*

ഇതു നിങ്ങൾ പറയുന്നുവെങ്കിൽ കർത്താവിന്റെ അധികാരം നിങ്ങളെ ശക്തീ കരിക്കും.

അങ്ങനെയെങ്കിൽ ഭാര്യയ്ക്കും കുഞ്ഞുങ്ങൾക്കും എന്തു സംഭവിക്കുമെന്നോർത്ത് നിങ്ങൾ ഭയപ്പെടേണ്ടിവരികയില്ല. നിങ്ങളുടെ സാമ്പത്തികാവശ്യങ്ങളെയോർത്ത് ആകുലപ്പെടേണ്ടി വരികയുമില്ല. നാം മുമ്പേ ചിന്തിച്ചതു പോലെ *കർത്താവു നമ്മെ വിളിച്ചിട്ടുണ്ടോ* എന്നതാണു സുപ്രധാന ചോദ്യം. താങ്കളെ അയയ്ക്കുന്നതു കർത്താവാണോ അതോ മനുഷ്യനാണോ അതോ താങ്കളുടെ ഉള്ളിലെ സാഹസികതയുടെ ആത്മാവാണോ?

നിങ്ങൾക്കു സ്വന്തമായി ഉണ്ടാക്കിയ പദ്ധതികളാണുള്ളതെങ്കിൽ ബൈബിളിലെ ഒരു വാഗ്ദാനംപോലും നിങ്ങൾക്ക് ഉറപ്പിനായി നൽകുവാൻ എനിക്കു കഴിയില്ല. എന്നാൽ ദൈവത്തിന്റെ പദ്ധതിയനുസരിച്ചു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിക്കയും യേശു പഠിപ്പിച്ചതെല്ലാം പഠിപ്പിക്കയും ചെയ്തുകൊണ്ടു ആളുകളെ ശിഷ്യരാക്കുകയാണു താങ്കളുടെ ലക്ഷ്യമെങ്കിൽ ഞാൻ താങ്കൾക്കുറപ്പു തരാം: താങ്കൾക്ക് പിശാചുക്കളെയോ മനുഷ്യരെയോ മറ്റെന്തിനെയെങ്കിലുമോ ഭയപ്പെടേണ്ടിവരികയില്ല.

യേശുക്രിസ്തുവിന്റെ നാമത്തിന്റെ അധികാരം പ്രയോഗിച്ച് ഭൂതാവേശിതരായ ആളുകളെ വിടുവിക്കാൻ എല്ലാ ദൈവദാസന്മാരും അറിഞ്ഞിരിക്കണം. ഭൂതങ്ങൾക്ക് എന്നെയോ നിങ്ങളെയോ യാതൊരു ഭയവുമില്ല. അവരെ ക്രൂശിൽകീഴടക്കിയ യേശുവിനെ മാത്രമേ അവർക്കു ഭയമുള്ളു. അതുകൊണ്ടുതന്നെ യേശു മാത്രമാണു ക്രൂശിൽ സാത്താന്റെ സർവ്വശക്തിയെയും നിർവ്വീര്യമാക്കിയത് *(കൊലൊ. 14,15)* എന്ന അറിവു ഏറ്റവും സുപ്രധാനമാണ്. സുവിശേഷത്തിലെ ഈ നല്ല വാർത്ത ആദ്യം നാം തന്നെ അനുഭവിക്കയും പിന്നെ മറ്റുള്ളവരോടു പറയുകയും ചെയ്യണം. നാം അതു വിശ്വസിക്കുന്നുവെങ്കിൽ നമുക്കു മറ്റുള്ളവരെ സാത്താന്റെ അധികാരത്തിൽ നിന്നു സ്വതന്ത്രരാക്കാൻ കഴിയും.

ഭൂതങ്ങൾ നമ്മെ എന്തുചെയ്യുമെന്നോർത്തു നാം **ഭയപ്പെടേണ്ട.** സ്വർഗ്ഗീയ പിതാവു അനുവദിക്കാതെ നമ്മുടെ തലയിലെ ഒരു രോമം പോലും തൊടുവാൻ അവർക്കു കഴിയില്ല. എന്നാൽ ഒട്ടധികം വിശ്വാസികളും തങ്ങൾക്കെതിരെ ആരൊക്കെയോ ആഭിചാരം ചെയ്തിട്ടുണ്ട് എന്ന ഭയത്തിൽ നടക്കുന്നവരാണ്. അല്ലെങ്കിൽ ആരെങ്കിലും അപ്രകാരം ചെയ്യുമോ എന്ന ഭയത്തിൽ ജീവിക്കുന്നവരാണ്. എന്തുകൊണ്ടാണ് അവർ അപ്രകാരം ഭയപ്പെടുന്നത്? കാരണം, സാത്താൻ ക്രൂശിൽ തോല്പിക്കപ്പെട്ടവനാണ് എന്ന സത്യം അവർ ഗ്രഹിച്ചിട്ടില്ല.

ദീർഘനാൾ രോഗിയായിരുന്ന ഒരു പാസ്റ്ററെ എനിക്കറിയാം. തന്റെ രോഗകാരണം ശത്രുക്കൾ തനിക്കെതിരെ ചെയ്ത ആഭിചാര ഫലമാണെന്നായി

രുന്നു അദ്ദേഹത്തിന്റെ വിചാരം. അതെങ്ങനെ ശരിയാകും.? ആഭിചാര ശക്തിയെക്കാൾ കുറഞ്ഞ ശക്തിയാണോ ദൈവം? ഒരിക്കലുമല്ല. പാസ്റ്ററുടെ അവിശ്വാസമാണ് ഇവിടുത്തെ പ്രശ്നം. കർത്താവിന്റെ അധികാരത്തിനും ശക്തിക്കും മുമ്പിൽ നിൽക്കാൻ കഴിയുന്ന ഒരു ശക്തിയും ഭൂമിയിലോ സ്വർഗലോകങ്ങളിലോ ഇല്ല. ദുഷ്ടശക്തികളുടെ പ്രവർത്തന കേന്ദ്രം സ്വർഗലോകങ്ങളിലാണെന്നു ബൈബിൾ പറയുന്നു *(എഫെ. 6:12)*. കർത്താവിന്റെ അധികാരത്തെക്കുറിച്ചു നിങ്ങൾക്കീ ബോദ്ധ്യമില്ലെങ്കിൽ കർത്താവിനെ സേവിക്കുന്നതു നിർത്തിയിട്ടു മറ്റെന്തെങ്കിലും പരിപാടിക്കു പോകുന്നതാണു നല്ലത്. നിങ്ങളുടെ പ്രസംഗങ്ങളിലൂടെ നിങ്ങളുടെ ഉള്ളിലെ ഭയം മറ്റുള്ളവരിലേക്ക് പകരപ്പെടാൻ സാധ്യതയുണ്ട്. ഭയം സാത്താന്റെ ഒരു ആയുധമാണ്. ഒരിക്കലും അവൻ അതു നിങ്ങളുടെ മേൽ പ്രയോഗിക്കാതെ സൂക്ഷിക്കുക.

ഇയ്യോബിന്റെ ജീവിതത്തിലെന്നപോലെ പിശാച് ദൈവത്തിന്റെ അനുവാദത്തോടെ വിശ്വാസികളെ ഉപദ്രവിക്കാൻ സാധ്യതയുണ്ട്. തന്റെ ദാസനായ പൗലോസിനെ കുത്തുവാൻ ദൈവം സാത്താന്റെ ദൂതനെ അനുവദിച്ചു. *(2. കൊരി. 12:7)* അത് ശരീരത്തിൽ മുള്ളുകുത്തുംപോലെയുള്ള ഒരു അനുഭവമായിരുന്നു. താൻ പോയിരുന്നിടത്തൊക്കെയും തന്നെ ദണ്ഡിപ്പിച്ചിരുന്ന ഒരു *രോഗമോ ഒരു വ്യക്തിയോ* ആയിരുന്നിരിക്കാമത്. നമ്മുടെ ശരീരത്തിനുള്ളിൽ ഒരു മുള്ളുണ്ടായിരിക്കയും നമുക്കത് നീക്കം ചെയ്യാൻ കഴിയാതിരിക്കയും ചെയ്യുന്നുവെങ്കിൽ അതു നീക്കുവാൻ നാം കർത്താവിനോടപേക്ഷിക്കണം, എന്നാൽ പൗലോസിനോടെന്നപോലെ *'വേണ്ടാ'* എന്നു കർത്താവു മറുപടി നൽകിയെന്നുവരാം. നമ്മെ താഴ്മയിൽ നിർത്തുക എന്ന മഹത്തായ ഒരു ലക്ഷ്യം ആ മുള്ള് സാദ്ധ്യമാക്കുന്നു എന്ന് അവിടുന്നു കണ്ടിരിക്കുന്നുവെങ്കിൽ അങ്ങനെയായിരിക്കും പറയുക. പൗലോസ് തെസ്സലോനിക്കയിലേക്കു പോകുന്നതിനെ ഒരിക്കൽ സാത്താൻ തടസ്സപ്പെടുത്തുകയുണ്ടായി. എന്നാൽ അതിനുപകരം തിമൊഥെയോസ് അവിടെപോവുകയും ദൈവത്തിന്റെ ലക്ഷ്യം സാധിക്കുകയും ചെയ്തു. *(1 തെസ്സ. 2:18, 3:2).*

ഒരു കാര്യം എടുത്തു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു: വീണ്ടും ജനനം പ്രാപിച്ച ഒരു ക്രിസ്ത്യാനി ഒരിക്കലും ഭൂതബാധിതനാവില്ല. എന്നാൽ ഈ കാലഘട്ടത്തിൽ അനേകം പ്രസംഗകരും തിരുവെഴുത്തിനു വിരുദ്ധമായി *വിശ്വാസികളിലെ ഭൂതബാധയെക്കുറിച്ച്* പ്രസംഗിക്കയും അനേകരെ ഭയത്തിലേക്കും കുറ്റബോധത്തിലേക്കും തള്ളിവിടുകയും ചെയ്യുന്നു.

ഇത്തരം പ്രസംഗകർക്ക് ഒരിക്കലും തങ്ങൾ പറയുന്ന ഈ കാര്യങ്ങൾക്ക് വചനത്തിൽ നിന്നു യാതൊരു തെളിവും തരാൻ കഴിയുകയില്ല. എന്നാൽ തങ്ങളുടെ അനുഭവത്തിൽ ഇത്തരത്തിലുള്ള ധാരാളം കേസുകൾ വന്നിട്ടുണ്ടെന്നാണ് അവർ പറയുന്നത്. അങ്ങനെ അവർ ദൈവവചനത്തേക്കാൾ തങ്ങളുടെ *അനുഭവങ്ങൾക്കു* പ്രാധാന്യം കൊടുക്കുന്നു! അതു തന്നെ അവരുടെ അടിസ്ഥാനം തെറ്റാണെന്നു തെളിയിക്കുന്നു.

ക്രിസ്തുവിനും ഭൂതത്തിനും ഒരേ സമയം ഒരു ഹൃദയത്തിൽ വസിക്കുവാൻ കഴിയില്ല. ഇരുളും വെളിച്ചവും ഒരേ സമയം ഒരിടത്തു വസിക്കില്ല. യേശു പ്രസംഗിച്ച പള്ളികളിലെ ചില യഹൂദന്മാർ ഭൂതബാധിതരായിരുന്നു. പക്ഷേ വീണ്ടും ജനനം പ്രാപിച്ച ഒരു വിശ്വാസി ഭൂതബാധതനായിരുന്നതായി നാം ഒരിടത്തും വായിക്കുന്നില്ല. *(അപ്പൊ. പ്രവൃത്തി 2-ലെ പെന്തക്കോസ്ത് നാളിനു ശേഷം).*

പൗലോസിനും ഇയ്യോബിനും ഉണ്ടായതുപോലെ പുറത്തു നിന്നും പിശാചിന്റെ ആക്രമണം ഉണ്ടായെന്നു വരാം. അതും ദൈവത്തിന്റെ അനുവാദത്തോടെ മാത്രം. എന്നാൽ അതു നിങ്ങളുടെ ആത്മീയവർദ്ധനയ്ക്ക് ഉതകുമെന്ന് തീർച്ച.

ഒരു വ്യക്തി ഭൂതബാധിതനോ അല്ലയോ എന്ന് ഉറപ്പാക്കാൻ താഴെപ്പറയുന്ന മൂന്ന് കാര്യങ്ങൾ ഹൃദയപൂർവ്വം ഏറ്റുപറയുവാൻ അയാളോടാവശ്യപ്പെടുക:

(1) യേശുക്രിസ്തു എന്റെ കർത്താവാണ്.

(2) യേശുക്രിസ്തു ജഡത്തിൽ വന്നവനും പാപത്തെ ജയിച്ചവനുമാണ്.

(3) സാത്താനേ, നിന്നെ യേശുക്രിസ്തു കാൽവറി ക്രൂശിൽ തോൽപ്പിച്ചിരിക്കുന്നു. ഞാൻ ഇനി ഒരിക്കലും നിന്റേതല്ല.

ഭൂതം ബാധിച്ച വ്യക്തികൾക്ക് തങ്ങളുടെ ഹൃദയത്തിൽ നിന്നും ഈ കാര്യങ്ങൾ ഏറ്റുപറയാൻ കഴിയില്ല.

രോഗ ബാധിതരാകുന്ന ഓരോസമയത്തും നാം സൗഖ്യത്തിനു വേണ്ടി പ്രാർത്ഥിക്കേണ്ടതുണ്ട്. എന്നാൽ ഈ രോഗത്തിലൂടെ നമുക്ക് അധികം ആത്മീയവർദ്ധനയുണ്ടാവുകയും അതിലൂടെ നാം അവിടുത്തെ മഹത്വപ്പെടുത്തുകയും ചെയ്യണമെന്നു ദൈവം ആഗ്രഹിക്കുന്നുവെങ്കിൽ നാം അതു സന്തോഷത്തോടെ സ്വീകരിക്കാൻ തയ്യാറാണെന്നു ദൈവത്തോടു പറയുകയും വേണം.

പഴയ നിയമത്തിൽ തന്റെ മാതാപിതാക്കളെ ബഹുമാനിക്കുന്നവർക്കു ദൈവം ദീർഘായുസ്സും ആരോഗ്യവും നന്മയും വാഗ്ദാനം ചെയ്തിരുന്നു. അതിൽ എന്തൊക്കെ ഉൾക്കൊണ്ടിരിക്കുന്നു.? അത്തരം കുഞ്ഞുങ്ങൾ വളർന്നു വരുന്ന കാലയളവിൽ മാരകമായ രോഗങ്ങളിൽ നിന്നും അപകടങ്ങളിൽ നിന്നും ഒക്കെ ദൈവം അവരെ കാക്കുന്നു. അപ്രകാരം മാതാപിതാക്കളെ ബഹുമാനിച്ചിരിക്കുന്ന കുഞ്ഞുങ്ങളെ ദൈവം കാത്തിരുന്നോ? തീർച്ചയായും. അതു തികച്ചും സത്യവും അർത്ഥപൂർണ്ണവുമായ ഒരു വാഗ്ദാനമാണ്. ദൈവം തന്റെ വാക്കു പാലിക്കുന്നതിൽ മാറാത്തവനും വിശ്വസ്തനുമാണ്. മാതാപിതാക്കളെ ബഹുമാനിക്കുന്ന ഒരു മകനോ മകളോ ദീർഘായുസ്സുള്ളവനായിരിക്കാൻ തക്കവണ്ണം അവന്റെ ആരോഗ്യത്തെയും സാഹചര്യങ്ങളെയും ദൈവം നിയന്ത്രിക്കുന്നു.

അപ്രകാരം തന്നെ നാമും ദൈവഹിതം പൂർത്തിയാക്കുംമുമ്പു മരിക്കാതിരിക്കേണ്ടതിന്നു നമ്മുടെ ജീവനേയും സാഹചര്യങ്ങളേയും ദൈവം നിയന്ത്രിക്കുന്നു. നമ്മുടെ മരണം 33-ലോ 90-ലോ എന്നതല്ല കാര്യം.

പുതിയനിയമത്തിൽ ദീർഘായുസ്സല്ല ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്നു നമുക്കറിയാം. ഹ്രസ്വമാകിലും ദീർമാണെങ്കിലും, ദൈവഹിതത്തിന്റെ പൂർത്തീകരണത്തിനായി ഉഴിഞ്ഞുവച്ച ഒരു ജീവിതമാണ് പരമപ്രധാനം.33 വയസ്സുവരെ മാത്രമേ യേശു ജീവിച്ചിരുന്നുള്ളു എങ്കിലും അതിനുള്ളിൽ പിതാവ് ഏൽപിച്ച ദൗത്യം പൂർത്തീകരിച്ചിരുന്നു.

ഡേവിഡ് ബ്രെയിനാർഡ് എന്ന ദൈവദാസൻ 29-ാം വയസ്സിലും വാച്ച്മാൻ നീ എന്ന ദൈവദാസൻ 70-ാം വയസ്സിലുമാണ് മരണമടഞ്ഞത്. നാം അറിയുന്നേടത്തോളം അവർ രണ്ടുപേരും തങ്ങളുടെ ആയുസ്സിൽ ദൈവം വച്ചിരുന്ന ലക്ഷ്യം തികെച്ചു എന്നതാണ് സുപ്രധാനകാര്യം. ആ ലക്ഷ്യം പൂർത്തിയാകും വരെ അവരുടെ ആയുസ്സിനെ രോഗമോ അപകടങ്ങളോ ബാധിക്കാതെ ദൈവം നിയന്ത്രിച്ചു എന്നത് സത്യമാണ്.

മനുഷ്യശരീരത്തെ ബാധിക്കുന്ന നിരവധി സൂക്ഷ്മജീവികളും രോഗാണുക്കളും ഉണ്ട്. അവയിൽ ചിലതിനു നമ്മെ കൊല്ലാനുള്ള കഴിവുമുണ്ട്. എന്നാൽ അവ നമുക്ക് *മാരകമായി വരാതെ* അവയെ നിയന്ത്രിക്കാൻ ശക്തിയും അധികാരവുമുള്ളവനാണ് ദൈവം.

മദ്യപിച്ചു ലക്കുകെട്ടു വണ്ടിയോടിക്കുന്ന ഡ്രൈവർമാർ നമ്മെ ഇടിച്ചു തെറിപ്പിക്കാതെ നിയന്ത്രിക്കാൻ ശക്തനാണു ദൈവം.

ദൈവത്തിന്റെ ശക്തിയും അധികാരവും നാം നിനയ്ക്കുന്നതിലും എത്രയോ വലുതാണ്. അവിടുന്ന് ഓരോ മാത്രയിലും നമ്മെ കാക്കുന്നു- മയങ്ങാതെ, ഉറങ്ങാതെ, നിതാന്ത ജാഗ്രതയോടെ. ഇക്കാര്യം നമുക്കു വിശ്വസിക്കാൻ കഴിയുമെങ്കിൽ സാഹചര്യങ്ങളെ, രോഗങ്ങളെ, അപകടങ്ങളെ എന്നു വേണ്ട യാതൊന്നിനെയും ഭയപ്പെടാതെ നമുക്കു ജീവിക്കുവാൻ കഴിയും.

നിങ്ങൾ ദൈവത്തെ ഭയപ്പെടുന്നുവെങ്കിൽ മറ്റൊന്നിനെയും നിങ്ങൾ ഭയപ്പെടേണ്ടതില്ല.

◆

# 12

# മറ്റുള്ളവരെ ഭയത്തിൽനിന്നു മോചിപ്പിക്കുക

**ഒ**രു ആത്മീയനേതാവ് ആളുകളെ തന്നോടുള്ള വിധേയത്വത്തിൽ നില നിർത്തുവാൻ ഒരിക്കലും ഭയമെന്ന ആയുധം ഉപയോഗിക്കില്ല, മറിച്ച് അദ്ദേഹം ആളുകളെ ഭയത്തിൽനിന്നു മോചിപ്പിക്കുന്നവനായിരിക്കും.

സാത്താന്റെ ആയുധശാലയിലെ ഒരു ആയുധമാണ് ഭയം. യേശു വന്നത് മനുഷ്യനെ ഭയത്തിൽ നിന്നു മോചിപ്പിക്കുവാനാണ്. ഓരോ ആത്മീയനേതാവിന്റെയും പ്രവർത്തനലക്ഷ്യം അതായിരിക്കണം.

*എബ്രായർ 2:14,15* വാക്യങ്ങളിൽ *യേശു ജഡരക്തങ്ങൾ ഉള്ളവനായി വന്നതിന്റെ ഉദ്ദേശ്യം ഭയം കാരണമായി മരണത്തിനും സാത്താനും ജീവപര്യന്തം അടിമകളായിരുന്ന മനുഷ്യരെ ഭയത്തിൽ നിന്നു മോചിപ്പിക്കേണ്ടതിനായിരുന്നു* എന്ന് വ്യക്തമാക്കിയിരിക്കുന്നു.

*റോമർ 8:15* ഇപ്രകാരം പറയുന്നു: *നാം ഭയപ്പെടുവാൻ തക്കവണ്ണം അടിമത്തത്തിന്റെ ആത്മാവിനെയല്ല, മക്കളെന്ന സ്വാതന്ത്ര്യബോധമുളവാകുവാൻ തക്കവണ്ണം പുത്രത്വത്തിന്റെ ആത്മാവിനെയത്രേ ദൈവം നമുക്കുതന്നത്.*

ഇവിടെ ഭയമുണ്ടാക്കുന്ന അടിമത്തത്തിന്റെ ആത്മാവിനെയും നമ്മെ ദൈവത്തിന്റെ മക്കളാക്കിത്തീർക്കുന്ന പരിശുദ്ധാത്മാവിനെയും തമ്മിൽ പൗലോസ് താരതമ്യം ചെയ്യുകയാണ്. ഭയം എപ്പോഴും അടിമത്തം ഉണ്ടാക്കുന്ന ഒന്നാണ്. ലോകമെങ്ങുമുള്ള ആളുകൾ ഭയത്തിലാണു ജീവിക്കുന്നത്. നിർഭാഗ്യകരമെന്നു പറയട്ടെ, മിക്ക വിശ്വാസികൾപോലും ഭയത്തിലാണു ജീവിക്കുന്നത്.

ഒരുവ്യക്തിക്കു നിങ്ങളെ നന്നായി ഭയപ്പെടുത്താൻ കഴിയുമെങ്കിൽ നിങ്ങളെ അടിമയാക്കാൻ അയാൾക്കു കഴിയും. അന്ധാരാധനാസമൂഹങ്ങ(Cults)ളുടെ പ്രവർത്തന തത്വം അതാണ്. തങ്ങളുടെ കൂട്ടം വിട്ടു പോയാൽ പോകുന്നയാൾക്കും അയാളുടെ കുടുംബത്തിനും വലിയ ദോഷം ഭവിക്കുമെന്ന ഭയം ഉളവാക്കുവാൻ തക്കവണ്ണം ശക്തമായ പ്രസംഗമോ പ്രവചനമോ നടത്താൻ കഴിയുന്ന ശക്തമായ ദേഹിബലത്തിന് (Soul Power) ഉടമകളായിരിക്കുന്ന നേതാക്കന്മാർ ആളുകളെ ഭയത്തിന്റെ തടവറയിൽ ആക്കിവയ്ക്കുന്നു. ഇപ്ര

കാരം ഭീതിയുടെ വാക്കുകൾ ആവർത്തിച്ചു കേൾക്കുന്ന ആളുകൾ ഒരിക്കലും സംഘടന വിട്ടു പോകാതെ ഭയം അവരെ ഗ്രസിക്കുന്നു. ആ സംഘടനയ്ക്കുള്ളിൽ നടക്കുന്ന എല്ലാകാര്യങ്ങളും തെറ്റായിരുന്നാലും മറിച്ചൊരു തീരുമാനമെടുക്കാൻ അവർക്കു കഴിയില്ല. നേതാവു വ്യഭിചാര വൃത്തിയിൽ ജീവിക്കുന്ന കാര്യം പരസ്യമായിത്തീർന്നാൽ പോലും ഭയം കാരണം ഒരാളുപോലും അയാളെ ചോദ്യം ചെയ്യാൻ മുതിരുകയില്ല. അത്തരത്തിലാണ് ഭയം ആളുകളെ അടിമകളാക്കുന്നത്.

തങ്ങളുടെ അധികാരത്തിനു കീഴ്പ്പെടുവാനോ, ദശാംശം കൃത്യമായി ലഭിക്കുവാനോ, മറ്റെന്തെങ്കിലും കാര്യങ്ങൾക്കുവേണ്ടിയോ ക്രിസ്തീയനേതാക്കന്മാർ ജനങ്ങൾക്കു മേൽ *ഭയം എന്ന ആയുധം* എടുത്തു പ്രയോഗിക്കുമ്പോൾ അവർ സാത്താന്റെ ആയുധം ഉപയോഗിക്കുന്നവരായിത്തീരുകയാണ്.

ആളുകൾ ചെയ്യണമെന്നു നാമാഗ്രഹിക്കുന്ന കാര്യങ്ങൾ  അവരെക്കൊണ്ടു ചെയ്യിക്കുവാൻ ഭയമെന്ന ആയുധം നാം ഉയോഗിക്കുവാൻ പാടില്ല. ആരെങ്കിലും ഈ ആയുധം ഉപയോഗിച്ചാൽ താൻ പണിയുന്ന സമൂഹം ക്രമേണ ഒരു *കൾട്ടായിമാറും.*

ദൈവത്തിന്റെ സഭയിൽ ഓരോ സഹോദരനും സഹോദരിയും തങ്ങളുടേതായ തിരഞ്ഞെടുപ്പുകളും തീരുമാനങ്ങളും എടുക്കുവാൻ തക്കവണ്ണം സ്വാതന്ത്ര്യമുള്ളവരായിരിക്കണം. തീർച്ചയായും പാപത്തിൽ ജീവിക്കുന്നവരെ ശിക്ഷണ നടപടികളിലൂടെ ക്രമമുള്ളവരാക്കിയെടുക്കുവാനുള്ള ബാധ്യത നമുക്കുണ്ട്. എന്നാൽ അവരെ ശാപത്തിന്റെയും ശിക്ഷാവിധിയുടെയും ഭീതിയിൽ തളയ്ക്കുവാൻ പാടില്ല.

ദശാംശം കൊടുക്കാത്തവർ ആ പണം ആശുപത്രിയിലും ഡോക്ടർമാർക്കുമായി ചെലവഴിക്കേണ്ടിവരുമെന്നു ഭീഷണിപ്പെടുത്തുന്ന സഭാ ശുശ്രൂഷകന്മാരുണ്ട്. ഇതു തികച്ചു ഭോഷത്തമാണ്. അത്തരം ഭയങ്ങളിൽ നിന്നും ആളുകളെ *വിടുവിക്കുവാനുള്ള ബാധ്യത* നമുക്കുണ്ട്. ആളുകൾ കൊടുക്കുന്നതു ഭയത്തോടെയല്ല- സന്തോഷത്തോടെയാകണം. ഭീഷണിപ്പെടുത്തി തട്ടിപ്പറിക്കുന്ന പണം ദൈവത്തിനാവശ്യമില്ല. ഇപ്രകാരം പിടിച്ചു പറിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്നവർ ദൈവത്തിന്റെ ന്യായാസനത്തിങ്കൽ ഇപ്പോഴോ പിന്നീടോ ഉത്തരം പറയേണ്ടിവരും.

*പഴയനിയമകാലത്ത്* ആളുകൾ ദൈവത്തെ സേവിച്ചിരുന്നതു *ഭയത്തിൽ* നിന്നായിരുന്നു. ദൈവത്തിന്റെ പ്രമാണങ്ങളെ അനുസരിക്കാത്തവർക്ക് ദാരിദ്ര്യവും രോഗവും ഭ്രാന്തും ശത്രു പീഡയും മറ്റും *ആവർത്തനം 28-ൽ* മുന്നറിയിപ്പായി നൽകിയിരുന്നു. ആളുകൾ ഭയപ്പെട്ട് അനുസരിച്ചിരുന്നു. ദശാംശം കൊടുക്കാതിരുന്നാൽ തങ്ങൾ ശാപഗ്രസ്തരായിത്തീരും എന്നു മാലാഖി ആളുകളോടു പറഞ്ഞു *(മാലാ. 3:10).* എന്നാൽ ആതൊക്കെ ന്യായപ്രമാണകാലത്തെ കാര്യങ്ങളാണ്.

ഇത്തരം അടിമത്തങ്ങളിൽ (ഭയത്താൽ നിയമങ്ങൾക്ക് അടിമകളാക്കുന്ന രീതികളിൽ ) നിന്നു നമ്മെ *സ്വതന്ത്രരാക്കുവാനാണ് യേശുവന്നത്*. യോഹന്നാൻ സ്നാപകന്റെ പിതാവായ സെഖര്യാവ് പുതിയ നിയമത്തെക്കുറിച്ച് ഇപ്രകാരം പ്രവചിച്ചു പറഞ്ഞു: "ഭയം കൂടാതെ തിരുമുമ്പിൽ ആരാധിക്കുവാൻ കൃപ നല്കും." (ലൂക്കോ. 1:74)

നിങ്ങളുടെ ജീവിതത്തിൽ ഭയത്തിൽനിന്നും നിങ്ങൾ ചെയ്യുന്ന എന്തെങ്കിലും കാര്യങ്ങളുണ്ടോ? ബൈബിൾ രാവിലെതോറും വായിച്ചില്ലെങ്കിൽ ജീവിതത്തിൽ എന്തെങ്കിലും ദുരന്തം സംഭവിക്കുമെന്ന ഭയത്തിൽ നിന്നാണോ നിങ്ങൾ വായിക്കുന്നത്? അതു വെറും *അന്ധവിശ്വാസമാണ്.* ഒരു അന്ധവിശ്വാസമെന്നോണം ആരും ബൈബിൾ വായിക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. നിങ്ങൾ എല്ലാ ഭയങ്ങളിൽ നിന്നും സ്വതന്ത്രരാകുവാൻ തക്കവണ്ണം തന്റെ തീവ്ര സ്നേഹത്തെ നിങ്ങൾ അറിയുവാൻ അവിടുന്നാഗ്രഹിക്കുന്നു. നമ്മെ യേശുവിന്റെ രക്തത്താൽ കഴുകുകയും അതോടൊപ്പം നമ്മെ നീതീകരിക്കുകയും കൂടി ചെയ്തതിന്റെ ഉദ്ദേശ്യം നാം ഒരു കാരണവശാലും സാത്താനു വശപ്പെട്ടു കുറ്റബോധത്തിന്നടിമകളായിത്തീരാതിരിക്കുവാനാണ്.

ആളുകളിൽ കുറ്റബോധവും ഭയവുമുണ്ടാക്കുന്ന ശുശ്രൂഷ *ഒരിക്കലും ദൈവത്തിൽ നിന്നല്ല.* കൂടുതൽ ബന്ധനത്തിലേക്ക് ആളുകളെ നയിക്കുവാനല്ല– പൂർണ്ണമായും സ്വതന്ത്രരാക്കുവാനാണ് യേശുവന്നത്.

അധികം വിശ്വാസികളും തങ്ങളുടേതായ പ്രശ്നങ്ങളാൽ വളരെ ഭാരപ്പെടുന്നവരാണ്. അതിനുമേൽ അവർ സഭായോഗങ്ങളിലേക്കു വരുന്നതു മൂലം അധികമായ ഭാരം നാം ചുമത്തുന്നതു ശരിയല്ല. അവർ സ്വതന്ത്രരാകുവാനും ധൈര്യപ്പെടുവാനും തക്കവണ്ണമാണു നാം സഹായിക്കേണ്ടത്; ഭാരപ്പെട്ടും നിരാശരായും മടങ്ങിപ്പോകേണ്ടതിനല്ല.

കർത്താവു തന്റെ ജനത്തിൻ നടുവിൽ ഘോഷിച്ചാനന്ദിക്കുന്നു. അവിടുന്ന് തന്റെ ജനത്തിൽ അത്യന്തം സന്തോഷിക്കുന്നു. ഇതത്രെ നാം ജനത്തോടു പ്രഖ്യാപിക്കേണ്ടത്.

സഭായോഗങ്ങളിൽ നാം കർത്താവിനെ സ്തുതിക്കുന്നതിന്റെ ഉദ്ദേശ്യം തന്നെ നമ്മോടുള്ള അവിടുത്തെ സ്നേഹത്തെയും നമ്മിൽ അവിടുന്നു സന്തോഷിക്കുന്നതിനെയും ആനന്ദിക്കുന്നതിനെയും ഘോഷിക്കുവാനാണ്. ദൈവം നമ്മോടു ക്ഷമിച്ചിരിക്കുന്നു. നാം നന്മയുള്ളവരായതുകൊണ്ടല്ല– അവിടുന്നു നമ്മെ സ്നേഹിച്ചിരിക്കകൊണ്ട്. നമ്മിൽ ഒരു നന്മയുമില്ലാതിരിക്കുമ്പോൾത്തന്നെ അവിടുന്നു നമ്മെ ക്രിസ്തുവിൽ തെരഞ്ഞെടുത്തു. അങ്ങനെയെങ്കിൽ മാനസാന്തരപ്പെട്ടവരായ നമ്മെ അവിടുന്ന് എത്രയധികം സ്നേഹിക്കും?

എങ്കിലും ദൈവത്തിന്റെ മക്കളിൽ തന്റെ സ്വന്തം മക്കളേക്കാൾ അധികം കുറ്റബോധം ഉളവാക്കുവാൻ സാത്താനു കഴിഞ്ഞിരിക്കുന്നു. യഥാർത്ഥത്തിൽ

നമുക്കല്ല, സാത്താന്റെ മക്കൾക്കാണ് അധികം കുറ്റബോധം തോന്നേണ്ടത്. എന്നാൽ അവർ വഞ്ചനയുടെ ഒരു ലോകത്തിൽ ജീവിക്കയും അതിൽ സന്തോഷമുള്ളവരായിരിക്കയും ചെയ്യുന്നു. ഏറ്റവും സന്തോഷമുള്ളവരായിരിക്കേണ്ട ദൈവമക്കൾ കുറ്റബോധത്തിന്റെയും അയോഗ്യരെന്ന ബോധത്തിന്റെയും പിടിയിൽ ജീവിക്കുന്നു. ഈ ബോധം *അവിശ്വാസത്തിൽ നിന്നുണ്ടാകുന്നതാണ്.*

ധാരാളം വിശ്വാസികളും പരിശുദ്ധാത്മാവിൽ നിറഞ്ഞവരെന്ന് അവകാശപ്പെടുന്നവരാണ്. എങ്കിലും അവർ ഭയത്തിന്റെയും കുറ്റബോധത്തിന്റെയും പിടിയിലാണ്. പരിശുദ്ധാത്മാവിൽ നിറഞ്ഞു എന്നവകാശപ്പെടുന്ന ഒരു വ്യക്തി ഭയത്തിനടിമയാകുന്നതെങ്ങനെ? ഏതെങ്കിലും കള്ള പ്രവാചകൻ വന്ന് അവർക്കു വരാനിരിക്കുന്ന ഒരു നഷ്ടത്തെക്കുറിച്ചു പ്രവചിക്കുന്നു. ഉടൻതന്നെ അവർ ഭയത്തിന്റെ പിടിയിലാകുന്നു. തുടർന്ന് ആ കള്ളപ്രവാചകൻ അവരിൽ നിന്നും പണം തട്ടുകയും ദൈവത്തിന്റെ സംരക്ഷണത്തിനായി അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. തുടർന്ന് അയാൾ മറ്റ് ഏതെങ്കിലും ഒരു കുടുംബത്തെ വഞ്ചിക്കുന്നതിന് അങ്ങോട്ടു നീങ്ങുന്നു. ഇത്തരം കള്ള പ്രവാചകന്മാരെ നാം സൂക്ഷിക്കേണ്ടിയിരിക്കുന്നു. ജനഹൃദയത്തിൽ ഭയം വിതച്ചുകൊണ്ടു ചുറ്റിക്കറങ്ങുന്ന ധാരാളം കള്ള പ്രവാചകന്മാർ ഇന്നു ലോകത്തിലുണ്ട്.

പതിനായിരക്കണക്കിനു കള്ളപ്രവാചകന്മാർ നമുക്കെതിരെ പ്രവചിക്കട്ടെ. യാതൊരു തിന്മയും നമ്മെ സ്പർശിക്കയില്ല. അത് അവരെത്തന്നെ വലയം പോലെ ചുറ്റി ബന്ധിക്കും. ഈ സത്യം നാം സഭകളിൽ പഠിപ്പിക്കയും ആളുകളെ സ്വാതന്ത്ര്യവും ധൈര്യവും ഉള്ളവരാക്കുകയും വേണം. നമ്മിൽ ഏതെങ്കിലും ഒരു ഭയം കുടികൊള്ളുന്നുവെങ്കിൽ നമുക്കു ദൈവസന്നിധിയിൽ വിശ്വാസവും സാത്താന്റെ മുമ്പിൽ ധൈര്യവും ഉണ്ടാവില്ല. നാം ദൈവത്തെ ഭയപ്പെടുന്നുവെങ്കിൽ മറ്റൊരു ഭയത്തിനും നമ്മിൽ ഇടമുണ്ടാവുകയുമില്ല.

ഭയം സാത്താന്റെ ആയുധമാണ്. *തന്റെ ശുശ്രൂഷയിൽ ഭയം എടുത്തുപയോഗിക്കുന്ന ഏതൊരു വ്യക്തിയും സാത്താന്റെ കൂട്ടാളിയാണ്.*

യേശു ആളുകളോടു നരകത്തെക്കുറിച്ചും ശിക്ഷാവിധിയെക്കുറിച്ചും ഒക്കെ പറഞ്ഞിട്ടുണ്ട്. പക്ഷേ ഒരിക്കലും അവരെ ഭയപ്പെടുത്തുമാറുള്ള വർണ്ണനകൾ ഉപയോഗിച്ചിട്ടില്ല. തന്നെ വിട്ടുപോയ ശിഷ്യന്മാരെ ആരെയും ഇത്തരം കാര്യങ്ങൾ പറഞ്ഞു ഭയപ്പെടുത്തിയിട്ടുമില്ല.

യജമാനന്മാർ ദാസന്മാരെ *ഭീഷണിപ്പെടുത്തരുതെന്നു* ബൈബിൾ കല്പിച്ചിരിക്കുന്നു *(എഫെ. 6:9).*

ഭയം സാത്താന്റെ ആയുധമെന്ന നിലയ്ക്ക് ദൈവത്തിന്റെ ദാസന്മാരായ നമുക്ക് എങ്ങനെയാണ് അതെടുത്ത് ഉപയോഗിക്കാൻ കഴിയുക? എങ്കിലും തങ്ങളുടെ ആടുകളുടെ നേരെ ആ ആയുധം ഉപയോഗിക്കുന്ന ധാരാളം ക്രിസ്തീയ നേതാക്കന്മാർ ഉണ്ട്. നമ്മെക്കുറിച്ച് ആളുകൾ ദൂഷണം പറയു

കയും നമുക്കു നേരെ അസഭ്യം പറയുകയും ചെയ്താൽ പോലും ദൈവ കോപം അവർക്കുണ്ടാകുമെന്നു പറഞ്ഞ് അവരെ ഭയപ്പെടുത്തുവാൻ നമുക്ക് അവകാശമില്ല. പരീശന്മാർ യേശുവിനെ "ഭൂതങ്ങളുടെ തലവനായ ബെയേത്സെബൂൽ" എന്നു വിളിച്ചു. യേശു തന്റെ മറുപടിയിൽ അവരെ ഭീഷ ണിപ്പെടുത്താതെ അവരോടു ക്ഷമിച്ചതായി പ്രഖ്യാപിക്കമാത്രം ചെയ്തു *(മ ത്താ. 12:24,32).* അതാണു നമുക്കുള്ള മാതൃക.

നാം ആളുകളോടു സംസാരിക്കുമ്പോൾ നമ്മുടെ വാക്കുകളിലൂടെ പുറ ത്തുവരുന്ന ഒരു *ആത്മാവുണ്ട്.* നാം അത് തിരിച്ചറിയുന്നുണ്ടാവില്ല. പക്ഷേ അതവിടെയുണ്ട്. നമുക്കു വായ്നാറ്റമുണ്ടെങ്കിൽ നമുക്കു പലപ്പോഴും അത റിയാൻ കഴിയില്ല. മറ്റുള്ളവർക്ക് അതുവേഗംതന്നെ അറിയാൻ കഴിയും. നമ്മുടെ ആത്മാവിൽ നിന്നു പുറപ്പെടുന്ന ദുർഗന്ധവും അത്തരത്തിലാണ്.

നാം പ്രസംഗിക്കുന്നതു വിശുദ്ധിയെക്കുറിച്ചായിരിക്കുമെങ്കിലും *വിശുദ്ധി യുടെ ആത്മാവായിരിക്കില്ല പുറത്തേക്കു വരുന്നത്.* നാം പ്രസംഗിക്കുന്നതു താഴ്മയെക്കുറിച്ചായിരിക്കും. പക്ഷേ പുറത്തേക്കു വരുന്ന ആത്മാവു നിഗള ത്തിന്റേതായിരിക്കും.

രണ്ടു സഹോദരന്മാർ താഴ്മയെക്കുറിച്ചു പ്രസംഗിക്കുന്നു. ഒരാൾ താഴ്മ യുടെ ആത്മാവിൽ സംസാരിക്കുകയും താഴ്മയുടെ ആത്മാവിനെ മറ്റുള്ളവ രിലേക്കു പ്രസരിപ്പിക്കയും ചെയ്യുന്നു. മറ്റേയാൾ നിഗളത്തിന്റെ ആത്മാവിൽ സംസാരിക്കയും ആ ആത്മാവിനെ മറ്റുള്ളവരിലേക്കു കടത്തിവിടുകയും ചെയ്യുന്നു. പ്രസംഗവിഷയം രണ്ടും ഒന്നുതന്നെ. പ്രസംഗകർ തമ്മിലുള്ള ഈ വ്യത്യാസം നാം തിരിച്ചറിഞ്ഞേ മതിയാകൂ.

അതുപോലെ തന്നെ *ഭയത്തിന്റെ ഒരു ആത്മാവിനെ* നമുക്കു വ്യാപരിപ്പി ക്കാൻ കഴിയും- നമ്മുടെ ഉള്ളിൽ ഭയം നിറഞ്ഞിരിക്കുന്നു എങ്കിൽ. നാം ദൈവവചനം പ്രസംഗിക്കുന്ന രീതിയിലൂടെ മറ്റുള്ളവരെ കുറ്റബോധത്തിന്റെ പിടിയിലാക്കാൻ നമുക്കു കഴിയും. നാം ആത്മാർത്ഥതയുള്ളവരായിരിക്കാം; പക്ഷേ നമ്മിൽനിന്നു പുറത്തേക്കു വരുന്ന ആത്മാവു മറ്റുള്ളവരെ *ബന്ധന ത്തിലേക്കു* നയിക്കുന്നു.

നമ്മുടെ സന്ദേശങ്ങളുടെ ഫലസിദ്ധി നമ്മുടെ ഹൃദയത്തിൽ നിന്നു പുറ ത്തേക്കുവരുന്ന *ആത്മാവിനെ* ആശ്രയിച്ചിരിക്കുന്നു. അല്ലാതെ തലച്ചോറിൽ നിന്നു പുറത്തുവരുന്ന അറിവിലല്ല. നാം ഒരു സന്ദേശമല്ല ജീവനാണ് മറ്റുള്ള വരിലേക്കു പകരുന്നത്.

നിങ്ങൾ ഏതെങ്കിലും തരത്തിലുള്ള ഭയത്തിനടിമയെങ്കിൽ നിങ്ങളുടെ ശ്രോതാക്കളിലേക്ക് ആ ഭയം പകരപ്പെടുകയും അവർ അതിനാൽ മലിനമാ ക്കപ്പെടുകയും ബന്ധനത്തിലായിത്തീരുകയും ചെയ്യും. അതുനിങ്ങളുടെ ശരീ രത്തിലുള്ള ഒരു രോഗം പോലെയാണ്. അതു നിങ്ങളിൽനിന്നും നിങ്ങളുടെ കുട്ടികളിലേക്കു സംക്രമിക്കുന്നു.

ഇക്കാരണത്താൽ നമ്മുടെ ഉള്ളിൽ നിന്നും എല്ലാത്തരത്തിലുള്ള ഭയവും നാം പുറത്താക്കേണ്ടിയിരിക്കുന്നു. മനുഷ്യഭയം, സാത്താൻഭയം, രോഗഭയം, മരണഭയം, വിരുദ്ധസാഹചര്യങ്ങളെക്കുറിച്ചുള്ള ഭയം, ആപത്ഭയം, ദാരിദ്ര്യ ഭയം (നമ്മുടേതുപോലുള്ള ഒരു രാജ്യത്ത് അതൊരു യഥാർത്ഥഭയം തന്നെ) നമ്മുടെ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസമോ ജോലിയോ കിട്ടുമോ എന്ന ഭയം തുടങ്ങി നിരവധി ഭയങ്ങളിൽ നിന്നും നാം വിടുതൽ പ്രാപിക്കേണ്ടിയിരിക്കുന്നു.

ദൈവഭയവും ദൈവത്തിലുള്ള വിശ്വാസവും മാത്രമാണ് നമ്മിൽ നിന്നും എല്ലാ ഭയങ്ങളെയും നീക്കുവാനുള്ള ഏകവഴി. നാം ദൈവത്തെ ഭയപ്പെടുന്നു എങ്കിൽ നാം ആരെയും ഒന്നിനെയും ഭയപ്പെടില്ല.

നാം ദൈവത്തിൽ ആശ്രയിക്കുന്നു എങ്കിൽ അവിടുന്നുതന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം നൽകുന്നു എന്നും തന്നെ മാനിക്കുന്നവരെ അവിടുന്നു മാനിക്കുന്നു എന്നും നാം അറിയുന്നു. വിശ്വാസം നമ്മുടെ ഹൃദയത്തിൽ നിറഞ്ഞിരിക്കുന്നു എങ്കിൽ *ഭയത്തിന് അവിടെ ഇടം ഉണ്ടാവില്ല*– ഇടയ്ക്കിടെ ഭയത്തിന്റെ നിമിഷങ്ങൾ നമ്മുടെ ജീവിതത്തിലുണ്ടായേക്കാമെങ്കിൽക്കൂടി കൂടി.

നമ്മുടെ ചിന്തയെ ഭരിക്കുന്നതെന്താണ് എന്നുള്ളതാണു പ്രധാന ചോദ്യം. ***ഭയമാണോ വിശ്വാസമാണോ?***

അതുപോലെ നാം നമ്മോടു ചോദിക്കേണ്ട മറ്റൊരു പ്രധാനചോദ്യം: ഭയമെന്ന ആയുധമുപയോഗിച്ചു *മറ്റുള്ളവരെ ഭരിക്കാൻ* നാം ശ്രമിക്കാറുണ്ടോ?

◆

# 13

# സ്വയം താഴ്ത്തുക

**ഒ**രു ആത്മീയ നേതാവ് എപ്പോഴും സ്വയം താഴുവാൻ തയ്യാറായിരിക്കും.

*ദൈവം നിഗളികളോട് എതിർത്തു നിൽക്കുന്നു. താഴ്മയുള്ളവർക്കു കൃപ നൽകുന്നു. ദൈവത്തിന്റെ ബലമുള്ള കരങ്ങൾക്കു കീഴിൽ ആകുവാൻ തക്ക വണ്ണം നാം താഴ്മയുള്ളവരെങ്കിൽ അവിടുന്നു തക്കസമയത്തു നമ്മെ ഉയർത്തും. (1പത്രൊ. 5:5,6)*

ഉയർത്തുക എന്നാൽ നാം ലോകത്തിലോ ക്രൈസ്തവസമൂഹത്തിലോ വലിയ ആളുകൾ ആവുക എന്നല്ല അതിന്നർത്ഥം. ആളുകൾ നമ്മെ ആദ രിക്കും എന്നുമല്ല. ദൈവം ആഗ്രഹിക്കുന്ന ശുശ്രൂഷകളും ലക്ഷ്യങ്ങളും നമ്മുടെ ജീവിതത്തിൽ നിറവേറ്റുവാൻ തക്കവണ്ണം ദൈവം *ആത്മീയമായി നമ്മെ ഉയർത്തും* എന്നത്രേ. എന്നാൽ അതിന്റെ അടിസ്ഥാനം നാം എത്രമാത്രം നമ്മെ താഴ്ത്തുന്നു എന്നതിലാണ്.

മറ്റുള്ളവരുടെ ദൃഷ്ടിയിൽ എങ്ങനെയും *വലിയവരാകുക* എന്ന് അഭില ഷിക്കുന്നവരെക്കൊണ്ടു ഭൂമി നിറഞ്ഞിരിക്കുന്നു എന്നു നമുക്കറിയാം. ഓരോ രാഷ്ട്രീയക്കാരന്റെയും ഓരോ ബിസിനസ്സുകാരന്റെയും അഭിലാഷം അതാ ണ്. എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ, ക്രിസ്തുവിന്റെ ദാസന്മാർ എന്നു അവകാശപ്പെടുന്നവരുടെയും ഉള്ളിലെ അഭിലാഷം മറിച്ചല്ല. വലിയവരാകുക– ലോകത്തിന്റെ ദൃഷ്ടിയിൽ മാനിതരാവുക എന്നതുതന്നെ. അവരും 'റവറന്റ് ഡോക്ടർ','ചെയർമാൻ','പ്രസിഡന്റ്' എന്നീ പട്ടങ്ങളും പദവികളും മോഹി ക്കുന്നു. ലോകത്തിലെ ഏതു പ്രസ്ഥാനങ്ങളുടെയും സംഘടനകളുടെയും നിലവാരത്തെക്കാൾ ഒട്ടും വ്യത്യസ്തമല്ല ക്രൈസ്തവ സമൂഹത്തിന്റെ നില വാരവും.

യുവതലമുറ കാണുന്നതു സിനിമാതാരങ്ങളെപ്പോലെ വെള്ളിവെളിച്ച ത്തിൽ മിന്നുന്ന, പഞ്ചനക്ഷത്ര സുഖങ്ങളും ആഡംബരകാറുകളും ആസ്വദി ക്കുന്ന, പടുകൂറ്റൻ യോഗങ്ങളിലെ വിശാലവേദികൾ പങ്കിടുന്ന തങ്ങളുടെ നേതാക്കന്മാരെയാണ്. ദൈവത്തിന്റെ വഴികളെക്കുറിച്ച് അജ്ഞരായ അവരും ആ നേതാക്കളുടെ ഔന്നത്യങ്ങളിലേയക്ക് തങ്ങൾ എത്തുന്ന ആ സുദിനവും കാത്ത് അവരുടെ പാതയെ അനുഗമിക്കുന്നു. ഈ നേതാക്കന്മാർ തങ്ങളുടെ

ജീവകാലമത്രയും വിശ്വസ്തരായിരുന്നതിന്റെ പ്രതിഫലമാണ് തങ്ങൾക്കു ലഭിച്ചിരിക്കുന്ന ഈ അനുഗ്രഹങ്ങൾ എന്ന് കരുതുന്നു. തങ്ങളും വിശ്വസ്തരായിരുന്നാൽ തങ്ങൾക്കും ഇതു ലഭിക്കുമെന്ന് അവരുടെ പിൻഗാമികളും കരുതുന്നു.

ഈ പ്രസംഗകർ ഗൾഫിൽനിന്നും അമേരിക്കയിൽനിന്നും ലഭിക്കുന്ന പാരിതോഷികങ്ങളാൽ സമ്പന്നരാകുന്നത് ഈ യുവാക്കൾ കാണുമ്പോൾ തങ്ങളും ഇപ്രകാരം സമ്പന്നരാകുന്ന ഒരു ദിനം വരുമെന്ന് അവർ സ്വപ്നം കാണുന്നു. ഈ യുവാക്കളായവരുടെ മാതൃക യേശുക്രിസ്തുവല്ല മറിച്ച് സിനിമാതാര സദൃശരായ, സമ്പന്നരായ, ഈ പ്രസംഗകരത്രേ. ഇതത്രേ ഇന്നത്തെ ക്രൈസ്തവ സമൂഹത്തിലെ ദുരന്തം.

കർത്താവിനെ പിൻപറ്റുന്നതിലൂടെ നാം സമ്പന്നരാവുകയോ പ്രശസ്തരാവുകയോ അല്ല *ദൈവഭയമുള്ളവരാകുകയത്രേ* ചെയ്യുന്നത് എന്നതാണു നാം നമ്മുടെ ഉപദേശത്തിലൂടെയും ജീവിതത്തിലൂടെയും യുവതലമുറയ്ക്കു കൈമാറേണ്ട സന്ദേശം. അതേസമയം നാം നിന്ദിക്കപ്പെടുകയും തെറ്റിധരിക്കപ്പെടുകയും തള്ളപ്പെടുകയും ചെയ്തേക്കാം. പീഡിപ്പിക്കപ്പെട്ടേക്കാം. എന്നാൽ നാം നമ്മെ ഉപദ്രവിക്കുന്നവരെ സ്നേഹിക്കുന്നവരും ശപിക്കുന്നവരെ അനുഗ്രഹിക്കുന്നവരുമായിത്തീരും. ഇതത്രേ നാം അടുത്ത തലമുറയ്ക്കു കൈമാറേണ്ടത്. അല്ലെങ്കിൽ ജഡികരായ ഇന്നത്തെ പ്രസംഗകരെ അവർ പിൻപറ്റുകയും *'മറ്റൊരു യേശുവിനെ'* സേവിക്കുകയും ചെയ്യും.

ദൈവത്തിന്റെ ബലിഷ്ഠമായ കൈകൾക്കു കീഴിലമരുക എന്നതിന്റെ അർത്ഥം ദൈവം നമുക്കു നൽകുന്ന എല്ലാ സാഹചര്യങ്ങളെയും *സന്തോഷത്തോടെ* സ്വീകരിക്കുക എന്നതാണ്. ദൈവം ഉന്നതനും നാം എളിയവരും ആകേണ്ടതിന്നത്രേ അപ്രകാരമുള്ള സാഹചര്യങ്ങളെ നാം പ്രയോജനപ്പെടുത്തേണ്ടത്. നാം എളിയവരും ബലഹീനരുമാകുമ്പോൾ ആളുകൾ നമ്മെ ആശ്രയിക്കാതെ ദൈവത്തിൽ ആശ്രയിക്കാൻ പഠിക്കും.

കർത്താവിന്റെ ഒരു ദാസൻ എന്ന നിലയിൽ ഞാൻ എന്നെ *വിമർശിക്കുന്നവരെക്കാളധികം* ഭയപ്പെടുന്നത് എന്നെ *ബഹുമാനിക്കുന്നവരെയാണ്.* പലരും തങ്ങളെ സംബന്ധിച്ച ദൈവഹിതം എന്നിലൂടെ അറിയുവാൻവേണ്ടി എന്നെ സമീപിക്കാൻ തക്കവണ്ണം എന്നെ ബഹുമാനിക്കുന്നു. പഴയ നിയമകാലത്തായിരുന്നു അത്തരം കാര്യങ്ങൾക്ക് ആളുകൾ പ്രവാചകരെ സമീപിക്കാറുണ്ടായിരുന്നത് എന്നുപറഞ്ഞ് ഞാൻ അതു നിരസിക്കാറുണ്ട്. പുതിയ നിയമത്തിൽ മുതിർന്നവരോ ഇളയവരോ ആകട്ടെ, ആർക്കും നേരിട്ട് ദൈവഹിതം വ്യക്തിപരമായി അറിയുവാൻ തക്കവണ്ണം ദൈവത്തിന്റെ അടുക്കൽ ചെല്ലുവാൻ കഴിയും. *എബ്രാ 8:11ൽ* പുതിയനിയമത്തിലൂടെ ദൈവം നൽകുന്ന അവകാശമായി ഇതു രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്പോൾ നമുക്കു പരിശുദ്ധാത്മാവിനെ പ്രാപിക്കാം, അവിടുന്നു നമുക്കു വഴികാട്ടിയായിരിക്കുന്നു. അതുകൊണ്ടു ഞാൻ എന്റെ സഹോദരന്മാരോടു പറയാറുണ്ട്: "ഞാൻ നിങ്ങൾക്കു

ഉപദേശങ്ങൾ തരാം. എനിക്ക് ഒരിക്കലും നിങ്ങൾക്കുവേണ്ടി ദൈവഹിതം കണ്ടെത്താൻ കഴിയില്ല". എന്റെ ശുശ്രൂഷയുടെ ആദ്യസമയങ്ങൾ മുതല്ക്കേ ഞാൻ ഇപ്രകാരം പറയാറുണ്ടായിരുന്നു. അതിന്റെ ഫലമായി ഞങ്ങളുടെ സഭകളിൽ സഹോദരന്മാർ ദൈവത്തെ അറിയുന്നവരായിത്തീർന്നു. അവർക്ക് എന്നെ ആശ്രയിക്കേണ്ടിവരുന്നില്ല. അവർ തലയായ ക്രിസ്തുവുമായി നേരിട്ടു ബന്ധമുള്ളവരായിത്തീർന്നിരിക്കുന്നു. അപ്രകാരം ഞങ്ങളിൽ ക്രിസ്തുവിന്റെ ശരീരത്തിന്റെ പണി വർഷങ്ങളായി നടന്നുകൊണ്ടിരിക്കുന്നു.

ക്രിസ്തുശരീരത്തിന്റെ പണിയുടെ ഒന്നാമത്തെ തത്വം ഇതാണ്. *നാം ആളുകളെ നമ്മിൽനിന്നു വേഗം സ്വതന്ത്രരാക്കുകയും കർത്താവുമായി നേരിട്ടുള്ള ഒരു ബന്ധത്തിലേക്കുവരുവാൻ സഹായിക്കുകയും വേണം.*

ഇക്കാര്യത്തിൽ കഴിഞ്ഞ കാലത്തു നമുക്കുണ്ടായ പരാജയങ്ങളെക്കണ്ട് നാം നമ്മെ താഴ്ത്തുകയും ആഴമായി അനുതപിക്കുകയും വേണം. ക്രിസ്തു നമ്മിൽ *വളരുവാൻ* തക്കവണ്ണം നാം *കുറയണം.* ക്രിസ്തു നമ്മിൽ വളരുവാൻ തക്കവണ്ണം ദൈവം നമ്മെ പലസാഹചര്യങ്ങളിലൂടെയും കടത്തുകയും നമ്മെ ചെറുതാക്കുകയും ചെയ്യും. നാം ചെറുതാകുവാൻ നമ്മെ അനുവദിക്കുന്നുവെങ്കിൽ ദൈവത്തിന്റെ ഉദ്ദേശ്യം നമ്മിൽ നിറവേറും.

നമ്മെതാഴ്ത്തുക എന്നതിൽ നാം തെറ്റുചെയ്തവരോടു ക്ഷമ ചോദിക്കുക എന്ന കാര്യവും ഉൾപ്പെടുന്നു. കർത്താവിന്റെ ദാസന്മാർ എന്ന നിലയിൽ നാം എല്ലാവരുടെയും ദാസന്മാരായിരിക്കുകയും അവർക്ക് ഒരു അനുഗ്രഹമായിത്തീരുകയും വേണം. നാം തെറ്റുകൾ ചെയ്യുമ്പോൾ പെട്ടെന്നുതന്നെ അതു തിരിച്ചറിയുകയും ആവശ്യമെങ്കിൽ ക്ഷമാപണം നടത്തുകയും ചെയ്യാൻ തക്കവണ്ണം ഒരുക്കമുള്ളവരായിരിക്കണം. തെറ്റുകൾ പറ്റാത്ത ഒരേ ഒരു വ്യക്തി ദൈവം മാത്രമാണ്.

കുട്ടികളോ, വേലക്കാരോ, യാചകരോ ആരോടായിരുന്നാലും എന്റെ സ്ഥാനവും മാനവും നോക്കാതെ ക്ഷമചോദിക്കാൻ തയ്യാറാണെന്നു ഞാൻ കർത്താവിനോടു പറഞ്ഞിട്ടുണ്ട്. ഞാൻ അതു ചെയ്തിരിക്കുന്നു. ദൈവം എന്നെ അനുഗ്രഹിച്ചുമിരിക്കുന്നു.

നിങ്ങളുടെ ആടുകളുടെ മുമ്പിൽ ഒരിക്കലും വ്യാജമായ ഒരു മാന്യതയും അണിഞ്ഞു നിൽക്കുവാൻ പാടില്ല. നിങ്ങൾ തെറ്റു ചെയ്തിരിക്കുന്നുവെങ്കിൽ നിങ്ങൾ ചെയ്തതു തെറ്റാണെന്നും അതിൽ ദുഃഖമുണ്ടെന്നും തുറന്നു സമ്മതിക്കുക. നിങ്ങളോടുള്ള മതിപ്പും ആദരവും അതുകൊണ്ടു കുറയുകയില്ല, കൂടുകയേ ഉള്ളു. നിങ്ങൾക്കു തെറ്റുപറ്റുകയില്ലെന്നു നടിക്കേണ്ട ആവശ്യമെന്താണ്?

ഒരിക്കൽ ഒരു കോളജ് വിദ്യാർത്ഥി തന്റെ പ്രഫസറോടു ഒരു ചോദ്യം ചോദിച്ചതിനെപ്പറ്റി ഞാൻ ഇപ്രകാരം കേട്ടിട്ടുണ്ട്. പ്രഫസർ തന്റെ ചോദ്യത്തിനു *'അറിഞ്ഞുകൂടാ'* എന്നായിരുന്നു ഉത്തരം നൽകിയത്. അതോടെ

വിദ്യാർത്ഥിക്കു പ്രഫസറിലുള്ള മതിപ്പു വർദ്ധിച്ചു. അദ്ദേഹത്തിന്റെ *താഴ്മ യിൽ മാത്രമല്ല ആർജ്ജവത്തിലും.* അറിഞ്ഞുകൂടാത്തതു പഠിപ്പിക്കാതിരിക്കുക എന്നതിൽ.

ഞാൻ *ദൈവമല്ലാത്തതിനാൽ* എന്റെ ജീവിതാന്ത്യം വരെയും തെറ്റുകൾ പറ്റാവുന്ന ഒരു വ്യക്തിതന്നെയാണു ഞാൻ എന്ന് എന്റെ സഭയിലെ വിശ്വാ സികളോടു ഞാൻ പറഞ്ഞിട്ടുണ്ട്. ഈ ഭൂമിയിൽ ജീവിക്കുന്ന നാളത്രയും എനിക്കു തെറ്റുകൾ സംഭവിച്ചുകൊണ്ടിരിക്കും. എന്നാൽ പത്തും ഇരുപതും വർഷങ്ങൾക്കു മുമ്പു ചെയ്തത്ര വലിയ മടയത്തരങ്ങളായിരിക്കില്ല അവ എന്നുമാത്രം. കാരണം മുൻകാലതെറ്റുകളിൽനിന്നും ഞാൻ പലതും പഠിച്ചി രിക്കുന്നു. വീഴ്ചകൾ എന്റെ ജ്ഞാനം വർദ്ധിപ്പിച്ചിരിക്കുന്നു, പൂർണ്ണനാകു വാൻ കഴിഞ്ഞിട്ടില്ലെങ്കിലും.

നിങ്ങളിൽ പലരും വിവാഹിതരാണ്. യാതൊരു ഉദ്ദേശ്യവും കൂടാതെ തികച്ചും അവിചാരിതമായി നിങ്ങളുടെ ഭാര്യയെ വ്രണപ്പെടുത്തുക വളരെ എളുപ്പമാണെന്നു നിങ്ങൾക്കറിയാം. നിങ്ങൾ നല്ല ഉദ്ദേശ്യത്തോടെ എന്തെ ങ്കിലും പറഞ്ഞെന്നുവരാം. എന്നാൽ നിങ്ങളുടെ ഭാര്യ നിങ്ങൾ പറഞ്ഞതു തെറ്റിദ്ധരിച്ചു. അല്ലെങ്കിൽ മറിച്ച് നിങ്ങളുടെ ഭാര്യ പറഞ്ഞതു നിങ്ങൾ തെറ്റി ദ്ധരിച്ചു എന്നിരിക്കട്ടെ. അത്തരം സന്ദർഭങ്ങളിൽ നിങ്ങൾ എന്തുചെയ്യും? ഞാൻ ഇങ്ങനെ പറയട്ടെ: നിങ്ങൾ നിങ്ങളുടെ നല്ല ഉദ്ദേശ്യങ്ങളെക്കുറിച്ചുള്ള വിശദീകരണത്തിലേക്കു കടക്കുന്നതിനു പകരം സമാധാനത്തിനുള്ള ഏറ്റവും എളുപ്പമാർഗ്ഗം ***ക്ഷമാപണം*** ചെയ്യുന്നതാണ്.

നിങ്ങളുടെ സഹപ്രവർത്തകർ നിങ്ങളെ തെറ്റിദ്ധരിക്കുന്ന ഒരു സാഹച ര്യത്തിൽ നിങ്ങൾ എത്തി എന്നിരിക്കട്ടെ. നിങ്ങൾ കാര്യങ്ങളെ വിശദീകരിച്ചു മനസ്സിലാക്കിക്കുന്നതിൽ അർത്ഥമില്ല.അവർ നിങ്ങളെ ശ്രദ്ധിക്കുവാൻ തന്നെ വിമുഖരായിരിക്കും. നിങ്ങൾ തികച്ചും നിർദ്ദോഷിയെങ്കിൽപ്പോലും അത്തരം ഒരു സന്ദർഭത്തിലെന്താണു ചെയ്യേണ്ടത്? നിങ്ങളെക്കുറിച്ചുള്ള സഹതാപ ത്തിലിരിക്കാൻ കഴിയുമോ? ഒരിക്കലുമില്ല. ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ നിങ്ങളുടെ മനസ്സാക്ഷി ശുദ്ധമാണെന്ന് ഉറപ്പുവരുത്തുക. ശിഷ്ടകാ ര്യങ്ങൾ ദൈവത്തെ ഭരമേൽപിക്കുക. അതു മാത്രമേ നിങ്ങൾ ചെയ്യേണ്ടതു ള്ളു. കഴിഞ്ഞ നിരവധി വർഷങ്ങളായി ഞാൻ ചെയ്തുവരുന്നത് അത്തര ത്തിലാണ്. അത് എനിക്ക് അനുഗ്രഹമായിരിക്കുന്നു. നിങ്ങൾക്കുവേണ്ടിയും ഞാനീവഴി ശുപാർശ ചെയ്യട്ടെ.

കർത്താവിനെ സേവിക്കാനാഗ്രഹിക്കുന്ന ഏതൊരു വ്യക്തിയും നിരന്തരം സാത്താന്റെ ശരവുമാണ്. നാം എത്രയധികം കർത്താവിനു ഉപയുക്തരായി ത്തീരുന്നുവോ അത്രകണ്ട് സാത്താന്റെ ആക്രമണത്തിനും വിധേയരായിക്കൊ ണ്ടിരിക്കും. അതു നമുക്ക് ഒഴിവാക്കാനാവില്ല. അപവാദങ്ങളാലും കള്ളക്കഥ കളാലും വ്യാജആരോപണങ്ങളാലും അവൻ നമ്മെ ആക്രമിക്കും. അവൻ നമ്മുടെ ഭാര്യയെയും മക്കളെയും കൂടെ ആക്രമിക്കും.

യേശുക്രിസ്തുവിന്റെ ജീവിതകാലത്തു തന്നെക്കുറിച്ച് ആളുകൾ എന്തൊക്കെ കാര്യങ്ങൾ പറഞ്ഞു എന്നും ഇന്നും എന്തൊക്കെ പറഞ്ഞുകൊണ്ടിരിക്കുന്നു എന്നതും ശ്രദ്ധിക്കുക. തിന്നിയും കുടിയനുമായ മനുഷ്യൻ *(ലൂക്കോ. 7:34)* ഭ്രാന്തൻ *(മർക്കൊ. 3:21)* ഭൂതബാധിതൻ *(യോഹ. 8:48)* ഭൂതങ്ങളുടെ തലവൻ *(മത്താ. 12:24)* മുതലായി പല ദുഷ്പേരുകളും വിളിച്ചിരുന്നു. തിരുവെഴുത്തുകൾക്കും മോശയ്ക്കും വിരുദ്ധമായ കാര്യങ്ങൾ പഠിപ്പിക്കുന്ന ദുരുപദേഷ്ടാവ് *(യോഹ. 9:29)* എന്ന് ആളുകൾ അദ്ദേഹത്തെ വിശേഷിപ്പിച്ചു. അങ്ങനെ യേശുവിനെ ശ്രദ്ധിക്കുന്നതിൽനിന്നും ആളുകളെ അകറ്റി. അത്തരം ആളുകളോടു വിശദീകരണം നൽകുവാൻ യേശു ഒരിക്കലും മെനക്കെട്ടില്ല. ***വ്യക്തിപരമായി*** തനിക്കെതിരേ കൊണ്ടുവന്ന ഒരു ആരോപണത്തിനും അവിടുന്നു *മറുപടി പറഞ്ഞില്ല.* നമുക്കും അതു മാതൃകയാക്കാം. ഉപദേശപരമായ ചോദ്യങ്ങൾക്കു മാത്രം യേശു മറുപടി പറഞ്ഞു. ഇന്നും ആളുകൾ യേശുവിനെക്കുറിച്ച് അധാർമ്മികമായ ആരോപണങ്ങൾ ഉയർത്തുന്നു. പക്ഷേ അങ്ങനെയുള്ളവർക്കുപോലും കർത്താവ് ഒരു ശിക്ഷാവിധി അയയ്ക്കുന്നില്ല.

ആളുകൾ പൗലോസിനെ ഒരിടത്തും അംഗീകാരം ലഭിക്കാത്ത, എല്ലായിടത്തും വിരോധം പറയുന്ന, ഒരു മതഭേദത്തി (sect)ന്റെ കള്ളപ്രവാചകൻ എന്നും ആളുകളെ വഞ്ചിക്കുന്നവൻ എന്നും വിളിച്ചു *(അ:പ്ര. 24:14; 28:22).* അങ്ങനെ പൗലോസിനെ ശ്രദ്ധിക്കുന്നതിൽ നിന്നും ആളുകളെ പിന്തിരിപ്പിച്ചു.

ദൈവത്തിന്റെ എല്ലാ ശ്രേഷ്ഠ ദാസന്മാരെ സംബന്ധിച്ചും ഇതു ശരിയാണെന്നു സഭാചരിത്രം പരിശോധിച്ചാൽ മനസ്സിലാകും. മാർട്ടിൻ ലൂതർ, ജോൺ വെസ്ലി, ചാൾസ് ഫിന്നി, വില്യം ബൂത്ത്, വാച്ച്മാൻ നീ തുടങ്ങിയ ദൈവത്തിന്റെ എല്ലാ സത്യപ്രവാചകന്മാരുടെയും അനുഭവം ഇതാണ്.

ചില നൂറ്റാണ്ടുകൾക്കുമുമ്പ് ജർമ്മനിയിൽ ജീവിച്ചിരുന്ന ഒരു വ്യക്തിയായിരുന്നു ഹെൻട്രി സൂസോ. അദ്ദേഹം അവിവാഹിതനായ ഒരു വിശുദ്ധനായിരുന്നു. തന്നെ യേശുവിനെപ്പോലെ സൗമ്യതയും താഴ്മയും ഉള്ളവനാക്കുവാൻ തക്കവണ്ണം നുറുക്കണമേ എന്നദ്ദേഹം ദൈവത്തോടു നിരന്തരം പ്രാർത്ഥിച്ചു. പ്രാർത്ഥനയ്ക്കു മറുപടി ലഭിച്ചത് ഇപ്രകാരമായിരുന്നു: ഒരു ദിവസം അദ്ദേഹം വാതിൽക്കൽ ഒരു മുട്ടുകേട്ടു. കതകു തുറന്നപ്പോൾ അപരിചിതയായ ഒരു സ്ത്രീ ഒരു കൈക്കുഞ്ഞുമായി അവിടെ നില്ക്കുന്നതദ്ദേഹം കണ്ടു. അവരെ താനൊരിക്കലും മുമ്പു കണ്ടിരുന്നില്ല. അവർ ദുശ്ചരിതയായ ഒരു സ്ത്രീ തന്നെയായിരുന്നു. തന്റെ ഈ പുതിയ ശിശുവിനെ ഒഴിവാക്കാൻ ആരെയെങ്കിലും കണ്ടെത്തണമെന്നു വിചാരിച്ച അവർ ഹെൻട്രി സൂസോയെയാണു അതിനു പറ്റിയ ആളായി കണ്ടത്. അങ്ങനെ ആ തെരുവിലുള്ള സകലമാനപേരും കേൾക്കത്തക്കവണ്ണം ഉച്ചത്തിൽ അവർ അലറി. “ഇതാ നിന്റെ പാപത്തിന്റെ ഫലം”. ഇതുപറഞ്ഞു കുട്ടിയെ സൂസോയുടെ കരങ്ങളിലേക്കു വച്ചിട്ട് അവർ നടന്നകന്നു. സൂസോ ഞെട്ടിപ്പോയി. ഒരൊറ്റ നിമിഷം

കൊണ്ട് തന്റെ എല്ലാം തകർന്നിരിക്കുന്നു. അദ്ദേഹം ആ കുട്ടിയേയും കൊണ്ട് അകത്തേക്കു കയറിപ്പോയി. ദൈവസന്നിധിയിൽ മുട്ടുകുത്തി: "കർത്താവേ, ഞാൻ നിരപരാധിയാണെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ. ഞാനെന്താണ് ഇനി ചെയ്യേണ്ടത്?" കർത്താവ് മറുപടിയായി ഇപ്രകാരം പറഞ്ഞു: *"ഞാൻ ചെയ്തതു നീയും ചെയ്യുക. മറ്റുള്ളവരുടെ പാപം ചുമന്ന് കഷ്ടം സഹിക്കുക."* സൂസോ കർത്താവ് കല്പിച്ചതുപോലെ ചെയ്തു. ഒരിക്കലും ആരോടും സ്വയം നീതീകരിക്കാതെ. ആ കുട്ടിയെ തന്റേതെന്നപോലെ വളർത്തി. കർത്താവിനു സത്യമറിയാമെന്ന കാര്യത്തിൽ സൂസോ സംതൃപ്തനായിരുന്നു. മറ്റുള്ളവർ എല്ലാവരും തന്നെ തെറ്റിദ്ധരിക്കുന്നതിലും. അനേകം വർഷങ്ങൾക്കു ശേഷം ആ സ്ത്രീ സൂസോയുടെ വീടിനുമുമ്പിലെത്തി താൻ കള്ളം പറഞ്ഞതാണെന്നും സൂസോ നിഷ്ക്കളങ്കനായിരുന്നെന്നും എല്ലാവരും കേൾക്കെ വിളിച്ചു പറഞ്ഞു. എന്നാൽ ഇടയ്ക്കുള്ള ആ വർഷങ്ങളിൽ എന്തു സംഭവിച്ചു? സൂസോയുടെ പ്രാർത്ഥനയ്ക്കുള്ള മറുപടി ലഭിക്കയായിരുന്നു. യേശുവിനെപ്പോലെ താഴ്മയും നുറുക്കവുമുള്ളവനായി സൂസോ മാറി. മനുഷ്യന്റെ എല്ലാ അഭിപ്രായത്തിനും മരിക്കുവാനും ദൈവത്തിന്റെ അഭിപ്രായത്തെ മാത്രം വിലമതിക്കുവാനും തക്കവണ്ണം സൂസോയിൽ വിശുദ്ധീകരണത്തിന്റെ ഒരു പ്രവൃത്തി ചെയ്വാൻ ദൈവത്തിനു കഴിഞ്ഞു.

യേശുവിനെപ്പോലെ ആകുവാൻ വേണ്ടി ഇപ്രകാരം ഒരു വിലകൊടുക്കുവാൻ നമുക്കു മനസ്സുണ്ടോ? അതോ നാമും മനുഷ്യരുടെ മാനം കാംക്ഷിക്കുന്നവരോ?

ദൈവം നമ്മെ നുറുക്കുന്നതു തെറ്റിദ്ധരിക്കപ്പെടാനും ദോഷം ആരോപിക്കപ്പെടാനും പരസ്യമായി അപമാനിതരാകാനും അനുവദിച്ചുകൊണ്ടാണ്. അത്തരം സാഹചര്യങ്ങളിൽ നമ്മെ പരിഹസിക്കുന്ന ആളുകളെ നാം ശ്രദ്ധിക്കരുത്. അവർ നമ്മുടെ സഹോദരന്മാരോ ശത്രുക്കളോ ആകട്ടെ. അതു സാരമില്ല. എല്ലാ യൂദാ ഇസ്ക്കര്യോത്താമാരുടെയും പിന്നിൽ നമുക്ക് ഒരു പാനപാത്രം വച്ചുനീട്ടുന്ന സ്വർഗ്ഗീയ പിതാവിന്റെ കരങ്ങളുണ്ടെന്നു നാം അറിഞ്ഞിരിക്കണം. അത്തരം സന്ദർഭങ്ങളിൽ പിതാവിന്റെ കരങ്ങൾ നമുക്കു ദർശിക്കുവാൻ കഴിഞ്ഞാൽ നമുക്കു ലഭിക്കുന്ന പാനപാത്രം അതെത്രവേദനയും കയ്പുമുള്ളതായിരുന്നാലും നാം സന്തോഷത്തോടെ തന്നെ അതു പാനം ചെയ്യും. എന്നാൽ നാം യൂദാസിനെ മാത്രമാണു കാണുന്നതെങ്കിൽ നാം പത്രോസിനെപ്പോലെ നമ്മുടെ വാളെടുത്തു വെട്ടുകയും ആളുകളുടെ കാതോ അവരുടെ മാന്യതയോ മുറിക്കുകയും ചെയ്യും.

നാം ആക്രമിക്കപ്പെടുകയും വ്യാജാരോപണങ്ങൾക്കു വിധേയരാവുകയും ചെയ്യുന്നുവെങ്കിൽ നമ്മെ തന്റെ കരങ്ങൾക്കു കീഴിൽ താഴ്ത്തിയേല്പിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. അവിടെ ദൈവത്തിന്റെ കരം കാണാൻ കഴിഞ്ഞാൽ കാര്യങ്ങൾ എളുപ്പമായി.

കഴിഞ്ഞ പല വർഷങ്ങളായി എന്നെയും എന്റെ ഉപദേശങ്ങളെയും കുറിച്ച് വിശ്വാസികൾ തെറ്റായി പലതും പറയുന്നതു ഞാൻ കേട്ടുകൊണ്ടിരിക്കുന്നു. അവർ എന്നെയും എന്റെ കുടുംബാംഗങ്ങളെയും കുറിച്ചു വ്യാജാരോപണ ങ്ങൾ പരത്തുകയും ലേഖനങ്ങളും പുസ്തകങ്ങളും ചമയ്ക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. എന്നാൽ അവരോടു *മറുപടി പറയരുതെന്നു* കർത്താവു എന്നെ എല്ലായ്പ്പോഴും ഉപദേശിക്കുന്നു. അതുകൊണ്ടു ഞാൻ മൗനം പാലി ക്കുന്നു. അതുകൊണ്ട് എന്നിലും എന്റെ കുടുംബാംഗങ്ങളിലും വലിയ ഒരു ശുദ്ധീകരണം ഉളവാക്കാൻ കർത്താവിനു കഴിഞ്ഞു. തിന്മയായുള്ളതിനെ ക്കൊണ്ടു നന്മയുളവാക്കുവാൻ കർത്താവിനു കഴിയും.

സമയമാകുമ്പോൾ എല്ലാ കാർമേഘങ്ങളും നീക്കുവാനും വെളിച്ചം പ്രകാ ശിപ്പിപ്പാനും കർത്താവിനു കഴിയും. എന്നാൽ ആ സമയം തീരുമാനിക്കു ന്നതു കർത്താവാണ്, ഞാനല്ല (അപ്പൊ. പ്രവൃത്തി 1:7 ൽ വായിക്കുമ്പോലെ). അതുവരെ തന്റെ കരങ്ങൾക്കു കീഴിൽ താണിരിക്കുക എന്നതു മാത്രമാണു എനിക്കു ചെയ്വാനുള്ളത്. ആരുടെയും മുമ്പിൽ സ്വയം നീതീകരിക്കുവാൻ എനിക്കുകാര്യമില്ല. ഒരിക്കൽ ഞാനങ്ങനെ ചെയ്തു തുടങ്ങിയാൽ പിന്നെ മറ്റൊന്നിനും എനിക്കു സമയം ലഭിക്കില്ല.

ചെമ്പുപണിക്കാരനായ അലക്സാണ്ടറെക്കുറിച്ചു പൗലോസ് പറയു മ്പോലെ: ദുഷ്ക്കർമ്മികളുടെ പ്രവൃത്തിക്കു കർത്താവു പ്രതിഫലം നൽകട്ടെ *(2 തിമൊ. 4:14)* പ്രതികാരത്തിന്റെ കണക്കുകൾ കർത്താവിനെ ഏല്പിച്ചു നമുക്കു സുരക്ഷിതരാകാം. *(റോമ. 12:19)*

*എല്ലാക്കാര്യങ്ങളും* കർത്താവിനെ ഭരമേല്പിക്കുന്നതാണു നല്ലത്. താൻ എന്തുചെയ്യുന്നു എന്ന് അവിടുന്ന് അറികയും എല്ലാക്കാര്യങ്ങളും അവിടുത്തെ നിയന്ത്രണത്തിലായിരിക്കയും ചെയ്യുന്നു. യേശുവിന്റെ സ്വരൂപം തെളിയു വോളം അവിടുന്നു കല്ലിനെ കൊത്തിക്കൊണ്ടിരിക്കുന്നു. പാറയുടെ ചില ഭാഗ ങ്ങൾ വളരെ കടുപ്പമേറിയതാണ്. അവിടുന്നു വ്യാജാരോപണങ്ങളും വിമർശ നങ്ങളും അയച്ച് കടുത്ത ഭാഗങ്ങളെ കൊത്തിമാറ്റുന്നു. നാം കീഴടങ്ങിയിരി ക്കുന്നുവെങ്കിൽ യഥാർത്ഥ ആത്മീയാധികാരമുള്ള ക്രിസ്തുതുല്യരായ മനു ഷ്യർ പുറത്തുവരും.

യൂദാ ഒറ്റിക്കൊടുക്കുമ്പോൾ യേശു അവനെ *"സ്നേഹിതാ"* എന്നത്രേ വിളിച്ചത്. കാരണം, പിതാവിന്റെ കരങ്ങൾ യേശു കണ്ടിരുന്നു. നമ്മുടെ എല്ലാ സാഹചര്യങ്ങളിലും ദൈവത്തിന്റെ പരമാധികാരം നാം കാണുന്നുവെങ്കിൽ നമുക്കു നമ്മെ താഴ്ത്താൻ പ്രയാസം വരികയില്ല. സമയം വരുമ്പോൾ കർത്താ വിനു നമ്മെ ഉയർത്താനും പ്രയാസം വരികയില്ല. നമ്മുടെ തോളിൽ നിന്നും ഭാരം നീക്കുകയും നമ്മെ ഉയർത്തുകയും ചെയ്യേണ്ട യഥാർത്ഥസമയം കർത്താവറിയുന്നു. നമുക്കു കാത്തിരിക്കാം. തന്നെ കാത്തിരിക്കുന്നവർ ലജ്ജിച്ചു പോകയില്ല നിരാശപ്പെടുകയുമില്ല. *(യെശ. 49:23)*

ഉയർത്തുക എന്നാൽ നാം മുമ്പെ പറഞ്ഞതുപോലെ *ലോകത്തിൽ* വലിയവനാവുക എന്നല്ല. വലിയ ക്രിസ്തീയ സ്ഥാപനങ്ങൾ ഉയർത്താൻ ദൈവം നമ്മെക്കുറിച്ചു വിചാരിച്ചെന്നുവരികയില്ല. വ്യക്തിപരമായി ഒരു സ്ഥാപനത്തിന്റെയും തലവൻ എന്നറിയപ്പെടാനും പ്രത്യേകിച്ചും വലിയ സ്ഥാപനത്തിന്റെ മേധാവി ആകാനും എനിക്കു താത്പര്യമില്ല. കർത്താവു എങ്കൽ ഭരമേല്പിക്കുന്നവരെ-പത്തായാലും പതിനായിരമായാലും- ശുശ്രൂഷിക്കുവാനും കർത്താവിന്റെ ദാസനായിരുന്നുകൊണ്ടു താൻ നൽകുന്ന ഉത്തരവാദിത്വങ്ങൾ നിറവേറ്റുവാനും ഞാൻ ആഗ്രഹിക്കുന്നു. ക്രൈസ്തവലോകത്തിൽ ഒരു സ്ഥാനപ്പേരോ സ്ഥാനമോ ഉണ്ടായിരിക്കാനും ഞാൻ ആഗ്രഹിക്കുന്നില്ല. ആളുകളുടെ മേലോ വസ്തുക്കളിന്മേലോ ധനത്തിന്മേലോ നിയന്ത്രണം കൈയാളാനും ഞാൻ ആഗ്രഹിക്കുന്നില്ല. വചനം പ്രസംഗിച്ചുകൊണ്ട് ആവശ്യത്തിലിരിക്കുന്നവർക്കു ശുശ്രൂഷ ചെയ്‌വാൻമാത്രം ഞാൻ ആഗ്രഹിക്കുന്നു.

നമുക്കു യേശുവിന്റെ കാൽചുവടുകളെ പിന്തുടരാം. നമ്മെക്കുറിച്ചു ദുരാരോപണങ്ങൾ പറയുവാനാഗ്രഹിക്കുന്നവർ എത്രവേണമെങ്കിലും പറഞ്ഞോട്ടെ. നാം ദൈവത്തെ മാനിക്കുന്നുവെങ്കിൽ അവിടുന്നു നമ്മെയും മാനിക്കും. കർത്താവിനെ അനുഗമിക്കുന്നതിൽ നാം ഗൗരവമുള്ളവരെങ്കിൽ വേദനാജനകമായ നിരവധി സാഹചര്യങ്ങളിലൂടെ അവിടുന്നു നമ്മെ കടത്തിവിടും. എന്നാൽ ഇതിന്റെയെല്ലാം ഉദ്ദേശ്യം നമ്മെ മനുഷ്യമാനം അന്വേഷിക്കുന്നതിൽ നിന്നും ഭൂമിയോടുള്ള എല്ലാ ബന്ധങ്ങളിൽനിന്നും സ്വതന്ത്രരാക്കി *''കഴുകന്മാരെപ്പോലെ ചിറകടിച്ചുയരാൻ'' (യെശ. 40:31)* പ്രാപ്തരാക്കുക എന്നതാണ്.

ദൈവത്തിന്റെ ഹിതം മാത്രം നാം പരിഗണിക്കുന്നതരത്തിൽ നമ്മെ താഴ്ത്തുവാൻ തക്കവണ്ണം ദൈവം നമ്മുടെ സാഹചര്യങ്ങളെ വ്യത്യാസപ്പെടുത്തും. അപ്പോൾ നമ്മുടെ ആത്മീയാധികാരം വളരെ ശക്തമായിരിക്കും. നമ്മെ ഓരോരുത്തരെയും സംബന്ധിച്ച് അതങ്ങനെതന്നെ ആയിരിക്കട്ടെ.

◆

# 14

# മല്ക്കീസേദെക്കിന്റെ പൗരോഹിത്യം

**ഏ**തൊരു ആത്മീയ നേതാവും തന്റെ കർത്താവിനെപ്പോലെ അവിടുത്തെ മുമ്പിൽ മല്ക്കീസേദെക്കിന്റെ ക്രമ പ്രകാരമുള്ള ഒരു പുരോഹിതനായിരിക്കണം *(എബ്രാ.6:20- 7:10)*

ലേവ്യപൗരോഹിത്യത്തിൽ നിന്നും വളരെ വ്യത്യസ്തമായ ഒരു പൗരോഹിത്യമാണ് മല്ക്കീസേദെക്കിന്റെ പൗരോഹിത്യം *(എബ്രായർ 7-ാം അദ്ധ്യായം കാണുക).* ലേവ്യ പൗരോഹിത്യത്തിൽ ധാരാളം ശുദ്ധീകരണ നിയമങ്ങളും ആചാരവിധികളും ഉൾക്കൊണ്ടിരുന്നു. അഹരോന്റെ മക്കളായ പുരോഹിതന്മാർ യഹോവയുടെ സന്നിധിയിൽ ശുശ്രൂഷയ്ക്കു വരുമ്പോൾ ഏതുതരത്തിലുള്ള അടിവസ്ത്രങ്ങളാണ് ഉപയോഗിക്കേണ്ടത് എന്നുവരെ നിഷ്കർഷിച്ചിരുന്നു *(ലേവ്യാ.6:10;16:4)!* എന്നാൽ മൽക്കീസേദെക്കിന്റെ പൗരോഹിത്യത്തിൽ വസ്ത്രങ്ങൾക്കോ ആചാരവിധികൾക്കോ യാതൊരു സ്ഥാനവുമുണ്ടായിരുന്നില്ല!

മല്ക്കീസേദെക്കിനെക്കുറിച്ചുള്ള വിവരണം വെറും *മൂന്നു വാക്യങ്ങളിലൊതുങ്ങുന്നു.* എങ്കിലും നമ്മുടെ കർത്താവിനു നൽകപ്പെട്ടത് അതേ ക്രമത്തിലുള്ള പൗരോഹിത്യമാണ്.*(ഉൽപ.14:18-20).* ഇത്ര അത്ഭുതകരമായി മല്ക്കീസേദെക്ക് ചെയ്തത് എന്താണ്?

തന്റെ സഹോദരപുത്രനായ ലോത്തിനെയും കുടുംബത്തെയും അവരുടെ സമ്പത്തിനെയും കൊണ്ടുപോയ നാലു രാജാക്കന്മാരെയും സമ്പത്തിനെയും മടക്കിക്കൊണ്ടു വരികയായിരുന്നു അബ്രഹാം. താൻ ക്ഷീണിതനായിരുന്നു എങ്കിലും വിജയത്തിന്റെ ഔന്നത്യത്തിലുമായിരുന്നു. കാരണം നാലു രാജാക്കന്മാരെയും അവരുടെ സൈന്യത്തെയും വെറും സാധാരണക്കാരായ 318 പേരുമായിട്ടാണ് നേരിട്ടു തോൽപിച്ചത്. വലിയ ഒരു കൊള്ളമുതലുമായിട്ടാണ് അവർ മടങ്ങി വന്നത്. അക്കാലത്ത് ഇവയത്രയും യുദ്ധം ചെയ്തു ജയിക്കുന്നവർക്കു പങ്കിട്ടെടുക്കാനുള്ളതാണ്. അതിനാൽ അബ്രഹാമിനോടൊപ്പമുള്ള 318 പേരും തങ്ങൾക്കു ലഭിക്കാനുള്ള കൊള്ളമുതലിന്റെ വിഹിതം കണക്കുകൂട്ടിയിരിക്കാം. അങ്ങനെ തങ്ങൾ ധനികരാകുന്നതു സ്വപ്നം കണ്ടിരിക്കാം.

അങ്ങനെ *ശാരീരികമായി ക്ഷീണിതനെങ്കിലും ഗർവ്വും ദ്രവ്യാഗ്രഹവും* എന്ന രണ്ടു വിപത്തുകളാൽ പിടിക്കപ്പെട്ടവനായിട്ടാണ് അബ്രഹാം കടന്നുവന്നത്. എന്നാൽ ഈ രണ്ടു വിപത്തുകളെക്കുറിച്ച് അവനു മുന്നറിയിപ്പു നൽകാൻ ആരുമുണ്ടായിരുന്നില്ല. കൂടെയുണ്ടായിരുന്നത് 318 ദാസന്മാരായിരുന്നു. അബ്രഹാം ഒരു വലിയ ദൈവമനുഷ്യനായിരുന്നു എങ്കിലും അദ്ദേഹം ഏകനായിരുന്നു. വലിയ സ്ഥാപനങ്ങളുടെ തലപ്പത്ത് ഇരുന്നുകൊണ്ട് കൂടെയുള്ള *"എറാൻ" മൂളികളുടെ* മേൽ അധികാരം നടത്തുന്ന ഇന്നത്തെ ക്രിസ്തീയ നേതാക്കന്മാരെപ്പോലെയായിരുന്നു അബ്രഹാമും. തന്റെ തെറ്റുകളെ ചൂണ്ടിക്കാട്ടാൻ ആരുമില്ല. അങ്ങനെയുള്ളവർ സാത്താന്റെ ഇരകളാവുക അനായാസമാണ്. ഓരോരുത്തരെയായി സാത്താൻ വീഴിച്ചുകളയും.

എന്നാൽ അബ്രഹാമിന്റെ കാര്യത്തിൽ ദൈവം കരുണയുള്ളവനായിരുന്നു. തന്റെ മറ്റൊരു ദാസനെ അബ്രഹാമിനെ സഹായിക്കുവാനായി ദൈവം നിയോഗിച്ചു. മല്ക്കീസേദെക്ക് അബ്രഹാമിന്റെ മൂന്ന് ആവശ്യങ്ങളെയും നിറവേറ്റി. അവയെക്കുറിച്ചു മൽക്കീസേദെക്കിന് ഒന്നു മറിഞ്ഞുകൂടായിരുന്നുവെങ്കിലും ദൈവം കൽപിച്ചതു ചെയ്തതിലൂടെ അതു നിറവേറി.

*ഒന്നാമതായി* അബ്രഹാമിനു വേണ്ടി അദ്ദേഹം ഭക്ഷണം കരുതി. അദ്ദേഹം വിവേകമുള്ള ഒരു പ്രായോഗിക മനുഷ്യനായിരുന്നു. ആത്മീയരെല്ലാം എല്ലാ അനുഗ്രഹങ്ങളെയും പരിത്യജിക്കണമെന്നു ശഠിക്കുന്ന ഒരാളല്ലായിരുന്നു. അദ്ദേഹം. അബ്രഹാമിനോടു ഉപവസിച്ചു പ്രാർത്ഥിക്കുവാനല്ല ആവശ്യപ്പെട്ടത്. മറിച്ച് നല്ല ഒരു ഭക്ഷണം നൽകുകയത്രേ ചെയ്തത്.

വർഷങ്ങൾക്കു ശേഷം ഇതേ കാര്യം ദൈവം ഏലിയാവോടും ചെയ്തു. താൻ പരീക്ഷീണനായി നിരാശനായി ഒരു ചൂരൽച്ചെടിയുടെ തണലിലിരിക്കുമ്പോൾ ദൈവം തന്റെ ദൂതനെ *ഭക്ഷണവുമായി* അയച്ചു. *പ്രബോധനവുമായിട്ടല്ല. (1 രാജാ.19:5-8)*

ക്ഷീണിച്ചു തളർന്ന ഒരു സഹോദരന്റെ-സഹോദരിയുടെ കാര്യത്തിൽ ഇതു നമുക്കും ഒരു നല്ല മാതൃകയാണ്. ഒരു വിശ്വാസി തളർന്നും ക്ഷീണിച്ചുമിരിക്കുമ്പോൾ പ്രബോധനമല്ല, നല്ല ഭക്ഷണമാണ് ആവശ്യം. അവൻ വെറും ആത്മാവു മാത്രമല്ല ശരീരം കൂടെയാണ്. അതു നാം മറക്കരുത്.

അബ്രഹാമിനു ഭക്ഷണം നൽകിയ ശേഷം മല്ക്കീസേദെക്ക് അബ്രഹാമിനെ ആത്മീയമായി സഹായിച്ചു. പ്രസംഗം നടത്തിക്കൊണ്ടല്ല, അബ്രഹാമിനു ജയംനൽകിയതിനു ദൈവത്തെ രണ്ടുവാചകങ്ങളിലായി സ്തുതിച്ചുകൊണ്ട്.

*"സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായി അത്യുന്നതനായ ദൈവത്താൽ അബ്രഹാം അനുഗ്രഹിക്കപ്പെടുമാറാകട്ടെ. നിന്റെ ശത്രുക്കളെ നിന്റെ കൈയിൽ ഏല്പിച്ച അത്യുന്നതനായ ദൈവം സ്തുതിക്കപ്പെടുമാറാകട്ടെ" എന്നു പറഞ്ഞു. (ഉൽപ.14:19,20)*

മല്ക്കീസേദെക്ക് ഒരു പക്ഷേ അബ്രഹാമിനും കൂടെയുള്ളവർക്കും ഭക്ഷണം നൽകുവാൻ രണ്ടു മണിക്കൂർ ചെലവഴിച്ചുകാണും. സ്തുതി കരേറ്റുവാൻ 15 സെക്കൻഡും. പക്ഷേ ആ സ്തുതിവാക്കുകളിൽ നിന്നും രണ്ടു കാര്യങ്ങൾ അബ്രഹാം ഗ്രഹിച്ചു. *ഒന്നാമതായി,* ആകാശത്തിനും ഭൂമിക്കും ഉടമയായ ഒരു ദൈവത്തിന്റെ വകയാണു താൻ. ആ അറിവ് താൻ തിരികെക്കൊണ്ടു വന്ന സോദോം രാജാവിന്റേതായ സമ്പത്തിനോടുള്ള ദ്രവ്യാഗ്രഹത്തിൽ നിന്നും തന്നെ രക്ഷിച്ചു. സോദോമിന്റെ ധനം വളരെ വലുതായിരുന്നിട്ടും തന്റെ ദൈവത്തിന്റെ ധനത്തിനു മുമ്പിൽ അത് ഒന്നുമല്ല എന്നു കാണുവാൻ അബ്രഹാമിന്റെ കണ്ണു തുറന്നു. അക്കാര്യത്തിൽ മല്ക്കീസേദെക്ക് അബ്രഹാമിനെ സഹായിച്ചു.

മൽക്കീസേദെക്കിന്റെ ജ്ഞാനം ശ്രദ്ധിക്കുക."നിന്നിൽ ദുർമ്മോഹം ജനിച്ചിരിക്കുന്നു എന്നു കണ്ട ദൈവം നിന്നോടു സംസാരിക്കുവാൻ എന്നെ അയച്ചിരിക്കുന്നു"എന്നൊന്നും പ്രസംഗിക്കുവാൻ മുതിർന്നില്ല–"ദൈവം നിങ്ങൾക്കു വേണ്ടി ഒരു വചനം അയച്ചിരിക്കുന്നു"എന്നവകാശപ്പെടുന്ന *സ്വയം നിയമിതരായ പ്രവാചകന്മാരെപ്പോലെ.* അത്തരം പ്രവാചകന്മാർ *വ്യാജ* പ്രവാചകന്മാരാണ്. കൊള്ളമുതലിൽ നിന്നും അബ്രഹാമിന്റെ ശ്രദ്ധയെ മൽക്കീസേദെക്ക് ദൈവത്തിലേക്കു തിരിച്ചു. അങ്ങനെ *ലോകത്തിന്റെ പ്രഭ അബ്രഹാമിന്റെ കൺമുമ്പിൽ മങ്ങുവാനിടയായി.* അതാണ് ആളുകളെ സഹായിക്കാനുള്ള വഴി. അബ്രഹാമിനു നേരേ വന്ന വളരെ ഗുരുതരമായ ഒരു വിപത്തിൽ നിന്നും അബ്രഹാമിനെ രക്ഷിച്ച മല്ക്കിസേദെക്കിന്റെ അനുഗൃഹീതവും പരോക്ഷവുമായ ആ സമീപനത്തിൽ നിന്നും നമുക്കു പലതും മാതൃകയാക്കാനുണ്ട്.

*രണ്ടാമതായി* അബ്രഹാം മനസ്സിലാക്കി, താനും തന്റെ കൂടെയുള്ള 318 ആളുകളുമല്ല ഈ വിജയം നേടിയത്, ദൈവമാണ് എന്ന്. ആ വെളിപ്പാട് അബ്രഹാമിനെ *ഗർവ്വിൽ* നിന്നും രക്ഷിച്ചു. അവിടെയും തന്റെ വിജയത്തിൽ നിന്നും അബ്രഹാമിന്റെ ശ്രദ്ധയെ ദൈവത്തിലേക്കു തിരിക്കുന്നതിൽ മല്ക്കീസേദെക്ക് വിജയിച്ചു.

നമ്മിൽ നിന്നും നമ്മുടെ ശ്രദ്ധയെ ദൈവത്തിങ്കലേക്കു തിരിക്കുന്നവനാണ് ഏറ്റവും നല്ല പ്രസംഗകൻ. നമ്മുടെ ജയാപജയങ്ങളിൽ നിന്നും നേട്ടങ്ങളിൽ നിന്നും ആത്മപ്രശംസകളിൽ നിന്നും ആത്മ നിന്ദയിൽ നിന്നും ഒക്കെ ദൈവസാന്നിദ്ധ്യബോധത്തിലേക്കു നമ്മെ കൊണ്ടുവരുന്നതാണ് ദൈവിക ശുശ്രൂഷ.

ഇയ്യോബിനോടു പ്രസംഗിച്ച എലീഫസ്, ബിൽദാദ്, സോഫർ മുതലായ സ്വയനീതിയിൽ പ്രശംസിക്കുന്ന സ്നേഹിതരുടെ ശുശ്രൂഷയ്ക്കു കടക വിരുദ്ധമായ ശുശ്രൂഷയാണ് മല്ക്കീസേദെക്കിന്റേത്. അവർ മൂന്നുപേരും *പരീശന്മാരുടെ മുൻഗാമികളായിരുന്നു.* ഇന്നു നമുക്കു *പരീശന്മാരുടെ പിൻഗാമികളെ* ക്രൈസ്തവ ലോകത്തു കണ്ടെത്താൻ കഴിയും. എന്നാൽ നമുക്കാവശ്യം മല്ക്കീസേദെക്കുമാരെയാണ്.

തുടർന്നു നാം എത്തുന്നതു ഈ കഥയുടെ ഏറ്റവും മനോഹരമായ ഭാഗത്തേക്കാണ്. അബ്രഹാമിനെ അനുഗ്രഹിച്ച ഉടൻ മല്ക്കീസേദെക്ക് *അപ്രത്യക്ഷനായി.* തുടർന്നൊരിടത്തും നാം മല്ക്കീസേദെക്കിനെ കാണുന്നില്ല. യേശുക്രിസ്തുവിന്റെ ഒരു പ്രതിരൂപമെന്നോണം ആ പേര് ഉപയോഗിക്കപ്പെടുന്നതു മാത്രം നാം കാണുന്നു.

ഒരു പക്ഷേ മല്ക്കീസേദെക്ക് അന്നു പ്രഭാതത്തിൽ തന്റെ കൂടാരത്തിൽ പ്രാർത്ഥിച്ചു കൊണ്ടിരുന്നപ്പോഴായിരിക്കാം താൻ അന്നു നിർവ്വഹിക്കേണ്ട ഒരു ദൗത്യത്തെക്കുറുച്ചു ദൈവം തന്നെ അറിയിച്ചത്. തനിക്ക് ഒരു പക്ഷേ അബ്രഹാമിനെ അറിയില്ലായിരിക്കാം പക്ഷേ ദൈവത്തെ അറിയാമായിരുന്നു. അതു മതിയായിരുന്നു. അതതു സമയത്തു നിർവ്വഹിക്കേണ്ടതെന്തെന്നു ദൈവം കല്പിക്കയും താൻ അനേകർക്ക് ഒരു അനുഗ്രഹമായിത്തീരുകയും ചെയ്തു.

മല്ക്കീസേദെക്കിന്റെ ക്രമപ്രകാരം വിളിക്കപ്പെട്ടിരിക്കുന്ന പുരോഹിതന്മാരായ നമുക്കു നൽകപ്പെട്ടിരിക്കുന്ന ശുശ്രൂഷ എത്ര മഹത്വമേറിയത്! ആളുകളെ ഭൗതികമായും ആത്മീയമായും അനുഗ്രഹിച്ചശേഷം ഒരു നന്ദിവാക്കുപോലും സ്വീകരിക്കുംമുമ്പേ അപ്രത്യക്ഷനാവുക!

*താങ്കൾ* ദൈവത്തിന്റെ ഒരു വലിയ ദാസനാണെന്നുള്ളതോ അതോ ***താങ്കളുടെ ദൈവം*** ഒരു വലിയ ദൈവമാണെന്നുള്ളതോ ഏതാണ് ആളുകൾ അറിയണമെന്നു താങ്കൾ ആഗ്രഹിക്കുന്നത്? ഇവിടെയാണു നാം ചെയ്യുന്ന ശുശ്രൂഷ ഉപരിപ്ലവമായ ഒരു *മതഭക്തിയിൽ* നിന്നുള്ളതോ ആത്മീയമായ ഒന്നോ എന്നുള്ളതു വേർതിരിച്ചറിയുന്നത്. അഹരോന്റെ പൗരോഹിത്യവും മല്ക്കീസേദെക്കിന്റെ ശുശ്രൂഷയും വ്യത്യസ്തമാകുന്നതിവിടെയാണ്. അഹരോൻ കൂടെക്കൂടെ ജനങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെടുകയും ബഹുമാനം വാങ്ങുകയും ചെയ്തിരുന്നു. മല്ക്കീസേദെക്ക് ആളുകളെ ശുശ്രൂഷിക്കയും അപ്രത്യക്ഷനാകയും ചെയ്തു.

യേശുവും ശുശ്രൂഷ ചെയ്തിരുന്നത് ഇപ്രകാരമാണ്. യേശു ചുറ്റി സഞ്ചരിച്ച് ജീവിതസമരത്തിൽ തളർന്ന് ആത്മീയമായും ശാരീരികമായും ആവശ്യങ്ങളിലായിരിക്കുന്നവരെ കണ്ടെത്തി അവർക്കു ശുശ്രൂഷ ചെയ്തു പോന്നു. തന്റെ സൗഖ്യശുശ്രൂഷകളെക്കുറിച്ച് പരസ്യപ്പെടുത്തുവാൻ അവിടുന്ന് അനുവദിച്ചില്ല; ആഗ്രഹിച്ചുമില്ല. താൻ ഒരു സൗഖ്യദായകനെന്ന് അറിയപ്പെടാൻ അവിടുന്ന് ആഗ്രഹിച്ചില്ല. രാജാവാകാനും ആഗ്രഹിച്ചില്ല. ആളുകളെ ശുശ്രൂഷിക്കുവാനും അവർക്കുവേണ്ടി തന്റെ ജീവൻ വയ്ക്കുവാനും ആഗ്രഹിച്ചു. പ്രശസ്തി ഒരിക്കലും ആഗ്രഹിച്ചില്ല. ഹെരോദാവിനോ അന്നാസിനോ കയ്യാഫസിനോ പീലാത്തോസിനോ താൻ ദൈവപുത്രനാണെന്നു തെളിവു നൽകാൻ വേണ്ടി തന്റെ *പുനരുത്ഥാനത്തിനു ശേഷം* അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെടാനും തയ്യാറായില്ല. ഏതെങ്കിലും ഒരു പരീശന്റെയോ സദൂക്യന്റെയോ മുമ്പിലെങ്കിലും തന്റെ പുനരുത്ഥാനശേഷം പ്രത്യക്ഷപ്പെടാൻ അവിടുന്നു ശ്രമി

ച്ചില്ല. കാരണം, തനിക്കു മനുഷ്യരെ ഒന്നും ബോദ്ധ്യപ്പെടുത്തുകയോ അവരുടെ മുമ്പിൽ തന്നെ നീതീകരിക്കുകയോ ചെയ്യേണ്ട കാര്യമില്ലായിരുന്നു. മനുഷ്യരുടെ അഭിപ്രായത്തെ, മാനത്തെ, വെറും ചവറായി അവിടുന്നു കണ്ടു.

ഇന്നത്തെ ക്രൈസ്തവ ലോകത്തിൽ അത്തരം നേതാക്കന്മാർ എവിടെയാണ്?

ദൈവത്തിൽ നിന്നു കേൾക്കുകയും അതു മാത്രം ചെയ്യുകയും ചെയ്യുന്ന മല്ക്കീസേദെക്കിനെപ്പോലെ നാം ജീവിക്കുന്നതിനെക്കുറിച്ച് ഒന്നു ചിന്തിച്ചു നോക്കൂ. ഈ ഭൂമിയിൽ ഏറ്റവും പ്രയോജനകരമായ ഒരു ജീവിതം അതു തന്നെ ആയിരിക്കും.

*"നന്മയും കരുണയും എന്റെ ജീവിതകാലമത്രയും എന്നെ പിന്തുടരും"* എന്നു സങ്കീർത്തനക്കാരൻ പറയുന്നു*(സങ്കീ. 23:6)*. അതാണു ജീവന്റെ വഴി. എവിടെപ്പോയാലും നന്മയുടെയും കാരുണ്യത്തിന്റേതുമായ ഒന്ന് അവശേഷിപ്പിക്കുക.

*അപ്പൊസ്തലപ്രവൃത്തി 10:38-ൽ* യേശുവിന്റെ ജീവിതത്തെയും ശുശ്രൂഷയെയും കുറിച്ച് പത്രൊസ് കൊർന്നല്യോസിനോടു ഒരു വാചകത്തിൽ ഇങ്ങനെ സംഗ്രഹിക്കുന്നു:'*'നസറായനായ യേശുവിനെ ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തതും ദൈവം അവനോടുകൂടെയിരുന്നതുകൊണ്ടു അവൻ നന്മ ചെയ്തും പിശാചു ബാധിച്ചവരെ ഒക്കെയും സൗഖ്യമാക്കിക്കൊണ്ടു സഞ്ചരിച്ചതുമായ വിവരം നിങ്ങൾ തന്നെ അറിയുന്നുവല്ലോ."*

പരിശുദ്ധാത്മാവിനാൽ യഥാർത്ഥമായി അഭിഷേകം ചെയ്യപ്പെടുമ്പോൾ സംഭവിക്കുന്നത് ഇതാണ്. ദൈവം നമ്മോടു കൂടെ ഇരിക്കയും നാം പോകുന്നിടത്തു ആളുകളെ സ്വതന്ത്രരാക്കയും ചെയ്യുന്നു. താങ്കൾക്ക് ആത്മികമായോ ഭൗതികമായോ എന്തെങ്കിലും നന്മ ലഭിക്കാതെ താങ്കൾ യേശുവിനെ കണ്ടുമുട്ടിയിട്ടു കടന്നു പോകുമായിരുന്നില്ല. 12 വർഷമായി രക്തസ്രവം ബാധിച്ചിരുന്ന സ്ത്രീ തന്റെ വസ്ത്രത്തിന്റെ തൊങ്ങലിൽ തൊട്ടപ്പോൾത്തന്നെ അതു തിരിച്ചറിഞ്ഞു.

അപ്രകാരം നമ്മെ കണ്ടുമുട്ടുന്നവരൊക്കെ ആത്മീയമായും ഭൗതികമായും അനുഗ്രഹിക്കപ്പെടാൻ വേണ്ടിയല്ലേ നാം വിളിക്കപ്പെട്ടിരിക്കുന്നത്?

നാമും മല്ക്കീസേദെക്കിന്റെ ക്രമപ്രകാരം പുരോഹിതരാകുവാൻ വിളിക്കപ്പെട്ടിരിക്കുന്നു.

◆

# 15

# ഒരു മാതൃക

*“**ഞാ**ൻ ക്രിസ്തുവിന്റെ അനുകാരിയായിരിക്കുന്നതുപോലെ നിങ്ങളും എന്റെ അനുകാരികൾ ആകുവിൻ”* എന്നു മറ്റുള്ളവരോടു പറയുവാൻ തക്ക വണ്ണം ഒരു ആത്മീയ നേതാവ് മറ്റുള്ളവർക്ക് ഒരു മാതൃക ആയിരിക്കണം. ക്രിസ്തു മാത്രം തങ്ങളുടെ തലയായിരിക്കുവാൻ തക്കവണ്ണം മറ്റുള്ളവർ കർത്താവിനെ അന്വേഷിക്കുന്നതിലേക്ക് അവരെ നയിക്കുന്ന ഒരു പ്രേരക ശക്തിയായിരിക്കണം അയാൾ.

അനേക ക്രൈസ്തവനേതാക്കളും വിശ്വാസികളെ തങ്ങളോടു ബന്ധിപ്പിക്കുന്നതിൽ ഉൽസുകരാണ്. മറ്റു നേതാക്കളോടുള്ളതിലധികം ബന്ധം ആളുകൾക്ക് തങ്ങളോടുണ്ടായിരിക്കുന്നതിൽ അവർ സന്തുഷ്ടരാണ്. അങ്ങനെ അവർ തങ്ങളുടെ ആളുകളുടെ മുമ്പിൽ ഒരു *‘കുട്ടിദൈവ’*മായിത്തീരുന്നു. തിരുവചനത്തിൽ അധികാരത്തിനു കീഴടങ്ങുക എന്ന ഉപദേശത്തെ തങ്ങളുടെപ്രയോജനത്തിനായി അവർ വിനിയോഗിക്കുന്നു.

അധർമ്മമൂർത്തി ഒരു നാൾ ദേവാലയത്തിലിരുന്നുകൊണ്ട് സ്വയം ആളുകൾക്കുമുമ്പിൽ ദൈവമായി അവരോധിക്കുമെന്നു ബൈബിൾ പറയുന്നു *(2 തെസ്സ.2:4).* സഭ എന്നതു ദൈവത്തിന്റെ മന്ദിരമാണ്. എന്നാൽ യോഹന്നാൻ അപ്പൊസ്തോലന്റെ കാലത്തും അധർമ്മമൂർത്തിയുടെ ആത്മാവുള്ളവർ സഭയിലുണ്ടായിരുന്നു എന്ന് അദ്ദേഹം പറയുന്നു *(1 യോഹ.2:18,19)* ഇന്നും അത്തരക്കാർ വളരെയധികമുണ്ട്.

ഒരു സൃഷ്ടി തന്നെത്തന്നെ ഉയർത്തുവാനും മറ്റുള്ളവരുടെ മുമ്പിൽ അധികം *തിളക്കമാർജ്ജിക്കുവാനും* ആഗ്രഹിച്ചതിലൂടെയാണ് പാപം പ്രപഞ്ചത്തിലുത്ഭവിച്ചത്. അങ്ങനെയാണു ലൂസിഫർ സാത്താനായിത്തീർന്നത്. ഇക്കാര്യം നാം മറന്നു പോകരുത്. അത്തരം ഒരു ആത്മാവിനെ നാം നമ്മുടെ ഉള്ളിൽ കണ്ടെത്തുമ്പോഴെല്ലാം നാം അതിനെ *സാത്താന്റെ ആത്മാവ്* എന്ന നിലയിൽ തിരിച്ചറിയേണ്ടതുണ്ട്.

രക്ഷയെന്നത് ദൈവത്തിന്റെ പുത്രൻ തന്നെത്തന്നെ ഏറ്റവും താഴ്ത്തി കാഴ്ചയ്ക്കു ഒന്നുമല്ലാതാക്കിത്തീർത്തതിൽ നിന്നാണ് സാദ്ധ്യമായിത്തീർന്നത്. അതും നാം മറന്നുപോകരുത്.

*ലൂസിഫറിന്റെ നിഗളത്തിലൂടെ പാപവും യേശുക്രിസ്തുവിന്റെ താഴ്മയി ലൂടെ രക്ഷയും കടന്നുവന്നു.*

ഇന്നു ക്രിസ്തീയ നേതാക്കൾ തങ്ങളെത്തന്നെ വേദികളിലും മാസികക ളിലും പരസ്യപ്പെടുത്തുന്ന രീതി ആളുകൾ കാണുമ്പോൾ സ്വയം ത്യജിക്കുന്ന താഴ്മയുള്ള യേശുവിനെ സ്പർശിക്കാൻ അവർക്കു കഴിയുന്നുണ്ടോ? ഒരി ക്കലുമില്ല.

ഇന്നത്തെ യുവതലമുറയ്ക്ക് ആവശ്യമായ മാതൃക സ്വയം ത്യജിക്കുന്ന, അജ്ഞാതരും തങ്ങളുടെ കർത്തവ്യം നിർവ്വഹിച്ച് വേഗത്തിൽ മറയുന്നവരും പ്രശംസ ഒട്ടും ഇഷ്ടപ്പെടാത്തവരുമായ ആളുകളുടേതാണ്. ഇത്തരം ഒരു ശുശ്രൂഷയെയാണു നാം മോഹിക്കേണ്ടത്.

താങ്കൾ കർത്താവിനുവേണ്ടി മഹത്തായ ഒരു കാര്യം നിർവ്വഹിച്ചുവെന്നും അത് ആരും അറിഞ്ഞില്ല എന്നും കരുതുക. അതു താങ്കൾക്ക് സന്തോഷം നൽകണം. ഇനി, *മറ്റാർക്കെങ്കിലും* അതിന്റെ ബഹുമതി ലഭിച്ചു എന്നു കരു തുക. അതു താങ്കൾക്ക് അതിലധികം *സന്തോഷവും ആവേശവും* നൽക ണം. അങ്ങനെയെങ്കിൽ താങ്കൾ മൽക്കീസേദെക്കിന്റെ ക്രമത്തിലുള്ള ഒരു പുരോഹിതൻ തന്നെ.

എന്റെ ചെറുപ്പത്തിൽ എന്റെ ചുറ്റിലുമുണ്ടായിരുന്ന ക്രിസ്തീയനേതാക്ക ന്മാരെ ഒക്കെയും ഞാൻ ശ്രദ്ധിച്ചിരുന്നു. യേശുക്രിസ്തുവിന്റെ ആത്മാവിനെ ആരിലും കാണാൻ എനിക്കു കഴിഞ്ഞില്ല എന്ന കാര്യം ഞാൻ ദുഃഖത്തോടെ പറയട്ടെ. ഞാൻ അവരെ വിധിക്കുകയല്ല. കാരണം, ഞാൻ അവരുടെ വിധി കർത്താവല്ല. പക്ഷേ എനിക്ക് *അവരെ ദൈവികമാതൃകകളാക്കുവാനും ആദ രിക്കുവാനും കഴിഞ്ഞിരുന്നില്ല* എന്നു പറയുക മാത്രമാണ്.

നമുക്ക് ആരെയും വിധിക്കേണ്ട കാര്യമില്ല. എന്നാൽ നമുക്ക് ആത്മാക്കളെ വിവേചിക്കേണ്ടതുണ്ട്. മത്തായി 7-ാം അദ്ധ്യായത്തിൽ വിധിയ്ക്കരുത് എന്നു പറഞ്ഞ ഉടൻ തന്നെ യേശു പറയുന്ന മറ്റൊരു കാര്യം ശ്രദ്ധിക്കുക: *"പന്നിക ളെയും നായ്ക്കളെയും കള്ളപ്രവാചകന്മാരെയും തിരിച്ചറിയുക" (7:1,6,15).* നമുക്കു വിവേചനമില്ലെങ്കിൽ നാം നായ്ക്കളുടെയും കള്ളപ്രവാചകന്മാരു ടെയും പിന്നാലെ പോകയും വഴിതെറ്റിപ്പോകയും ചെയ്യും. *(ഫിലി. 3:2).*

ഞാൻ എന്റെ മൂപ്പന്മാരെ വിധിച്ചില്ല. പക്ഷേ അനുഗമിക്കുവാൻ പറ്റിയ മാതൃകകളായി എനിക്കവരെ കാണുവാൻ കഴിഞ്ഞില്ല. കാരണം, യേശുവി ലുണ്ടായിരുന്ന ഒരു ദാസന്റെ മനോഭാവം അവരിൽ ഉണ്ടായിരുന്നില്ല. അവർ വിശുദ്ധന്മാരുടെ കാലുകളെ കഴുകുവാനുള്ള ആഗ്രഹം ഉള്ളവരായിരുന്നില്ല. അങ്ങനെ അനുകരിക്കുവാൻ ഒരു മാതൃക കണ്ടെത്തുംവരെ യേശുവിലേക്കു മാത്രം നോക്കുവാൻ ഞാൻ തീരുമാനമെടുത്തു.

ക്രിസ്തുവിന്റെ മനോഭാവം എന്തെന്ന് അടുത്ത തലമുറയോടറിയിക്കുവാൻ നമുക്കു വലിയ ഉത്തരവാദിത്വമുണ്ട്. അപ്പൊസ്തൊലന്മാരെയും പ്രവാചക

ന്മാരെയും പോലെ *കർത്താവിന്റെ യഥാർത്ഥ ദാസന്മാരെ* ജീവിതത്തിലും ശുശ്രൂഷയിലും പ്രസംഗത്തിലും കാണിച്ചുകൊടുക്കുവാൻ നമുക്കു കഴിയണം-ഇരുപതാം നൂറ്റാണ്ടിലെ സിനിമാതാരതുല്യരായ സുവിശേഷകരെപ്പോലെ നാം ആകരുത്.

നാം പോകുന്നിടത്തൊക്കെ നാം പ്രകടമാക്കുന്ന ഒരു രൂപമുണ്ട്. അത് ആളുകളുടെ മനസ്സിൽ പതിഞ്ഞിരിക്കും-നാം അറിഞ്ഞാലും ഇല്ലെങ്കിലും. വളരെക്കാലം കഴിഞ്ഞാലും പ്രസംഗങ്ങൾ മറന്നുപോയാലും ആ രൂപം നിലനിൽക്കും.

*അപ്പോ.പ്രവൃ.20:17-35* വാക്യങ്ങളിൽ പൗലോസ് എഫെസോസിലെ മൂപ്പന്മാരെ വിടപറയാൻ കൂട്ടിവരുത്തിയപ്പോൾ അവരോടു പറഞ്ഞതു ശ്രദ്ധിക്കുക. താൻ മൂന്നു വർഷം അവരോടുകൂടെ എങ്ങനെ ആയിരുന്നു എന്നും (വാ.31) രാവും പകലും താൻ അവരോടു പ്രസംഗിച്ചിരുന്നു എന്നും. മൂന്നുവർഷം എന്നാൽ ആയിരം ദിവസത്തിലധികമുണ്ട്. രാവിലെയും വൈകിട്ടും ഓരോ പ്രസംഗം എന്നു കണക്കാക്കിയാൽത്തന്നെ രണ്ടായിരം പ്രസംഗം നടത്തിയതായിക്കാണാം.

എഫെസോസ് വലിയ ഒരു ഉണർവ്വിന്റെ സ്ഥലമാണ്. ഒരു കാലത്ത് യേശുവിങ്കലേക്കു തിരിഞ്ഞവർ ലക്ഷക്കണക്കിനു രൂപാ വിലവരുന്ന മന്ത്രവാദ-ആഭിചാര ശാസ്ത്രപുസ്തകങ്ങൾ കത്തിച്ചു കളഞ്ഞ പട്ടണമാണ്. ഇവിടെയാണ് പൗലോസിന്റെ മേൽ നിന്ന് റൂമാലും മറ്റും രോഗികളെ സൗഖ്യമാക്കുവാനും ഭൂതഗ്രസ്തരെ സൗഖ്യമാക്കുവാനും ഉപയോഗിച്ചത്. മറ്റൊരിടത്തും നടന്നിട്ടില്ലാത്ത അത്ഭുതങ്ങൾ ചെയ്യുവാൻ ദൈവം ഇവിടെ പൗലോസിനെ മുഖാന്തരമാക്കി. *(അപ്പോ.പ്ര.19:11,12,19).*

എന്നാൽ എല്ലാറ്റിനുമൊടുവിൽ അവിടുത്തെ മൂപ്പന്മാരോടു പൗലോസ് എന്താണു പറഞ്ഞത്? അത്ഭുതങ്ങളെക്കുറിച്ചോ പ്രസംഗങ്ങളെക്കുറിച്ചോ ആണോ പറഞ്ഞത്? അവർ തന്നെ കാണാൻ തുടങ്ങിയ ആദ്യ ദിവസം മുതൽ *എത്ര താഴ്മയോടെ താൻ അവരുടെ മുമ്പിൽ ജീവിച്ചിരുന്നു. (വാ.19)* തന്റെ പ്രസംഗങ്ങൾ മറന്നു പോയിരുന്നെന്നാലും താൻ ***എങ്ങനെ അവരുടെയിടെയിൽ ജീവിച്ചിരുന്നു*** എന്നത് അവർക്കു വിസ്മരിക്കാനാവില്ല. തന്റെ ലാളിത്യവും കാരുണ്യവും അവർ എന്നെന്നും ഓർമ്മിക്കും. ഒരു കൂടാര ശില്പി എന്ന നിലയിൽ തനിക്കും തന്നോടു കൂടെയുള്ളവർക്കും വേണ്ടി സ്വന്തകൈകൊണ്ടു അദ്ധ്വാനിച്ച് ആർക്കും ഒരു ഭാരമാകാതെ താൻ സ്വയം സൂക്ഷിക്കയും മറ്റുള്ളവർക്കു ഒരു മാതൃകയാവുകയും ചെയ്തു.*(വാ.34, 35).*

ഈ മൂന്നു വർഷം പൗലോസ് ഒരിക്കലും പണമോ, സമ്മാനങ്ങളോ, വസ്ത്രങ്ങളോ ആരിൽ നിന്നും ആഗ്രഹിച്ചിരുന്നില്ല എന്നതും അവർ ഒരിക്കലും മറക്കില്ല (വാ.33)

യാതൊരു വിട്ടുവീഴ്ചയും കൂടാതെ *ദൈവത്തിന്റെ മുഴുവൻ ആലോചനയും* ഒട്ടും മറച്ചുവയ്ക്കാതെ അവരോടറിയിച്ചു എന്നതും അദ്ദേഹം അവരെ ഓർമ്മിപ്പിച്ചു *(അ.പ്ര.20:27).* അദ്ദേഹം ഒരിക്കലും മനുഷ്യരെ പ്രസാദിപ്പിക്കുന്നവനോ പ്രശംസ ആഗ്രഹിക്കുന്നവനോ ആയിരുന്നില്ല. താൻ മാനസാന്തരത്തെക്കുറിച്ചും ആളുകൾക്കു പ്രയോജനപ്രദമെന്ന് തനിക്ക് ബോധ്യമുണ്ടായിരുന്ന, എന്നാൽ പ്രീതികരമല്ലാത്ത മറ്റുപല വിഷയങ്ങളെക്കുറിച്ചും സംസാരിച്ചു. ശ്രോതാക്കൾക്ക് അതു വേണ്ടിയിരുന്നോ എന്നു നോക്കിയില്ല ചിലർക്ക് അതു നീരസമുളവാക്കുന്നതായിരുന്നു. *(വാ.20,21).*

ഇവയൊക്കെയായിരുന്നു പൗലോസ് അവരെ ചൂണ്ടിക്കാട്ടിയത്. എഫെസോസിൽ പൗലോസ് ചെയ്തതുപോലെ മൂന്നുവർഷം താങ്കൾ ഒരു സഭയിൽ ശുശ്രൂഷിച്ചു പോകുമ്പോൾ ആളുകൾ  എന്തായിരിക്കും താങ്കളെക്കുറിച്ച് ഓർമ്മിക്കുക? ഒരു നല്ല പ്രസംഗകനെന്നോ ജീവിതം കൊണ്ട് യേശുവിനെ അവർക്കു കാട്ടിക്കൊടുത്ത *ദൈവത്തിന്റെ ഒരു എളിയ ദാസൻ എന്നോ?* ക്രിസ്തുസദൃശനായിത്തീരുവാൻ തക്കവണ്ണം തങ്ങളെ അധികം ദൈവത്തോടടുപ്പിച്ച ഒരു വ്യക്തിയെന്നോ അതോ ലഘുലേഖകൾ വിതരണം ചെയ്യാൻ പഠിപ്പിച്ച ഒരു വ്യക്തിയെന്നോ?

നമ്മുടെ വിളിയെന്തായിരിക്കുന്നുവോ അല്ലെങ്കിൽ ലഭിച്ച വരങ്ങളെന്തോ അതു ഉള്ളിലുള്ള ക്രിസ്തുവിന്റെ ജീവനിൽ നിന്നൊഴുകുന്നതാകണം. *രോഗശാന്തി വരം* ലഭിച്ചവൻ *യേശു ചെയ്തതുപോലെ* അതു ചെയ്യണം. യേശു ലളിതജീവിതം നയിച്ച താഴ്മയുള്ള ഒരു വ്യക്തിയായിരുന്നു. ആളുകളോട് ഇടപഴകുകയും ദീനരോടു മനസ്സലിവു കാട്ടുകയും ചെയ്തിരുന്നു. ആരോടും പണം സ്വീകരിക്കാതെ തികച്ചും സൗജന്യമായി രോഗശാന്തിയും ശുശ്രൂഷകളും ചെയ്തിരുന്നു.

എന്നാൽ അത്തരം ഒരു *രോഗശാന്തി ശുശ്രൂഷകനെ* എന്റെ ജീവിതകാലത്തൊരിക്കലും ഞാൻ കണ്ടിട്ടില്ല. നിങ്ങൾ അത്തരം ഒരാളിനെ കണ്ടെത്തുകയാണെങ്കിൽ എന്നെയും അറിയിക്കുക. അപ്രകാരമൊരാളിനെ കാണുവാൻ എനിക്കും താത്പര്യമുണ്ട്.

ധനസ്നേഹികളും ആളുകളെ കൗശലം കൊണ്ടു കബളിപ്പിക്കുന്നവരുമായ നിരവധി പ്രസംഗകരെ ഞാൻ കണ്ടിട്ടുണ്ട്. സൗഖ്യശുശ്രൂഷകരെന്നു സ്വയം അവകാശപ്പെടുന്നവർ. മനശ്ശാസ്ത്രപരമായ അഭ്യാസങ്ങളിലൂടെ ചിലർ ജനങ്ങളെ വഞ്ചിക്കുന്നു.

വിവേചനശക്തിയില്ലാത്ത ചെറുപ്പക്കാരായ ശുശ്രൂഷകർ ഇവരെ അനുഗമിക്കയും ഇത്തരം ശുശ്രൂഷകൾ ആഗ്രഹിക്കയും ചെയ്യുന്നു എന്നതാണ് ഇതിന്റെ ദുരന്തം. അങ്ങനെ അടുത്ത തലമുറ നഷ്ടപ്പെട്ടുപോകുന്നു. ഇത് എന്നെ ദുഃഖിപ്പിക്കുന്നു.

നാം വിളിക്കപ്പെട്ടിരിക്കുന്നത് ഒരു *അപ്പൊസ്തൊലിക ശുശ്രൂഷയ്ക്കോ പ്രവാചകശുശ്രൂഷയ്ക്കോ സുവിശേഷകശുശ്രൂഷയ്ക്കോ ഇടയശുശ്രൂഷയ്ക്കോ ഉപദേഷ്ടാവിന്റെ ശുശ്രൂഷയ്ക്കോ* മറ്റ് ഏതു തരത്തിലുള്ള ശുശ്രൂഷയ്ക്കോ ആയിക്കൊള്ളട്ടെ. അതു ക്രിസ്തുല്യമായ മനോഭാവത്തോടെ നിർവ്വഹിക്കേണ്ടിയിരിക്കുന്നു. നമ്മിലെ ക്രിസ്തുവിന്റെ ആത്മാവാണ് ഏതു ശുശ്രൂഷയ്ക്കുമുള്ള പ്രേരണ നമുക്കു നൽകേണ്ടത്.

ഒരു സഭയുടെ ഇടയനായിട്ടാണ് നിങ്ങൾ വിളിക്കപ്പെട്ടതെങ്കിൽ, യേശു എപ്രകാരം ആ ഉത്തരവാദിത്തം നിറവേറ്റുമായിരുന്നോ അപ്രകാരം ചെയ്യുക. 'യേശുവിന്റെ മഹത്വം വെളിപ്പെടുത്തുന്ന ഒരു എളിയ ദാസൻ', എന്നായിരിക്കട്ടെ നിങ്ങളെക്കുറിച്ച് സഭാവിശ്വാസികളുടെ മനസ്സിൽ മായാതെ നിൽക്കുന്ന ചിത്രം.

കഴിഞ്ഞ *കാലത്തെപരാജയത്തെക്കുറിച്ച്* ഒരു വാക്കുപറഞ്ഞുകൊള്ളട്ടെ.

നമുക്കു നമ്മുടെ ഭൂതകാലം മായ്ക്കാൻ കഴിയില്ല. ആ കാര്യങ്ങൾ കഴിഞ്ഞതു തന്നെയാണ്. നമുക്കു ആ പരാജയങ്ങളെ ഓർത്തു *മാനസാന്തരപ്പെടാൻ* മാത്രമേ കഴിയൂ. അവയെ *ഏറ്റുപറഞ്ഞ്* കർത്താവിന്റെ രക്തത്താൽ *കഴുകൽ* ലഭിക്കാനായി കർത്താവിനോടപേക്ഷിക്കാം.

ഞാൻ എന്റെ ജീവിതത്തിൽ പല പിഴവുകളും വരുത്തിയിട്ടുണ്ട്. അതിൽ നിന്നു വളരെ പാഠങ്ങൾ പഠിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ അവ പ്രയോജനമില്ലാത്തതല്ല. മറ്റുള്ളവരുടെ തെറ്റുകളിൽ നിന്നും ഞാൻ ധാരാളം പഠിച്ചിട്ടുണ്ട്. അങ്ങനെ അത്തരം തെറ്റുകൾ എന്റെ ജീവിതത്തിലുണ്ടാവാതെ സൂക്ഷിക്കാൻ എനിക്കു കഴിയുന്നു.

കഴിഞ്ഞ കാലത്തു നാം ചെയ്ത പലതിനെയും ഓർത്തു ചിലപ്പോൾ നമുക്കു ലജ്ജിക്കേണ്ടി വന്നേക്കാം. എന്നാൽ നാം അവയെക്കുറിച്ച് മാനസാന്തരപ്പെടുകയും ആവശ്യമുള്ളിടത്തു പ്രായശ്ചിത്തം ചെയ്കയും ചെയ്തിട്ടുണ്ടെങ്കിൽ അവ നമുക്ക് ഒരു പാഠമായിരിക്കയും അവയെ നാം *നമ്മുടെ പിന്നിൽ എറിഞ്ഞു കളകയും ചെയ്യും.*

കഴിഞ്ഞകാലവീഴ്ചകൾ കാരണമായി സാത്താൻ നമ്മെ *കുറ്റബോധത്തിന്റെ പിടിയിൽ വീഴ്ത്തി നിരാശയിലേക്കും മ്ലാനതയിലേക്കും വലിച്ചിഴയ്ക്കാൻ* നാം അനുവദിക്കരുത്. ക്രിസ്തുയേശുവിലുള്ള ആർക്കും തന്നെ ശിക്ഷാവിധിയില്ല.

യേശുവിന്റെ രക്തത്താൽ നമ്മെ നീതീകരിച്ച ശേഷം *(റോമ.5:9)* ദൈവം നമ്മെ കാണുന്നത് നാം ഒരിക്കൽ പോലും പാപം ചെയ്തിട്ടില്ലാത്തവരായിട്ടാണ്. ***ദൈവം നമ്മെ കാണുന്ന കാഴ്ചപ്പാടിലൂടെ*** നാമും നമ്മെ കാണണം.

നിങ്ങൾ കഴിഞ്ഞകാലത്തിൽ പാപം ചെയ്തുപോയി എന്നതുകൊണ്ട് പ്രയോജനമില്ലാത്തവരാണ് എന്ന് സാത്താനോ മറ്റാരെങ്കിലുമോ പറയുവാൻ

നാം അനുവദിക്കരുത്. നിങ്ങൾ മാനസാന്തരപ്പെട്ടതിനാൽ ഇന്നു നിങ്ങൾ *ദൈവകരത്തിൽ വിലയേറിയ ഒരു ഉപകരണം* തന്നെയാണ്. ദൈവത്തിന്റെ മഹത്വത്തിനായി തുടർന്നു ജീവിക്കുക.

ചെറുപ്പക്കാരെ ശിഷ്യരാക്കുക എന്നതു നമുക്കു ലഭിച്ചിരിക്കുന്ന ഒരു വലിയ ഉത്തരവാദിത്വമാണ്. അവരുടെ മുഴുജീവിതവും അവർക്കു മുമ്പിലുണ്ട്. നമ്മുടെ സഭകളിലുള്ള യുവജനങ്ങളിൽ അന്തർലീനമായിരിക്കുന്ന കഴിവുകളെക്കുറിച്ചു ചിന്തിക്കുക. പിശാച് അവരുടെ പിന്നാലെയാണ്. അവൻ അവരെ പിടികൂടുംമുമ്പേ നാം അവരെ ദൈവത്തിനും അവിടുത്തെ രാജ്യത്തിനുമായി പിടിച്ചെടുക്കേണ്ടതുണ്ട്.

ഈ ചെറുപ്പക്കാരിൽ, അവരുടെയുള്ളിൽ, വലിയ പോരാട്ടം തന്നെ നടക്കുന്നു. അവർ രക്ഷിക്കപ്പെടുന്നതിൽ നിന്നു പിശാചിന് അവരെ തടയാൻ കഴിഞ്ഞില്ലെങ്കിൽത്തന്നെയും അവരെ ഗൗരവമില്ലാത്ത ഒത്തുതീർപ്പുകാരായി ഒരു ഒഴുക്കൻമട്ടിലുള്ള ക്രിസ്തീയജീവിത്തിൽ തളയ്ക്കാമെന്ന് അവൻ കണക്കു കൂട്ടുന്നു. എന്നാൽ അവർക്കു മീതേ ദൈവം നിങ്ങളെ ഒരു ഇടയനായി വച്ചിരിക്കുന്നു. അവർ ഒത്തുതീർപ്പുകാരാകാതെ തികച്ചും മൗലികതയുള്ള ക്രിസ്തീയജീവിതം നയിക്കുവാൻ അവരെ ഒരുക്കേണ്ടതിന്, നിങ്ങളുടെ വിളിയെ ഗൗരവമായി എടുക്കുവാൻ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു.

അടുത്ത തലമുറയിലെ വിശ്വാസികൾക്ക് മാതൃകയാകുന്നതിൽ നമുക്കു സംഭവിച്ച പരാജയങ്ങളിലൂടെ നാം ദൈവനാമത്തിനു വരുത്തിയ അപമാനം ക്ഷമിച്ചു കിട്ടേണ്ടതിനു ദൈവസന്നിധിയിൽ നമ്മെ താഴ്ത്തി അനുതപിക്കുവാൻ കർത്താവു നമ്മെ സഹായിക്കട്ടെ.

വരും നാളുകളിൽ തന്റെ ജനത്തിൻമുമ്പിൽ താഴ്മയും ദൈവഭയവുമുള്ള നേതാക്കളായി ജീവിപ്പാൻ ദൈവം നമ്മെ സഹായിക്കട്ടെ.

***കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ.***

ആമേൻ. ◆